# ക്രൂശിതന്റെ പ്രകാശം

റവ.ഡോ.കുര്യൻ വാലുപറമ്പിൽ

## ഉള്ളടക്കം

അനുഗ്രഹാശംസ:
മേജർ ആർച്ചുബിഷപ് കർദിനാൾ
ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ

അവതാരിക
റൈറ്റ് റവ. ഡോ. അബ്രഹാം മാർ ജൂലിയോസ്
മെത്രാപ്പോലീത്താ

വിലപ്പെട്ടൊരു വായനാനുഭവം:
റവ.ഡോ. പ്രൊഫ. ഏബ്രഹാം ജോസഫ്

നന്ദി ചൊല്ലട്ടെ

മുഖവുര 1

**ഭാഗം 1**

**വെളിവു നിറഞ്ഞോരീശോ പഠനവും ധ്യാനവും** 4

**അധ്യായം 1**

**സത്യവിശ്വാസസാക്ഷ്യം** 5

1.1 കിഴക്കും പ്രകാശവും യേശുവും 8

**അധ്യായം 2**

**നമ്മുടെ കർത്താവും ദൈവവും രക്ഷകനുമായ യേശുമിശിഹായുടെയും അവന്റെ രക്ഷാകരവ്യാപാരമാകെയുടെയും ഓർമയിൽ** 14

**അധ്യായം 3**

**ആരാധനക്രമം ദൈവവചനപൂർണതയുടെ പ്രകാശനം** 16

3.1 ആരാധനക്രമവും ദൈവവചനവും 16

3.2 മലങ്കര സഭയ്ക്കു ലഭിച്ച ആരാധനക്രമ പാരമ്പര്യത്തിൽനിന്ന് 17

3.3 മലങ്കര കത്തോലിക്കാ സഭയിൽ തുടർന്നിരുന്നത് 18

**അധ്യായം 4**

**പ്രകാശത്തിന്റെ പ്രതീകാത്മകതയുടെ ആദ്യാക്ഷരങ്ങൾ** 21

വെളിച്ചവും ഇരുളും പ്രതീകങ്ങളുടെ താക്കോൽ? 21

## അധ്യായം 5

**"വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു" എന്നതും വിശുദ്ധ കുർബാനയും തമ്മിലുള്ള ബന്ധം - പഴയ നിയമവെളിച്ചം** 25

5.1 ''വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു'' (സങ്കീ 36,9) 25

5.2 പ്രകാശവും സത്യവും ബലിപീഠവും ദൈവവും രക്ഷാകര അനുഭവവും (സങ്കീ 43,3) 26

5.3 ദൈവസന്നിധിയിൽ ജീവന്റെ പ്രകാശത്തിൽ നടക്കേണ്ടതിന് (സങ്കീ 56,13) 28

5.4 വെളിച്ചം ദൈവത്തിന്റെ ആദ്യസൃഷ്ടി - ''രക്ഷാകര വ്യാപാരമാകെയുടെയും അനുസ്മരണ''യിലും 29

5.5 യേശുക്രിസ്തുവിൽ ത്രൈത്വൈക ദൈവത്തിന്റെ പ്രകാശപൂർണത 32

5.6 ക്രിസ്തുകേന്ദ്രീയതയുടെ ഏറ്റുപാട്ട് 34

5.7 യേശുക്രിസ്തു ദൈവമഹത്ത്വത്തിന്റെ തേജസ് 35

5.8 ദൈവത്തിന്റെ ആർദ്രകരുണയുടെ വെളിച്ചം 36

5.9 ഇരുണ്ട മുഖങ്ങൾ പ്രകാശപൂർണമാക്കാൻ 37

5.10 പ്രകാശം ദൈവിക നിയമം 38

5.11 ജീവന്റെ വെളിച്ചം ജീവന്റെ അപ്പം 39

5.12 പ്രകാശത്തിന്റെ പിതാവിനെ കാണുന്നു 40

## അധ്യായം 6

**സഭയുടെ പ്രകാശം** 43

6.1 ജനതകളുടെ പ്രകാശത്തിന്റെ പ്രകാശം 43

6.2 ആരാധനക്രമ വർഷത്തോടു ചേർന്ന് ഉയിർപ്പുപ്രകാശത്തിനു കേന്ദ്രസ്ഥാനം 44

6.3 ജ്ഞാനസ്നാനത്തിന്റെ പുനരനുഭവത്തിൽ 46

6.4 പുനരാഗമപ്രത്യാശയുടെ പ്രകാശം 46

## അധ്യായം 7

**ജ്ഞാനവഴിയേ**

7.1 ജ്ഞാനികളുടെ വെളിച്ചത്തിലേക്ക് 50
7.2 അറിവെന്ന ആദ്യബലി 50
7.3 വിശുദ്ധീകരണത്തിനുള്ള വിളിപ്പാട്ട് 51
7.4 ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുന്ന പ്രകാശം 51
7.5 ബന്ധപ്പെടുന്നവരെ പ്രകാശിപ്പിക്കുന്ന പ്രകാശം 53
7.6 താബോർമലയിലെ മഹത്വപ്രകാശം 55
7.7 വചനവെളിച്ചത്താൽ കാഴ്ചയുണ്ടാകാൻ 60
7.8 ഹൃദയക്കണ്ണുകളെ പ്രകാശപൂർണമാക്കാൻ 60
7.9 വെളിച്ചത്തിന്റെ കിണറിൽനിന്നു കോരിക്കുടിക്കുക 61
7.10 രക്ഷയുടെ സംഘാത സാക്ഷ്യം (സങ്കീ 4,6;27,1) 64
7.11 ഞങ്ങൾ ലോകത്തിനു വെളിച്ചമായിരിക്കാൻ 66
7.12 പ്രകാശവിസ്മയങ്ങൾ തേടിയുള്ള മനുഷ്യയാത്രയ്ക്കുള്ള ആത്മീയ മറുപടി 67
7.13 പ്രകാശവിസ്മയങ്ങളെക്കുറിച്ചുള്ള ശാസ്ത്രത്തിന്റെ വിസ്മയവും 68

**അധ്യായം 8**

**കുർബാന മഹാദീപാവലി** 71

8.1 പ്രകാശത്തിന്റെ ഉത്സവം 71
8.2 ആത്മീയ ഭക്ഷണം പാകപ്പെടുത്തുന്ന പ്രകാശം 72
8.3 ഞാൻ ബർതിമേയൂസ് ആകുമോ? 73
8.4 ഞങ്ങൾ ജീവനുള്ളവരായിരിക്കുന്നു 74
8.5 ഞങ്ങൾ ലോകത്തിനു പ്രകാശമായിത്തീരാൻ 75
8.6 ‘‘വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു’’ ‘‘കാന്ത്യാ ഞങ്ങളെ നീ താതൻ കതിരേ ശോഭിപ്പിക്കെന്നും’’76

**9**

**തത്കാല വിരാമത്തിലെ വെളിവ്** 79

**ഭാഗം 2**

**ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ** 82

1. കുർബാന ക്രൂശിതനോട് ഒന്നായിരിക്കുന്ന അനുഭവം 83

2. പുരോഹിതനും ബലിപീഠവും ബലിവസ്തുവും
ആയിരിക്കുന്നവനോടു ചേരുക 85
3. പ്രത്യക്ഷത്തിൽ അനാകർഷകനായ അതിസുന്ദരനിൽ
ലയിപ്പിക്കുന്ന ഭജനം 86
4. നമ്മുടെ അതിക്രമങ്ങളെപ്രതി മുറിവേറ്റവനോട് ഒന്നാകുക.88
5. വധിക്കപ്പെടുന്ന പ്രതിരോധപ്രാപ്തിയില്ലാത്തവരോടും
നിരായുധരരോടും ചേർന്നുനിന്ന് 90
6. വിശുദ്ധിയുടെ സ്രോതസിൽ മുങ്ങിക്കിടക്കുക 91
7 സ്ലീബായുടെ (ക്രൂശിതന്റെ) ശാശ്വതീകരണത്തിൽ പങ്ക് 92
8 സ്നേഹത്തിൽ വചനത്തോടുള്ള പൂർണമായ അനുസരണം 94.
9. രക്ഷിക്കപ്പെട്ടവർക്കു ദൈവത്തിന്റെ ശക്തി 9 5
10. നിന്റെ വിരൽ ഇവിടെ കൊണ്ടുവരുക 9 6
11. ക്രൂശിതൻ പാപപ്പൊറുതിയുടെ ഉറപ്പ് 98
12. ക്രൂശിതനിൽനിന്നു സൗഖ്യം പ്രാപിക്കുന്നവർ 100
13. ക്രൂശിതനെത്തന്നെ ആഗ്രഹിച്ചുകൊണ്ട് 101
14. ക്രൂശിതന്റെ പാദചുംബനത്തിന്റെ മാധുര്യത്തിന് 103
15. ക്രൂശിതന്റെ ശിരസിലെ മുള്ളുകൾ രക്ഷയുടെ കൊമ്പുകൾ105
16. നിന്നെ സ്വന്തമാക്കുന്നവർ അനുഗൃഹീതർ 107
17. ദൈവസ്നേഹത്തിന്റെ ഉയരവും വീതിയും ആഴവും 108
18. അഴിയലിന്റെ ഫലസമൃദ്ധി 108
തത്കാലം നിർത്തട്ടെ, പ്രത്യാശയോടെ, നീ സ്വന്തമാക്കിയവർ 109
വിശുദ്ധ മാർ എഫ്രേമിന്റെ ഒരു കുർബാനക്കവിത 111

# മുഖവുര

ഒരു തിരിതെളിക്കലിനെപ്പറ്റി ഇത്രയേറെ ധ്യാനിക്കാനെന്തിരിക്കുന്നു? അല്ലേ. ഉത്തരത്തിനുള്ള ക്ലൂ സുറിയാനി സഭാപിതാവ് മാർ അപ്രേം ആവർത്തിച്ചിട്ടുണ്ട്: 'വിശ്വാസക്കണ്ണാൽ കാണുക.' ഈ അന്തർദർശനമില്ലെങ്കിൽ ആത്മീയ ശുശ്രൂഷകളും അവയിലെ സഭാപാരമ്പര്യദാനങ്ങളായ അനുഷ്ഠാനങ്ങളും പാഴ്പ്പണിയായിപ്പോകും. വിശ്വാസക്കണ്ണാൽ കണ്ടാലോ? കൊതിതീരാ മതിപോരാ മർമവിലാസങ്ങൾ!

കുർബാന സഭയുടെ ആരാധനയുടെ അത്യുന്നത രൂപമാണല്ലോ. ആരാധനയുടെ ഭാഷ സാധാരണ ഭാഷയല്ല. കേവലമായ ദൈവശാസ്ത്രത്തിന്റെ ഭാഷയുമല്ല. വിശ്വാസത്തിന്റെ ഭാഷയാണ്. ഈ ഭാഷ, സജീവമായ ആരാധനയിൽ വെളിപ്പെടുംപോലെ, ദൈവവും നാമുമായുള്ള സമ്പർക്കമാണ്. നാവ് മാത്രമല്ല, കണ്ണും കാതും കരചരണങ്ങളും ഹൃദയവും മനസുമെല്ലാം സജീവമായി ഇടപെടുന്ന സമ്പർക്കം. ഓരോരുത്തരും സമ്പൂർണമായി വ്യാപരിക്കുന്ന സമ്പർക്കം.

ദൈവദാസൻ മാർ ഈവാനിയോസ്പിതാവ് കുർബാനയെ ധ്യാനിക്കുമായിരുന്നു. കുർബാനയിലെ രണ്ടു നിമിഷങ്ങളോടു ചേർന്നാണ് ഇക്കുറി ഈയുള്ളവന്റെ അനുയാത്ര. പരിശുദ്ധ കുർബാനയെ ധ്യാനിക്കുന്നതിൽ ഈ എളിയവന്റെ അനുയാത്രയുടെ രണ്ട് അനുപാദവയ്പുകളാണ് ഈ ലഘുഗ്രന്ഥം. മലങ്കര സുറിയാനി സഭകളുടെ വിശുദ്ധ കുർബാനയാഘോഷത്തിന്റെ ആരംഭഘട്ടങ്ങളിലുള്ള രണ്ടു പ്രാർഥനാംശങ്ങളുടെ സാമാന്യം നീണ്ട പഠന,ധ്യാനങ്ങൾ. ഈയുള്ളവൻ അംശങ്ങളായി ധ്യാനിച്ചിട്ടുള്ളത്. ഈ ഗ്രന്ഥത്തിലെ സംവിധാനത്തിൽ നല്കിയിട്ടുള്ള നമ്പരുകളും വിഷയാനുക്രമവത്കരണവും അനുവാചകരുടെ സൗകര്യത്തെപ്രതി ചേർത്തിട്ടുള്ളതാണ്. ഓരോ അംശവും വെവ്വേറെ ധ്യാനിക്കാൻ അനുവാചകർക്കു സഹായകമാകുമെന്നു കരുതി ചെയ്തതാണ്. ആദ്യത്തേത് ''വെളിവുനിറഞ്ഞോരീശോ...''യും കുർബാനയും - പഠനവും ധ്യാനവും.'' *ക്രൈസ്തവകാഹളം* 2018 മെയ്-ജൂൺ ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നതിന് പുതുക്കപ്പണികൾ ചെയ്തുള്ളത്. രണ്ടാമത്തത് കൗമാപ്രാർഥനയിലും കുർബാനയുടെ പരസ്യമായ ആരംഭത്തിലും ആലപിക്കുന്ന ത്രൈശുദ്ധകീർത്തനത്തിലെ ''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ...'' എന്ന അപേക്ഷ

ആധാരമാക്കിയുള്ളതാണ്. ''വെളിവുനിറഞ്ഞോരീശോ...''യും കുർബാനയും - പഠനവും ധ്യാനവും'' *ക്രൈസ്തവകാഹളത്തി*ലേത് വായിച്ച പലർ നേരിട്ടും ഫോണിലും തങ്ങളുടെ ആസ്വാദനം അറിയിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തത് ഈ ലഘുഗ്രന്ഥത്തിന്റെ രൂപപ്പെടലിന് പ്രചോദനമായി. സുറിയാനിസഭകൾക്ക് ദനഹാ പ്രകാശത്തിന്റെ പെരുന്നാളായുണ്ട്. കുർബാനയും പ്രകാശത്തിന്റെ പെരുന്നാളാഘോഷമായി ആരംഭിക്കുന്നതാണ് നമ്മുടെ ഈ ഗ്രന്ഥത്തിലെ ആദ്യത്തെ പഠന,ധ്യാനവിഷയം. പുസ്തകരൂപത്തിലാക്കിയപ്പോൾ ഗ്രന്ഥനാമം നല്കി. ഉപതല ക്കെട്ടുകൾക്കു നമ്പർ നല്കി. സഹായകരചനകളുടെ വിവരം അടിക്കുറിപ്പുകളിലാക്കി.

ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിട്ടുള്ള രണ്ടു ധ്യാനങ്ങളും ഈ അർഥി ഏറെനാൾ തന്റെ അനുദിന ധ്യാനത്തിനു വിഷയമാക്കിയതിന്റെ കുറിപ്പുകൾ, വ്യക്തിപരമായ ആത്മപരിശോധനാംശങ്ങൾ നീക്കി, കൂട്ടിച്ചേർത്തു ക്രമവത്കരിച്ചതാണ്. സുറിയാനിസഭയുടെ ആത്മീയത പുഷ്കലമായത് ബൈബിളധിഷ്ഠിതമായി ദൈവികരഹസ്യങ്ങളെക്കുറിച്ചുള്ള ആഴമായ ധ്യാനവഴികളിലാണ്. അതിനാലാണ് ഈ ആരാധനക്രമത്തിന് ഇത്രമേൽ ആഴവും സൗന്ദര്യവും സമഗ്രതയും ജനകീയാഭിമുഖ്യവും ഗാനരൂപങ്ങളും ഈണവും ചിട്ടയുമെല്ലാം ലഭിച്ചത്. സ്വീകാര്യമായ ധ്യാനാത്മകത ദാനം കിട്ടിയാൽ ലഭ്യമാകുന്ന വകകൾ ഈ ഗ്രന്ഥരചയിതാവിന്റെ *പുരോഹിതൻ തീച്ചൂളയിൽ* എന്ന കൃതിയുടെ രണ്ടാം വാല്യത്തിനു ചേർക്കാമെന്നും കരുതി ഭാഗംഭാഗമായി കുർബാനയെ ധ്യാനിച്ചുതുടങ്ങി... ലഭ്യമായവ കുറിപ്പുകളായി കരുതിക്കൂട്ടി.

അന്ത്യോക്യൻ സുറിയാനി ആരാധനക്രമത്തിലുള്ള കുർബാന പഠന-ധ്യാനവിഷയമാക്കുമ്പോൾ ദൈവശാസ്ത്രവത്കരണത്തെപ്പറ്റി ലോകപ്രശസ്ത സുറിയാനി പണ്ഡിതനായ സെബാസ്റ്റ്യൻ ബ്രോക്കിനെ ആദ്യമായി കേട്ടപ്പോൾ അദ്ദേഹം പറഞ്ഞ ഇക്കാര്യം ഓർമിക്കുന്നു: 1988ൽ ആണെന്നാണ് ഓർമ. കോട്ടയം വടവാതൂർ സെമിനാരിയിൽ ഒരു പ്രഭാഷണത്തിൽ പറഞ്ഞത്. സുറിയാനി സഭാംഗങ്ങൾ ദൈവശാസ്ത്രവത്കരണം ചെയ്യേണ്ടത് പാശ്ചാത്യ രീതിയിലല്ല. സുറിയാനി സഭ(ക്കാർ) ബൈബിൾ, ആരാധനക്രമം (= കുർബാന, യാമനമസ്കാരം), കൂദാശകൾ എന്നിവയും സുറിയാനിപിതാക്കന്മാരുടെ ലിഖിതങ്ങളും പ്രയോജനപ്പെടുത്തി വേണം. ഈ നിർദേശം അദ്ദേഹത്തിന്റെ ഒരു ലേഖനത്തിലും വായിച്ചതോർമി

ക്കുന്നു. അന്ത്യോക്യൻ സുറിയാനി ആരാധനക്രമം മുഖ്യമായും ബൈബിൾ പ്രാർഥനാരൂപം പ്രാപിച്ചതാണല്ലോ. ദൈവദാസൻ മാർ ഈവാനിയോസിന്റെ *കുർബാന ഒരു ധ്യാനപഠനം* എന്ന ഗ്രന്ഥമുപ യോഗിച്ച് കുർബാന പഠിക്കുകയും ധ്യാനിക്കുകയും ചെയ്തിട്ടുള്ള അനേകരുണ്ടല്ലോ മലങ്കര സഭയിൽ. ഇക്കാര്യവും പരിഗണിച്ചുകൊണ്ട്, *പുരോഹിതൻ തീച്ചൂളയിൽ* രണ്ടാം വാല്യം പൂർണമാകുന്നതിനു മുമ്പേ, ഈ രണ്ടു ധ്യാനങ്ങൾ ഗ്രന്ഥരൂപത്തിൽ പുണ്യപിതാവിന്റെ മക്കൾക്കുമുമ്പിൽ തുറക്കപ്പെടാൻ സാദരം സമർപ്പിക്കുകയാണ്. അനേക നാളുകളിലെ പഠന,ധ്യാനക്കുറിപ്പുകൾ കൂട്ടിച്ചേർത്തതാക യാൽ ആവർത്തനങ്ങൾ സ്വാഭാവികം.

ജറുസലേമിലെ സഭയുടെ അധ്യക്ഷനും നമ്മുടെ കർത്താവിന്റെ സഹോദരനുമായിരുന്ന മാർ യാക്കോബിന്റെ പേരിലുള്ള അർപ്പണക്ര മത്തിന്റെ (അനാഫുറയുടെ) ഘടനാരൂപം എ.ഡി 200നു മുമ്പുതന്നെ നിലവിലിരുന്നു.[1] നമ്മുടെ ഈ പഠന,ധ്യാനത്തിനു വിഷയമാക്കിയിട്ടു ള്ളവയുടെ ഉദ്ഭവചരിത്രത്തിന്റെ അന്യൂനമായ കാലക്കണക്ക് ഈ ഗ്രന്ഥത്തിന്റെ വിഷയമല്ല. നമുക്കിപ്പോൾ ലഭ്യമായിട്ടുള്ളതിന്റെ ജ്ഞാനാന്വേഷണവും ധ്യാനസാധ്യതയുമാണ് മുഖ്യോദ്ദേശ്യം.

കുർബാനയുടെ ഓരോ ഭാഗവും നിർണായകങ്ങളായ വാക്കുകളും നിർവൃതി നല്കുന്ന ദിവ്യജ്ഞാനത്തിന്റെ ഉതിർമണികളാണ്. ദൈവി കജ്ഞാനത്തിന്റെ വറ്റാത്ത നീർച്ചാലുകൾ. മണവാളൻ ഇതുവരെയും കരുതിവച്ചിരുന്ന 'നല്ല വീഞ്ഞ്'! ഉൾവീര്യമനുഭവിക്കാൻ രുചിച്ചുതുട ങ്ങുമ്പോൾ നാവിന്റെ അജ്ഞത വർദ്ധിപ്പിക്കുകയും വഴിയേ അർത്ഥിയെ അജ്ഞനാക്കുകയും ചെയ്യുന്ന മഹാവിജ്ഞാനം! അയാളുടെ അന്ത രാത്മാവിനെ വിസ്മയിപ്പിക്കുമാറ് ദൃക്മനങ്ങൾ കൂമ്പി ഊളിയിട്ടുപോ കേണ്ട അന്തമില്ലാത്ത ആഴങ്ങൾ! ഓരോ വാക്കും സപ്തവർണങ്ങ ളിൽ ദൃശ്യവത്കൃതമാകുന്ന മഹാദ്ഭുതം! അനുവാചകർക്ക് ദൈവദാ സൻ മാർ ഈവാനിയോസ് പിതാവിനോടു ചേർന്ന് വിശുദ്ധ കുർബാ നയുടെ മാധുര്യം രുചിക്കാനുള്ള ശക്തി തെല്ലെങ്കിലും വർദ്ധിക്കാൻ ഇടയാക്കുമെങ്കിൽ ഈ ധ്യാനസഹായി അനുഗൃഹീതമാകും. വെളിച്ച ത്തിന്റെ ധ്യാനത്തിലും ധ്യാനത്തിന്റെ ജ്ഞാനത്തിലും ആന്ദിക്കാൻ സഹൃദയരായ അനുവാചകരെ പ്രകാശപൂരിതൻ അനുഗ്രഹിക്കട്ടെ!

[1]ഫാദർ ബേബി വർഗീസ്, *യാക്കോബിന്റെ അനാഫുറ സുറിയാനി സഭയിൽ*, സെന്റ് എഫ്രേം എക്യുമേനിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം, 2202,

## ഭാഗം 1
# വെളിവു നിറഞ്ഞോരീശോ, ...

അധ്യായം

**1**

## സത്യവിശ്വാസസാക്ഷ്യം

''വെളിവുനിറഞ്ഞോരീശോ, നിൻ വെളിവാൽ കാണുന്നു'' എന്ന പ്രകീർത്തനം സത്യവിശ്വാസപ്രഖ്യാപനമാണ്. ''വെളിവുനിറഞ്ഞോരീശോ,'' പ്രകാശം നിറഞ്ഞ യേശു, എന്ന യേശുവർണനയുടെ അർഥം വെളിച്ചം മാംസാകാരം പൂണ്ടതാണ് യേശു എന്നത്രേ.1 യേശുക്രിസ്തുവിനെ പ്രകാശപൂർണനായി ദർശിക്കാനും പ്രകീർത്തിക്കാനും ആരാധിക്കാനും അപേക്ഷകളർപ്പിക്കാനും ആദിമ സഭയെ പ്രേരിപ്പിച്ച മതപരവും രാഷ്ട്രീയവുമായ പശ്ചാത്തലമുണ്ടായിരുന്നു. മതപരമായി മുഖ്യമായി പഴയ നിയമം. ദൈവത്തെയും അവിടുത്തെ നിയമങ്ങളും (വചനങ്ങളും) പ്രകാശമാണെന്ന് അവതരിപ്പിക്കുന്ന പാഠങ്ങളുണ്ട്; വരാനിരുന്ന വലിയ പ്രകാശത്തെക്കുറിച്ചുള്ള പഴയ നിയമ പ്രവചനങ്ങളുമുണ്ട് – ഉദാ: ഏശ 9,1–2. ഇവയുടെയൊക്കെ പൂർത്തീകരണമായി യേശുക്രിസ്തു തന്നെത്തന്നെ പ്രകാശമെന്നു സാക്ഷ്യപ്പെടുത്തി: ആ സാക്ഷ്യം ഏറ്റെടുത്തിട്ടുള്ള പുതിയ നിയമ, ആദിക്രൈസ്തവ ലിഖിതങ്ങളുമുണ്ട്; ഉദാ: യോഹ 8,12. ഇതേ ക്രിസ്തുദർശനവഴിയിൽ ആദിയന്ത്യോക്യൻ സഭ യിൽനിന്നു ലഭിച്ചത് ലൂക്കായും രേഖപ്പെടുത്തി: *നമ്മുടെ ദൈവത്തിന്റെ ആർദ്രമായ കരുണയാൽ ഉന്നതത്തിൽനിന്നു നമ്മെ സന്ദർശിക്കുന്ന ഉദയസൂര്യനാണ്* യേശു (ലൂക്കാ 1,78). *വിജാതീയർക്കു വെളിപാടിന്റെ പ്രകാശ*മെന്ന് ജറുസലേംദേവാലയത്തിലെ ശിമയോൻ യേശുവിനെ തിരിച്ചറിഞ്ഞതും ലൂക്കാ എഴുതിയിട്ടുണ്ടല്ലോ (ലൂക്കാ 2,32).

പുതിയനിയമ സഭയുടെ പ്രാരംഭ ജീവിതചുറ്റുപാടുകളിൽ പേഗൻ ജനത സൂര്യനെ അജയ്യ ദേവനെന്ന് ആരാധിച്ചിരുന്നു. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അലക്സാണ്ഡ്രിയായിലെ ബസിലിദെസ് ജനുവരി 10നോ 6നോ കർത്താവിന്റെ എപിഫനി (ദനഹാ) ആഘോഷിക്കാനാരംഭിച്ചു. വലിയ സൂര്യഭക്തനായിരുന്ന റോമൻ ചക്രവർത്തി ഹേലിയോഗാബലൂസ് ക്രി. വ. 218ൽ റോമാസാമ്രാജ്യത്തിൽ സൂര്യാരാധന നടപ്പിലാക്കി. പിന്നീട് ഔറേലിയൂസ് ചക്രവർത്തി സൂര്യവണക്കത്തിന് ഒരു അമ്പലം പണിയിക്കുകയും 274 ഡിസംബർ 25ന് പ്രതിഷ്ഠാകർമം

[1] പോൾ കല്ലുവീട്ടിൽ, *യേശുനാമജപം*, പാസ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി, 2009, 21.

നടത്തുകയും ചെയ്തിരുന്നു[2] ക്രിസ്തുശാസ്ത്രപരമായി അരിയൂസിന്റെ അബദ്ധസിദ്ധാന്തവും[3] പ്രചരിക്കുന്നുണ്ടായിരുന്നു. 4-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പൗരസ്ത്യർ ജനുവരി 5 രാത്രിയിൽ കർത്താവിന്റെ ജനനവും 6 രാവിലെ കർത്താവിന്റെ മാമോദീസായും ആഘോഷിച്ചിരുന്നു. ഈ പശ്ചാത്തലത്തിലാണ് സുറിയാനി പിതാക്കന്മാർ, വിശേഷിച്ച് വിശുദ്ധ അപ്രേം, ലഭ്യമായിരുന്ന വിശുദ്ധ ഗ്രന്ഥത്തിന്റെയും സത്യപ്രബോധനത്തിന്റെയും വെളിച്ചത്തിൽ യേശുമിശിഹായെ പ്രകാശമെന്നു പ്രകീർത്തിക്കുന്ന ഗാനങ്ങൾ രചിക്കുകയും പഠിപ്പിക്കുകയും ചെയ്തത്. യൽദാ (ജനനത്തിരുനാൾ) രാത്രി ഒന്നാം കൗമായിലെ "ദാവീദുമകൾ മേരീ, ജനതാ മധ്യേ നിന്നീടുന്നു" എന്നാരംഭിക്കുന്ന ഗാനം മാർ അപ്രേമിന്റേതാണ്. വിശുദ്ധൻ പരിശുദ്ധ ദൈവമാതാവിനെ 'പ്രകാശത്തിന്റെ വധു'വെന്നും സംബുദ്ധി ചെയ്യുന്നുണ്ട്. 325ലെ നിക്യാ സൂനഹദോസ് യേശുവിനെ "പ്രകാശത്തിൽനിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും ..." എന്നിങ്ങനെ സത്യവിശ്വാസപ്രമാണം നിർണയിക്കുകയും ചെയ്തു. യേശു ജനനത്താൽത്തന്നെ ദൈവമാണെന്നു പ്രഖ്യാപിതമായതിനാൽ ജനനവും മാമോദീസായും രണ്ടു തിരുനാളുകളായി. "ത്രിത്വത്തെക്കുറിച്ചുള്ള നിക്യാസൂനഹദോസിന്റെ പ്രഖ്യാപനം പിറവിത്തിരുന്നാൾ സ്ഥാപിക്കാനുള്ള കാരണവുമായെന്നു പറയാവുന്നതാണ്."[3] ജനനത്തിരുന്നാളിന്റെ തീയുഴലിച്ച ശുശ്രൂഷയിലെ അഗ്നി പ്രകാശമായ യേശുവിനെ അടയാളപ്പെടുത്തുന്നു. പ്രകാശപൂരിതനായ യേശുവിന്റെ പ്രകാശത്തിൽ തങ്ങൾക്കു ലഭിച്ച വെളിപാടുവിശ്വാസം ആരാധകസംഘം സാക്ഷ്യപ്പെടുത്തുകയുമാണ്.

[2] ഈ ഡിസംബർ 25 ആണല്ലോ ക്രൈസ്തവർ യേശുക്രിസ്തുവിന്റെ ജനനപ്പെരുന്നാളായി അനുരൂപപ്പെടുത്തിയത്. ക്രൈസ്തവർ യേശുക്രിസ്തുവിന്റെ ജനനപ്പെരുന്നാളാഘോഷമാരംഭിച്ചതിന്റെ മുഖ്യകാരണം അരിയൂസിന്റെ അബദ്ധോപദേശമാണ്.

[3] **അരിയൂസിന്റെ സിദ്ധാന്തം**: സ്വന്തം സത്തയെ ഒരു വിധത്തിലും പകർന്നുകൊടുക്കാൻ സ്വയംഭൂവും അനാദ്യന്തനുമായ ദൈവത്തിന് സാധ്യമല്ല; പുത്രനായ ദൈവം/വചനം പിതാവിനെക്കാൾ താഴ്ന്ന നിലയിലാണ് (subordination). പുത്രൻ എല്ലാറ്റിനുംമുമ്പേ ആദ്യജാതനാണെങ്കിലും ഒരു സൃഷ്ടിയാണ്, ചാൾസ് പൗങ്ങോട്ട്, സി.എം.ഐ., *തിരുനാളുകൾ*, OIRSI, Vadavathoor, Kottayam,1999, 10

[3] ചാൾസ് പൈങ്ങോട്ട്, 1999, 10 Cullmannനെ അവലംബിച്ച്,

''വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു
വെളിവീയടിയാരഖിലാധാരമതാം വെളിവും നീ...''

പ്രകാശദാതാവെങ്കിലും സൃഷ്ടിയായ സൂര്യനാലല്ല, ''വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു ...''എന്ന് വിശുദ്ധ കുർബാനയുടെ ആരംഭത്തിൽ കാഴ്ചവയ്പുസമയത്ത് സഭ സ്തുതിക്കുന്നു. ഇത് യേശുക്രിസ്തുവഴി സംലഭ്യമായിക്കഴിഞ്ഞിരിക്കുന്ന രക്ഷയുടെ സംഘാതമായൊരു സാക്ഷ്യവുമത്രേ. സംഘാതമായതെന്നു പറയുമ്പോൾ സഭയായിരിക്കുമ്പോളത്തെ, സഭയിലായിരിക്കുമ്പോളത്തെ കാഴ്ചയെന്നുതന്നെ പ്രഥമധ്വനി. ഇതു വിശ്വാസക്കാഴ്ചയാണ്. വിശ്വാസമാകട്ടെ ബന്ധമാണ്- യേശുക്രിസ്തുവിനോടുള്ള ഹൃദയബന്ധം. അവനുമായി ഉത്കടമായ ഹൃദയബന്ധം (മത്താ 13,15; ലൂക്കാ 29,45; റോമ 10,9-10). ബന്ധമാണല്ലോ നാമോരോരുത്തരെയും സംബന്ധിച്ച് അപരർക്കു വ്യക്തിത്വവും സ്വീകാര്യതയും നല്കുന്നത്.

പ്രകാശത്തെ ദൈവത്തിന്റെ പ്രകൃതിയായും അവിടുത്തെ രക്ഷാകരസാന്നിധ്യത്തിന്റെ സ്വഭാവമായും വചനമുണ്ട് (ഉദാ സങ്കീ 27,1; 36,9; ഏശ 2,5; 60,19; 1 യോഹ 1,5). ശിഷ്യർ ലോകത്തിന്റെ പ്രകാശമാണെന്നു പറയുമ്പോൾ നാം എന്താണ് മനസിലാക്കേണ്ടത്? നാം ദൈവത്തിന്റെ പ്രകൃതിയിൽ പങ്കുചേരുന്ന അവിടുത്തെ മക്കളാണെന്നും അവിടുത്തെ രക്ഷാകരസാന്നിധ്യത്തിന്റെ പ്രത്യക്ഷ അടയാളമാണെന്നുമല്ലോ! അങ്ങനെ ലോകത്തിനു പ്രകാശമാകാൻ ദൈവം നിയോഗിച്ച അനേകം ദാസരോടൊപ്പം അവിടുത്തെ ദിവ്യദൗത്യത്തിലെ പങ്കുകാരാണു നമ്മൾ (ഏശ 9,1-2; 42,6-7; 49,6; 60,.15;19,20; ദാനി 12,3; മിക്കാ 7,8; അപ്പ 13,47).''[1] യേശുക്രിസ്തുവിൽ വെളിപ്പെട്ട ദൈവവും ദൈവികതയും, അവൻ മുഖാന്തരം സംലഭ്യമായിരിക്കുന്ന രക്ഷയുടെ മഹാദാനത്തിന്റെ അനുഭവവും സഭാംഗങ്ങളായ ആരാധകർക്ക് സഭയുടെ ആരാധനയിൽ ലഭിക്കുന്നു. കാരണം, അവർ സഭയിലും സഭയോടൊത്തുമാണ്; അവർ സഭയും ആയിരിക്കുന്നു. സഭ (സൂര്യനായ) മിശിഹായുടെ ചന്ദ്രനാണ്. മിശിഹായാകട്ടെ പ്രകാശമായ ദൈവത്തിന്റെ പൂർണപ്രകാശമാണ്. അവനാൽ പ്രകാശിക്കുന്ന സഭയും സഭയിലുമായിരിക്കുന്നതിനാൽ ഞങ്ങൾക്ക് ഈ തിരുനാളുകളിലെ ആരാധനയിൽ പ്രകാശപൂരിതനായ യേശുക്രിസ്തുവിനെ ദർശിക്കാനാകുന്നു - ജീവൻ

[4]ഹെന്റി പട്ടരുമഠത്തിൽ, *മലയിലെ പ്രസംഗം*, കെ.സി.ബി.എസ്, പാലാരിവട്ടം, 66.

ലഭ്യമാകുന്നു. ഈ മൗലിക ദിവ്യസത്യം – കുർബാനയുടെ ഒരുക്ക, അർപ്പണ സമയത്തുതന്നെ – ഈ ആരാധകർ അനുസ്മരിച്ച് പാടി സ്തുതിക്കുന്നു: ''വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു. ...''

## 1.1 കിഴക്കും പ്രകാശവും യേശുവും

കിഴക്കിനോടും അവിടെ നക്ഷത്രത്തോടും (= പ്രകാശത്തോടും) ബന്ധപ്പെടുത്തി യേശുചരിതാരംഭം എഴുതാനാരംഭിച്ച ആദ്യത്തേയാൾ സുവിശേഷകനായ മത്തായിയാണ്: *ഹേറോദേസ് രാജാവിന്റെ കാലത്ത് യൂദയായിലെ ബേത്‌ലഹേമിൽ യേശു ജനിച്ചപ്പോൾ കിഴക്കുനിന്ന് ജ്യോതിർജ്ഞാനികൾ*[5] *ജറുസലേമിലെത്തി. അവർ അന്വേഷിച്ചു: യഹൂദരുടെ രാജാവായി ജനിച്ചവൻ എവിടെ? എന്തെന്നാൽ, ഞങ്ങൾ കിഴക്ക് അവന്റെ നക്ഷത്രം കണ്ടു. ഞങ്ങൾ അവനെ ആരാധിക്കാൻ വന്നിരിക്കുകയാണ്* (മത്താ 2,1-2 പ്ശീത്താ).

*ഞങ്ങൾ കിഴക്ക് അവന്റെ നക്ഷത്രം കണ്ടു. ഞങ്ങൾ അവനെ ആരാധിക്കാൻ വന്നിരിക്കുകയാണ്.* യേശു യൂദയായിലെ ബേത്‌ലഹേമിൽ പിറന്ന കാലത്ത് അവനെ ആരാധിക്കാൻ വന്ന വിജാതീയരായ ജോതിർജ്ഞാനികളുടെ വാക്കുകളായി സുവിശേഷകനായ മത്തായി ക്രി.വ. 80നും – 100നും ഇടയ്ക്ക് എഴുതി. സുവിശേഷകൻ എഴുതിയത് സിറിയായിലെ അന്ത്യോക്യയിൽ യഹൂദരിൽനിന്നു മാനസാന്തരപ്പെട്ടു ക്രിസ്ത്യാനികളായവർക്ക് (യഹൂദക്രൈസ്തവർക്ക്) മുൻതൂക്കമുള്ള സഭാസമൂഹത്തിനാണ്. യേശു പിറവിക്കാലത്തുതന്നെ അനുഭവിച്ച സ്വീകരണത്തിന്റെയും തിരസ്കരണത്തിന്റെയും ഓരോ സംഭവങ്ങൾ സുവിശേഷകൻ ആമുഖത്തിൽത്തന്നെ വിവരിക്കുന്നു. വിജാതീയരായ ജോതിർജ്ഞാനികൾ[1] കുഞ്ഞേശുവിനു കാഴ്ചകളുമായി വന്നു. അവർ അറേബ്യയിൽനിന്നുള്ളവരാകാനാണ് ഏറെ സാധ്യത. തിരസ്കരണം ജന്മനാ യേശുവിന്റെ സ്വജനത്തിന്റെ രാജാവിനാൽത്തന്നെ.

വിശുദ്ധ കുർബാനയാഘോഷത്തിന്റെ ആദ്യത്തെ സ്വർഗംതുറവിൽ മുറപ്രകാരം തിരിവെളിച്ചം നിറഞ്ഞ മദ്ബഹായിൽ പുരോഹിതൻ അർപ്പിതങ്ങളായ ബലിവസ്തുക്കൾക്കു സുഗന്ധധൂപമർപ്പിച്ചുകൊണ്ട് ''നിന്നെ പ്രസവിച്ച മറിയാമും ...'' എന്നാരംഭിക്കുമ്പോൾ ബലിയിൽ പങ്കുകൊള്ളുന്ന വിശ്വാസിസംഘം വാനവിജ്ഞന്മാർ കിഴക്കു നക്ഷത്രം

[5]*മഗൂശേ* = ജ്യോതിഷന്മാർ

കണ്ട അവസ്ഥയിലല്ലോ! വിശ്വാസജ്ഞാനികൾ! ഇവർക്കുവേണ്ടിക്കൂടി വാനജ്ഞാനികളുടെ വഴിയേ പുരോഹിതനും/ന്മാരും ശുശ്രൂഷകന്മാരും യാത്രയാകുന്നതും ത്രോണോസ് വലംവച്ചുള്ള പ്രദക്ഷിണത്തിൽ ദർശിക്കാനാകുന്നുവല്ലോ. പ്രത്യേകിച്ച്, യേശു ഭൂമിയിൽ പ്രത്യക്ഷനായ ആദ്യസംഭവവും (പിറവിയും) ബന്ധപ്പെടുത്തി കാണുമ്പോൾ.

യേശുവിന്റെ പരസ്യശുശ്രൂഷയുടെ സമാരംഭവും വലിയൊരു വെളിച്ചക്കാഴ്ച അന്ധകാരത്തിലിരുന്ന ജനത്തിന് ഉണ്ടായതായാണ് സുവിശേഷകനായ മത്തായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. അതും ഏശയ്യാപ്രവാചകന്റെ വാക്കുകളിൽ: *അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ആ ജനം വലിയ പ്രകാശം കണ്ടു; മരണത്തിന്റെ നാട്ടിലും നിഴലിലും കഴിഞ്ഞവർക്കു പ്രകാശം ഉദിച്ചു* (മത്താ 4,16 പ്ശീത്താ). അടിമത്തത്തിൽ, പാപാന്ധകാരത്തിൽ, കഴിയുന്ന ജനം, *മരണത്തിന്റെ നാട്ടിലും നിഴലിലും കഴി*യുന്നവർ, കുർബാനയ്ക്കുള്ള തിരി തെളിയുമ്പോൾ അപേക്ഷിക്കുന്നു: "വെളിവു നിറഞ്ഞോരേശൂ, നിൻ വെളിവാൽ കാണുന്നു ... വേണ്ടാക്കഷ്ടത വീൺചിന്തയും (ദുഷ്ചിന്തയും) അടിയാരീന്നൊഴിവാക്ക."

## കിഴക്കും പ്രകാശവും യേശുവും ക്രൈസ്തവ പാരമ്പര്യത്തിൽ

വാനവിജ്ഞർ യേശുവിനെ ആരാധിക്കാൻ കിഴക്കുദിക്കിലേക്കു യാത്ര ചെയ്തു. ആദിക്രൈസ്തവ വിശ്വാസം പുലർത്തുന്നവർ കിഴക്കുദിക്കിലേക്കു തിരിഞ്ഞുനിന്നാണ് പ്രാർഥിക്കുന്നത്. അഞ്ചാം നൂറ്റാണ്ടു മുതൽ ക്രൈസ്തവർ ആരാധനാലയം കിഴക്ക് ഉന്മുഖമായാണ് നിർമിക്കുന്നതും. അതുവരെ സിനഗോഗുമാതൃകയിലായിരുന്നു. ജറുസലേംദേവാലയം നശിപ്പിക്കപ്പെട്ടതിനുശേഷം യഹൂദർ ജറുസലേമിനെ (= ജറുസലേംദേവാലയത്തിലെ അതിവിശുദ്ധസ്ഥലം) ഉന്മുഖമാക്കിയാണ് സിനഗോഗുകൾ നിർമിച്ചിരുന്നത്.[6] ക്രൈസ്തവർ കിഴക്ക് ഉന്മുഖമാക്കുന്നതിന്റെ അടിസ്ഥാനം ആരാധനക്രമ പണ്ഡിതന്മാരെ ഉദ്ധരിച്ചുകൊണ്ട് ബനഡിക്ട്പാപ്പാ വ്യക്തമാക്കിയിട്ടുണ്ട്. പ്രസക്തമായ ചിന്തകൾ അടുത്ത 8-10 പേജുകളിൽ നല്കുന്നു

[6]കൂടുതൽ വിവരങ്ങൾക്ക്, ബെനഡിക്ട് പതിനാറാമൻ പാപ്പാ, *ലിറ്റർജിയുടെ ചൈതന്യം* (വിവ), മാർത്തോമ്മാ വിദ്യാനികേതൻ, ചങ്ങനാശേരി, 2005, 56-66. ഈ ഗ്രന്ഥത്തിൽനിന്ന് വേണ്ടത്ര വകകൾ എടുക്കാനും ഉദ്ധരിക്കാനും വിദ്യാനികേതൻ ഡയറക്ടർ ബഹു. ജോസഫ് കൊല്ലാറയച്ചൻ 31.1.2018ൽ അനുവദിച്ചു

### ജറുസലേമിന്റെ അപ്രസക്തത

സോളമൻ ജറുസലേമിൽ പണിയിച്ച ശിലാനിർമിതമായ ദേവാലയം നശിപ്പിക്കപ്പെട്ടു (597–587 ബി.സി.). നശിപ്പിക്കപ്പെട്ട ആ ദേവാലയം ക്രൈസ്തവപ്രതീക്ഷയുടെ പ്രകാശനം അല്ലാതായിക്കഴിഞ്ഞിരുന്നു. അതിനാൽ ഇനിയും ജറുസേമിലേക്കു നോക്കുന്നതിന് പ്രസക്തിയില്ലാതായി. അതുകൊണ്ട് ക്രൈസ്തവർ ഉദയസൂര്യനിലേക്ക്, കിഴക്കുദിക്കിലേക്ക്, നോക്കുന്നു . ഇപ്രകാരം ചെയ്യുന്നതിന്റെ വിവക്ഷ അവർ സൂര്യനെ ആരാധിക്കുന്നുവെന്നല്ല. പ്രത്യുത, പ്രപഞ്ചം മിശിഹായെ പ്രഖ്യാപിക്കുന്നുവെന്നാണ്. ഇതു മനസ്സിലാകാൻ സങ്കീ 19,5–6 കാണാം: *മണവറയിൽനിന്നു മണവാളനെപ്പോലെ, സൂര്യൻ പുറത്തു വരുന്നു. ... ആകാശത്തിന്റെ ഒരറ്റത്ത് അവൻ ഉദിക്കുന്നു. മറ്റേയറ്റത്ത് അവന്റെ അയനം പൂർത്തിയാക്കുന്നു.* സൂര്യനെക്കുറിച്ചുള്ള ഈ ഗീതം മിശിഹായെ പരാമർശിക്കുന്നതായി വ്യാഖ്യാനിക്കപ്പെട്ടു. ഈ സങ്കീർത്തനം സൃഷ്ടിയുടെ മഹത്വത്തെ സ്തുതിച്ചുകൊണ്ട് ആരംഭിക്കുന്നു. പരിണമിക്കുന്നത് ദൈവികനിയമത്തെ കീർത്തിക്കുന്നതായി. 19–ാം സങ്കീർത്തനം ക്രൈസ്തവർ വ്യാഖ്യാനിക്കുന്നത് മിശിഹായോടു ബന്ധപ്പെടുത്തിക്കൊണ്ടാണ്. മിശിഹായാകട്ടെ, നിത്യം നിലനില്ക്കുന്ന ജീവന്റെ വചനവും, ത്രിത്വത്തിൽ രണ്ടാമനും, ചരിത്രത്തിന്റെ സത്യപ്രകാശവും, കന്യകാമറിയമിന്റെ ഗർഭപാത്രത്തിൽ ഉരുവായി ബേത്ലഹേമിൽ ജാതനായവനും, ഇപ്പോഴുമെപ്പോഴുമെന്നേക്കും തന്റെ പ്രകാശം ലോകം മുഴുവനും വർഷിച്ചുകൊണ്ടിരിക്കുന്നവനുമാകുന്നു.

### ശ്ലൈഹിക പാരമ്പര്യം

കിഴക്ക് അഭിമുഖമായ പ്രാർഥന ശ്ലൈഹിക പാരമ്പര്യമായാണ് ആദിമസഭയിൽ പരിഗണിച്ചിരുന്നത്. ദേവാലയത്തിലേക്കു നോട്ടം നീട്ടുന്നതിനു പകരം കിഴക്കുദിക്കിലേക്കു തിരിയുന്ന രീതി എന്നുമുതലാണ് ആരംഭിച്ചതെന്നു തിട്ടമായി പറയാനാവില്ല. പക്ഷേ, ഇതിന്റെ ആരംഭം അതിപ്രാചീന കാലത്തുതന്നെ ഉണ്ടായെന്നും, ക്രൈസ്തവ ലിറ്റർജിയുടെയും സ്വകാര്യ പ്രാർഥനകളുടെയും അവിഭാജ്യ സവിശേഷതയായി പരിഗണിക്കപ്പെട്ടിരുന്നുവെന്നതും ഖണ്ഡിതമാണ്. ഈ വസ്തുത ലൂക്കാ 1,77–79 വിവരിക്കുന്ന സഖറിയായുടെ പ്രവചനത്തിൽ യേശുവിന്റെ ജനനത്തെ "ഉന്നതത്തിൽനിന്നുള്ള ഉദയസൂര്യന്റെ സന്ദർശന"മായി വിവരിക്കുന്നതിലും, യൂദയായിലെ ബേത്ല

ഹേമിൽ യേശു ജനിച്ചപ്പോൾ അവന്റെ നക്ഷത്രം കിഴക്കു കണ്ട് പൗര സ്ത്യദേശക്കാരായ വാനവിജ്ഞന്മാർ അവനെ ആരാധിക്കാൻ വന്നു വെന്ന് മത്തായി (2,1-12)എഴുതിയിട്ടുള്ളതിലും വ്യക്തമാണല്ലോ.

**മിശിഹാ ഉന്നതത്തിൽനിന്നുള്ള ഉദയസൂര്യൻ**

പ്രാർഥനാസമയത്ത് ദൈവജനത്തിന് കിഴക്ക് ഒരു പ്രതീകമാണ്. ഒരു പ്രതീകമെന്ന നിലയ്ക്ക് കിഴക്ക് ജറുസലേംദേവാലയത്തെ പിന്ത ള്ളിയിരിക്കുന്നു. സൂര്യൻ മിശിഹായ്ക്കു പ്രതിനിധീഭവിക്കുന്നു. സൂര്യനാൽ പ്രതിനിധീഭവിക്കപ്പെടുന്ന മിശിഹായാകട്ടെ ഷെക്കിനാ യുടെ - അതായത്, ജീവിക്കുന്ന ദൈവത്തിന്റെ - യഥാർഥ സിംഹാസ നമാണ്. ദൈവപുത്രന്റെ മനുഷ്യനായിത്തീരലാൽ മനുഷ്യസ്വഭാവം ദൈവത്തിന്റെ സിംഹാസനവും ഇരിപ്പിടവുമായിത്തീരുന്നു. അങ്ങനെ ദൈവം എന്നെന്നേക്കുമായി ഭൂമിയുമായി ബന്ധപ്പെട്ടിരിക്കുന്നു; നമ്മുടെ പ്രാർഥനകൾക്കു സമീപസ്ഥനായിത്തീർന്നിരിക്കുന്നു!

**വിവിധ മാനങ്ങൾ**

ക്രൈസ്തവ പ്രാർഥനകളിലെ ഈ പൂർവദിക്കാഭിമുഖ്യതയ്ക്ക് വ്യത്യസ്തങ്ങളായ വിവിധ വിവക്ഷകളുണ്ട്. പ്രഥമവും പ്രധാനവുമാ യത്, ദൈവവും മനുഷ്യനും തമ്മിലുള്ള സംഗമസ്ഥാനമെന്ന നിലയിൽ മിശിഹായെ വീക്ഷിക്കുന്നു എന്നതിന്റെ ലളിതമായ ആവിഷ്കാരമാണ്. ഇത് നമ്മുടെ പ്രാർഥനയിലെ ക്രിസ്തുശാസ്ത്രപരമായ അടിസ്ഥാന രൂപത്തെ വെളിവാക്കുന്നു. ക്രിസ്തു ദൈവ-മനുഷ്യസംഗമസ്ഥാനമല്ലോ.

**യുഗാന്ത്യമിശിഹാദർശനത്തോടു ബന്ധം**

ഉദിച്ചുയരുന്ന സൂര്യന്റെ പ്രതീകത്തിൽ മിശിഹായെ ദർശിക്കുക എന്നത് യുഗാന്ത്യാധിഷ്ഠിതമായി നിർവചിക്കുന്ന ക്രിസ്തുശാസ്ത്ര ത്തിന്റെ സൂചനയാണ്. കിഴക്കഭിമുഖമായി പ്രാർഥിക്കുകയെന്നതിന്റെ അർഥം ആഗതനാകുന്ന മിശിഹായെ ദർശിക്കുക എന്നുമാണ്. ഭാവി യിൽ അല്ലെങ്കിൽ മിശിഹായിൽ നാം ദർശിക്കാൻ പോകുന്ന പുതിയ ആകാശത്തിലേക്കും പുതിയ ഭൂമിയിലേക്കുമുള്ള ചരിത്രത്തിന്റെ ആഘോഷപൂർവമായ പുരോഗതിയിൽ നാം പ്രവേശിക്കുകയാണ് എന്നും പറയാം. ഇത് പ്രതീക്ഷയുടെ ഒരു പ്രാർഥനയാണ്; മിശിഹാ യുടെ ജീവിതം, പീഡാനുഭവം, പുനരുത്ഥാനം എന്നിവയിൽ വെളിവാ ക്കപ്പെട്ട ദിശയിലൂടെ സഞ്ചരിക്കുന്ന തീർഥാടകന്റെ പ്രാർഥനയാണ്.

അങ്ങനെ അതിപൗരാണികകാലം മുതലേ, ക്രൈസ്തവലോകത്തിന്റെ ചില ഭാഗങ്ങളിൽ കിഴക്കോട്ടു തിരിഞ്ഞു പ്രാർഥിക്കുക എന്ന നിർദേശത്തിന് കുരിശുമായുള്ള സൂചന മൂലം വർദ്ധിതമായ ഊന്നൽ നല്കുകയുണ്ടായി. ഇപ്രകാരം സംഭവിച്ചത് വെളിപാട് 1,7ഉം മത്താ 24,30 തമ്മിൽ ഘടിപ്പിച്ചതുമൂലമാകാം. വെളി 1,7പ്ശീത്താ ഇങ്ങനെയാണല്ലോ: *ഇതാ, അവൻ മേഘങ്ങളോടുകൂടെ വരുന്നു. എല്ലാ മിഴികളും അവനെ കാണും; കുത്തിമുറവേല്പിച്ച എല്ലാവരും. ഭൂമിയിലെ എല്ലാ ഗോത്രങ്ങളും അവനെപ്രതി വിലപിക്കും. അതേ, ആമേൻ.* ഇപ്രകാരം വെളിപാടുകാരൻ എഴുതുന്നത് യോഹ 19,37നെ ആശ്രയിച്ചാണ്. ക്രൂശീകരണവിവരണത്തിന്റെ അവസാനം *തങ്ങൾ കുത്തിമുറിവേല്പിച്ചവനെ അവർ നോക്കും* എന്നുള്ള വചനം സഖ 12,10ൽ നിന്ന് ശ്ലീഹാ ഉദ്ധരിച്ചിരിക്കുകയത്രേ. ഉദ്ധൃതവചനമാകട്ടെ നിഗൂഢത നിറഞ്ഞതത്രേ. പക്ഷേ, അതിന് സന്ദർഭ,സാഹചര്യത്തിൽ പൊടുന്നനവേ നവവും സമഗ്രവുമായ ഒർഥം ലഭ്യമാകുന്നു. കൂടെ, കർത്താവുതന്നെ അരുൾചെയ്തിട്ടുള്ള ഈ വചനങ്ങളും നമുക്കു ലഭ്യമാകുന്നു: *അപ്പോൾ ആകാശത്തിൽ മനുഷ്യപുത്രന്റെ അടയാളം പ്രത്യക്ഷപ്പെടും; ഭൂമിയിലെ സകല ഗോത്രങ്ങളും വിലപിക്കും. മനുഷ്യപുത്രൻ വാനമേഘങ്ങളിൽ ശക്തിയോടും വലിയ മഹത്ത്വത്തോടുംകൂടെ വരുന്നതു കാണുകയും ചെയ്യും* (മത്താ 24,30 പശീത്താ).

**സ്ലീബായുടെയും കിഴക്കിന്റെയും ഏകീഭവിക്കൽ**

മനുഷ്യപുത്രന്റെ അടയാളം, കുന്തത്താൽ കുത്തിത്തുറക്കപ്പെട്ടവന്റെ അടയാളം, സ്ലീബായാണ്. അത് ഇപ്പോൾ ഉഥിതനായവന്റെ വിജയചിഹ്നമായിരിക്കുന്നു. ഇപ്രകാരം സ്ലീബായുടെ പ്രതീകാത്മകത കിഴക്കിന്റേതുമായി ലയിച്ചുചേരുന്നു. രണ്ടും ഒരേ വിശ്വാസത്തിന്റെ പ്രകടനമാണ്. അതായത്, സ്ലീബായും കിഴക്കുദിക്കിലേക്കുള്ള ഉന്മുഖതയും ആവിഷ്കരിക്കുന്നത് യുഗാന്ത്യത്തിൽ – ചരിത്രത്തിന്റെ ലക്ഷ്യപ്രാപ്തിയിൽ – സമാഗതനാകുന്ന മിശിഹായെ ദർശിക്കുക എന്നതാകുന്നു. ഇപ്രകാരം സ്ലീബായുടെയും കിഴക്കിന്റെയും പ്രതീകാത്മകത സമാഗതനാകുന്ന യുഗാന്ത്യമിശിഹായിലേക്ക് ഏകീഭവിപ്പിക്കുകയും, അവന്റെ ദർശനത്തിനുവേണ്ടിയുള്ള പ്രതീക്ഷ(യെ) സന്നിഹിതമാക്കുകയും, ഈ പ്രതീക്ഷയ്ക്ക് ചലനാത്മകത നല്കുകയും ചെയ്യുന്നത് യേശുവിന്റെ പെസഹായുടെ ഓർമിക്കലത്രേ.

**പ്രപഞ്ച-രക്ഷാചരിത്ര അഭേദ്യത**

പ്രാർഥനയ്ക്ക് ക്രൈസ്തവർ കിഴക്കോട്ടു തിരിയുന്നതിൽ ഈ പ്രപഞ്ചവും യേശുമിശിഹായിൽ പൂർത്തിയാക്കപ്പെട്ട രക്ഷാചരിത്രവും അഭേദ്യമാണെന്ന വസ്തുത അന്തർഭവിച്ചിട്ടുണ്ട്. അതായത്, ക്രൈസ്തവ ലിറ്റർജിയുടെ ഒരാവശ്യകതയായ വിശ്വമാനം: പ്രപഞ്ചവും നമ്മോടൊത്തു പ്രാർഥിക്കുകയാണെന്ന്. അതും രക്ഷയ്ക്കുവേണ്ടി നോക്കിപ്പാർത്തിരിക്കുന്നു. സൃഷ്ടിയുടെ വിശ്വമാനം ക്രൈസ്തവപ്രാർഥനയിൽ ഉൾച്ചേർന്നുണ്ട്. ഇതിന്റെ സ്പഷ്ടമായ ഉദാഹരണങ്ങളാണ് മലങ്കര സുറിയാനി സഭയുടെ അന്ത്യോക്യൻ സുറിയാനിക്രമത്തിൽ രാത്രിനമസ്കാരത്തിന്റെ ഭാഗമായി 148-ാം സങ്കീർത്തനവും ഞായർ പ്രഭാത നമസ്കാരത്തിൽ *ആകാശങ്ങൾ ദൈവമഹത്ത്വം അറിയിക്കുന്നു* എന്നാരംഭിക്കുന്ന 19-ാം സങ്കീർത്തനവും ആലപിക്കുന്നത്. സൃഷ്ടിയുടെ വിശ്വമാനം ക്രൈസ്തവപ്രാർഥനയിൽ അനുപേക്ഷണീയമത്രേ. മനുഷ്യന്റെ സ്വയംനിർമിത ലോകത്തിൽ മാത്രമായി ക്രൈസ്തവപ്രാർഥനയോ ആരാധനയോ (ലിറ്റർജിയോ) അർപ്പിക്കാനാവില്ല. കാരണം, സൃഷ്ടിയുടെ പ്രമേയം ക്രൈസ്തവ പ്രാർഥനയിൽ ഉൾച്ചേർന്നുണ്ട്. ഈ വിശ്വമാനം വിസ്മൃതമായാൽ പ്രാർഥനയുടെ / ആരാധനയുടെ ഗാംഭീര്യം നഷ്ടമാകും. അതുകൊണ്ടാണ്, പള്ളിമന്ദിരങ്ങൾ പണിയുക, ലിറ്റർജി ആഘോഷിക്കുക എന്നീ രണ്ടിലും സാധ്യമായിടങ്ങളിലെല്ലാം കിഴക്കിന് അഭിമുഖമാകുക എന്ന ശ്ലൈഹികപാരമ്പര്യം നാം തീർച്ചയായും വീണ്ടും ഉയർത്തിപ്പിടിക്കുന്നത്.

പ്രാർഥനയ്ക്ക് ക്രൈസ്തവരിൽ ഏറിയ പങ്കും കിഴക്ക് ഉന്മുഖമാക്കുന്നതിന്റെ ക്രിസ്തീയ ജ്ഞാനവഴിയെപ്പറ്റി മുകളിൽ പറഞ്ഞിട്ടുള്ളത് ഇപ്രകാരം സംഗ്രഹിക്കാം: (1) പ്രപഞ്ചം മിശിഹായെ പ്രഖ്യാപിക്കുന്നു. മിശിഹായുടെ പ്രകാശം ലോകം മുഴുവനിലും വർഷിച്ചുകൊണ്ടിരിക്കുന്നു (സങ്കീ 19,5-6). (2) ജീവിക്കുന്ന ദൈവത്തിന്റെ യഥാർഥ സിംഹാസനവും ഇരിപ്പിടവുമായിത്തീരുന്ന മിശിഹാ എന്നെന്നേക്കുമായി ഭൂമിയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതിന്റെ ലളിതമായ അവതരണം. (3) കിഴക്കോട്ടു നോക്കുക = മിശിഹായിലേക്കു ദൃഷ്ടിയൂന്നുക. മിശിഹാ ദൈവവും മനുഷ്യനും തമ്മിലുള്ള സംഗമസ്ഥാനമാകുന്നു; യുഗാന്ത്യമിശിഹായുമാകുന്നു. അങ്ങനെ പ്രാർഥനാനിർഭരരായ ജനത്തിന് പ്രാർഥനയും ആരാധനയും ഉദയസൂര്യനേശുവിന്റെ സന്ദർശനനാനുഭവത്തിന്റെ അനുഗൃഹീത സമയമത്രേ.

അധ്യായം

**2**

## നമ്മുടെ കർത്താവും ദൈവവും രക്ഷകനുമായ യേശുമിശിഹായുടെയും അവന്റെ രക്ഷാകരവ്യാപാരമാകെയുടെയും ഓർമയിൽ

ഈ തലക്കെട്ടു പറയുന്നു കുർബാനയെന്തെന്ന്. വി.കുർബാന യേശുക്രിസ്തുവിൽ ദൈവം പൂർത്തിയാക്കിയ ''രക്ഷാകരവ്യാപാരമാകെയും'' സഭ ഓർമിക്കുന്ന പരമോന്നത ആഘോഷമാണ്. യേശുക്രിസ്തുവിൽ ദൈവം പൂർത്തിയാക്കിയ രക്ഷാകരമായ രക്ഷാചരിത്രം തിരുസഭ ആരംഭം മുതൽ വിശുദ്ധ പാരമ്പര്യത്തിലും തിരുലിഖിതരൂപത്തിലും കൈമാറിപ്പോരുന്നു. പുരാതന ആരാധനക്രമങ്ങൾ വിശുദ്ധ പാരമ്പര്യത്തിന്റെ ഭാഗമാണ്. വിശുദ്ധ പാരമ്പര്യം ദൈവവചനമാണ്. ബൈബിൾ ആവിഷ്കരിക്കുന്ന രക്ഷാകര ചരിത്രംതന്നെയാണ് കുർബാനയിൽ ആഘോഷിക്കപ്പെടുന്നത്. ഉത്പത്തിപ്പുസ്തകം വിവരിക്കുന്നത് ദൈവം സുന്ദരമായി സൃഷ്ടിച്ചിരുന്നതും, മനുഷ്യൻ നിമിത്തം പാപബദ്ധമായിപ്പോയതുമായ ലോകത്തെ രക്ഷിക്കാൻ ദൈവം സ്നേഹാധിക്യത്താൽ സ്വമേധയാ പ്രവർത്തിക്കാനാരംഭിച്ചതിന്റെ ആദിയാണ്. പൂർത്തീകരണം യേശുക്രിസ്തുവും. യേശുക്രിസ്തുവും അവന്റെ പുനരാഗമനമുൾപ്പടെ അവന്റെ രക്ഷാകരവ്യാപാരമാകെയുയുടെയും ഓർമിക്കലാണ് കുർബാന.

ബൈബിൾ രക്ഷാകരമായ രക്ഷാചരിത്രം ആരംഭിക്കുന്നത് ഇപ്രകാരമാണല്ലോ: *ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു... ദൈവം അരുൾചെയ്തു: വെളിച്ചം ഉണ്ടാകട്ടെ. വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലതെന്നു ദൈവം കണ്ടു. ... ഒന്നാം ദിവസം* (ഉത്പ 1,1-4). രൂപരഹിതവും ശൂന്യവുമായിരുന്ന ഭൂമിയിൽ ദൈവത്തിന്റെ ആദ്യസൃഷ്ടിയാണ് വെളിച്ചം. രക്ഷാകരമായ രക്ഷാചരിത്രത്തിന്റെ പൂർത്തീകരണഘട്ടത്തിൽ യേശു പറഞ്ഞു: *ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ വസിക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും* (യോഹ 8,12). കൂടെ ഇതും ശ്രദ്ധിക്കാം: *ആദിയിൽ വചനമുണ്ടായിരുന്നു; ... വചനം ദൈവമായിരുന്നു. ... ഒന്നും അവനെക്കൂടാതെ സംഭവിച്ചിട്ടില്ല. അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ*

*മനുഷ്യരുടെ വെളിച്ചമായിരുന്നു...* (യോഹ 1,.1-5). ആ വെളിച്ചം ജീവൻ ആണ് (യോഹ 11,25;14,6). രക്ഷാകരമായ രക്ഷാചരിത്രത്തിന്റെ ക്രൈസ്തവ വായനയിൽ രൂപരഹിതവും ശൂന്യവുമായ ഭൂമിയിൽ ദൈവത്തിന്റെ ആദ്യസൃഷ്ടിയായ വെളിച്ചം ലോകത്തിന്റെ പ്രകാശമായ യേശുവിനെ അടയാളപ്പെടുത്തുന്നു. ബലിപീഠത്തിൽ പുരോഹിതൻ കുർബാനയപ്പം - ''സ്വർഗീയ പിതാവിന്റെ ആദ്യജാതനെ''- ഒരുക്കാനാരംഭിക്കുമ്പോൾ ശുശ്രൂഷി ഇടതുവശത്ത് ഒരുക്കുന്ന വെളിച്ചം ജീവന്റെ വെളിച്ചവും ലോകത്തിന്റെ പ്രകാശവുമായ യേശുവിനെ അടയാളപ്പെടുത്തുന്നു. ജീവന്റെ അപ്പമായ സ്വർഗീയപിതാവിന്റെ ആദ്യജാതനും അവനെ ജീവന്റെ വെളിച്ചമെന്ന് അടയാളപ്പെടുത്തുന്ന വെളിച്ചവും ഒരേ സമയം ബലിവേദിയിൽ ഒരുക്കപ്പെടുന്നു.

ആദവും ഹവ്വായും മുതൽ കർത്താവിന്റെ പുനരാഗമനവും പിതാവിന്റെ വലത്തുഭാഗത്തിരുന്നുള്ള അവിടുത്തെ കർത്തൃത്വവുമെല്ലാം അനുസ്മരിക്കപ്പെടുന്ന മഹാസംഭവമാണ് സഭയുടെ കുർബാന. അത് ബലിപീഠത്തിൽ യഥാവിധി ആരംഭിക്കുന്നത് ''സ്വർഗീയ പിതാവിന്റെ ആദ്യജാതനെ,'' അവൻ ഗോല്ഗോഥാബലിയിൽ ഒഴുക്കിയ രക്ത, വെള്ളവുമൊത്ത് ഒരുക്കി വച്ചുകൊണ്ടാണ്. പാപം മൂലം രൂപരഹിതവും ശൂന്യവുമായിത്തീർന്നിരിക്കുന്ന ഭൂമിയിൽ ലോകത്തിന്റെ വെളിച്ചവും ദൈവത്തിന്റെ ആദ്യജാതനുമായവൻ ബലിവേദിയിൽ ഒരേ സമയം ഒരുക്കപ്പെടുന്നു. പാപാന്ധകാരത്തിൽപ്പെട്ടു മൃതരായവരും വഴിതെറ്റിയവരും ജീവന്റെ പ്രകാശമായ യേശുവിനെ സ്വീകരിച്ച് നിത്യം ജീവിക്കാൻ അമർത്യതയുടെ അപ്പമായി ബലിപീഠത്തിൽ അവൻ തന്നത്തന്നെ പരിശുദ്ധാത്മപൂരിതനായി പാകപ്പെടുത്തുന്നു. അപ്പമൊരുക്കമാരംഭിക്കുമ്പോൾ യഥാവിധി ഇടതു വശത്തെ തിരി തെളിച്ചുകൊണ്ട് ''വെളിവു നിറഞ്ഞോരീശോ'' പാടണം. അതിനുശേഷമേ രക്ഷാചരിത്രത്തിലെ മറ്റു ബലികളുടെയും സംഭവങ്ങളുടെയും അനുസ്മരണകൾക്ക് അപ്പ, വീഞ്ഞുകളുടെ ആരംഭയൊരുക്കത്തിൽ കുർബാനയിൽ സ്ഥാനമുള്ളു.

കർമി ത്രോണോസിൽ അപ്പം ഒരുക്കാനാരംഭിക്കുമ്പോൾ ശുശ്രൂഷി ബലിപീഠത്തിൽ ഇടതുവശത്തെ തിരി (= തന്റെ ആരാധക സംഘത്തെ അഭിമുഖീകരിച്ചുനില്ക്കുന്ന സ്ലീബായുടെ - ക്രൂശിതന്റെ - വലതുവശത്തെ തിരി) കത്തിച്ചുകൊണ്ട് ''വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ...'' പാടാനാരംഭിക്കുന്നു. അത് ജനം ഏറ്റെടുക്കുന്നു.

അധ്യായം

# 3

# ആരാധനക്രമം

# ദൈവവചനപൂർണതയുടെ പ്രകാശനം

## 3.1 **ആരാധനക്രമവും ദൈവവചനവും**

വിശുദ്ധ ഗ്രന്ഥത്തിലൂടെ നാമറിയുന്ന ദൈവത്തെയും ദൈവിക രഹസ്യങ്ങളും ആരാധനയിലനുഭവിച്ച് സാക്ഷ്യജീവിതം നയിക്കുമ്പോഴാണ് നമുക്ക് സുവിശേഷത്തിന്റെ ആനന്ദത്തിലേക്കു വളരാനും അതു പങ്കുവയ്ക്കാനും കഴിയുക.[1] വിശുദ്ധ ബൈബിളിൽ മാത്രമല്ല ദൈവവചനമുള്ളത്. ബൈബിൾ ദൈവവചനത്തിന്റെ എഴുതപ്പെട്ട രൂപമാണ്. അത് കാലപൂർണതയിൽ വെളിപ്പെട്ട ദൈവവചനത്തിന്റെ ഒരു രൂപം/ഭാഗം മാത്രമത്രേ. ദൈവവചനം തിരുഗ്രന്ഥത്തിലും വിശുദ്ധ പാരമ്പര്യത്തിലും നല്കപ്പെട്ടിട്ടുണ്ട് എന്നാണ് സഭയുടെ പ്രബോധനം. അപ്പസ്തോലിക (വിശുദ്ധ) പാരമ്പര്യത്തിലും ദൈവവചനമുണ്ട്. പുരാതനങ്ങളായ ആരാധനക്രമങ്ങൾ അപ്പോസ്തോലിക പാരമ്പര്യത്തിന്റെ ഭാഗമാണ്. ബൈബിൾ മാത്രമാസ്പദമാക്കിയുള്ള ദൈവവചനപ്രഘോഷണം ഭാഗികമത്രേ. ബൈബിളും വിശുദ്ധ പാരമ്പര്യവും ഒരുപോലെ ഭക്തി,സ്നേഹ,ബഹുമാനങ്ങളോടെ സ്വീകരിക്കുകയും ആദരിക്കുകയും ചെയ്യണമെന്നും സഭ നിഷ്കർഷിക്കുന്നു. സഭയെന്ന തിരുവഞ്ചിയിൽ വിശുദ്ധ ഗ്രന്ഥവും വിശുദ്ധ പാരമ്പര്യവും സമ്മേളിക്കുന്നു. **സഭയുടെ ആരാധനക്രമത്തിലാണ് ബൈബിളിലെയും വിശുദ്ധ പാരമ്പര്യത്തിലെയും ദൈവവചനം അതിന്റെ പൂർണതയിൽ പ്രകാശിതമാകുന്നത്.** ഈ വസ്തുതകൾ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ *ദൈവവചനം* (*ദെയിവെർബും*)എന്ന പ്രമാണരേഖ നമ്പർ 9-ൽ സ്പഷ്ടമായി നല്കിയിട്ടുണ്ട്. ''വെളിവു നിറഞ്ഞോരീശോ ...'' എന്ന ഗാനാരംഭത്തിന്റെ അർഥസമൃദ്ധി അറിയിച്ചുതുടങ്ങാൻ സങ്കീ 36,9; 43,3; 56,13 എന്നീ വചനഭാഗങ്ങൾ ആദ്യപടികളായുണ്ട്. അവയുടെ ലഘുവിചാരണ ഈ ഗ്രന്ഥം പേജ് 22-26ലുണ്ട്.

[1]ഫ്രാൻസിസ് പാപ്പാ, *സുവിശേഷത്തിന്റെ ആനന്ദം*, നമ്പർ 7. ...

## 3.2 മലങ്കര സുറിയാനി സഭയ്ക്കു ലഭിച്ച ആരാധനക്രമപാരമ്പര്യത്തിൽനിന്ന്

*ബ്നുഹ്റൊക് ഹോസേനാൻ നുഹ്റൊ* ... എന്ന് കുർബാനയപ്പം ഒരുക്കുന്ന സമയത്ത് ആരംഭിക്കുന്ന പാരമ്പര്യക്രമം അന്ത്യോക്യൻ സുറിയാനി ആരാധനക്രമത്തിൽ മലങ്കര സുറിയാനി സഭയ്ക്കു ലഭിച്ചതാണ്. ഈ ക്രമം വ്യത്യാസപ്പെടുത്താൻ ആരാധനക്രമപരമായ ന്യായമൊന്നുമില്ല. കുർബാനയാഘോഷത്തെക്കുറിച്ചു പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പായും അദ്ദേഹത്തെ പിന്തുടർന്ന് കാർഡിനൽ റോബർട്ട് സാറായും എഴുതിയിട്ടുള്ളത് വായിച്ചു തള്ളാവുന്ന വാക്കുകളല്ല. ചുരുക്കമിതാണ്: കുർബാന നാമുണ്ടാക്കുന്ന എന്തോ ഒന്നല്ല; നമുക്കു നല്കപ്പെട്ടതാണ്. നല്കപ്പെട്ടതിനോടു നമ്മെത്തന്നെ ചേർത്തർപ്പിക്കുക എന്നതാണ് നമ്മുടേതായ ബലിയർപ്പണം.

കാല്വറിയിലെ ബലിയുടെ പുരോഹിതനും ബലിവസ്തുവുമായ യേശുക്രിസ്തുതന്നെയാണ് സെഹിയോൻ മാളികയിലെയും എമ്മാവൂസിലെയും, ഇന്നത്തെ നാമുൾപ്പടെയുള്ള ഉത്ഥാനാന്തരശിഷ്യസംഘത്തിന്റെയും അപ്പംമുറിക്കലുകളുടേത്. ഈ വിശ്വാസദർശനം ഏറ്റവും സ്പഷ്ടവും പൂർണവുമായി ആദിമസഭയ്ക്കു ലഭ്യമാക്കിയിയിട്ടുള്ളത് പുതിയ നിയമ ഗ്രന്ഥകാരന്മാരിൽ സിറിയൻ അന്ത്യോക്യക്കാരനായ ലൂക്കായാണ്. 'കർത്താവായ യേശുവിന്റെ ഓർമയാചരണം' എന്ന് പൗലോസ് കുർബാനയെക്കുറിച്ചു പഠിപ്പിക്കുന്നുണ്ട് (1 കോറി 11,23-25). കുർബാന ''നമ്മുടെ കർത്താവേശുമിശിഹായുടെയും അവന്റെ രക്ഷാകരവ്യാപാരമാകെയുടെയും ഓർമയാചരണ''മത്രേ. '...ഓർമയാചരണം' എന്ന് കുർബാനയെക്കുറിച്ചുള്ള ധാരണ കർത്താവായ യേശു താൻ കയ്യേല്പിക്കപ്പെട്ട രാത്രിയിൽ അപ്പവും പാനപാത്രവും കൊണ്ടു ചെയതതിന്റെയും സഭയുടെ മേശയിലെ ബലിയുടെയും ബലിവസ്തുവും പുരോഹിതനും ഒരാൾ തന്നെയെന്ന് - യേശുക്രിസ്തുതന്നെയെന്ന് - ഗ്രഹിക്കാൻ സഹായകമായുണ്ട്. യേശുക്രിസ്തുവിന്റെ പെസഹാവിരുന്നിനെക്കുറിച്ച് വിശുദ്ധ പൗലോസും ലൂക്കായും പകർന്നുതന്നിട്ടുള്ള വിവരണങ്ങൾ (1 കോറി 11,23-26; ലൂക്കാ 22,17 - 20) സിറിയൻ അന്ത്യോക്യൻ പാരമ്പര്യത്തിന്റേതാണ്. ലൂക്കാ പൗലോസിനെക്കാൾ രണ്ടു പടികൂടി കടന്ന്, സെഹിയോൻ മാളികയിലെയും കാല്വറിയിലെയും എമ്മാവൂസിലെയും ബലിയുടെ പുരോഹിതനും

ബലിവസ്തുവും യേശുക്രിസ്തുതന്നെയെന്നു സ്പഷ്ടമാക്കി. അവന്റെ കുരിശുമരണത്തിനു മുമ്പും പിമ്പുമുള്ള രണ്ട് അപ്പംമുറിക്കലുകൾക്കിടയിൽ കുരിശിലെ ബലി ക്രമീകരിച്ചുകൊണ്ടുള്ള സമാന്തര വിവരണത്തിൽ[2] അവതരിപ്പിച്ചിട്ടുള്ള ആദി സിറിയൻ അന്ത്യോക്യൻ കുർബാനശാസ്ത്രം! ഉത്ഥാനാന്തരഘട്ടത്തിലും ഉത്ഥിതനായ യേശുക്രിസ്തു സംസാരിക്കുന്ന വചനശുശ്രൂഷയെ തുടർന്നാണ് അപ്പംമുറിക്കലെന്നതും (ലൂക്കാ 24,13 -27.32).

യേശുമിശിഹായുടെ രക്ഷാകരശുശ്രൂഷയെ *നമ്മുടെ ദൈവത്തിന്റെ ആർദ്രമായ കരുണയാൽ ഉന്നതത്തിൽനിന്നുള്ള ഉദയസൂര്യന്റെ സന്ദർശനം* എന്ന് ലൂക്കാ വിവരണത്തിന്റെ ആരംഭത്തിൽ (ലൂക്കാ 1,78) അവതിരിപ്പിക്കുന്നതും ഇവിടെ ശ്രദ്ധാർഹമത്രേ. *വെളിവു നിറഞ്ഞോരീശോ*...കൊണ്ട് കുർബാനയിലെ ബലിവസ്തുക്കളുടെ ഒരുക്ക -അർപ്പണഗാനം പുരോഹിതജനം ആരംഭിക്കാൻ സിറിയൻ അന്ത്യോക്യൻ സുറിയാനി സഭ സമയമായപ്പോൾ സമാരംഭിച്ചത് സ്വാഭാവികമാണെന്ന് ലൂക്കായുടെ കുർബാനശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പറയാം. കുർബാനയുടെ സ്മരണാവിഷയം കണക്കിലെടുക്കുമ്പോൾ കൂടുതൽ സമ്യക്കായൊരു ദർശനം ലഭിക്കുന്നു. അതായത്, കുർബാന ‘‘നമ്മുടെ കർത്താവും ദൈവവും രക്ഷകനുമായ യേശുമിശിഹായുടെയും അവന്റെ രക്ഷാകരവ്യാപാരമാകെയുടെയും അനുസ്മരണ’’യാകുന്നു, പുനസ്സന്നിഹിതമാകലാകുന്നു എന്ന അറിവിനോട് *വെളിവു നിറഞ്ഞോരീശോ*...കൊണ്ടുള്ള ആരംഭത്തെ ബന്ധപ്പെടുത്തുമ്പോൾ.

## 3.3 മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ തുടർന്നിരുന്നത്

ഇവിടെ ‘‘വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ...’’ എന്ന ഗാനം പഠന, ധ്യാന വിഷയമാക്കുന്നത് ഈ രചയിതാവിന്റെ കൗമാരാരംഭംവരെയും ഓർത്തഡോക്സ് സഭയിൽ പരിശീലിപ്പിക്കപ്പെട്ടതിന്റെയും, ഞങ്ങളുടെ കുടുംബം മലങ്കര കത്തോലിക്കാ സഭയിൽ പുനരൈക്യപ്പെട്ടതു മുതൽ ഈ സഭയിൽ ഇക്കഴിഞ്ഞ ഏതാനും വർഷം മുമ്പുവരെയും അനുവർത്തിച്ചുപോന്നിരുന്നതിന്റെയും ബലംകൊണ്ടുമാണ്. കുർബാനയുടെ ഒരുക്ക,കാഴ്ചവയ്പുസമയത്ത് ദൈവജനം

[2] ലൂക്കാ 22,14-21: പെസഹാരാത്രിയിലേത് || 23,44-49: കുരിശിലെ അർപ്പണം || 24,28-32: എമ്മാവൂസിലേത്. ഇവ സമാന്തരങ്ങളായ വിവരണങ്ങളാണ്.

പാടുന്ന ഗാനം ''വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ...''കൊണ്ട് ആരംഭിക്കുന്ന പാരമ്പര്യമാണ് ഇപ്പോഴും കേരളത്തിലെ ഓർത്തഡോക്സ് സഭകളിൽ അനുവർത്തിക്കുന്നതും. അങ്ങനെതന്നെ മലങ്കര മാർത്തോമ്മാ സുറിയായനി സഭയിലും.

ഈ ലേഖകനോർക്കുന്നു, 1961ൽ ഞങ്ങളുടെ കുടുംബം കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുമ്പോൾ ഞങ്ങളുടെ പള്ളിയിൽ ചെയ്തിരുന്നത് ഇപ്രകാരമാണ്: തീക്ഷ്ണമിഷനറിയായിരുന്ന പരേതനായ ബഹു. സാമുവൽ തെങ്ങുവിളയിലച്ചൻ മദ്ബഹായിൽ തിരുവസ്ത്രങ്ങളണിഞ്ഞ് ബലിപീഠത്തിൽ അപ്പം ഒരുക്കാൻ കൈയിലെടുക്കുമ്പോൾ ശുശ്രൂഷകൻ - റാന്നി പൂഴിക്കുന്ന് ഇടവകയിൽനിന്ന് അവിടത്തെ കപ്യാരായിരുന്ന, പീന്നീട് വയ്യാറ്റുപുഴ താമസമാക്കിയിരുന്ന, പരേതനായ തുണ്ടിയിൽ ശ്രീമാൻ ഉണ്ണൂണ്ണി - ''വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ...'' ആരംഭിച്ചുകൊണ്ട്, ബലിപീഠത്തിലെ സ്ലീബായുടെ മുമ്പിൽ കത്തിനില്ക്കുന്ന തിരിയിൽനിന്നു ചെറിയ തിരിയിൽ തീ പകർന്ന് വടക്കുവശത്തെ തിരി കത്തിക്കുന്നു. തന്നോടുചേർന്നു സ്വയം ബലിയർപ്പിച്ചുകൊണ്ടു നില്ക്കുന്ന, ആരാധകസംഘത്തെ അഭിമുഖീകരിച്ചുനില്ക്കുന്ന, ക്രൂശിതന്റെ - സ്ലീബായുടെ - വലത്തുവശമാണ് നാം ആദ്യം തിരി കത്തിക്കുന്ന വടക്കുവശം. ''വെളിവിൻ തട്ടിൽ വസിക്കും പുണ്യനിധേ ...'' പാടി ബലിപീഠത്തിൽ തെക്കുവശത്തെ തിരി കത്തിക്കുന്നു. ശുശ്രൂഷകൻ ആരംഭിച്ച പാദങ്ങൾ ജനം ഏറ്റെടുത്തു പാടിയിരുന്നു. തുടർന്ന്, അതാതു ദിവസത്തിന്റെ പ്രത്യേകതയ്ക്കനുസരിച്ച പാദവും മറ്റു പാദങ്ങളും.

1967ൽ ലിറ്റർജിക്കൽ കമ്മറ്റി തിരുവല്ലായിൽനിന്നു പ്രസിദ്ധീകരിച്ച *മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ വിശുദ്ധ ശുശ്രൂഷകളുടെ അനുഷ്ഠാനക്രമം* പുറം 18 നമ്പർ 53ൽ ഇങ്ങനെയാണ്: ''... അപ്പോൾ ശുശ്രൂഷകൻ താണസ്വരത്തിൽ ''വെളിവുനിറഞ്ഞോരീശോ ...'' ഇത്യാദി ചൊല്ലി വടക്കുവശത്തെ തിരി കത്തിക്കുന്നു. ''വെളിവിൻ തട്ടിൽ വസിക്കും പുണ്യനിധേ ...'' ചൊല്ലി തെക്കുവശത്തെ തിരി കത്തിക്കുന്നു.'' ഇത് അതേപടിയുണ്ട് 2014 സെപ്തംബർ 20ന് മലങ്കര സുറിയാനി സഭയുടെ ആരാധനക്രമ കമ്മീഷൻ പ്രസിദ്ധപ്പെടുത്തിയ *വിശുദ്ധ ശുശ്രൂഷകളുടെ അനുഷ്ഠാനക്രമം* (*തൂക്കാസ*) പേജ് 44, നമ്പർ 32. പക്ഷേ, ശുശ്രൂഷകൻ ഒരിക്കലും താണ സ്വരത്തിലല്ല ചൊല്ലിയിരുന്നത്. മുൻപറഞ്ഞതുപോലെ, ഉയർന്ന സ്വരത്തിലാണ്

ആരംഭിച്ചിരുന്നത്; ജനം ഏറ്റെടുത്തു പാടിയിരുന്നതും. ഇപ്രകാരമായിരുന്നു ഈയുള്ളവൻ പട്ടത്ത് മൈനർ സെമിനാരിയിൽ അഭ്യസനം നടത്തിക്കൊണ്ടിരുന്നപ്പോഴും (1963–65) പുരോഹിതശുശ്രൂഷ ആരംഭിച്ചപ്പോഴും 1990കളുടെ മധ്യം വരെയും തിരുവനന്തപുരം അതിരൂപതയിൽ. വി. കുർബാനയുടെ ആരംഭത്തിൽ പഴയ നിയമ വായനകൾ നടത്തിയിരുന്നപ്പോൾത്തന്നെ മദ്ബഹായിൽ പ്രാരംഭ ഒരുക്കശുശ്രൂഷകൾ നടന്നിരുന്നതായിരിക്കണം "വെളിവുനിറഞ്ഞോരീശോ ..." പതിഞ്ഞ സ്വരത്തിൽ ചൊല്ലണമെന്ന നിർദേശത്തിന്റെ പശ്ചാത്തലം. പതിഞ്ഞ സ്വരത്തിലല്ല, ഉച്ചസ്വരത്തിലാണ് ആരംഭിച്ചിരുന്നതും സമൂഹം ആലപിച്ചിരുന്നതും.

"വെളിവുനിറഞ്ഞോരീശോ ..." എന്ന ഗാനം ബലിപീഠത്തിലെ തിരി തെളിക്കുന്ന സമയത്തേക്കുള്ളതാണെന്ന് *യാക്കോബിന്റെ അനാഫുറാ ഒരു പഠനം* എന്ന ഗ്രന്ഥത്തിൽ (1976) റവ. ഡോ. ലൂയിസ് മൂലവീട്ടിൽ ഒ.ഐ.സി രേഖപ്പെടുത്തിയിട്ടുണ്ട് (പുറം 70). "ഓർത്തഡോക്സ് സുറിയാനി പാരമ്പര്യത്തിൽ ഇത് വൈദികൻതന്നെ ചെയ്യണമെന്നാണ് നിയമം" എന്നും ബഹു. മൂലവീട്ടിലച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. "*ബ്നുഹറൊക് ഹോസേനാൻ* ..." എന്ന പാദം വടക്കേ തിരി കത്തിക്കുമ്പോഴും "*ഹസിയൊ കാദീശൊ* ..." എന്ന പാദം തെക്കെ തിരി കത്തിക്കുമ്പോഴും ചൊല്ലണമെന്ന് ക്രമത്തിൽ കാണുന്നു; എങ്കിലും, നമസ്കാരസമയം മുതൽ ആ തിരി കത്തിനിന്നതുകൊണ്ട് ഈ സമയം വേറെ തിരി കത്തിക്കേണ്ട ആവശ്യമില്ല. എങ്കിലും ആ പ്രാർഥന ചൊല്ലണം" എന്ന് *ഓർത്തഡോക്സ് സുറിയാനിസഭയുടെ ശുശ്രൂഷാസംവിധാനം*, പുറം 160 നിർദേശിക്കുന്നു. അപ്പവും വീഞ്ഞും ഒരുക്കി കാഴ്ചവയ്ക്കുമ്പോൾ മുകളിൽ പറഞ്ഞപ്രകാരം തിരി കത്തിച്ചുകൊണ്ട് "വെളിവുനിറഞ്ഞോരീശോ ..." പാടുന്നതിന്റെ താത്പര്യത്തെക്കുറിച്ച് ബഹു. മൂലവീട്ടിലച്ചൻ *യാക്കോബിന്റെ അനാഫുറാ ഒരു പഠനം,* പേജ് 70ൽ ലളിതമായി വിശദീകരിക്കുന്നു: "വൈദികന്റെ കയ്യിലിരിക്കുന്ന അപ്പം സർവ്വലോകത്തിന്റെയും പ്രകാശമായ ക്രിസ്തുവിന്റെ പ്രതീകമാണ്; ഈ പ്രകാശത്തിൽനിന്നു വേണം നാം വെളിച്ചം ഉൾക്കൊള്ളാൻ." ഈ വസ്തുത കൂടുതൽ വ്യക്തവും വിശദമാകുന്നത് ദൈവജനത്തിന് കൂടുതൽ സഹായകമാകുമല്ലോ. "വെളിവുനിറഞ്ഞോരീശോ"കൊണ്ടാരംഭിക്കാൻ കുർബാനശാസ്ത്രപരവും ക്രിസ്തുശാസ്തപരവും രക്ഷാശാസ്ത്രപരവുമായ സമ്പന്നതയുണ്ട്.

അധ്യായം

**4**

# പ്രകാശത്തിന്റെ പ്രതീകാത്മകതയുടെ ആദ്യാക്ഷരങ്ങൾ

## 4.1 വെളിച്ചവും ഇരുളും പ്രതീകങ്ങളുടെ താക്കോൽ?

'വെളിവ്' വെളിച്ചം ആണെന്ന് വെളിവുള്ളവർക്കെല്ലാം അറിയാം. "വെളിച്ചം ദുഃഖമാണുണ്ണീ, തമസ്സല്ലോ ജീവിതം" എന്ന അക്കിത്തം കവിത കേൾക്കാത്തവരോ അനുഭവിക്കാത്തവരോ വിരളമായിരിക്കുമല്ലോ ഇന്നാളുകളിലെ മലയാളമണ്ണിൽ. ഒരു സമ്മേളനത്തിൽ ശ്രീ കൽപറ്റ നാരായണൻ വെളിച്ചത്തെയും ഇരുട്ടിനെയുംപറ്റി പറഞ്ഞു: "കുഞ്ഞുങ്ങളെ പ്രതീകങ്ങളെക്കുറിച്ചൊക്കെ മനസ്സിലാക്കിക്കൊടുക്കാൻ വെളിച്ചം, ഇരുള് എന്നീ രണ്ടു വാക്കുകൾ മനസ്സിലാക്കിയാൽ മാത്രം മതി. ഇത്രമേൽ ഏതുകാലവും ഉപയോഗിക്കാവുന്ന പ്രതീകങ്ങൾ ഭാഷയിൽ അധികമില്ല"[1]

എല്ലാ മതദർശനങ്ങളിലും സംസ്കാരങ്ങളിലും പ്രകാശം അത്യധികം പരിപാവനമായ ഒരു പ്രതീകമാണ്. പ്രകാശത്തെ ദൈവത്തിന്റെ പ്രകൃതിയായും അവന്റെ രക്ഷാകരമായ സാന്നിധ്യത്തിന്റെ സ്വഭാവമായും ബൈബിൾ വിവരിച്ചിട്ടുണ്ട് (ഉദാ: സങ്കീ 27,1; 36,9;ഏശ 2,5;60,19;1 യോഹ 1,5). യേശുവിന്റെ ജന്മനായുള്ള യഹൂദപാരമ്പര്യത്തിൽ ഇസ്രായേൽ, തോറാ (നിയമം = പഞ്ചഗ്രന്ഥി), ജറുസലേം, ദേവാലയം എന്നിവയെ പ്രകാശമെന്നു വർണിക്കുന്നുണ്ട്. മിശിഹാ *യാക്കോബിന്റെ നക്ഷത്രവും* (നിയ 24,17) *ജനതകളുടെ പ്രകാശവും* (ഏശ 42,61) ആണല്ലോ. ജറുസലേമിന്റെമേൽ പ്രകാശം വന്നുചേർന്നിട്ടുള്ളതിനാൽ ഉണർന്നു പ്രശോഭിക്കുക എന്ന് ഏശയ്യാപ്രവാചകൻ ജനത്തെ ആഹ്വാനം ചെയ്യുന്നുണ്ട് (ഏശ 60,1). 'പ്രകാശത്തിന്റെ മക്കൾ' എന്നാണ് ഖുമ്രാൻ സമൂഹാംഗങ്ങൾ സ്വയം വിളിച്ചിരുന്നത്.[2]

പ്രതീകത്തിന് മതമേഖലയിൽ, വിശേഷിച്ച്, ദൈവാരാനാമേഖലയിൽ, പ്രത്യേക അന്തരാർഥമുണ്ട്. ആരാധിതന്റെ **അദൃശ്യമായ യഥാ**

[1]*മലയാള മനോരമ*, 2018 ഫെബ്രു. 18 പേജ് 13. [2]ഹെൻറി പട്ടരുമഠത്തിൽ, *മലയിലെ പ്രസംഗം*, കെ.സി.ബി.എസ്, പി.ഒ.സി., പാലാരിവട്ടം, 2017, 66.

**ർഥ സാന്നിധ്യം വിശ്വാസികളായ ആരാധകർക്ക് യഥാർഥമായി അനുഭവിക്കാൻ** ഇടയാകുന്ന ദൃശ്യവസ്തുക്കളോ അടയാളങ്ങളോ ആണ് പ്രതീകങ്ങൾ. എല്ലാ അടയാളങ്ങളും പ്രതീകങ്ങളല്ല. കുർബാനയിൽ തിരിവെളിച്ചം പ്രതീകമല്ല; ദൈവത്തിന്റെയും ലോകത്തിന്റെയും പ്രകാശമായ യേശുവിനെ സൂചിപ്പിക്കുക മാത്രമാണ് തിരിവെളിച്ചത്തിന്റെ ധർമം. തിരിവെട്ടം സൂചിപ്പിക്കുന്ന പ്രകാശം യേശുക്രിസ്തുവാണ്. *ക്രിസ്തുവാണ് അദൃശ്യനായ ദൈവത്തിന്റെ പ്രതീകവും (ഐക്കൺ) എല്ലാ സൃഷ്ടികൾക്കും ആദ്യജാതനും* (കൊലോ 1,15).

വിശുദ്ധ കുർബാനയിൽ അർപ്പണവസ്തുക്കളായ അപ്പവും വെള്ളം കലർത്തിയ വീഞ്ഞും യേശുക്രിസ്തുവിന്റെ പ്രതീകങ്ങളാണ്; അവന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും മാത്രമെന്നല്ല. ''എന്റെ ശരീരം'' എന്ന യേശുച്ചൊല്ലിന് 'ഞാൻ' എന്നും, ''എന്റെ രക്തം'' എന്ന ചൊല്ലിന് 'എന്റെ ജീവൻ' എന്നുമാണർഥം. അതായത്, ഞാനിതാ ജീവനോടെ എന്നെ നിങ്ങൾക്കു നല്കുന്നു എന്ന് യേശു പറയുകയത്രേ. വിശുദ്ധ കുർബാനയിൽ വിശ്വാസികൾക്കു ലഭ്യനാകുന്നത് ക്രൂശിതനായി മരിച്ച് അടക്കപ്പെട്ടവനെങ്കിലും സജീവനായിരിക്കുന്ന യേശുവിനെത്തന്നെയാണ്. കുർബാനയിലെ അർപ്പിതവസ്തുക്കൾക്ക് ബാഹ്യമാറ്റമൊന്നുമുണ്ടാകുന്നില്ല. മാറ്റമുണ്ടാകുന്നത് അർപ്പിതവസ്തുക്കളുടെ ആന്തരിക യാഥാർഥ്യത്തിനാണ്. ഒപ്പം അർപ്പകരുടെ - പുരോഹിതനുൾപ്പടെ - ആരാധകസംഘത്തിനും ആന്തരിക മാറ്റമുണ്ടായിരിക്കണം. അർപ്പിതവസ്തുക്കളുടെ ആന്തരിക മാറ്റത്തിന്റെ യാഥാർഥ്യമനുഭവിക്കാൻ അർപ്പകരും സ്വീകർത്താക്കളുമായിരിക്കുന്നവരിൽ കുർബാനയുടെ സ്ഥാപകനായ യേശുക്രിസ്തുവിൽ പരിപൂർണ വിശ്വാസവും അവനോടു കറയറ്റ സ്നേഹവും അനിവാര്യമാണ്. വിശ്വാസം യേശുവിലേക്കുള്ള അർപ്പണംതന്നെയാകണം. ഇത് മനുഷ്യജീവിതത്തിൽ സാധാരണമായൊരു വസ്തുതതന്നെയല്ലോ. വിലപിടിച്ച സമ്മാനമൊന്നും വാങ്ങി നല്കാൻ നിവൃത്തിയില്ലാത്ത ഭാര്യാഭർത്താക്കന്മാർ നിവൃത്തിയനുസരിച്ചു നല്കുന്ന, പുറമേക്കു നിസ്സാരമായ സമ്മാനത്തിന്റെയോ, അന്യോന്യം നല്കുന്ന ശുശ്രൂഷയുടെയോ മൂല്യം നിർണയിക്കുന്ന ശക്തിയെന്താണ്? അവർ തമ്മിലുള്ള സമ്പൂർണ സമർപ്പണം - കറയും മറയും കുറവുമില്ലാത്ത അവരുടെ പരസ്പര വിശ്വാസം = സമർപ്പണം.

ആരാധകസംഘം യേശുവിനെ ''വെളിവു നിറഞ്ഞ''വൻ എന്ന് സംബോധന ചെയ്യുന്നു. യേശു പ്രകാശം നിറഞ്ഞവൻ ആകുന്നു എന്ന വിശ്വാസവിളി. ഇത് ക്രൈസ്തവ പാരമ്പര്യത്തിൽ ഏറ്റവും ശ്രദ്ധേയ മായി സുവിശേഷകനായ യോഹന്നാന്റെ പാരമ്പര്യത്തിന്റേതാണ്. 'വെളിവ്' വെളിച്ചമാണ്, പ്രകാശമാണ്. വെളിപാടിനോടു ബന്ധപ്പെട്ട അർഥമാണ് യോഹന്നാന്റെ സുവിശേഷത്തിൽ പ്രകാശത്തിനുള്ളത്. പ്രകാശം വെളിപ്പെടുത്തലാണ്. പ്രകാശമുള്ളപ്പോഴാണല്ലോ നമുക്ക് എല്ലാം സ്പഷ്ടമായി കാണാനാവുക. യേശു ലോകത്തിലേക്കു വന്നത് ദൈവത്തെ വെളിപ്പെടുത്താനാണ്: *ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ആത്മബന്ധം പുലർത്തുന്ന ദൈവംതന്നെ യായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്* (യോഹ 1,18). ജറുസലേംദേവാലയത്തിലെ കൂടാരപ്പെരുന്നാളിന്റെ സന്ദർഭത്തിൽ ദേവാലയത്തിൽവച്ച് യേശു അരുൾചെയ്തു: *ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു* (യോഹ 8,12). *ആരും ഒരിക്കലും കണ്ടിട്ടില്ലാ*ത്ത അദൃശ്യനായ ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തുന്നയാൾ (പ്രകാശിപ്പിക്കുന്നയാൾ) എന്ന നിലയ്ക്കാണ് യേശു ലോകത്തിന്റെ പ്രകാ ശമായി മാറുക. പ്രകാശമെന്ന പ്രതീകം യേശുവാണ്. യേശുവിൽ അദൃശ്യനായ ദൈവം ലോകത്തിനു വെളിപ്പെടുന്നു, പ്രകാശിക്കുന്നു. അദൃശ്യനായ ദൈവത്തിന്റെ സമ്പൂർണ സാന്നിധ്യം യേശുവിൽ ലോക ത്തിന്, മനുഷ്യർക്ക്, സംലഭ്യമായുണ്ട്.

പ്രകാശം, ഇരുട്ട് എന്നീ വാക്കുകളുടെ സൂചിതാർഥം ഏറ്റവും നന്നായി അറിയാവുന്നവരാണ് ക്രൈസ്തവക്കുഞ്ഞുങ്ങൾ. അവരുടെ ശ്വാസോച്ഛ്വാസത്തിന്റെ താളത്തിൽ മുഴങ്ങുന്നത് *ഞാനാണ് ലോക ത്തിന്റെ വെളിച്ചം* എന്ന യേശുച്ചൊല്ലല്ലോ. ''വെളിച്ചം ദുഃഖമാണുണ്ണീ, തമസ്സല്ലോ ജീവിതം'' എന്ന അക്കിത്തംകവിതയിലും ക്രൈസ്തവർക്ക് തങ്ങളുടേതായ ഒരു വായനയുദിക്കും: യേശുവെന്ന വെളിച്ചം തങ്ങളി ലേക്കു വീശുകയും ആ വെളിച്ചത്തിൽ അവർ തങ്ങളെത്തന്നെ കാണു കയും ചെയ്യുന്നു. അപ്പോൾ അവർ തങ്ങളിൽ അന്ധകാരത്തിന്റെ, ഇരു ട്ടിന്റെ ആത്മാവിന്റെ, പൈശാചിക ശക്തിയുടെ, കത്തിപ്രയോഗങ്ങളും കുത്തിവരകളും വെട്ടുകളും പാടുകളും കാണുന്നു. ഈ കാഴ്ചയിൽ അവരുടെ ഹൃദയം അനുതാപത്തിന്റെ സുഗന്ധതൈലം നിറഞ്ഞ വെണ്കല്ഭരണിയായി രൂപാന്തരപ്പെടുന്നു. വെളിച്ചമുതിർക്കുന്ന പ്രകാ

ശക്തിരുകളാൽ അവർ പ്രശോഭിതരാകുന്നു; പ്രകാശക്കാഴ്ചകൾ നുണയുന്നു. ഇതാണ് ''വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ...'' എന്ന ഗാനത്തിന്റെ ആത്മാവ്.

ആധ്യാത്മിക മേഖലയിലും പ്രകാശരഹസ്യങ്ങൾ തേടിയുള്ള മനുഷ്യന്റെ യാത്രകൾക്ക് സഹസ്രാബ്ദങ്ങളുടെ ചരിത്രമുണ്ട്. ഇന്ത്യയുടെ ആർഷസംസ്കൃതിയുടെ അത്യാകർഷണീയവും അത്യുദാത്തവുമായൊരു പ്രാർഥനയാണല്ലോ ''... തമസോ മാം ജ്യോതിർ ഗമയ.'' ഇതിന് യേശുക്രിസ്തുവിൽനിന്നു ലഭിച്ച മറുപടി സ്വീകരിച്ചവരാണ് ഇന്ത്യയിലെ ക്രൈസ്തവർ. ഈ ദാനം ഏറ്റവും ശ്രേഷ്ഠമായി ആഘോഷിക്കാനുള്ള സന്ദർഭവുമാണ് വിശുദ്ധ കുർബാനയുടെ ഒരുക്കമായുള്ള ''വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു'' എന്ന തുടക്കം. അതിന്റെ തുടർച്ചയിൽ, ''വെളിച്ചത്തിനെന്തു വെളിച്ചം! അല്ലേ?'' എന്ന് വൈക്കം മുഹമ്മദു ബഷീർ വിസ്മയിച്ചിട്ടുള്ളത് യേശുക്രിസ്തുവിനെ നോക്കി പറയാൻ ഞാൻ പ്രാപ്തനാകുമ്പോൾ ക്രൈസ്തവനായ എന്റെ ആത്മാവിന്റെ ക്രൈസ്തവത്വം പ്രകാശനം ചെയ്യപ്പെടുകയാണ്. അത് എന്റെ ക്രിസ്തുവിശ്വാസസാക്ഷ്യവും പ്രഘോഷണവുമാകുന്നു. അത് പ്രകാശപൂർണതയായ അവനിലേക്കുതന്നെയുള്ള പുതിയ പുറപ്പാടുമാകുന്നു - ക്രിസ്തുവാകുന്ന പ്രകാശത്തെ പ്രവേശിപ്പിച്ച് എന്റെ ജീവിതത്തിലെ ഇരുൾക്കുഴികളെ മൂടാൻ; ക്രിസ്തീയ ജീവിതത്തിന്റെ വെല്ലുവിളികളെ പരിഹരിക്കാനും ആധ്യാത്മികമായ സുസ്ഥിരവികസനവും പ്രകാശ്യതയും ഉറപ്പാക്കാനും.

അധ്യായം

5

# "വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു" എന്നതും വിശുദ്ധ കുർബാനയും തമ്മിലുള്ള ബന്ധം - പഴയ നിയമ വെളിച്ചം

## 5.1 "*വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു*" ( സങ്കീ 36,9)

ഈ ഗാനഭാഗം "കർത്താവിന്റെ ദാസനായ ദാവീദിന്റെ" എന്ന തലക്കെട്ടലങ്കരിക്കുന്ന സങ്കീർത്തനം 36,9ന്റെ രണ്ടാം പകുതിയുടെ ക്രിസ്ത്വാത്മക പരാവർത്തനമാണ്. "*അങ്ങയുടെ* (ദൈവത്തിന്റെ) *പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു* " എന്ന് സങ്കീർത്തകൻ പാടി. അത് ക്രിസ്തുവിൽ പൂർത്തിയായെന്നും, വിശുദ്ധ കുർബാനയിലും ഞങ്ങളതു കാണുന്നു, അനുഭവിക്കുന്നു എന്നും സഭ ഗ്രഹിക്കുകയും തന്റെ ഹൃദയരാഗമാക്കുകയും ചെയ്തു. വിശുദ്ധ കുർബാനയുടെ അവസാനം പൂജാപാത്രങ്ങൾ കഴുകുമ്പോഴും സങ്കീർത്തനം 36-ന്റെ ചില പാദങ്ങൾ ആലപിക്കുന്ന കൂട്ടത്തിൽ 9-ാം പാദവുമുണ്ട്: "*...ജീവന്റെ ഉറവ നിന്റെ പക്കലുണ്ട്; നിന്റെ തേജസ്സാലാകുന്നു ഞങ്ങൾ പ്രകാശം ദർശിക്കുന്നത്.*" വിശുദ്ധ കുർബാനയുടെ പരസ്യാരംഭത്തിനു മുമ്പും പരസ്യാരാധനയ്ക്കു ശേഷവും 9-ാം പാദം പാടാൻ സഭ ക്രമീകരിച്ചിരിക്കുന്നു! ഞങ്ങൾ പ്രകാശം കാണുന്നു എന്നത് ഞങ്ങൾ ജീവിച്ചിരിക്കുന്നു എന്നതിന്റെ അടയാളമാണ് (ജോബ് 3,20; സങ്കീ 49,19). പ്രകാശത്തിൽനിന്നുള്ള പ്രകാശമായ യേശുവിനാൽ ഞങ്ങൾ ജീവിക്കുന്നു. വിശുദ്ധ കുർബാന ആദ്യന്തം ആരാധകർ, വിശേഷിച്ചു പുരോഹിതൻ, "പ്രകാശത്തിൽനിന്നുള്ള പ്രകാശ"ത്താൽ പ്രകാശം കാണുന്ന മഹാസംഭവമാണ്. അതിന്റെ സൂചനയായി ദൈവാലയം, പ്രത്യേകിച്ചു മദ്ബഹാ, ബാഹ്യമായും പ്രകാശത്താൽ അലംകൃതമാകുന്നു! ഈ പ്രകാശം *ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു* എന്നു പറഞ്ഞയാൾതന്നെ.

## 5.2 പ്രകാശവും സത്യവും ബലിപീഠവും ദൈവവും രക്ഷാകര അനുഭവവും (സങ്കീ 43,3)

പഴയ നിയമത്തിൽത്തന്നെ ദൈവത്തിന്റെ പ്രകാശവും അവിടുത്തെ ബലിപീഠവും തമ്മിൽ ബന്ധപ്പെട്ടുണ്ട്. സങ്കീ 43,3-4ൽ സങ്കീർത്തകൻ ആലപിക്കുന്നു:

> (ദൈവമേ,) *അവിടുത്തെ പ്രകാശവും സത്യവും*
> *അയയ്ക്കണമെ*!
> *അവ എന്നെ നയിക്കട്ടെ.*
>
> *അവിടുത്തെ വിശുദ്ധ ഗിരിയിലേക്കും നിവാസത്തിലേക്കും*
> *അവ എന്നെ കൊണ്ടെത്തിക്കട്ടെ*
>
> *അപ്പോൾ ഞാൻ ദൈവത്തിന്റെ ബലിപീഠത്തിലേക്കു ചെല്ലും,*
> *എന്റെ പരമാനന്ദമായ ദൈവത്തിലേക്കുതന്നെ;*
>
> *ദൈവമേ, എന്റെ ദൈവമേ, കിന്നരംകൊണ്ടു*
> *ഞാൻ അവിടുത്തെ സ്തുതിക്കും.*

സങ്കീ 43 ഒരു പ്രത്യാശാകീർത്തനമാണ്. (സങ്കീ 42-43 ഒരു ഏകകമാണെന്നത്രേ വിദഗ്ധരുടെ അഭിമതം). ഇതിന്റെ രചനയുടെ ചരിത്രപശ്ചാത്തലം കൃത്യമേതെന്നത് നമുക്കിവിടെ പ്രശ്നമല്ല. സെല്യൂസിഡ്-പ്തോളമിമാരുടെ യുദ്ധകാലത്ത് സിറിയായുടെ പരിസരപ്രദേശത്ത് ബന്ദിയാക്കപ്പെട്ട ഒരു പുരോഹിതന്റെ പ്രാർഥനയായിരിക്കാനുള്ള സാധ്യതയുണ്ടെന്ന് ശക്തമായ അനുമാനമുണ്ട്. അധർമികളും, കരുണയും സഹോദരസ്നേഹവുമില്ലാത്തതുമായ ജനതയിൽനിന്നുള്ള - വിജാതീയരിൽനിന്നുള്ള - മോചനത്തിന് തന്റെ 'അഭയത്തിന്റെ ദൈവ'ത്തിൽ (സങ്കീ 43,2 ഹീബ്രു പാഠമനുസരിച്ച്) ആശ്രയിക്കുന്നു സങ്കീർത്തകൻ. *ശത്രുവിന്റെ പീഡനംമൂലം എനിക്കു വിലപിക്കേണ്ടി വന്നതും എന്തുകൊണ്ടെന്നും അവിടുത്തോടു ചോദിക്കുന്നുണ്ട്* (വാക്യം 2). തന്റെ അഭയത്തിന്റെ ദൈവത്തിലേക്ക്, അവിടുത്തെ വിശുദ്ധ ഗിരിയിലേക്കും നിവാസത്തിലേക്കും, തന്നെ കൊണ്ടെത്തിക്കാൻ അവിടുത്തെ *പ്രകാശവും സത്യവും* അയയ്ക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. തന്റെ അഭയത്തിന്റെ ദൈവം അവിടുത്തെ പ്രകാശവും സത്യവും അയയ്ക്കുമ്പോൾ താൻ ദൈവത്തിന്റെ ബലിപീഠത്തിലേക്കു ചെല്ലുമെന്ന് അർഥിക്ക് ഉറപ്പുണ്ട്. ദൈവത്തിന്റെ ബലി

പീഠത്തിലേക്ക് എത്തുകയെന്നു പറഞ്ഞാൽ "എന്റെ പരമാനന്ദമായ ദൈവത്തിലേക്കു" തന്നെയെന്നർഥം.

തന്റെ ഇരുൾമൂടിയ മുഖം പ്രകാശിക്കാൻ ദൈവം തന്റെ *പ്രകാശവും സത്യവും* അയയ്ക്കണമെന്നർഥിക്കുന്നു സങ്കീർത്തകൻ. സത്യത്തെ (*എമെത്ത്*-നെ) കൃപയോട് (*ഹെസെദ്*നോട്) ഒത്തുചേർത്താണ് സങ്കീർത്തനങ്ങളിലും പഴയ നിയമത്തിലും പൊതുവെ കാണാറുള്ളത്. സങ്കീ 43,3-ലാകട്ടെ പ്രകാശത്തോടൊത്ത്.[1] *ഹെസെദ്* ഉടമ്പടിപ്രകാരമുള്ള കൃപ / കരുണ അത്രേ. ഇവിടെയാകട്ടെ സങ്കീർത്തകൻ പ്രത്യാശിക്കുന്നത് തന്റെ അഭയമായ ദൈവത്തിന്റെ പ്രകാശവും സത്യവും തന്നെ. അവിടുത്തെ വിശുദ്ധ ഗിരിയിലേക്കും (= ജറുസലേമിലേക്കും) അവിടെയുള്ള കർത്തൃനിവാസമായ ദേവാലയത്തിലേക്കും ബലിപീഠത്തിലേക്കും അവിടുന്നിലേക്കുതന്നെയും നയിക്കട്ടെ എന്നാണ്. 'നയിക്കുക' എന്നതിന് ഇവിടെ പ്രയോഗിച്ചിട്ടുള്ള ഹീബ്രു ക്രിയാപദം *നഹാ* ഏറിയകൂറും സൂചിപ്പിക്കുന്നത് ഇടയൻ ചെയ്യുന്ന പ്രവൃത്തിയെയത്രേ (സങ്കീ 23,2). ഈ ക്രിയാപദം ദൈവത്തോടു ബന്ധപ്പെടുത്തി അനേകം പ്രാവശ്യം പ്രയോഗിച്ചിട്ടുള്ളത് പുറപ്പാടിന്റെ പശ്ചാത്തലത്തിലാണ് (ഉദാ: പുറ 13,17.21; 32,34).[2] ദൈവത്തിന്റെ വിശുദ്ധ ഗിരിയിലേക്കും അവിടെയുള്ള ദേവാലയത്തിലേക്കും ബലിപീഠത്തിലേക്കും ദൈവത്തിലേക്കുതന്നെയും ദൈവത്താൽ ആനയിക്കപ്പെടുന്നത് പുതിയൊരു പുറപ്പാടനുഭവമാണ് - വിമോചനത്തിന്റെ, രക്ഷയുടെ, ദൈവൈക്യത്തിന്റെ അനുഭവമാണ് സങ്കീർത്തകന്. - നമുക്കും.

സങ്കീർത്തകൻ 'പ്രകാശം' എന്ന പദം പ്രയോഗിച്ചിട്ടുള്ളത് തിരുഗ്രന്ഥം പലപ്പോഴും പ്രകാശത്തെ മുഖത്തോടു (*പാനീം*) ബന്ധപ്പെടുത്തിയിട്ടുള്ളതിന്റെ പ്രകാശത്തിൽക്കൂടി കാണണം. അഹറോൻ ഇസ്രായേൽജനത്തെ അനുഗ്രഹിക്കുന്നത് സംഖ്യ 6,25ൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. അനുഗ്രഹവചസ്സുകൾ അക്ഷരാർഥത്തിൽ വിവർത്തനം ചെയ്താൽ ഇപ്രകാരമത്രേ: *കർത്താവു തന്റെ മുഖം നിങ്ങളുടെമേൽ പ്രകാശിപ്പിക്കട്ടെ*. എന്തെന്നാൽ, *അവിടുത്തെ നോക്കിയവർ പ്രകാശിതരായി*; *അവർ ലജ്ജിതരാകുകയില്ല* (സങ്കീ 34,5). സങ്കീർത്തകന്റെ ഈ പ്രാർത്ഥനയും നമുക്കനുസ്മരിക്കാം: *സൈന്യങ്ങളുടെ*

[1] ജോഷി മയ്യാറ്റിൽ, സങ്കീർത്തനസപര്യ, കെ.സി.ബി.എസ്, പാലാരിവട്ടം, 2013,147.
[2] *അതേ കൃതി* അതേ ഭാഗം.

*ദൈവമായ കർത്താവേ, ഞങ്ങളെ പുനരുദ്ധരിക്കണമേ! അങ്ങയുടെ മുഖം പ്രകാശിക്കുകയും ഞങ്ങൾ രക്ഷപ്പെടുകയും ചെയ്യട്ടെ!* (സങ്കീ 80,7).

'പ്രകാശം' എന്ന് കർത്താവിനെ പഴയ നിയമവും പുതിയനിയമവും നിർവചിക്കാറുണ്ട്. പ്രകാശത്തോടെയായിരുന്നു സൃഷ്ടികർമത്തിന്റെ തുടക്കംതന്നെ (ഉത്പ 1,3). പ്രകാശത്തിന്റെ വെളിപ്പെടുത്തലുകളായിരുന്നു ദൈവത്തിന്റെ രക്ഷാകരമായ ഇടിപെടലുകളെല്ലാം; അവിടുത്തെ അസാന്നിധ്യം അന്ധകാരവും.[3] സങ്കീർത്തനങ്ങളിൽ പ്രകാശവും രക്ഷയും ദൈവത്തിന്റെ നിർവചനങ്ങളാണ്.[4] ഈ നിർവചനത്തിനടിസ്ഥാനം അവിടുത്തെ രക്ഷാകരപ്രവൃത്തികളത്രേ.

ക്രൈസ്തവവിശ്വാസികൾക്ക് യേശു പ്രകാശവും (യോഹ 8,12) സത്യവുമാണ് (യോഹ 14,6). തങ്ങളെ പാപത്തിന്റെ അടിമത്തത്തിൽ നിന്നു സ്വതന്ത്രരാക്കുന്ന സത്യം (യോഹ 8,31-38). പ്രകാശംതന്നെ സത്യവും. ഈ ക്രിസ്തുരഹസ്യം അറിഞ്ഞ ധന്യവിജ്ഞാനികളാണ് കുർബാനയപ്പത്തിന്റെ കാഴ്ചവയ്പുസമയത്ത് "വെളിവുനിറഞ്ഞോരേശൂ നിൻ വെളിവാൽ കാണുന്നു..." എന്നു പാടിക്കൊണ്ട് വിശ്വാസിസംഘത്തിന്റെ സജീവഭാഗഭാഗിത്തം ഉറപ്പാക്കാൻ ക്രമീകരിച്ചത്.

## 5.3 *ദൈവസന്നിധിയിൽ ജീവന്റെ പ്രകാശത്തിൽ നടക്കേണ്ടതിന്* (സങ്കീ 56,13)

സങ്കീ 56 ദാവീദിന്റേതെന്ന് ആരോപിതമായിട്ടുള്ള ഒരു വിലാപകീർത്തനമത്രേ. ഇതിൽ പ്രതിഫലിക്കുന്നത് ജീവിതക്ലേശങ്ങളുടെ മധ്യേ ദൈവത്തിൽ അഭയം തേടുന്ന ഭക്തന്റെ അനുഷ്ഠാനപരമായ ജീവിതമാണ്. ശത്രുക്കളിൽനിന്നു സഹിക്കേണ്ടിവന്ന പലവിധ പീഡകളിൽനിന്നു വിമുക്തനായി ദൈവത്തിനു കൃതജ്ഞതാബലി അർപ്പിക്കാനെത്തുന്ന ഒരാളിന്റെ കീർത്തനമാണ് സങ്കീ 56. 13-ാം വാക്യം സങ്കീർത്തകന്റെ മുന്നവസ്ഥയും രക്ഷിതാവസ്ഥയും അവതരിപ്പിക്കുന്നു. ഈ ദൈവഭക്തൻ ദൈവസാന്നിധ്യമില്ലാതെ ശത്രുവിന്റെ ബന്ധനത്തിലായിരുന്നു - മരണാവസ്ഥയിലായിരുന്നു. അവിടെനിന്നു ദൈവം മോചിപ്പിച്ചു. ദൈവം നല്കിയ മോചനം ദൈവസന്നിധിയിൽ

[3] ഉദാ: ആമോ 5,18.20; മിക്കാ 7,3; ഏശ 9,2;10,17; 60,1-2; സങ്കീ 97,11; 112,4.

[4] ഉദാ: സങ്കീ 7,10; 17,7; 18,2.46 കൂടാതെ മറ്റ് ഏഴിടങ്ങളിലും.

ജീവനിലേക്കുള്ള ഉയർത്തലായിരുന്നു. ദൈവം നല്കിയ രക്ഷിതാവസ്ഥയെ പ്രകാശമെന്ന ബിംബത്തിൽ അവതരിപ്പിക്കുന്നു സങ്കീർത്തകൻ. സങ്കീ 56,13ൽ പ്രകാശം ശത്രുക്കളിൽനിന്നു ദൈവം നല്കിയ രക്ഷയെ സൂചിപ്പിക്കുന്നു.[5]

## 5.4 വെളിച്ചം ദൈവത്തിന്റെ ആദ്യസൃഷ്ടി – "രക്ഷാകര വ്യാപാരമാകെയുടെയും അനുസ്മരണയിലും"

*ആദിയിൽ ദൈവം ആകാശവും ഭൂമിയും സഷ്ടിച്ചു. ഭൂമി രൂപരഹിതവും ശൂന്യവും ആയിരുന്നു. ആഴത്തിനു മുകളിൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനുമീതേ ചലിച്ചുകൊണ്ടിരുന്നു. ദൈവം അരുൾചെയ്തു: വെളിച്ചം ഉണ്ടാകട്ടെ... വെളിച്ചം നല്ലതെന്നു ദൈവം കണ്ടു. അവിടുന്ന് വെളിച്ചത്തെ ഇരുളിൽനിന്നു വേർതിരിച്ചു. വെളിച്ചത്തിനു പകലെന്നും ഇരുളിനു രാത്രിയെന്നും പേരിട്ടു. സന്ധ്യയായി, പ്രഭാതമായി – ഒന്നാം ദിവസം.* (ഉത്പ 1,1–4l).

*ആദിയിൽ ഉണ്ടായിരുന്ന..., ദൈവത്തോടുകൂടിയായിരുന്ന ..., ദൈവമായിരുന്ന ... വചനത്തിൽ സംഭവിച്ച ജീവൻ ... മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല* (യോഹ 1,1–5). *കർത്താവ് പ്രകാശമാണ്* (സങ്കീ 27,1; ഏശ 60,19); *ദൈവം പ്രകാശമാണ്* (1 യോഹ 1,5); അപ്രാപ്യമായ പ്രകാശത്തിൽ വസിക്കുന്നു. അപ്രാപ്യമായ പ്രകാശത്തിൽ വസിക്കുന്ന ദൈവത്തെ മനുഷ്യരാരും കണ്ടിട്ടില്ല; കാണുക സാധ്യവുമല്ല (1 തീമോ 1,16). ദൈവത്തിന്റെ സാക്ഷാൽ സ്വഭാവം വെളിച്ചമായിരിക്കുകയാണ്. വെളിച്ചമാണ് രൂപരഹിതവും ശൂന്യവുമായ ഭൂമിയിൽ ദൈവത്തിന്റെ ആദ്യത്തെ സൃഷ്ടി (ഉത്പ 1,3–4).

*ദൈവത്തിൽ തെല്ലും അന്ധകാരമില്ല* (1 യോഹ 1,5). പ്രകാശത്തിന്റെ വിരുദ്ധതയാണ് അന്ധകാരം. വെളിപ്പെടുത്താനാവാത്തതൊന്നുമില്ല ദൈവത്തിൽ. മൂടിവയ്ക്കേണ്ടതൊന്നുമില്ല. സത്യംതന്നെയായ അവിടുന്നിൽ സത്യമല്ലാത്തതൊന്നുമില്ല. തിന്മയായതോ നിഷിദ്ധമായതോ ഒന്നുമില്ല ദൈവത്തിൽ. യേശുവിലൂടെയുള്ള ദൈവികവെളിപാട് സ്വീകരിക്കുന്ന മനുഷ്യന് യേശു വെളിച്ചമാകുന്നു. അങ്ങനെ അന്ധകാരത്തെ അധീനപ്പെടുത്തുന്നു. പ്രകാശം ക്രൈസ്തവ ദർശന

[5]അബ്രഹാം പേഴുങ്കാട്ടിൽ (എഡി) *സങ്കീർത്തനങ്ങൾ*, കൊച്ചി, 1991, 319–320.

ത്തിൽ രക്ഷകനായ യേശുവിനെയും അവൻ മുഖാന്തരമുള്ള ദൈവിക വെളിപാടിനെയും രക്ഷയെയുംകൂടി സൂചിപ്പിക്കുന്നു.

കുർബാന പ്രപഞ്ചസൃഷ്ടി മുതൽ മിശിഹാകർത്താവിന്റെ പുനരാഗമനംവരെയുമുള്ള ദൈവത്തിന്റെ രക്ഷാകരവ്യാപാരമാകെയുടെയും അനുസ്മരണയുടെ ആഘോഷമാണ്. കുർബാനയിൽ രക്ഷാചരിത്രമാകെ ലോകത്തിന്, വിശേഷിച്ച് വിശ്വാസികൾക്ക്, രക്ഷാകരമായി പുനസ്സന്നിഹിതമാകുകയുമാണ്. ആകാശവും ഭൂമിയും സൃഷ്ടിച്ചുകഴിഞ്ഞ്, *ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നപ്പോൾ വെളിച്ചമുണ്ടാകട്ടെ എന്ന് ദൈവം അരുൾചെയ്തു* എന്ന ദൈവവചനത്തിന്റെ ക്രൈസ്തവവായനകളാണ് പുതിയ നിയമരചയിതാക്കന്മാരിൽനിന്നു നമുക്കു കേൾക്കാനാകുന്നത്. *ഇരുളിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം വീശാനും സമാധാനത്തിന്റെ മാർഗത്തിലേക്കു നമ്മുടെ പാദങ്ങൾ നേർനയിക്കാനും* (ലൂക്കാ 1,79) *നമ്മുടെ ദൈവത്തിന്റെ ആർദ്രമായ കരുണയാൽ ഉന്നതത്തിൽനിന്നുള്ള ഉദയസൂര്യൻ നമ്മെ സന്ദർശിക്കുന്നു* (ലൂക്കാ 1,78) - അന്ത്യോക്യൻ സുറിയാനി സഭയുടെ ക്രിസ്ത്വാനുഭവത്തിന്റെ ആരംഭസാക്ഷ്യമായി ലൂക്കാ എഴുതിയിട്ടുണ്ട്. കുർബാനയുടെ ആരംഭത്തിൽ അന്ത്യോക്യൻ സുറിയാനി സഭയുടെ പാരമ്പര്യമനുസരിച്ച് ആദ്യം ഒരേ സമയം സംഭവിക്കുന്നത് ഉന്നതത്തിൽനിന്നുള്ള ഉദയസൂര്യനായ യേശുവിന്റെ 'സന്ദർശനം' അടയാളപ്പെടുത്തുന്ന തിരിവെളിച്ചവും, സ്വർഗീയ പിതാവിന്റെ ആദ്യജാതനായ യേശുവിന്റെ പ്രതീകമായ അപ്പത്തിന്റെ ഒരുക്കവുമാണ്. ''വെളിവുനിറഞ്ഞോരീശോ''കൊണ്ടു വിശുദ്ധ കുർബാനയിൽ ദൈവജനത്തിന്റെ ഭാഗഭാഗിത്തം ആരംഭിക്കുന്നതിന്റെ രക്ഷാകരമായ യുക്തി! ഈ ക്രമം ഒരുക്കിയ അന്ത്യോക്യൻ സുറിയാനി പിതാക്കന്മാരെയോർത്ത്, പ്രകാശപൂരിതനായ യേശുവേ, നന്ദി, നന്ദി, നന്ദി!

ദൈവമേ, നീ സ്വയം വെളിപ്പെടുത്തുന്നവനല്ലോ. നിന്റെ സ്വയാവിഷ്കരണങ്ങളാണ് നിന്നെക്കുറിച്ചു മനുഷ്യന് അറിവു നല്കുന്നത്. പ്രപഞ്ചസൃഷ്ടിമുതൽ ചരിത്രത്തിൽ ദൈവമേ, നീ നിനക്കു പുറത്തേക്കു നിന്നെ പല വിധങ്ങളിൽ വെളിപ്പെടുത്തിക്കൊണ്ടിരുന്നു. അവിടുന്ന സ്വയം മോശയ്ക്ക് ആദ്യം വെളിപ്പെടുത്തിയത് കത്തിജ്വലിക്കുന്നവനായാണല്ലോ. അതായത്, പ്രകാശമായും അശുദ്ധിയെ എരിയിച്ചുകളയുകയും ശുദ്ധിയെ ജ്വലിപ്പിച്ച് ഉജ്ജ്വലമാക്കുകയും ചെയ്യുന്നവനെന്നും സ്വയം പ്രകാശിപ്പിച്ചുകൊണ്ട്. മനുഷ്യനാകട്ടെ

ആ പ്രകാശത്തിലേക്കു നോക്കുവാൻ ആദരവിന്റെ ആധിക്യത്താൽ ഭയക്കുന്നവനും! അതേ സമയംതന്നെ കത്തുന്ന മുൾപ്പടർപ്പിൽ നിന്നെ കാണാനും നിന്റെ സ്വരം ശ്രവിക്കാനും നിന്നാൽ വിളിക്കപ്പെടുകയും പ്രാപ്തനാക്കപ്പെടുകയും ചെയ്തവനും! (പുറ 3,1-4,17).

ദൈവജനത്തിന്റെ പുറപ്പാടുസംഭവത്തിലും യാത്രയിലും ദൈവമേ, നീതന്നെ പ്രകാശസ്തംഭമായി മാർഗദർശനം നല്കിക്കൊണ്ടിരുന്നു (പുറ 13,21). പ്രകാശമായി നീ പ്രത്യക്ഷീകരണങ്ങൾ നല്കിക്കൊണ്ടിരുന്നു (ഉത്പ 15,17; പുറ 19,18; സങ്കീ 104,2; എസെ 1,4). പ്രകാശംപോലെ ദൈവപ്രമാണങ്ങൾ നല്കി (സുഭാ 6,23; ജ്ഞാനം 18,4). ഈ അവസാന കാലത്ത് നീ നിന്നെത്തന്നെയും നിന്റെ സകല പ്രമാണങ്ങളും നിന്റെ പുത്രനിൽ സ്വയം വെളിപ്പെടുത്തി. ആ പുത്രൻ പറഞ്ഞു: *ഞാൻ ലോകത്തിന്റെ പ്രകാശമാണ്.* അതിനാൽ, ഇനിമേൽ ഞാൻ രക്ഷ പ്രാപിക്കുന്നത് പത്തു പ്രമാണങ്ങളും സഭയുടെ പ്രമാണങ്ങളും ഒരു നിയമപണ്ഡിതനെപ്പോലെ പഠിച്ചും ഒരു നിയമഭക്തനെപ്പോലെ പാലിച്ചും ജീവിച്ചുമല്ല; പിന്നെയോ, ദൈവപുത്രനായ യേശുക്രിസ്തുവാകുന്ന പ്രകാശത്തിൽ ചരിക്കുകയും വ്യാപരിക്കുകയും ചെയ്തുകൊണ്ടത്രേ. അവൻ നിയമത്തിന്റെ പൂർത്തീകരണമല്ലോ.

സൂര്യനെ ഇരുളാക്കിയ ഗോല്ഗോഥായിലെ പ്രകാശമേ, നീയായിരിക്കട്ടെ എന്റെ ഹൃദയദേവാലയത്തിലെ നിത്യസൂര്യനും നീതിസൂര്യനും! ദൈവത്തിന്റെ ആദ്യസൃഷ്ടി അവിടുത്തെ ആദ്യജാതനാണ്. അവനാൽ പ്രകാശിതനായിരുന്നാൽ എനിക്കും അവിടുത്തെ ആദ്യജാതനും ആദ്യസൃഷ്ടിയുമാകാമല്ലോ. എനിക്കും അവനോടൊത്ത് സ്വീകാര്യകുർബാനയാകാമല്ലോ! ഓ, ദൈവമേ, നിന്റെ മഹാകരുണയാൽ നിന്റെ പ്രഭാമുഖം പൂർണമായി നിന്റെ പുത്രനായ യേശുക്രിസ്തുവിൽ ഞങ്ങൾക്കു കാണുമാറാക്കി! പ്രകാശമായ നിന്റെ മഹത്ത്വം സൃഷ്ടിയിൽത്തന്നെ - വിശേഷിച്ച് മനുഷ്യനിൽ - കാണാൻ ഞങ്ങളെ പ്രാപ്തരാക്കുന്ന രണ്ടാം ദിവസത്തെ പ്രകാശത്തിന്റെയും, കർത്താവിന്റെ ഉയിർപ്പിൽ പ്രകാശിച്ചതും, ''പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും'' സർവശോഭയോടും പ്രകാശിക്കാനിരിക്കുന്നതുമായ എട്ടാം ദിവസത്തെ പ്രകാശത്തിന്റെയും സമ്മേളനം യേശുവിൽ സമ്പൂർണതയെ പ്രാപിച്ചു (പരിശുദ്ധ ഫ്രാൻസിസ് പാപ്പാ). അതിനാൽ, ഇനിമേൽ ഞാൻ രക്ഷ പ്രാപിക്കുന്നത് പത്തു പ്രമാണങ്ങളും സഭയുടെ പ്രമാണങ്ങളും ഒരു നിയമപണ്ഡിതനെപ്പോലെ പഠിച്ചും ഒരു നിയമഭക്തനെപ്പോലെ പാലിച്ചും ജീവിച്ചുമല്ല; പിന്നെയോ, ദൈവ

പുത്രനായ യേശുക്രിസ്തുവാകുന്ന പ്രകാശത്തിൽ ഈ ഭൂമിയിൽ ചരിക്കുകയും വ്യാപരിക്കുകയും ചെയ്യുമ്പോഴത്രേ; അവനെക്കൊണ്ട് എന്റെ ഇരുണ്ട ജീവതം പ്രകാശിതമാകുമ്പോളാകുന്നുവല്ലോ. സ്തോത്രം, കർത്താവേ, ജീവന്റെ വെളിച്ചമേ, നന്ദി! സ്തുതി!

പ്രകാശപൂരിതനായ യേശുവേ, സ്വർഗസ്ഥനായ ദൈവത്തിന്റെ പ്രകാശമേ, അദൃശ്യനായ ദൈവത്തിന്റെ പ്രകാശമേ, കേവലമൊരു കരിന്തിരിയായിപ്പോയ എന്നിലേക്കു നിന്റെ പ്രകാശക്കതിരുകൾ ശക്തിയായി വർഷിക്കണമേ. ലോകത്തിനു പ്രകാശമായ നിന്റെ പ്രകാശത്താൽ എന്റെ അന്തരാത്മാവിനെ നിന്റെ പ്രകാശശോഭയാൽ പ്രശോഭിപ്പിക്കണമേ! ആമ്മേൻ.

### 5.5 യേശുക്രിസ്തുവിൽ ത്രിത്വൈകദൈവത്തിന്റെ പ്രകാശപൂർണത

ക്രൈസ്തവ ദർശനത്തിൽ സകല വെളിപാടുകളും യേശുമിശിഹായെ ലക്ഷ്യമാക്കിയവയാണ്. അവനാണ് സകല ദൈവിക വെളിപാടുകളുടെയും സംഗമസ്ഥാനവും കേന്ദ്രവും പരമാവിഷ്കരണവും. അവൻവഴി സാക്ഷാത്കൃതമായ രക്ഷയുടെ ആഘോഷമാണ് വി. കുർബാന. ഇവിടെ വെളിപാടിന്റെയും രക്ഷയുടെയും സമഗ്രതയും കേന്ദ്രീയതയും സ്വാഭാവികമായ രഹസ്യാത്മകതയോടുകൂടെ വെളിച്ചംകൊണ്ടുതന്നെ ആഘോഷിക്കപ്പെടുന്നു. ഇനിമേൽ എനിക്കു രക്ഷാമാർഗം കല്പലകകളിൽ എഴുത്തപ്പെട്ടു കിട്ടിയ പത്തു കല്പനകളുടെ കർക്കശപാലനംകൊണ്ടല്ല; കല്പനകളുടെ കല്വെളിച്ചം കൊണ്ടുമാത്രം ജീവിക്കുമ്പോഴല്ല, ജീവന്റെ പ്രകാശമായ യേശുക്രിസ്തുവെന്ന ജീവത്പ്രകാശത്തിൽ ജീവിക്കുമ്പോഴത്രേ. അവൻ എന്റെ ജീവനാകുമ്പോഴത്രേ. ഹല്ലേലുയ്യാ, സ്തോത്രം കർത്താവേ!

വിശുദ്ധ കുർബാനയിലെ അപ്പവീഞ്ഞുകളുടെ ഒരുക്കത്തിന്റെ ആരംഭത്തിൽ, മുകളിൽ വിവരിച്ചതുപോലെ, "വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ..."കൊണ്ട് ഗാനം ആരംഭിക്കുന്ന ക്രമത്തിൽ ക്രിസ്തീയ വെളിപാടിന്റെയും ശ്ലൈഹിക വിശ്വാസത്തിന്റെയും ക്രിസ്തുകേന്ദ്രീയത പ്രകാശിതമാകുന്നു. "പുത്രനെന്നു പറഞ്ഞാൽ പിതാവും പരിശുദ്ധാത്മാവും അവൻ മുഖാന്തരം അറിയപ്പെടുന്നു"[6] പിതാവിന്റെ വചനമായ പുത്രൻ "സാരാംശത്തിൽ ഭേദംവരാതെ മനുഷ്യനായിത്തീ

[6] *മലങ്കര കത്തോലിക്കാ സഭയുടെ ആരാധനക്രമം,* 1993, പെന്തിക്കൊസ്തി, ഒന്നാം ശുശ്രൂഷ, പ്രുമിയൊൻ.

ർന്ന് ദൈവത്വത്തിന്റെ അഗ്രാഹ്യാവസ്ഥയെ തെളിവായി അറിയിക്കുകയും ഞങ്ങൾക്കു വ്യഖ്യാനിച്ചുതരികയും ചെയ്തു. നിന്നെക്കുറിച്ചും ... ദൈവത്തിലെ മൂന്നാമത്തെ പ്രകാശത്തെക്കുറച്ചും അവൻ ഞങ്ങളെ പഠിപ്പിച്ചു.''[7] ''വെളിവു നിറഞ്ഞോരീശോ,'' നീ രൂപരഹിതപ്രകാശമായ പരിശുദ്ധ ത്രിത്വത്തിന്റെ പ്രകാശമാകുന്നു.

പിതാവ് ഒന്നാമത്തെ പ്രകാശവും പുത്രൻ രണ്ടാമത്തെ പ്രകാശവുമാണ്. പുത്രൻ ''പ്രകാശത്തിൽനിന്നുള്ള പ്രകാശ''മാണ് – ''സത്യദൈവത്തിൽനിന്നുള്ള സത്യദൈവം.'' (നിഖ്യാവിശ്വാസപ്രമാണം). താതന്റെ കിരണമാണ് ദൈവമായ യേശു. ഇതു സൂചിപ്പിക്കുകയാണല്ലോ സ്ലീബായുടെ മുമ്പിൽ കത്തിനിൽക്കുന്ന തിരിയിൽനിന്ന് പ്രകാശം പകർന്ന് വടക്കും തെക്കുമുള്ള തിരികൾ തെളിക്കുന്നത്. കർത്താവിന്റെ ദിവസം യോഹന്നാൻ പത്മോസിൽവച്ചു കണ്ടു: സ്വർഗത്തിൽ ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തുവിന്റെ മുമ്പിൽ തിരികൾ കത്തിച്ചുവച്ചിരിക്കുന്നു (വെളി 1,12–13.20). പ്രകാശത്തിന്റെ പിതാവാണ് ദൈവം (യാക്കോ 1,17).

ത്രിത്വൈക ദൈവവിശ്വാസം സഭയുടെ അടിസ്ഥാനവിശ്വാസമത്രേ. അതേ സമയം അത് ക്രിസ്തു മുഖാന്തരം വെളിപ്പെട്ടതെന്ന അർഥത്തിൽ അത് ക്രിസ്തുകേന്ദ്രീകൃതമാണ് – പൗരസ്ത്യ ക്രിസ്തുശാസ്ത്രം റൂഹാത്മകമാണെങ്കിലും. കുർബാനയിലെ ദൈവികവെളിപാടിന്റെയും രക്ഷാകരപ്രവർത്തനത്തിന്റെയും ക്രിസ്തുകേന്ദ്രീകൃതത്വത്തിന്റെ സുദൃഢമായ സാക്ഷ്യങ്ങൾ കുർബാനയിൽത്തന്നെയുണ്ട്. അങ്ങനെ, മല്ക്കിസെദെക്കിന്റെ ക്രമത്തിൽ കർമി അപ്പവും വീഞ്ഞും ഒരുക്കുമ്പോഴും അവ തിരുപ്പാത്രങ്ങളിൽ വയ്ക്കുമ്പോഴും ചൊല്ലുന്ന പ്രാർഥനകളുണ്ട്. 'അഹറോന്റെ ക്രമ'ത്തിൽ കർമി അപ്പ,വീഞ്ഞുകൾ യഥാവിധി കൈകളിലെടുത്തു ചൊല്ലുന്ന 'പൊതുവായ അനുസ്മരണ'പ്രാർഥനകളുണ്ട്. എല്ലാ കുർബാനയിലും ചൊല്ലുന്ന ''ദൈവമേ, നീ കുർബാനയാകുന്നു; കുർബാന നിനക്ക് അർപ്പിക്കപ്പെടുന്നു ...'' എന്ന ഏറ്റുപറച്ചിലുമുണ്ട്.

അപ്പം ഒരുക്കുമ്പോൾ ''വെളിവുനിറഞ്ഞോരീശോ ...''പാടുന്ന അനുഷ്ഠാനക്രമം ദൈവിക വെളിപാടിനെക്കുറിച്ചും രക്ഷാകരപ്രവർത്തനത്തെക്കുറിച്ചുമുള്ള ക്രൈസ്തവ ജ്ഞാനത്തിന്റെ പ്രകാശനവും

[7] *മലങ്കര കത്തോലിക്കാ സഭയുടെ ആരാധനക്രമം,* 1993, പെന്തിക്കൊസ്തി, ഒന്നാം ശുശ്രൂഷ, പ്രുമിയൊൻ..

ആഘോഷവുമത്രേ.[8] "ഞങ്ങളുടെ കർത്താവും രക്ഷകനുമായ യേശു മിശിഹായുടെയും അവന്റെ രക്ഷാകരവ്യാപാരമാകെയുടെയും സ്മരണ നിർവഹിക്കപ്പെടുന്ന ഈ സമയത്ത്" "വെളിവു നിറഞ്ഞോ രീശോ ... " ആലപിച്ചുകൊണ്ടുള്ള തിരികത്തിക്കൽ ഞങ്ങളെ അവൻ മുഖാന്തരമുള്ള രക്ഷാചരിത്രത്തിന്റെ ആദിയെയും ക്രിസ്തുകേന്ദ്രീ കൃതത്വവും അനുസ്മരിപ്പിക്കുന്നു. "ആദിയിൽ ആകാശവും ഭൂമിയും സൃഷ്ടിച്ചശേഷം ദൈവം അരുൾചെയ്തു: വെളിച്ചം ഉണ്ടാകട്ടെ. വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലതെന്നു ദൈവം കണ്ടു." ഈ വെളിച്ചം രക്ഷാകരപദ്ധതിയിൽ ലോകത്തിനു ജീവന്റെ വെളിച്ചമായ യേശുവിനെ അടയാളപ്പെടുത്തുന്നതാണ്.

ദൈവം ലോകത്തിനു പൂർണമായി വെളിപ്പെട്ടത് യേശുക്രിസ്തു മുഖാന്തരമാണല്ലോ. യേശുവിനെ വെളിച്ചമായി / പ്രകാശമായി അവ തരിപ്പിക്കാനും സ്വീകരിക്കാനും പുതിയ നിയമ ഗ്രന്ഥകാരന്മാരും ആരം ഭസഭകളും അതീവം തത്പരരായിരുന്നു. അതിന്റെ സാക്ഷ്യങ്ങളാണ് യോഹ 1,4; 8,12-9,41ഉം പുതിയ നിയമത്തിലെ മറ്റനേകം 'പ്രകാശ'/ 'വെളിച്ച' പരാമർശങ്ങളും.

*വചനമായ ദൈവത്തിൽ സംഭവിച്ചത് ജീവനായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാ ശിക്കുന്നു. ഇരുളിന് അതിനെ കീഴടക്കാൻ കഴിഞ്ഞില്ല. ദൈവമയച്ച മനുഷ്യനായ യോഹന്നാൻ പ്രകാശത്തിനു സാക്ഷ്യം നല്കാൻ വന്നു; അവൻവഴി എല്ലാവരും പ്രകാശത്തിൽ വിശ്വസിക്കാൻ* (യോഹ 1,4-7).

## 5.6 ക്രിസ്തുകേന്ദ്രീയതയുടെ ഏറ്റുപാട്ട്

ക്രൈസ്തവ വെളിപാടിന്റെയും ക്രൈസ്തവരക്ഷാശാസ്ത്രത്തി ന്റെയും ക്രൈസ്തവരക്ഷാനുഭവത്തിന്റെയും ക്രിസ്തുകേന്ദ്രീകൃതത്ത്വ ത്തിന്റെയും ക്രൈസ്തവപ്രത്യാശയുടെയും ഒരു ആഘോഷഗാനമാണ് "വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ..." ഈ ജ്ഞാനബോധ ത്തോടെയാണ് സഭ "വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു..." പാടുന്നതെന്ന് *ശ്ഹീമൊന*മസ്കാരം വ്യാഴം രാത്രി ശുബ

[8]എന്നാൽ, ആ ജ്ഞാനം പകർന്നെടുക്കാതെ വന്നപ്പോൾ തിരികത്തിക്കലും "വെളി വു നിറഞ്ഞോരീശോ ... "യും തമ്മിലുള്ള ബന്ധമറ്റു. തിരി കത്തിക്കലിന്റെ സമ യവും ക്രമവും സംബന്ധിച്ചും, ആലപിക്കുന്നതിന്റെ ആവശ്യകതയും സമയവും സംബന്ധിച്ചും വ്യക്തതയില്ലാതായി.

*ഹൌറാ* 1-ാം ഭാഗം *കോലൊ* രണ്ടാം പാദം അവസാന വരികൾ നമ്മെ ഓർമിപ്പിക്കുന്നു:

സൃഷ്ടിയെയെല്ലാം ദ്യോതിപ്പിക്കും
താതൻ തന്റെ രശ്മിയതത്രെ നീ
ഹാലേലൂയ്യാ
സ്തുത്യം നിൻ പ്രഭ ഞ-ങ്ങൾ രക്ഷ-
യ്ക്കങ്ങെയയച്ച താതനുമാരാധ്യൻ.

ഈ വാക്കുകളിൽ തെളിയുന്നത്, സർവ സൃഷ്ടികളെയും പ്രകാശിപ്പിക്കുന്ന പിതാവിന്റെ രശ്മിയാണ് യേശു എന്നും, ഈ രശ്മിയുടെ പ്രഭയാണ് അവന്റെ വെളിച്ചം (പ്രകാശം) എന്നുമാണല്ലോ. "വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു ..." ഇതൊരു ക്രിസ്തുവിശ്വാസപ്രഖ്യാപനവുമാണ്. അതിന്റെ സാക്ഷ്യം സർവ സൃഷ്ടികളെയും പ്രകാശിപ്പിക്കുന്ന പിതാവിന്റെ രശ്മിയായ യേശുവിന്റെ പ്രഭയാണ് അവന്റെ പ്രകാശം അഥവാ വെളിവ് എന്നത്രേ.

## 5.7 യേശുക്രിസ്തു ദൈവമഹത്ത്വത്തിന്റെ തേജസ്

യേശുമിശിഹാ ഉന്നതത്തിൽനിന്നുള്ള പ്രകാശമാകുന്നു എന്നത് പ്രാരംഭസഭയുടെ പ്രകാശപൂർണമായൊരു ക്രിസ്തുദർശനമാണ്. അത് പുതിയ നിയമ ഗ്രന്ഥകർത്താക്കൾ സാക്ഷ്യപ്പെടുത്തിത്തന്നിട്ടുണ്ട്. *പൂർവകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം പിതാക്കന്മാരോടു സംസാരിച്ചു. ഈ അവസാന നാളുകളിൽ പുത്രൻവഴി അവിടുന്നു നമ്മോടു സംസാരിച്ചിരിക്കുന്നു. അവനെ അവിടുന്ന് സകലത്തിന്റെയും അവകാശിയായി അവരോധിക്കുകയും അവൻ മുഖേന പ്രപഞ്ചം സൃഷ്ടിക്കുകയും ചെയ്തു. അവൻ അവിടത്തെ മഹത്ത്വത്തിന്റെ തേജസ്സും സത്തയുടെ മുദ്രയുമാണ്. തന്റെ ശക്തിയുടെ വചനത്താൽ അവൻ എല്ലാറ്റിനെയും താങ്ങി നിറുത്തുന്നു. പാപങ്ങളിൽനിന്നു നമ്മെ ശുദ്ധീകരിച്ചശേഷം ഉന്നതങ്ങളിൽ മഹത്ത്വത്തിന്റെ വലത്തുഭാഗത്ത് അവൻ ഉപവിഷ്ടനായി. അവൻ അവകാശമാക്കിയ നാമം ദൂതന്മാരുടേതിനെക്കാൾ ശ്രേഷ്ഠമായിരിക്കുന്നതുപോലെ, അവനും അവരെക്കാൾ മഹനീയനാണ്* (എബ്രാ 1,1-4).

യേശു ആധികാരികമായി പ്രഖ്യാപിച്ചു: *ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാ*

*രത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും.* (യോഹ 8,12; 9,5). *ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു.* ഈ പ്രഖ്യാപനത്തിന്റെ അർഥം ഇതാണ്: യേശു ദൈവിക വെളിപാടിന്റെ പൂർണതയാണ്; ദൈവംതന്നെയാണ്; കർത്താവാണ്; രക്ഷകനാണ്; രക്ഷയുടെ അറിവു നല്കുന്നവനാണ്; പ്രകാശത്തിന്റെ പ്രകാശമാണ്; നിത്യനാണ്. അഖിലാണ്ഡത്തിന്റെ അർഥത്തെക്കുറിച്ചുള്ള ധാരണ വെളിപ്പെടുത്തുന്നു; അനവരതം പ്രകാശിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്ന നിത്യതേജസ്സാകുന്നു. *അവന്റെ തേജസ്സാലാകുന്നു നാം പ്രകാശം കാണുന്നത്.* അവന്റെ ജീവിതവും വാക്കുകളും അവൻ പ്രവർത്തിക്കുന്ന അടയാളങ്ങളും അദ്ഭുതങ്ങളും പ്രകാശത്തിന്റെ ധർമകർമങ്ങളെ വെളിപ്പെടുത്തുന്നു. അവൻ അനിശ്ചിതത്വത്തിന്റെ അന്തം കുറിക്കുന്ന പ്രത്യാശയാകുന്നു.

## 5.8 ദൈവത്തിന്റെ ആർദ്രകരുണയുടെ വെളിച്ചം

അന്ത്യോക്യക്കാരനായ വിശുദ്ധ ലൂക്കാ ലോകത്തിലേക്കുള്ള യേശുവിന്റെ വരവിനെ *നമ്മുടെ ദൈവമായ കർത്താവിന്റെ ആർദ്രമായ കരുണയാൽ ഉന്നതത്തിൽനിന്നുള്ള ഉദയസൂര്യന്റെ സന്ദർശനം* എന്ന് സഖറിയായുടെ വാക്കുകളിൽ പകർന്നുതരുന്നു (ലൂക്കാ 1,78). ഈ സന്ദർശനമാകട്ടെ, *ഇരുളിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം വീശാനും സമാധാനത്തിന്റെ മാർഗത്തിലേക്ക് നമ്മുടെ പാദങ്ങളെ നേർനയിക്കാനുമത്രേ* (ലൂക്കാ 1,79). ''വെളിവുനിറഞ്ഞോരീശോ...''യും വിശുദ്ധ കുർബാനയിലെ സമാധാനംപകരലും തമ്മിലും ബന്ധമുണ്ട്. *ഇസ്രായേലിന്റെ ദൈവമായ കർത്താവ് തന്റെ ദാസനായ ദാവീദിന്റെ കുടുംബത്തിൽ ഉയർത്തിയ രക്ഷയുടെ കൊമ്പ്* (ലൂക്കാ 1, 68-69) *ഉന്നതത്തിൽ നിന്നുള്ള ഉദയസൂര്യനാണ്; യാക്കോബിൽനിന്നുദിക്കുന്ന നക്ഷത്ര*മാണ് (സംഖ്യ 27,17; ഏശ 11,1-10). *ഉന്നതത്തിൽനിന്നുള്ള ഉദയസൂര്യൻ* ''പ്രകാശത്തിൽനിന്നുള്ള പ്രകാശ''മാണ് - ''സത്യദൈവത്തിൽനിന്നുള്ള സത്യദൈവം.'' *ഉയരത്തിൽനിന്നുള്ള ഉദയസൂര്യൻ* യേശുവിന്റെ ജനനത്തിന്റെയും ഉയിർപ്പിന്റെയും ഉയിർത്തെഴുന്നേറ്റ യേശുവിന്റെയും പ്രതീകമാണ്.

ദാവീദുപുത്രന്റെ രക്ഷാകരശക്തിയിൽ പ്രകാശിക്കുന്നത് ദൈവത്തിന്റെ ശക്തിയാണ്. യേശുവിൽ ദൈവത്തിന്റെ തിരുമുഖം പ്രകാശിക്കുന്നു; ദൈവം പ്രകാശിക്കുന്നു. ഇത് ലൂക്കായുടെ ദൈവവിചാരത്തി

ന്റെയും ക്രിസ്തുവിചാരത്തിന്റെയും അന്തർധാരയാണ്. യേശുവിന്റെ ജനനവും രൂപാന്തരീകരണവും ഉയിർപ്പും പ്രകാശത്തിന്റെ ഉത്സവങ്ങളാണ്. അവന്റെ പ്രവൃത്തികളും ദൈവത്തെ പ്രകാശിപ്പിക്കുന്നു. യേശുവിൽ പാപമോചനംവഴിയുള്ള രക്ഷ എന്ന ഇതിവൃത്തം അനാവരണം ചെയ്യാൻ ലൂക്കാ പ്രകാശം എന്ന പ്രതീകം ഏറെ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. യേശു വിജാതീയർക്കു പ്രകാശമാണ് (ലൂക്കാ 2,32; അപ്പ 13,47; 26,17-20). ക്രിസ്തുശിഷ്യർ പ്രകാശത്തെ സ്വീകരിച്ചവരാണ്. അന്ത്യോക്യയിൽ എഴുതപ്പെട്ടതെന്ന് ഏറെ ശക്തമായി കരുതപ്പെടുന്ന മത്തായിയുടെ സുവിശേഷവും യേശുവിനെ പ്രകാശമായി സാക്ഷ്യപ്പെടുത്തുന്നു (3,16). അവൻ പ്രകാശം (കാഴ്ച) നല്കുന്നവനാണ്. രക്ഷ നല്കുന്നവനാണ് (ലൂക്കാ 18,42). ''വെളിവു നിറഞ്ഞോരീശോ, നിൻ വെളിവാൽ കാണുന്നു'' എന്നു പാടുന്നത് രക്ഷയായ യേശുവിൽനിന്ന് ഞങ്ങൾക്കു രക്ഷ ലഭിച്ചിരിക്കുന്നു എന്നുള്ള വിശ്വാസപ്രഖ്യാപനമാണ്. കാഴ്ചയില്ലാതെ വഴിയിലിരുന്നു കാഴ്ച ഭിക്ഷ യാചിച്ചുകൊണ്ടിരുന്ന ഈ അന്ധർക്ക് ഇതാ കാഴ്ച ലഭിച്ചിരിക്കുന്നു - രക്ഷ ലഭിച്ചിരിക്കുന്നു. യേശു ഞങ്ങളെ രക്ഷിച്ചിരിക്കുന്നു. ''വെളിവു നിറഞ്ഞോരീശോ, നിൻ വെളിവാൽ കാണുന്നു.''

ആദിമ അന്ത്യോക്യൻസഭയുടെ ഈ പ്രകാശദർശനപാരമ്പര്യം സുറിയാനിപിതാക്കന്മാരുടെ രചനകളിലും സാധാരണ (*ശ്ഹീമൊ*) നമസ്കാരത്തിലുമൊക്കെ കൈമാറി ലഭിച്ചിട്ടുണ്ട്. പരിശുദ്ധ റൂഹായുടെ വീണയെന്നറിയപ്പെടുന്ന മാർ അപ്രേം പാടുന്നു:

പ്രകാശത്തിന്നുറവിടത്തോടടുത്തിരിക്കിൽ
തെളിയുന്നു കണ്ണ്
തിളങ്ങുന്നതു വേണ്ടത്രയേകും പ്രകാശത്താൽ
ജ്വലിക്കുന്നതതിൻ ശോഭയാൽ
മഹിമയാർന്നതാകുന്നതതിൻ പ്രഭയാൽ
അതിൻ സൗന്ദര്യത്താലലംകൃതയായതിനാൽ.

സൃഷ്ടിയെയെല്ലാം ദ്യോതിപ്പിക്കും
താതൻ തന്റെ രശ്മിയതത്രെ നീ
ഹാലേലുയ്യാ
സ്തുത്യൻ നിൻ പ്രഭ ഞങ്ങൾ രക്ഷ-
യ്ക്കങ്ങെയയച്ച താതനുമാരാധ്യൻ.[10] (നമ്പർ [10]അടുത്ത പേജിൽ)

തിങ്കൾ സൂത്താറായിൽ സെറൂഗിലെ മാർ യാക്കോബിന്റെ *ബോവൂസായി*ൽ പാടുന്നു: "... നാഥാ, നീയെൻ സൂര്യൻ, നടന്നിടുവേൻ നിന്നിൽ."

യോഹന്നാന്റെ പാരമ്പര്യത്തിൽപ്പെട്ട പുതിയ നിയമ ഗ്രന്ഥങ്ങളിലെ പ്രകാശാവതരണങ്ങൾ സുവിദിതങ്ങളാണല്ലോ. ആദിസഭാപാരമ്പര്യത്തിൽനിന്നു കൈമാറിക്കിട്ടിയ ഈ ക്രിസ്തുവിശ്വാസവെളിച്ചം സുറിയാനി സഭാപാരമ്പര്യം ആകർഷകമായി വികസിപ്പിക്കുകയും ഏറ്റുപാടുകയും ചെയ്തിട്ടുണ്ട്. ആദിമുതലുള്ള ഈ സത്യവിശ്വാസ പാരമ്പര്യമാണ് ദൈവപുത്രനായ യേശുവിനെ "പ്രകാശത്തിൽനിന്നുള്ള പ്രകാശ"മെന്ന് സഭയുടെ ഔദ്യോഗിക വിശ്വാസപ്രമാണത്തിൽ ഏറ്റുപറയാൻ പരിശുദ്ധ സൂനഹദോസുകളെ പ്രാപ്തമാക്കിയത്.

പൗരസ്ത്യ "ആരാധനാനുഭവത്തിൽ കർത്താവായ ക്രിസ്തു, തിരുഗ്രന്ഥത്തിലെപ്പോലെതന്നെ, വഴിയെ പ്രകാശിപ്പിക്കുകയും പ്രപഞ്ചത്തിന്റെ സുതാര്യത വെളിപ്പെടുത്തുകയും ചെയ്യുന്ന പ്രകാശമാണ്."[11]

## 5.9 ഇരുണ്ട മുഖങ്ങൾ പ്രകാശപൂർണമാക്കാൻ

സങ്കീർത്തകന്റെ മുഖം മങ്ങിയിരിക്കുന്നത് ശത്രുവിന്റെ അടിമത്തത്തിലായതിനാലത്രേ. കുർബാനയിൽ സംബന്ധിക്കുന്നവരുടെ മുഖം മങ്ങിയിരിക്കുന്നത് ശത്രുവായ പിശാചിന്റെ അടിമത്തം അനുഭവിക്കുന്നതുകൊണ്ടാണ്. അതേ, പാപത്തിന്നിരുൾമൂടിയിരിക്കുന്നതിനാൽ. ഈ ഇരുണ്ട മുഖങ്ങളെ പ്രകാശമാനമാക്കാൻ പ്രകാശപൂരിതനായ യേശുവിന് - വെളിവു നിറഞ്ഞോരേശുവിന് - സാധിക്കും; ഈ അനുതാപികൾക്കുറപ്പാണ്. അനുതാപത്താൽ തങ്ങളിലെ പാപാന്ധകാരത്തെ ദൈവത്തിന്റെ മുഖപ്രകാശമായ യേശുവിനാൽ നീക്കപ്പെടുന്ന അനുഭവത്തിന്റെയും പ്രത്യാശാപൂർണതയുടെയും ഉണർവുപാട്ടാണ് "വെളിവുനിറഞ്ഞോരേശൂ നിൻ വെളിവാൽ കാണുന്നു..."

## 5.10 പ്രകാശം ദൈവിക നിയമം

പ്രകാശം ദൈവിക നിയമത്തെയും സൂചിപ്പിക്കുന്നു (സങ്കീ 10). പ്രകാശമെന്ന നിലയിൽ യേശുവേ, നീ ഞങ്ങളുടെ ജീവിതനിയമമാ

[10]അപ്രേം *സഭാഗീതങ്ങൾ*, 36,2 ഈഗ്രന്ഥകർത്താവിന്റെ വിവർത്തനം: *ശ്ഹീമൊ* നമസ്കാരം, വ്യാഴം *ശുബഹോ.* രാത്രി ഒന്നാം കൗമാ, *കോലൊ.*

[11]Pope John Paul II, *Orientale Lumen* (*കിഴക്കിന്റെ വെളിച്ചം*), വത്തിക്കാൻ, മെയ് 2 1995, നമ്പർ 12; ഈ ഗ്രന്ഥകർത്താവിന്റെ പരിഭാഷ.

കുന്നു. സത്യവും പ്രകാശവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു (സങ്കീ 43,3). പ്രകാശമായ യേശുവേ, *നീ വഴിയും സത്യവും ജീവനുമാകുന്നു* (യോഹ 14,6). *പ്രകാശപൂരിതനായ യേശുവേ, ഞങ്ങൾ പ്രകാശത്തിന്റെ മക്കളാകേണ്ടതിന് ഞങ്ങൾക്കു പ്രകാശമുള്ളപ്പോൾ ഞങ്ങൾ അതിൽ വിശ്വസിക്കട്ടെ* (യോഹ 17,36). നീ ഞങ്ങളോടൊപ്പമുണ്ടല്ലോ. നിന്റെ നാമത്തിലുള്ള കൂട്ടായ്മയായ വിശുദ്ധ സഭയിൽ നീ ഞങ്ങൾക്കു പ്രകാശമായുണ്ടല്ലോ. ഞങ്ങൾക്കുള്ള വിശുദ്ധ ഗ്രന്ഥത്തിലും സഭയുടെ വിശുദ്ധ പാരമ്പര്യത്തിലുമുള്ള ദൈവവചനത്തിൽ നീ ഞങ്ങൾക്കു പ്രകാശമായുണ്ടല്ലോ. സഭയുടെ കൂദാശകളിലെല്ലാം നീ ഞങ്ങൾക്കു പ്രകാശമായുണ്ടല്ലോ. നിന്റെ വിശുദ്ധരിൽ നീ ഞങ്ങൾക്കു പ്രകാശമായുണ്ടല്ലോ. ഞങ്ങളുടെ നല്ല അയല്ക്കാരിൽ നീ ഞങ്ങൾക്കു പ്രകാശമായുണ്ടല്ലോ. സൂര്യ,ചന്ദ്രനക്ഷത്രങ്ങളിൽ നീ ഞങ്ങൾക്കു പ്രകാശമായുണ്ടല്ലോ. നിന്റെ മഹത്ത്വമറിയിക്കുന്ന ആകാശവും കരവിരുതിനെ പ്രഘോഷിക്കുന്ന ആകാശവിതാനവും ഞങ്ങൾക്കു നിന്റെ പ്രകാശമായുണ്ടല്ലോ. കൈയടിച്ച് ആർത്തുപാടി നൃത്തം ചെയ്യുന്ന കാട്ടാറുകളിൽ നിന്റെ വെളിച്ചം ഞങ്ങൾക്കുണ്ടല്ലോ. എണ്ണമറ്റ പൂക്കളുടെ എണ്ണമറ്റ നിറങ്ങളിൽ നിന്റെ പ്രകാശം ഞങ്ങൾക്കുണ്ടല്ലോ.

പ്രാർഥന: സർവശക്തനും ദൈവവുമായ കർത്താവും കുഞ്ഞാടുമായ യേശുവേ, നീയാണല്ലോ സ്വർഗീയ ജറുസലേമിലെ ദേവാലയം. നീതന്നായിരിക്കണേ ഞങ്ങളുടെ ജീവിതനഗരത്തിലെ ദേവാലയവും. ഈ ദൈവവാലയത്തെ ദൈവതേജസ് പ്രകാശിപ്പിക്കാൻ, *ദൈവമായ കർത്താവ് ഞങ്ങളുടെമേൽ പ്രകാശിക്കാൻ*, ദൈവത്തിലും നിന്നിലും നിന്നു പുറപ്പെടുന്ന ജീവജലത്തിന്റെ നദി ഞങ്ങളിലേക്ക് ഒഴുക്കിക്കൊണ്ടിരിക്കണമേ, ആമ്മേൻ.

## 5.11 ജീവന്റെ വെളിച്ചം ജീവന്റെ അപ്പം

*ആദിയിൽ വചനമുണ്ടായിരുന്നു;*
*വചനം ദൈവത്തോടുകൂടെയായിരുന്നു;*
*വചനം ദൈവമായിരുന്നു.*
*സമസ്തവും അവനിലൂടെ സംഭവിച്ചു;*
*ഒന്നും അവനെക്കൂടാതെ സംഭവിച്ചിട്ടില്ല.*
അവനിൽ സംഭവിച്ചത് ജീവനായിരുന്നു.
*ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു.*

*ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു;*
*അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല* (യോഹ 1,1-5).

*എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർഥ വെളിച്ചം, ലോകത്തിലേക്കു* വന്ന വെളിച്ചം, *സ്വജനം സ്വീകരിക്കാൻവേണ്ടി,* ഞാൻ, ഞങ്ങൾ സ്വീകരിക്കാൻവേണ്ടി, *സ്വജനത്തിന്റെ അടുത്തേക്കു വന്നവനും* വരുന്നവനുമായ *യഥാർഥ വെളിച്ചം* (യോഹ 1,9-11). വെളിപാടിന്റെ പൂർണതയും സത്യദൈവവും കർത്താവും ഏകരക്ഷകനും നിത്യനും ദിവ്യഗുരുവുമായ യേശു സകലരെയും ക്ഷണിക്കുന്നു: എന്നെ അനുഗമിക്കുക. അവൻ ഉറപ്പു നല്കുന്നു: *എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല* (യോഹ 8,14). അവനു പ്രകാശം നല്കപ്പെടാതിരിക്കില്ല (യോഹ 1,4-5;12,35;എഫേ 5,14). *അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും* (യോഹ 8,14).

*അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും. ജീവന്റെ പ്രകാശം* എന്ന രൂപകത്തിന് രണ്ട് അർത്ഥമുണ്ട്. ജീവനായിരിക്കുന്ന പ്രകാശം എന്നും, ജീവൻ നല്കുന്ന പ്രകാശം എന്നും. പ്രകാശം ജീവന്റെ ഉറവയാണ് (സങ്കീ 56,13; ജോബ് 33,30). വിശുദ്ധ ആഗസ്തീനോസ് വ്യാഖ്യാനിക്കുന്നു: "ദൈവത്തിന്റെ കാര്യത്തിൽ പ്രകാശവും ഉറവയും ഒന്നുതന്നെയാണ്. നീ കാണുന്നതിനായി നിനക്കുവേണ്ടി അവിടുന്നു പ്രകാശിക്കുന്നു. നിനക്കു കുടിക്കാൻവേണ്ടി അവിടുന്നുതന്നെ ജലപ്രവാഹമാകുകയും ചെയ്യുന്നു."[12]

ദൈവം ജീവനും പ്രകാശവും ഉറവയുമാണ്. ദൈവത്തെ സംബന്ധിച്ച് ഇവ മൂന്നും ഒന്നാണ്. യേശു ജീവന്റെ ഉറവിടത്തിൽനിന്നു പുറപ്പെടുന്ന ജീവനും (ജീവനായ) പ്രകാശവും, ജീവനേകുന്ന പ്രകാശവുമാകുന്നു. അവനെ അനുഗമിക്കുന്നവർ പ്രകാശിതരാകുന്നു; *ലോകത്തിന്റെ പ്രകാശമാകുന്നു. ... ഭവനത്തിലുള്ള സകലർക്കും പ്രകാശം നല്കുന്നു...* (മത്താ 5,14-16). യേശുവിനെ അനുഗമിക്കുന്ന മനുഷ്യൻ ഈ പ്രകാശിതാവസ്ഥയിൽ ജീവദായകാവസ്ഥയിലാകുന്നു. ജീവന്റെ പ്രകാശം മനുഷ്യർക്ക് മർത്യതയിൽനിന്നു മോചനമേകുന്ന ആത്മജ്ഞാനം നല്കുന്നു. അങ്ങനെ മർത്യന് ജീവന്റെ പ്രകാശം ജീവദായകമാകുന്നു. *അയാൾക്കു ജീവന്റെ പ്രകാശം ഉണ്ടായിരിക്കും.* അത് *മനുഷ്യരുടെ മുമ്പിൽ പ്രകാശിക്കട്ടെ* (മത്താ 5,16).

[12]ജോസഫ് കല്ലറങ്ങാട്ട് - എബി പുതുക്കുളങ്ങര - എഡിറ്റേഴ്സ്, *വിശുദ്ധ യോഹന്നാന്റെ സുവിശേഷം ആഗസ്തീനോസ്സിന്റെ ഭാഷ്യം* (വിവർത്തനം), കോട്ടയം, 2000, 557.

ജീവന്റെ പ്രകാശമായ തന്നെ സ്വീകരിക്കുന്നവർ താൻമൂലം എന്നേക്കും ജീവിക്കാൻ, അമർത്യതയുടെ അപ്പമായി തന്നെത്തന്നെ പാകപ്പെടുത്തുന്ന ജീവന്റെ പ്രകാശമായി യേശു പ്രത്യക്ഷപ്പെടുന്നു! അതല്ലേ ഉത്ഥിതനേശു *ഉഷസിൽ തിബേരിയോസ് കടൽത്തീരത്തു വച്ച് ശിഷ്യന്മാർക്കു വീണ്ടും തന്നെത്തന്നെ വെളിപ്പെടുത്തിയത്*! (യോഹ 21,1). *അതു കർത്താവാണ്* എന്ന് യേശു സ്നേഹിച്ച ശിഷ്യൻ പത്രോസിനോടു പറഞ്ഞതേയുള്ളു, പത്രോസ് തിരിച്ചറിഞ്ഞു *താൻ നഗ്നനാണെന്ന്*. പുറങ്കുപ്പായമെടുത്തു ധരിച്ച് കടലിലേക്കു ചാടി സ്നാനപ്പെട്ടു ശുദ്ധനായി. പണ്ട് ആദിയിൽ ആദം താൻ നഗ്നനാണെന്നറിഞ്ഞ് അത്തിയിലകൊണ്ടു മറയ്ക്കാൻ ശ്രമിച്ചതിന്റെ പുതുരൂപം! പത്രോസൊഴികെ *മറ്റു ശിഷ്യന്മാർ മീൻ നിറഞ്ഞ വലയും വലിച്ചുകൊണ്ട് കരയ്ക്കിറങ്ങിയപ്പോൾ കനൽ കൂട്ടിയിരിക്കുന്നതും അതിൽ മീൻ വച്ചിരിക്കുന്നതും അപ്പവും കണ്ടു* (യോഹ 21,9). കരയ്ക്കു കൂട്ടിയ കനലിൽ വച്ചിരുന്ന (ഒരു) മീൻ *ഇഖ്ഥ്യൂസ് = യേശു ക്രിസ്തു, ദൈവത്തിന്റെ പുത്രൻ, രക്ഷകൻ* ആയിരുന്നു. യേശു തന്നെത്തന്നെ സഹനത്തിന്റെ അഗ്നിക്കനലിൽ ചുട്ടെടുത്ത അപ്പം! അതിനടുത്തായിരുന്നപ്പോൾ പത്രോസിന് യേശുവിന്റെ നിർദ്ദേശം ശ്രവിച്ച്, *ഉടനെ വള്ളത്തിൽ കയറി വലിയ മത്സ്യങ്ങൾകൊണ്ടു നിറഞ്ഞ വല വലിച്ചു കരയ്ക്കു കയറ്റാൻ* കഴിഞ്ഞു! (യോഹ 21,11). എന്നാൽ, അതിനു മുമ്പ് യഹൂദമഹാപുരോഹിതന്റെ കൊട്ടാരമുറ്റത്ത് യേശു കനൽ കൂട്ടാത്ത തീ കാഞ്ഞുകൊണ്ടിരുന്നപ്പോൾ *പത്രോസ് വീണ്ടും തള്ളിപ്പറഞ്ഞു. ഉടനെ കോഴി കൂകി* (യോഹ 18,27). കോഴി കൂകി: പത്രോസേ, ഇന്നേക്കു മൂന്നാം ഉഷസാകാനിരിക്കുന്നു! പുറങ്കുപ്പായമെങ്കിലുമെടുത്തുകൊള്ളൂ! ഞാനുമെടുക്കേണ്ടേ എന്റെ പുറങ്കുപ്പായമെങ്കിലും!

## 5.12 പ്രകാശത്തിന്റെ പിതാവിനെ കാണുന്നു

*പ്രകാശപൂരിതനായ യേശുവേ, നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്നു*. ഞങ്ങൾ ദൈവത്തെ കാണുന്നു. യേശുവേ, നീ പ്രകാശത്തിന്റെ നിറവാകുന്നു. ദൈവത്തിന്റെ പ്രകാശം പൂർണമായി – അതു മുഴുവനും – നിന്നിൽ നിറഞ്ഞിരിക്കുന്നു. ചരിത്രത്തിന്റെ ആദിയും അന്തവും വെളിപ്പെടുത്തുന്ന നിന്റെ പ്രകാശമാനമായ ജീവിതത്തിൽ ദൈവത്തിന്റെ പ്രകാശം മുഴുവനും കേന്ദ്രീകരിച്ചിരിക്കുന്നു.[13] അങ്ങ് ലോകത്തിന്റെ ഏക രക്ഷകനാകുന്നു. *പ്രകാശപൂർണതയായ*

[13]ഫ്രാൻസിസ് പാപ്പാ, *വിശ്വാസത്തിന്റെ വെളിച്ചം*, നമ്പർ 35.

*യേശുവേ,* നീ ''ദൈവത്തിന്റെ രക്ഷ''യാകുന്നു - ദൈവത്തിൽനിന്നുള്ള രക്ഷയാകുന്നു. (ഏശ 40,3; ലൂക്കാ 3,6); നീ ''പ്രകാശത്തിൽനിന്നുള്ള പ്രകാശ''മാകുന്നു. ഇതു സൂചിപ്പിക്കാനാണല്ലോ നമസ്കാരസമയം സ്ലീബായുടെ മുമ്പിൽ പ്രകാശിക്കുന്ന തിരിയിൽനിന്നുള്ള പ്രകാശം ഇട തുവശത്തെ തിരിയിലേക്കു പ്രകാശം പകരുന്ന പാരമ്പര്യം മലങ്കര സഭയ്ക്കു പകർന്നുനല്കപ്പെട്ടിട്ടുള്ളത്. പ്രകാശപൂരിതനായ യേശുവേ, നീ ഏതു പ്രകാശത്തിൽനിന്നുള്ളവനാണോ ആ പ്രകാശത്തെ നിന്റെ പ്രകാശത്താൽ ഞങ്ങൾ കാണുന്നു. *ദൈവം പ്രകാശമാകുന്നു* (സങ്കീ 27,1). *ദൈവം പ്രകാശമാണ്. അവനിൽ തെല്ലും അന്ധകാരമില്ല* (1 യോഹ 1,5). ദൈവം പ്രകാശത്തിൽ വസിക്കുന്നു (പുറ 13,21;സങ്കീ 104,2; ദാനി 2,22; 1 തീമോ 6,16). അവിടന്ന് പ്രകാശത്തിന്റെ പിതാവാ ണ് (യാക്കോ 1,17); പ്രകാശത്തിന്റെ സ്രഷ്ടാവാണ് (ഉത്പ 11,1-5); പ്രകാശത്തിന്റെ ഉറവിടവുമാണ് (യോഹ 4,24;1 യോഹ 4,16). പ്രകാ ശമായ പിതാവിന്റെ പ്രകാശമാണു പുത്രൻ. ദൈവപുത്രനായ പ്രകാശം പ്രകാശമായ ദൈവത്തെ സൃഷ്ടികൾക്കു പ്രകാശിപ്പിക്കുന്നു. *നിന്നെ കാണുന്നവൻ പിതാവിനെയും കാണുന്നു.*(യോഹ) *ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ദൈവം തന്നെയായ ഏകജാതനായ നീയാണ് അവിടത്തെ ഞങ്ങൾക്കു വെളി പ്പെടുത്തിയത്* (1 യോഹ 1,18). നസറായനായ യേശുവേ, നീ അദൃ ശ്യനായ ദൈവത്തിന്റെ പ്രതീകമാണല്ലോ (*ഐക്കൺ*: കൊളോ 1.15). പ്രകാശത്തിന്റെ പുത്രനല്ലോ പ്രകാശത്തെ പ്രകാശിപ്പിക്കുന്നത്! പുത്ര നാണ് പിതാവിനെ വെളിപ്പെടുത്തുന്നത്.

*പ്രകാശപൂരിതനായ യേശുവേ, നീ ലോകത്തിന്റെ പ്രകാശമാണ്.* (യോഹ 8,12). എന്തെന്നാൽ, നീ ലോകത്തിൽ ആയിരിക്കുന്നിട ത്തോളമത്രയും നിന്നിൽ ലോകത്തിനു ദൈവത്തെ ദർശിക്കാം. ലോകം നിന്നെ സ്വീകരിച്ചില്ല. നിന്നെ സ്വീകരിക്കാൻ ലോകത്തിലായിരി ക്കുന്ന ഞങ്ങൾക്കു കൃപ ലഭിച്ചിരിക്കുന്നു. പ്രകാശം ജീവന്റെ ഉറവി ടമാകുന്നു (പ്രഭാ 11,7). നീ വന്നിട്ടുള്ളത് *ഞങ്ങൾക്കു ജീവനുണ്ടാ കാനും അത് സമൃദ്ധമായുണ്ടാകാനുമാകുന്നു* (യോഹ 10,10). പ്രകാശ മായ നാഥാ, നിന്റെ കൃപ കാണുവാൻ എന്റെ മിഴികളെ പ്രകാശിപ്പി ച്ചാലും; അങ്ങനെ, ''നിന്നെ സ്നേഹിക്കുന്നവർക്കു പകലാകുന്ന'' നിന്നിൽ ഞങ്ങൾ പ്രശോഭിപ്പിക്കപ്പെടട്ടെ.[14]

[14]മാർ യാക്കോബിന്റെ ബോവൂസാ, *ശ്ഹീമൊ* നമസ്കാരം, തിങ്കൾ രാത്രി, *ശുബഹൊ* ഭാഗം നാലാം കൗമാ.

അധ്യായം

6

# സഭയുടെ പ്രകാശം

## 6.1 'ജനതകളുടെ പ്രകാശ'ത്തിന്റെ പ്രകാശം

"വെളിവു നിറഞ്ഞോരീശോ," പ്രകാശപൂരിതനായ യേശുവേ, നീ *ജനതകളുടെ പ്രകാശ*മായ സഭയുടെ പ്രകാശമാകുന്നു. നീ സഭയുടെ പ്രകാശത്തിന്റെ സ്രോതസാകുന്നു. സഭയ്ക്ക് തന്റേതെന്നു പറയത്തക്ക സ്വയമായ പ്രകാശമില്ലല്ലോ. സഭയിലെ ആദ്യകാല പിതാക്കന്മാർ അവളെ 'ചാന്ദ്രരഹസ്യം' (mysterium lunae) എന്നു വിളിച്ചിരുന്നെന്ന വസ്തുത, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രാമാണിക വിചാരത്തെ പിൻചെന്നുകൊണ്ട് പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ഞങ്ങളെ ഓർമിപ്പിക്കുന്നതിനു നന്ദി. "ആദ്യകാല പിതാക്കന്മാർ അങ്ങനെ വിളിക്കാൻ കാരണം ചന്ദ്രന് സ്വന്തമായ പ്രകാശമില്ല ... അത് സൂര്യനിൽനിന്നു സ്വീകരിക്കുന്ന പ്രകാശം ഭൂമിയിലേക്കു പ്രതിഫലിപ്പിക്കുന്നു. സമാനമായി സ്വയം പ്രകാശം അല്ലാത്തതും ഇല്ലാത്തതുമായ സഭ പ്രകാശമായ ക്രിസ്തുവിന്റെ പ്രകാശം സ്വീകരിച്ച് പ്രസ്തുത പ്രകാശം ജനതകൾക്കു പ്രതിഫലിപ്പിക്കുന്നു."[1] സഭയുടെ പ്രഭാപൂരിതനായ മണവാളാ, നീ നിന്റെ മണവാട്ടിക്ക് നിന്റെ നിസ്തുലമായ പ്രകാശം നല്കുന്നു. വെളിവുനിറഞ്ഞോരേശുവേ, നീ നിന്റെ സഭയെ നിന്റെ വെളിച്ചംകൊണ്ടു വെളിച്ചമുള്ളവളാക്കുന്നു, ജനതകളുടെ പ്രകാശമാക്കുന്നു. അവൾ മലമുകളിൽ നിർമിച്ച പട്ടണവും[2] ദീപപീഠത്തിന്മേൽ വച്ച വിളക്കുമാകുന്നു.[3] വെളിവുനിറഞ്ഞോരേശുവേ, നിന്റെ മണവാട്ടിയുടെ മുഖത്തു നീ നല്കുന്ന നിന്റെ പ്രകാശം തടയാതിരിക്കാൻ ഇരുളിന്റെ മക്കളായിപ്പോകുന്ന ഞങ്ങളെ നിന്റെ ദിവ്യപ്രകാശത്താൽ അനുനിമിഷം പ്രശോഭിപ്പിച്ചുകൊണ്ടിരിക്കണമേ! ഞങ്ങൾ മലയിടിക്കുന്നവരും ദീപപീഠമൊടിക്കുന്നവരുമാകാൻ ഇടയാകരുതേ!

[1]2014 നവംബർ 24ന് ദോമൂസ് സാങ്തേ മാർത്തേയിലെ പ്രഭാത ദിവ്യബലിയിൽ ചെയ്ത വചനപ്രഘോഷണം, *ഒസ്സെർവാത്തോരെ റൊമാനൊ* (മല), തിരുവനന്തപുരം, പുസ്തകം 7, ലക്കം 50, 25 ഡിസംബർ 2014, പുറം 18. [2]മത്താ 5,14. [3]മത്താ 5,15.

## 6.2 ആരാധനക്രമവർഷത്തോടു ചേർന്ന് ഉയിർപ്പുപ്രകാശത്തിനു കേന്ദ്രസ്ഥാനം

അനേകം രക്ഷാകര സംഭവങ്ങളോർമിക്കുന്ന അനേകം പാദങ്ങളുള്ള സുദീർഘമായൊരു ഗാനത്തിന്റെ ഇടയ്ക്കുള്ള ഒരു പാദമാണ് ''വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു'' എന്നാരംഭിക്കുന്നത്. ഇതു പാടിക്കൊണ്ട് എല്ലാ കുർബാനയാഘോഷത്തിലും ദൈവജനത്തിന്റെ സജീവഭാഗഭാഗിത്തം സമാരംഭിക്കണമെന്ന പാരമ്പര്യം അന്ത്യോക്യൻ സുറിയാനി സഭയും തദനുസാരിയായി മലങ്കര സുറിയാനി സഭകളും അനുവർത്തിച്ചുപോന്നിരുന്നു.

പൗരസ്ത്യസഭകൾ തങ്ങളുടെ സഭാവർഷക്രമത്തിൽ ഉയിർപ്പു പ്രകാശത്തിനാണ് കേന്ദ്രസ്ഥാനം നല്കിയിട്ടുള്ളത്. ഓരോ ഞായറും സഭയ്ക്ക് ഉയിർപ്പുഞായറാണ്. പിതാവിന്റെ രശ്മിയുടെ പ്രഭയാണ് യേശു എന്ന് ഏറ്റുപാടുന്നതിനോടു ചേർത്തുതന്നെ അന്ത്യോക്യൻ സുറിയാനി സഭയുടെയും ലത്തീൻസഭയുടെയുമുൾപ്പടെ പുരാതന സഭകളുടെ ആരാധനക്രമ പാരമ്പര്യങ്ങളിൽ ആരാധനക്രമവർഷത്തിന്റെ, സഭാവർഷത്തിന്റെ, ക്രമീകരണവും ശ്രദ്ധിക്കാം. അത് നീതിസൂര്യനായ യേശുക്രിസ്തുവിനെ, അവന്റെ പെസഹാരഹസ്യത്തെ, പ്രത്യേകിച്ച്, പ്രകാശത്തിന്റെ വസന്തോത്സവമായ ഉയിർപ്പുതിരുനാളിനെ, കേന്ദ്രീകരിച്ചാണ്. അത് വസന്തകാലത്ത് സൂര്യൻ ഭൂമധ്യരേഖയിൽ വരുന്ന ദിവസത്തിനുശേഷമുള്ള പൂർണചന്ദ്രനെ ആശ്രയിച്ചാണുതാനും. ഉയിർപ്പുതിരുനാൾ പെസഹാച്ചന്ദ്രനുശേഷം വരുന്ന ആദ്യഞായറാണെന്നു തീരുമാനിച്ചത് നിഖ്യാസൂനഹദോസാണല്ലോ.

കുർബാന ''ഞങ്ങളുടെ കർത്താവും ദൈവവും രക്ഷകനുമായ യേശുമിശിഹായുടെയും, അവന്റെ രക്ഷാകര വ്യാപാരമാകെയുടെയും'' (*... വദ്ഘൂലൊ മ്ദബ്റൂനൂതൊ ദീലേ പോറൂഖൊയ്തൊ*) ഉച്ചകോടിയാണ്. യേശുമിശിഹായും അവനുൾപ്പെട്ടുള്ള സകല സംഭവങ്ങളും, അവന്റെ പുനരാഗമനസ്മരണയുൾപ്പടെ, വ്യക്തികളുമെല്ലാം സമ്മേളിക്കുന്ന ഉച്ചകോടി. ഇത് കുർബാനയിൽ സംഭവിക്കുന്നത് ക്രിസ്തുവിന്റെ മഹത്ത്വപൂർണമായ പെസഹായുടെ – കടന്നുപോക്കിന്റെ – സ്മാരകവും അനുസ്മരണവുമായാണ്. ക്രിസ്തുവിന്റെ പെസഹാ – കടന്നുപോക്ക് – എന്നതുകൊണ്ട് സഭ അർഥമാക്കുന്നത് പെസഹാവ്യാഴദിവസത്തിലെ 'കടന്നുപോക്കു' മാത്രമല്ല. ഓരോ കുർബാനയർപ്പണവും നമ്മെപ്രതിയുള്ള

അവന്റെ രക്ഷാകരമായ 'കടന്നുപോക്ക്' ആകുന്നു. തിരുസഭയെക്കുറിച്ചുള്ള *ജനതകളുടെ പ്രകാശം* എന്ന പ്രമാണരേഖയിൽ നമ്പർ 3-ൽ തിരുസഭ നമ്മെ ഇപ്രകാരം പ്രബോധിപ്പിക്കുന്നുണ്ടല്ലോ: ''നമ്മുടെ പെസഹായായ ക്രിസ്തു ത്രോണോസിൽ ബലിയർപ്പിക്കപ്പെടുമ്പോഴെല്ലാം നമ്മുടെ രക്ഷാകരകർമ്മം നിർവഹിക്കപ്പെടുകയത്രേ.'' ഈ വിശ്വാസ, ജ്ഞാനപ്രഖ്യാപനങ്ങളൊന്നും വത്തിക്കാൻ കൗൺസിലിന്റെ പുതിയ കണ്ടുപിടുത്തങ്ങളല്ല. ആദിസഭയിൽനിന്നു പരമ്പരാഗതമായി പരിശുദ്ധാത്മനിറവാൽ സഭ അനുഭവിച്ചും പകർന്നും പോന്നിരുന്ന ജ്ഞാനപ്രകാശരശ്മികളെ കൂടുതൽ ജ്വലിപ്പിച്ചു നമ്മിലേക്കു തിരിച്ചുവിട്ടതാണ്.

തദനുസാരമാണ് ആഴ്ചയിലെ എല്ലാ ദിവസവും വിശുദ്ധ കുർബാന അർപ്പിക്കുന്ന ക്രമം സ്വീകരിച്ചപ്പോഴും മലങ്കര സഭ, കുർബാനയിലെ കാഴ്ചവയ്പിൽ ദൈവജനത്തിന്റെ സജീവഭാഗഭാഗിത്തത്തിന്റെ രണ്ടാം പാദം വയ്ക്കുന്നത്. പിതാവിന്റെ രശ്മിയായ യേശുവിന്റെ പ്രഭയാകുന്ന പ്രകാശത്താൽ കാഴ്ചയുള്ളവരായിത്തീരാൻ, പിതൃരശ്മിയാൽ പ്രഭാപൂരിതനായ നീതിസൂര്യനേശുവിന്റെ പ്രകാശത്തിൽ അവനെയും തങ്ങളെത്തന്നെയും ദർശിച്ചുകൊണ്ട്. *കർത്താവിന്റെ ജനത്തിനു പാപമോചനത്താലുള്ള അറിവു നല്കാനും, ഇരുളിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം വീശാനും സമാധാനത്തിന്റെ മാർഗത്തിലേക്കു നമ്മുടെ പാദങ്ങളെ നേർനയിക്കാനും നമ്മുടെ ദൈവത്തിന്റെ ആർദ്രമായ കരുണയാൽ ഉന്നതത്തിൽനിന്നുള്ള ഉദയസൂര്യൻ നമ്മെ സന്ദർശിക്കുന്നു* (ലൂക്കാ 1,78 -79). അത് *അവന്റെ ജനത്തിന് പാപമോചനത്തെക്കുറിച്ചുള്ള രക്ഷയെക്കുറിച്ച് അറിവു നല്കാനത്രേ* (ലൂക്കാ 1,77). ജറുസലേമിലെ ആദിസഭയിൽനിന്ന് സിറിയായിലെ അന്ത്യോക്യൻ സുറിയാനി സഭയുടെ ആരാധനക്രമപാരമ്പര്യത്തിലൂടെ പകർന്നുനല്കപ്പെട്ടുപോന്ന കുർബാനജ്ഞാനം മലങ്കരസഭയിലെ വിശ്വാസിസംഘത്തിനും വ്യക്തികൾക്കുമുണ്ടായിരുന്നു: ഓരോ കുർബാനയർപ്പണവും അനസ്തമന നീതിസൂര്യനായ ഉത്ഥിതനേശുവിന്റെ പ്രകാശരശ്മിയാണെന്ന്. കുർബാനയുടെ ആരംഭത്തിൽ അവർ ഹൃദയവും അധരങ്ങളും തുറന്ന് ഏറ്റുപാടിപ്പോന്നു: പ്രകാശപൂരിതനായ യേശുവേ, നിന്റെ പ്രകാശത്താൽ നിന്റെ ദാസരായ ഞങ്ങളുടെയും അഖിലത്തിന്റെയും (സർവതിന്റെയും) ആധാരമായ പ്രകാശം നീയാകുന്നുവെന്ന് ഞങ്ങൾ നിന്റെ പ്രകാശത്താൽ കാണുന്നു... ''വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു ...''

പൊതുവെ പറഞ്ഞാൽ, അന്ത്യോക്യൻ സുറിയാനി ആരാധന ക്രമം പ്രകാശം എന്ന പ്രതീകത്തിന് യാമപ്രാർഥനകളിലും ശ്രദ്ധാർ ഹമായ സ്ഥാനം നല്കിയിട്ടുണ്ട്. ''വെളിവു നിറഞ്ഞോരീശോ'' എന്ന പാദങ്ങളും തിങ്കളാഴ്ചത്തെ പ്രഭാതനമസ്കാരത്തിൽനിന്നുള്ളതാണ്. പ്രഭാതത്തിൽ സൂര്യനമസ്കാരം ചെയ്ത് ഈശ്വരവന്ദനം അനുഷ്ഠി ക്കുന്നവരുടെ അയല്ക്കാരാണല്ലോ മലങ്കര സുറിയാനി സഭാംഗങ്ങൾ.

## 6.3 ജ്ഞാനസ്നാനപ്രകാശത്തിന്റെ പുനരനുഭവത്തിൽ

വാസ്തവത്തിൽ, ''വെളിവുനിറഞ്ഞോരേശൂ നിൻ വെളിവാൽ കാണുന്നു ...'' എന്ന ഉദ്ഘോഷണം ആദിമസഭയിൽ, ആദ്യകാല സുറിയാനിപിതാക്കന്മാരുടെ കാലത്തും, ജ്ഞാനസ്നാനം സ്വീകരി ച്ചവരുടെ യേശുവനുഭവത്തിൽ ലഭ്യമായ ജ്ഞാനബോധത്തിന്റെ സാക്ഷ്യപ്പെടുത്തലുമാണ്. ഒരാൾ ആദ്യമായി യേശുവെന്ന പ്രകാശം ദർശിക്കുന്നത്, പ്രകാശത്തിലേക്കു വരാൻ ഇടയാകുന്നത്, വിശ്വാസ ത്തിന്റെ ആദ്യകൂദാശയായ ജ്ഞാനസ്നാനത്തോടെയാണല്ലോ. ഞങ്ങൾക്കു വിശ്വാസമെന്ന പ്രകാശത്താൽ യേശുവെന്ന അഖിലലോ കപ്രകാശം ലഭിച്ചിരിക്കുന്നു! പിതാവിന്റെ പ്രകാശം ലഭിച്ചിരിക്കുന്നു! പരിശുദ്ധാത്മാവിന്റെ പ്രകാശം നല്കപ്പെട്ടിരിക്കുന്നു! സഭയുടെ പ്രകാശം നല്കപ്പെട്ടിരിക്കുന്നു! ഞങ്ങൾക്കു പുതിയ പ്രകാശം പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു - യേശുവെന്ന പ്രകാശം. ഈ പ്രകാശത്തിലാണ് ഞങ്ങളിനി എല്ലാം കാണുന്നത്. ഈ പ്രകാശത്തിലാണ് ഞങ്ങളിനി വ്യാപരിക്കുന്നത്! യോഹന്നാന്റെ സുവിശേഷം 9-ാം അധ്യായത്തിലെ ആ ജന്മാന്ധന് യേശുവിൽനിന്നു കാഴ്ച ലഭിച്ചപ്പോഴത്തെ അനു ഭവം! ഈ അനുഭവത്തോടെയാണ്, ഈ അനുഭവമുള്ളവരുടെ ആന ന്ദമാണ്, കുർബാനയിൽ പങ്കെടുത്ത് പ്രകാശത്തെ ആഘോഷിക്കുക എന്നത്. ''വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു ...'' എന്ന ഗാനം നമ്മിൽ മാമോദീസാത്തൊട്ടിയെപ്രതി ഗൃഹാതുരത്വം ഉളവാക്കുന്നതത്രേ.[4]

## 6.4 പുനരാഗമനപ്രത്യാശയുടെ പ്രകാശം

പ്രകാശം — യേശുവിന്റെ ഉയിർപ്പിന്റെ പ്രകാശം! പ്രകാശം യേശുവിന്റെ പുനരാഗമനത്തിന്റെ പ്രകാശം! പൂർണപ്രകാശമായ യേശുവേ, ഈ കുർബാനയിൽ നിന്റെ ഉയിർപ്പിന്റെയും പുനരാഗമ

[4] കുർബാനയ്ക്കു തെളിക്കുന്ന തിരിയെക്കുറിച്ചു ഫാൻസിസ് പാപ്പാ പറഞ്ഞത്.

നത്തിന്റെയും പ്രകാശത്തെയും പ്രതീക്ഷിച്ചുകൊണ്ട് "ജനതകളുടെ പ്രകാശ"മായ സഭയിൽ ഞാൻ പാടട്ടെ: "വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു ..."

ഉലകത്തിൻ പ്രഭയാം  ദൈവാത്മജ നിൻ മുൻ
ആഗതനെന്മേൽ കൃപ ചെയ്യേണം

താതൻ കരിണമാം മിശിഹാ ദേവാ മുൻ
ആഗതനെന്മേൽ കൃപ ചെയ്യേണം.[5]

എന്നിലെ അന്ധകാരത്തെ ദൂരീകരിക്കുന്ന പ്രകാശത്തെക്കുറിച്ചു മാത്രമല്ല, മനുഷ്യവംശത്തെ പൊതുവായി ഗ്രസിച്ചിരിക്കുന്ന അന്ധകാരത്തെ ദൂരീകരിക്കുന്ന പ്രകാശത്തെക്കുറിച്ചും ഞാൻ പ്രാർഥിക്കുന്നു. പ്രകാശം നിറഞ്ഞിരിക്കുന്ന യേശുവേ, പ്രകാശത്തിൽനിന്നുള്ള പ്രകാശമായ നിന്റെ വിശുദ്ധീകരിക്കുന്ന പ്രകാശത്താൽ പ്രകാശത്തിന്റെ ഈ ഉത്സവത്തിൽ ഞങ്ങളെയും മനുഷ്യകുലത്തെയാകെയും വിശുദ്ധീകരിക്കണമേ! ഈ കുർബാന *ഇസ്രായേലിന്റെ പ്രകാശം അഗ്നിയായും അവന്റെ പരിശുദ്ധൻ ജ്വാലയായും മാറുന്ന* (ഏശ 10,17) രക്ഷയുടെ മഹാസംഭവമാണല്ലോ.

പ്രകാശം നിറഞ്ഞ യേശുവേ, *ഇപ്പോൾ ഞങ്ങളുടെ രക്ഷ ഞങ്ങൾ വിശ്വാസം സ്വീകരിച്ച സമയത്തെക്കാൾ സമീപസ്ഥമത്രേ. രാത്രി കഴിയാറായി; പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ, ഞങ്ങൾ അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കട്ടെ. പകലെന്നപോലെ ഞങ്ങൾ മാന്യമായി വ്യാപരിക്കട്ടെ. ഞങ്ങൾ സുഖലോലുപതയിലോ മദ്യാസക്തിയിലോ അവിഹിതവേഴ്ചകളിലോ കലഹത്തിലോ അസൂയയിലോ മുഴുകാതിരിക്കട്ടെ. പ്രത്യുത പ്രകാശമായ നിന്നെ ധരിക്കട്ടെ. അപ്പോൾ ദുർമോഹങ്ങൾ ഉണ്ടാകത്തക്കവിധം ശരീരത്തിന്റെ കാര്യത്തിൽ ഞങ്ങൾക്കു ശ്രദ്ധിക്കാതിരിക്കാമല്ലോ* (റോമ 13,11-14).

പ്രകാശം നിറഞ്ഞ യേശുവേ, നീ ഞങ്ങളുടെ ഹൃദയത്തിൽ പ്രകാശമായിരിക്കണമെ. എന്തെന്നാൽ, ഹൃദയത്തിൽ പ്രകാശമുള്ളയാളിന് എപ്പോഴും വെളിച്ചമുണ്ടായിരിക്കും. മിശിഹാ സൂര്യനും പകലുമായിരിക്കുന്നയാൾക്ക് എപ്പോഴും സൂര്യനും പകലുമുണ്ടായിരിക്കും.

[5] *ശ്ഹീമൊ*, ചൊവ്വാ, പ്രഭാതം, *മെനഗൊ*, എനിയോനൊ.

പ്രകാശത്തിന്റെ മക്കൾക്കു രാത്രിയിൽപ്പോലും പകലുണ്ടായിരിക്കും.[6] ''കർത്താവേ, നിന്നാൽ ഞാൻ പ്രകാശിക്കും. എന്തെന്നാൽ, നിന്നെ സ്നേഹിക്കുന്നവന് നീ പകലാകുന്നു. കർത്താവേ, നീ പ്രകാശമാകുന്നു. നിന്റെ കരുണയെ കാണുവാൻ എന്റെ കണ്ണുകളെ പ്രകാശിപ്പിക്കണമെ. ലോകത്തിന്റെ വഴി സകല വിരുദ്ധതകളും കെണികളും നിറഞ്ഞതാകുന്നു. നീ പകലായിരിക്കുന്നതുകൊണ്ട് നിന്നിൽ നടക്കുന്നവൻ വിരുദ്ധപ്പെടുന്നില്ല.''[7]

വെളിവു നിറഞ്ഞോരീശോ, ''പ്രകാശമഹിമയോടെ നീ വരുമ്പോൾ നിന്റെ മുമ്പാകെനിന്നു ഞങ്ങളെ തള്ളിക്കളയരുതേ. പ്രകാശത്തിന്റെ പ്രഭയും മഹത്ത്വത്തിന്റെ അങ്കിയും ഞങ്ങളുടെമേൽ നീ വിരിക്കണമെ. അതിനാൽ അന്ധകാരത്തെ ഞങ്ങൾ കീഴടക്കുകയും പ്രകാശത്തിൽ നിനക്കു മഹത്ത്വം ഘോഷിക്കുകയും ചെയ്യുമാറാകണമെ.''[8]

*ലോകത്തിലേക്കു വന്ന പ്രകാശമായ യേശുവേ, പ്രകാശമായ നിന്നെക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിക്കാനും,* അങ്ങനെ ഞങ്ങൾ തിന്മയുടെ പ്രവൃത്തികളിൽ തുടരാനും ഇനിയും ഇടയാക്കരുതേ. ഞങ്ങൾ തിന്മ പ്രവർത്തിക്കുന്നവരും പ്രകാശത്തെ വെറുക്കുന്നവരും ആകാതിരിക്കട്ടെ. ഞങ്ങളുടെ പ്രവൃത്തികൾ വെളിപ്പെടേണ്ടതിനു ഞങ്ങൾ വെളിച്ചത്തിലേക്കു വരട്ടെ! അങ്ങനെ ഞങ്ങളുടെ പ്രവൃത്തികൾ ദൈവത്തിൽ ചെയ്യുന്നവയെന്നു വെളിപ്പെടട്ടെ! (യോഹ 3,19-21).

വെളിവു നിറഞ്ഞൊരേശുവേ, കർത്താവേ, ''നിന്നാൽ ഞാൻ പ്രകാശിക്കും. എന്തെന്നാൽ നിന്നെ സ്നേഹിക്കുന്നവന് നീ പകലാകുന്നു. കർത്താവേ, നീ പ്രകാശമാകുന്നു. നിന്റെ കരുണയെ ദർശിക്കാൻ എന്റെ നയനങ്ങളെ പ്രകാശിപ്പിക്കണമെ. ലോകത്തിന്റെ വഴി സകല വിരുദ്ധതകളും കെണികളും നിറഞ്ഞതാകുന്നു. നീ പകലായിരിക്കുന്നതിനാൽ നിന്നിൽ നടക്കുന്നവൻ വിരുദ്ധപ്പെടുന്നില്ല.''[9]

[6]വിശുദ്ധ സിപ്രിയാൻ, *കർത്തൃപ്രാർത്ഥന*, 38: വിവ: ജി. ചേടിയത്ത്, *പ്രാർത്ഥന സഭയിൽ*, 68. [7]*വലിയ നോമ്പിലെ പ്രാർഥനക്രമം*, തിങ്കൾ രാത്രി, ഒന്നാം കൗമ്മാ, മാർ യാക്കോബിന്റെ ബോവൂസാ [8]*വലിയ നോമ്പിലെ പ്രാർഥനക്രമം*, തിങ്കൾ രാത്രി, ഒന്നാം കൗമാ, മാർ യാക്കോബിന്റെ ബോവൂസാ. [9]*വലിയ നോമ്പിലെ പ്രാർഥനക്രമം*, വെള്ളി രാത്രി, മൂന്നാം കൗമ്മാ, മാർ യാക്കോബിന്റെ ബോവൂസാ. വിശുദ്ധ സിപ്രിയാൻ, *കർത്തൃപ്രാർത്ഥന*യ്ക്കു നല്കിയ വ്യാഖ്യാനവുമായി സമാനത.

*നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു. ... വിളക്കുകൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല, ദീപപീഠത്തിന്മേലാണ് വയ്ക്കുക. അപ്പോൾ അത് ഭവനത്തിലുള്ള എല്ലാവർക്കും വെളിച്ചമേകുന്നു. അപ്രകാരം, മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗ സ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങ ളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ* (മത്താ 5,16). വഴി പിഴച്ചതും വക്രയുള്ളതുമായ തലമുറയുടേതാകാതെ സത്യവഴിയുടെ പ്രകാശം പ്രസരിപ്പിക്കുന്ന ദൈവമക്കളാകാനുള്ള കൃപയും ശക്തിയും ഞങ്ങൾക്കു നല്കണമെ. അങ്ങനെ, അവരുടെ മധ്യേ ലോകത്തിൽ വെളിച്ചമായി പ്രകാശിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെ! (ഫിലി 2,15). ഈ വാക്കുകളാൽ രൂപാന്തരപ്പെട്ടവരായി, ഈ മലയിൽനിന്നിറ ങ്ങാൻ ഞങ്ങളെ അനുഗ്രഹിക്കണമെ! *പ്രകാശപൂരിതനായ യേശുവേ, ഇരുളടഞ്ഞ ഒരു ഭാഗവുമില്ലാതെ* എന്റെ, ഞങ്ങളുടെ, *ശരീരം മുഴുവൻ പ്രകാശമാനമായിരിക്കാൻ* (ലൂക്കാ 11,36) എന്റെ, ഞങ്ങളുടെ, *ശരീരം മുഴുവൻ പ്രകാശിപ്പിക്കണമെ* (ലൂക്കാ 11,34).

*ശരീരം* എന്ന വാക്ക് വ്യക്തിയെന്ന് അർഥമാക്കുന്നതല്ലോ. എന്നെ, ഞങ്ങളെ, പൂർണമായി നിന്റെ പൂർണപ്രകാശതേജസാൽ പൊതിയ ണമെ. ഇരുളിന്റെ ഒളിഞ്ഞ തുളപോലുമില്ലാത്ത നിന്റെ വെളിവാൽ എന്റെ ഉള്ളം നിറയ്ക്കുകയും എന്നെ പുറമേ പൊതിയുകയും ചെയ്യ ണമെ. പ്രകാശമണവാളവനായി നീ എഴുന്നള്ളുമ്പോൾ നിന്നോടുള്ള എരിയുന്ന സ്നേഹമാകുന്ന എണ്ണയാൽ തെളിഞ്ഞുയർന്ന വിളക്കു കളിലൊന്നായിരിക്കാനും, കണ്ണിൽ എണ്ണയൊഴിച്ചു നോക്കിയിരി ക്കുന്ന മണവാട്ടിയായിരിക്കാനും എന്റെ ആത്മാവിനെ അനുഗ്രഹിക്കു മല്ലോ.

അധ്യായം

# 7

# ജ്ഞാനവഴിയേ

## 7.1 ജ്ഞാനികളുടെ വെളിച്ചത്തിലേക്ക്

പൂർണപ്രകാശമായ യേശുവേ, ''വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു'' എന്നു ഞങ്ങൾ പാടുമ്പോൾ ഭൂമിയിലെ ആദ്യ മനുഷ്യൻ മുതൽ നിന്റെ ജനനംവരെയും തങ്ങളെ പ്രകാശിപ്പിക്കുന്ന പ്രകാശത്തെ അന്വേഷിച്ചുകൊണ്ടിരുന്ന എല്ലാ മനുഷ്യരോടും ഞങ്ങൾ ചേരുകയാണല്ലോ. നിന്റെ ദിവസം കാണാമെന്ന പ്രതീക്ഷയിൽ അതു കാണുകയും സന്തോഷിക്കുകയും ചെയ്ത അബ്രാഹമിനോടും (യോഹ 8,56) ഞങ്ങൾ ചേരുകയാണല്ലോ. കിഴക്ക് നിന്റെ നക്ഷത്രം കണ്ട് നിന്നെ അന്വേഷിച്ചിറങ്ങുകയും നക്ഷത്രത്തെ അനുഗമിച്ചു നിന്നെ കണ്ടെത്തി നിനക്കു പൊന്നും മീറയും കുന്തുരുക്കവും സമർപ്പിച്ച പൗരസ്ത്യ ദേശത്തുനിന്നുള്ള സകല ജ്ഞാനികളോടും ഈ അജ്ഞാനികൾ ചേരുകയാണല്ലോ. യഥാർഥ നന്മയും സത്യമായ സ്നേഹവും വിശുദ്ധീകരിക്കുന്ന പ്രകാശവും അന്വേഷിക്കുന്ന സകലരോടും ഞങ്ങൾ ചേരുകയാണല്ലോ. ''സത്യപ്രകാശമായ നീ ഉദയം ചെയ്തപ്പോൾ ഇരുൾ ഓടിപ്പോയി,'' ''യാഥാർഥ്യം കടന്നുവന്നപ്പോൾ നിഴലുകളെല്ലാം നീങ്ങിപ്പോയി'' (മാർ അപ്രേം).[1] വിശുദ്ധ കുർബാനയുടെ ആരംഭത്തിൽ ''വെളിവു നിറഞ്ഞോരീശോ...'' ആലപിക്കുന്നതു യുക്തമാകുന്നു. എന്തെന്നാൽ, ''കുർബാനയിൽ ക്രിസ്തു ഉദയസൂര്യനെപ്പോലെ തന്റെ പ്രകാശവും ശോഭയും വെളിപ്പെടുത്തുന്നു.''[2]

## 7.2 അറിവെന്ന ആരംഭബലി

കുർബാനയ്ക്ക് ആദ്യം അർപ്പിക്കേണ്ടത് 'അറിവ്' എന്ന ബലിയാണെന്നുള്ള ആദിസഭയുടെ – വിശുദ്ധ ഇറെനെയൂസിനു മുമ്പുവരെയുള്ള – ബലിബോധം ഇന്നും തെല്ലും കുറവില്ലാതെ സ്പഷ്ടമായി പുലർത്തുന്ന അനുഷ്ഠാനക്രമമാണ് അന്ത്യോക്യൻ സുറിയാനി ആരാധനക്രമത്തിന്റേത്. ഞാൻ / ഞങ്ങൾ പാപികളാണെന്ന അറിവും അനുതാപവുമാണ് ബലിയർപ്പകർ ആദ്യം അർപ്പിക്കേണ്ട ബലി.

[1]മാർ അപ്രേം, കാണുക, ജി. ചേടിയത്ത്, *സുറിയാനിസഭാസാഹിത്യം*, 2008, 31.
[2]ബനഡിക്ട് പതിനാറാമന്, *ആരാധനക്രമത്തിന്റെ ചൈതന്യം*, 63

അതിന്റെ വിപുലമാക്കപ്പെട്ട ക്രമമാണ് അന്ത്യോക്യൻ (മലങ്കര) സുറിയാനി കുർബാനത്തക്സായിൽ പുരോഹിതൻ നിർവഹിക്കാൻ നല്കിയിട്ടുള്ള 51-ാം സങ്കീർത്തനമുൾപ്പടെയുള്ള ആദ്യ ഒരുക്കപ്രാർഥനകൾ. അതർപ്പിക്കാതെ ബലിയർപ്പകർ പിതാവിന്റെ അറിവായ പുത്രന്റെ ബലിയപ്പിക്കരുത്. ഇതർപ്പിക്കാൻ മനുഷ്യർ അർഹരാകുന്നത് അയോഗ്യതാബോധവും അനുതാപവുംവഴിയത്രേ. ഇതിന്റെയും പ്രകാശനവുമാണ് ''വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു ...''

## 7.3 വിശുദ്ധീകരണത്തിനുള്ള വിളിപ്പാട്ട്

''വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ ... സംഗതി വരണേ ഞങ്ങൾക്ക്.'' ഇത്രയും ഭാഗത്തിന്റെ സുറിയാനിപാഠം അർഥമാക്കുന്നത് ഇപ്രകാരമാണല്ലോ: പ്രകാശപൂരിതനായ യേശുവേ, നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്നു. സകല സൃഷ്ടികളെയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശം നീയാകുന്നു. പിതാവിന്റെ കിരണമേ, നിന്റെ ശോഭയുള്ള പ്രകാശത്താൽ ഞങ്ങളെ പ്രകാശിപ്പിച്ചാലും. പ്രകാശത്തിന്റെ മേല്ത്തട്ടിൽ വസിക്കുന്ന പുണ്യമുള്ള പരിശുദ്ധാ, ഞങ്ങളിൽ നിന്നു ദുഷ്ടപീഢകളും വെറുക്കേണ്ട വിചാരങ്ങളും തടഞ്ഞാലും! നീതിയുടെ പ്രവൃത്തികൾ ചെയ്വാൻ ഞങ്ങൾക്കു മനശ്ശുദ്ധി നല്കിയാലും! ഇത് പൂർണപ്രകാശമായ മിശിഹായാൽ വിശുദ്ധീകരിക്കപ്പെടാനുള്ള നമ്മുടെ പ്രാർഥനയാകുന്നു.

## 7.4 ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുന്ന പ്രകാശം

''ദുഷ്ചിന്തയുമടിയാരീന്നൊഴിക്ക.'' ഞങ്ങളുടെ പ്രകാശം പ്രഭാതംപോലെ പൊട്ടിവിരിയാൻ ഏശയ്യാപ്രവാചകൻ പറഞ്ഞുതന്നിട്ടുള്ള പ്രായോഗിക വഴികൾ സന്ദർഭോചിതമായി സ്മരിക്കട്ടെ: *ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുമ്പോൾ, ... വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ ഭവനത്തിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുമ്പോൾ ... നിന്റെ വെളിച്ചം പ്രഭാതംപോലെ പൊട്ടിവിരിയും; നീ വേഗം സുഖംപ്രാപിക്കും; നിന്റെ നീതി നിന്റെ മുമ്പിലും കർത്താവിന്റെ മഹത്ത്വം നിന്റെ പിമ്പിലും നിന്നെ സംരക്ഷിക്കും. നീ പ്രാർഥിച്ചാൽ കർത്താവ് ഉത്തരമരുളും: നീ നിലവിളിക്കുമ്പോൾ ഇതാ, ഞാൻ എന്ന് അവിടുന്ന് മറുപടി തരും. മർദനവും കുറ്റാരോപണവും ദുർഭാഷ*

*ണവും നിന്നിൽനിന്ന് ദൂരെയകറ്റുക. വിശക്കുന്നവർക്ക് ഉദാരമായി ഭക്ഷണം കൊടുക്കുകയും പീഡിതർക്ക് സംതൃപ്തി നല്കുകയും ചെയ്താൽ നിന്റെ പ്രകാശം അന്ധകാരത്തിൽ ഉദിക്കും. നിന്റെ ഇരുണ്ട വേളകൾ മധ്യാഹ്നംപോലെയാകും. കർത്താവ് നിന്നെ നിരന്തരം നയിക്കും; മരുഭൂമിയിലും നിനക്ക് സമൃദ്ധി നല്കും; നിന്റെ അസ്ഥികളെ ബലപ്പെടുത്തും. നനച്ചുവളർത്തിയ പൂന്തോട്ടവും വറ്റാത്ത നീരുറവയുംപോലെയാകും നീ* (ഏശ 58,6-11). ''കാന്ത്യാ ഞങ്ങളെ നീ താതൻ കതിരേ ശോഭിപ്പിക്കെന്നും.'' പിതാവിന്റെ പ്രകാശക്കതിരായവനേ, നിന്റെ പ്രകാശത്താൽ ഞങ്ങളെ എന്നും പ്രകാശിപ്പിക്കണമെ!

പരമപ്രകാശമേ, ക്രൂശിതനായ യേശുവേ, പ്രകാശത്തിന്റെ പരമവെളിപാടേ, അന്ധകാരാവൃതമായ എന്റെ ആത്മാവിനെ, എന്റെ ജീവിതത്തെ, നിന്റെ പ്രകാശത്താൽ പ്രകാശിപ്പിക്കണമെ! നിന്റെ തിരുമാറിലെ മുറിവിൽനിന്നൊഴുകുന്ന രക്തത്തിന്റെയും വെള്ളത്തിന്റെയും ചുവന്ന പ്രകാശം അശുദ്ധിയിൽ ചത്ത എന്റെ ആത്മാവിനു ജീവനും സ്വർഗീയ വെണ്മയും പകരുമല്ലോ!

''വെളിവു നിറഞ്ഞോരീശോ,'' നീ അനശ്വരമായ ദൈവികതയുടെ അനശ്വരമായ വെളിച്ചവും അനശ്വരമായ വെളിച്ചത്തിന്റെ അനശ്വരമായ ദൈവികതയും ആകുന്നു. പ്രകാശസങ്കോചം സംഭവിച്ചുകൊണ്ടിരിക്കുന്ന ഞങ്ങളുടെ ജീവിതങ്ങളെ പ്രകാശനിറവാകുന്ന നീ നിത്യപ്രകാശരശ്മികളാൽ നിറയ്ക്കണമെ. ''വെളിവു നിറഞ്ഞോരേശുവേ,'' *സൈന്യങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ മുഖം പ്രകാശിക്കുകയും ഞങ്ങൾ രക്ഷപ്രാപിക്കുകയും ചെയ്യട്ടെ* (സങ്കീ 81,7).

''പ്രകാശപൂരിതനായ യേശുവേ, കർത്താവേ, നിന്നാൽ ഞാൻ പ്രകാശിക്കും. എന്തെന്നാൽ, നീ പിതാവിനാൽ അയക്കപ്പെട്ട പ്രകാശമാകുന്നു.''[3] *ദൈവം പ്രകാശിക്കുന്നു* എന്നതിനർഥം *ദൈവം വരുന്നു* എന്നും *അവിടുന്നു മൗനമായിരിക്കുകയില്ല* എന്നുമത്രേ (സങ്കീ 50,2). അതേ, നമ്മുടെ ദൈവം വരുന്നു. അവിടുന്നു നമ്മോടു സംസാരിക്കും; നമുക്കുത്തരമരുളും; തന്നെത്തന്നെ നമുക്കു നല്കും.

പക്ഷേ, ഈ രക്ഷാകര സമയത്ത്, സ്വീകാര്യമായ ഈ തിരുസമയത്ത്, ഞാൻ പിശാചിന്റെ സ്വാധീനത്തിൽപ്പെട്ടു പ്രകാശത്തിൽനിന്നു

[3] മൂന്നുനോമ്പ് തിങ്കൾ രാത്രി - മാർ യാക്കോബിന്റെ ബോവൂസാ പേജ് 31.

മുഖം തിരിക്കരുത് (2 കോറി 6,15; 11,14; എഫേ 5,12;കൊളോ 1,13; 1 തെസ്സ 5,4-5). "പിതാവിൽനിന്നുദിച്ച പ്രകാശം ഭൂമിയിൽ ശോഭിക്കുകയും തന്റെ കതിരുകൾ വീശുകയും ചെയ്തു. ആ കതിരുകൾ കടന്നുചെന്ന് മാലിന്യം നിർമാർജനം ചെയ്യുകയും ഭൂമിയിൽ പരിശുദ്ധി വിതറി അതിനെ സ്വതന്ത്രമാക്കുകയും ചെയ്തു."[4] ഈ രക്ഷാകര സംഭവത്തിന്റെ അനുസ്മരണയുടെ ആഘോഷമായി വി. കുർബാന ആഘോഷിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെ.

"വെളിവു നിറഞ്ഞോരീശോ," നിന്റെ വെളിച്ചത്താൽ കാണുന്ന ഞങ്ങളുടെ വെളിച്ചം പ്രഭാതംപോലെ പൊട്ടിവിരിയാൻ ഞങ്ങൾ *ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യണം*, അല്ലേ?. *അങ്ങനെ ഞങ്ങൾ പിതാവ് ആഗ്രഹിക്കുന്ന ഉപവാസം അനുഷ്ഠിക്കണം.* ഞങ്ങൾ *വിശക്കുന്നവനുമായി ഭക്ഷണം പങ്കുവയ്ക്കണം; ഭവനരഹിതനെ ഭവനത്തിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും ചെയ്യണം.* ഞങ്ങളുടെ *നീതി* ഞങ്ങളുടെ *മുമ്പിലും കർത്താവിന്റെ മഹത്ത്വം* ഞങ്ങളുടെ *പിമ്പിലും* ഞങ്ങളെ *സംരക്ഷി*ക്കും. ഞങ്ങൾ പ്രാർഥിക്കുമ്പോൾ പിതാവ് തന്റെ ഹിതമനുസരിച്ച് ഉത്തരമരുളും. ... വിശക്കുന്നവർക്ക് ഉദാരമായി ഭക്ഷണം കൊടുക്കുകയും പീഡിതർക്ക് സംതൃപ്തി നല്കുകയും ചെയ്താൽ ഞങ്ങളുടെ പ്രകാശം അന്ധകാരത്തിൽ ഉദിക്കും. ഞങ്ങളുടെ ഇരുണ്ട വേളകൾ മധ്യാഹ്നംപോലെയാകും.

## 7.5 ബന്ധപ്പെടുന്നവരെ പ്രകാശിപ്പിക്കുന്ന പ്രകാശം

പ്രകാശമായ യേശുവേ, നീ ബന്ധപ്പെടുന്നവർ പ്രകാശിതരാകുന്നു. ആദ്യം നിന്റെ അമ്മയെ നീ പ്രകാശിപ്പിച്ചു. റൂഹായുടെ വീണ പാടുന്നല്ലോ:

ഒരു കണ്ണിലെന്നപോലെ വസിച്ചു പ്രകാശം മറിയമിൽ;
മിനുസ്സപ്പെടുത്തിയതവളുടെ മനസ്സിനെ,
പ്രശോഭിപ്പിച്ചതവളുടെ ചിന്തയെ
വിശുദ്ധമാക്കിയതവളുടെ ധാരണയെ
തിളങ്ങുമാറാക്കിയവളുടെ കന്യത്വത്തെ.[5]

[4] *മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ... ഹാശാ ആഴ്ചയിലെ പ്രാർഥനക്രമം*, 2009, 41. [5] *മാർ അഫ്രേം,സഭാഗീതങ്ങൾ*, 36,1 ഗ്രന്ഥകാരന്റെ വിവർത്തനം..

*പ്രകാശപൂരിതനായ യേശുവേ, നീ ലോകത്തിന്റെ പ്രകാശമാണ്.* നീ ജന്മാന്ധന്റെ കണ്ണിൽ വസിച്ചു. അവൻ പ്രകാശമായ നിന്നെ കാണാനും അനുഗമിക്കാനും അനുഗ്രഹിച്ചു. *നിന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.* അപ്പോൾ, കാഴചയുണ്ടെന്നു കരുതിയ എന്റെ കണ്ണിൽ ഇരുട്ടു വസിക്കുകയായിരുന്നു.

പ്രകാശത്തിന്നുറവിടത്തോടടുത്തിരിക്കിൽ
തെളിയുന്നു കണ്ണ്
തിളങ്ങുന്നതു വേണ്ടത്രയേകും പ്രകാശത്താൽ
ജ്വലിക്കുന്നതതിൻ ശോഭയാൽ
മഹിമയാർന്നതാകുന്നതതിൻ പ്രഭയാൽ
അതിൻ സൗന്ദര്യത്താലലംകൃതയായതിനാൽ.[6]

അതേ, നാം ദൈവത്തിലേക്ക് അടുക്കുമ്പോൾ ... അവന്റെ പ്രകാശധോരണിയിൽ നമ്മുടെ പ്രകാശങ്ങൾ അലിഞ്ഞില്ലാതാകുന്നില്ല. നമ്മുടെ പ്രകാശങ്ങൾ ആദ്യാഗ്നിയോട് അടുക്കുന്തോറും പ്രകാശത്തെ പ്രതിഫലിപ്പക്കുന്ന ഒരു കണ്ണാടിപോലെ കൂടുതൽ തിളക്കമാർന്നു ജ്വലിക്കുകയത്രേ ചെയ്യുന്നത്.[7]

*പ്രകാശപൂരിതനായ യേശുവേ, നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്നു.* പ്രകാശപൂരിതനായ യേശുവേ, നീ ജനിച്ചപ്പോൾ കിഴക്കു നിന്റെ നക്ഷത്രം വാനജ്ഞാനികൾക്കുദിച്ചു. അതിലവർ നീ ജനിച്ചിടത്തേക്കുള്ള യാത്രയുടെ വഴി കണ്ടു. നീ അപ്പത്തിൽ ജനിക്കുന്ന ഈ കുർബാനയുടെ ആരംഭത്തിൽ കിഴക്കു തെളിയുന്ന തിരിയിൽ നിന്റെ നക്ഷത്രം ഞങ്ങൾ കാണുന്നു. അതു നില്ക്കുന്നിടം നീ വസിക്കുന്നിടമല്ലോ. കിഴക്കുദിച്ച നിന്റെ നക്ഷത്രപ്രകാശത്താൽ നീതരാകുന്ന സ്വർഗജ്ഞാനികൾക്ക് അമ്മയോടുകൂടെ നിന്നെ കാണാം; രാജാവും പുരോഹിതനും പ്രവാചകനുമായ നിനക്കു ഹൃദയനിക്ഷേപത്തിലെ പൊന്നും കൈക്കുടുന്നയിലെ കുന്തുരുക്കവും മനതാരിലെ മീറയും അർപ്പിക്കാം, ഈ തിരുസമയത്ത് അന്ധകാരത്തിലിരിക്കുന്ന ഞങ്ങൾ കാണുന്ന വലിയ പ്രകാശമല്ലോ നീ. മരണത്തിന്റെ മേഖലയിലും നിഴലിലും വസിക്കുന്നവർക്കായി ഉദയം ചെയ്ത പ്രകാശമാകുന്നു നീ. *നിന്നിലേക്കു നോക്കിയവർ പ്രകാശി*

[6]മാർ അപ്രേം, *സഭാഗീതങ്ങൾ*, 36,2 ഈ ഗ്രന്ഥകാരന്റെ വിവർത്തനം. [7]ഫ്രാൻസിസ് പാപ്പാ, *വിശ്വാസത്തിന്റെ വെളിച്ചം*, നമ്പർ 35, മലയാളം പുറം 65,ഇംഗ്ലീഷ് പുറം 45.

*തരായി* (സങ്കീ 34,5). ഇതാ, സ്വർഗരാജ്യം സമീപസ്ഥമായിരിക്കു ന്നു! ഞങ്ങൾ ഇനിയും പാടിത്തുടങ്ങട്ടെ.

## 7.6 താബോർമലയിലെ മഹത്ത്വപ്രകാശം

*പ്രകാശപൂരിതനായ യേശുവേ, നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്നു.* പ്രകാശപൂരിതനായ യേശുവേ! നീ ഈ ലോക ത്തിലായിരുന്നപ്പോൾ നിന്നെ പ്രകാശപൂരിതനായി ശിഷ്യന്മാർ കണ്ടത് നിന്റെ രൂപാന്തരീകരണത്തിന്റെ മലയിലാണല്ലോ. ആ വെളിപാടുണ്ടാ യിടമാണല്ലോ താബോർമല. അവിടെയാണല്ലോ നിന്റെ മുഖം സൂര്യ നെപ്പോലെ വെട്ടിത്തിളങ്ങിയതും നിന്റെ വസ്ത്രം പ്രകാശംപോലെ ധവളമായതും (മത്താ 17,1-2). ഞങ്ങളെപ്പോലെ പത്രോസും യാക്കോബും യോഹന്നാനും ഈ പ്രപഞ്ചത്തിൽ കണ്ടിട്ടുള്ള ഏറ്റവും തേജസ്സുറ്റ പ്രകാശം സൂര്യന്റേതാണല്ലോ. സത്യത്തിൽ ഈ മൂവർ സംഘം ദർശി ച്ചത് നിന്റെ മുഖത്തു പ്രകാശിച്ച ദൈവതേജസ്തന്നെ. അത് ''സത്യ ദൈവത്തിൽനിന്നുള്ള സത്യദൈവത്തിന്റെ, പ്രകാശത്തിൽനിന്നുള്ള പ്രകാശത്തിന്റെ'' തേജസ്സാകുന്നു. കിഴക്കുദിച്ചതായി പൗരസ്ത്യ ദേശ ത്തുനിന്നുള്ള ജ്ഞാനികൾ കണ്ട യാക്കോബിൻനക്ഷത്രത്തിന്റെ ദൈവിക മഹത്ത്വം. ദാവീദുസുതനിൽ തിങ്ങിത്തിളങ്ങിയ ദൈവത്ത്വപ രിശുദ്ധിയുടെ പ്രകാശനം — വെളിപ്പെടുത്തൽ. നീതിനിഷ്ഠരെ പിതാ വിന്റെ രാജ്യത്തിൽ പ്രശോഭിപ്പിക്കാനുള്ള സൂര്യതേജസ് (മത്താ 13,43). ആകാശസൂര്യന്റെ തേജസ്സിനെ വെല്ലുന്നത്. ലോകത്തിന്റെ പ്രകാശത്തിന്റെ (യോഹ 8,12) പ്രകാശം. സൂര്യൻ അന്ധകാരമായി മാറുമ്പോൾ (മത്താ 24,29) പ്രകാശിക്കാനിരുന്ന സൂര്യന്റെ തേജസ്സ്. അത് നീതിസൂര്യന്റെ (മലാ 4,2) തേജസാകുന്നു. കൊല്ലപ്പെടാനും ഉയിർ ത്തെഴുന്നേല്ക്കാനുമുള്ള (മത്താ 16,21; 17,12) കുഞ്ഞാടായും മഹത്ത്വ ത്തോടെ വരാനുള്ളവനുമായി നീ പ്രകാശിക്കുകയായിരുന്നു; അവി ടെയവർക്കപ്പോൾ പ്രകാശം നല്കാൻ സൂര്യന്റെയോ ചന്ദ്രന്റെയോ ആവശ്യമില്ലായിരുന്നു (വെളി 21,22-23).

പ്രഭാപൂരിതനായ യേശുവേ, താബോർമലയിൽ നിന്റെ തേജസ് ദർശിക്കാൻ അവിടെ നിന്റെ ശിഷ്യന്മാർക്കു വചനത്തിന്റെ പ്രകാശ മുണ്ടായിരുന്നു. മോശയും ഏലിയായും നിന്നോടു സംസാരിക്കുന്ന തായി അവർ കണ്ടു (മത്താ 17,3;മർക്കോ 9,4;;ലൂക്കാ 9,30). നിന്നോ ടുള്ള മോശയുടെയും ഏലിയായുടെയും സംസാരം മുമ്പ് അവർ മല

മുകളിൽവച്ചു ദൈവത്തോടു സംസാരിച്ചതിന്റെ തുടർച്ചയും പൂർത്തീകരണവുമല്ലോ. മോശ ഹോറെബുമലയിൽവച്ചു ദൈവത്തോടു പേരു ചോദിച്ചു. ദൈവം പേരു പറഞ്ഞുകൊടുത്തു സ്വയം വെളിപ്പെടുത്തി (പുറ 3,13-16). പക്ഷേ, പിന്നൊരിക്കൽ സീനായ്മലയിൽവച്ചു മോശ കേണപേക്ഷിച്ചിട്ടും ദൈവത്തിന്റെ മഹത്ത്വത്തിന്റെ ദർശനം പൂർണമാകേണ്ടതിന് തന്റെ മുഖം കാണിക്കാൻ അവിടന്ന് അവനോടു കരുണ കാണിച്ചില്ല (പുറ 33,18-23). സൈന്യങ്ങളുടെ ദൈവമായ കർത്താവിനെപ്രതിയുള്ള തീക്ഷ്ണതയാൽ ജ്വലിച്ചുകൊണ്ടിരുന്ന ഏലിയായും ഹോറെബുമലയിൽ കർത്താവിനോടു സംസാരിച്ചു. അവനു കർത്താവിന്റെ മൃദുസ്വരം കേൾക്കാൻ കഴിഞ്ഞെങ്കിലും അവിടുത്തെ കാണാൻ കഴിഞ്ഞില്ല (1 രാജാ 19,8-18). യേശുവേ, താബോറിലിതാ, നിന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങുമ്പോൾ മോശയും ഏലിയായും നിന്നോടു സംസാരിക്കുന്നു. നിന്റെ മുഖത്തു നിന്റെ മഹത്ത്വം ശോഭിക്കുന്നതു ദർശിച്ചുകൊണ്ടു നിന്നോടു സംസാരിക്കുന്നു. ഇതാ, നിന്റെ മഹത്ത്വം പകർന്നതിനാൽ "മോശയും ഏലിയായും മഹത്ത്വത്തോടെ കാണപ്പെട്ടു" (ലൂക്കാ 9,30-31).

അവരും നീയുംകൂടി താബോർമലയിൽ സംസാരിച്ചുകൊണ്ടിരുന്നത് *അടുത്തുതന്നെ ജറുസലേമിൽ പൂർത്തിയാകേണ്ട നിന്റെ കടന്നുപോക്കിനെക്കുറിച്ചാണ്* (ലൂക്കാ 9,30-31). കടന്നുപോക്ക്, പുറപ്പാട് – *എക്സൊഡൊസ്* - പെസഹാ. നിങ്ങളുടെ സംസാരം നിന്റെ പെസഹാരഹസ്യത്തെക്കുറിച്ചായിരുന്നു. നീ സഹിച്ചു പിതാവിനു സന്ധ്യാബലിയായി സ്വയം അർപ്പിച്ചുള്ള കടന്നുപോക്ക് (ലൂക്കാ 23,44-46). മഹത്ത്വത്തിലേക്ക് സ്വർഗത്തിലേക്ക്, സംവഹിക്കപ്പെട്ട മഹാപുരോഹിതനും സ്വീകൃതമായ അർപ്പണവുമായി കടന്നുപോകുന്നതിനെക്കുറിച്ച് (ലൂക്കാ 24,50-52). അവരിതു മുമ്പേ എഴുതിയിരുന്നതല്ലോ. തിരുലിഖിതങ്ങളനുസരിച്ചാണല്ലോ നീ മരിച്ചതും ഉയിർത്തതും (1 കോറി 15,3-4). നിന്റെ പെസഹായിൽ വെളിപ്പെടാനിരുന്ന നിന്റെ മഹത്ത്വത്തെക്കുറിച്ചായിരുന്നു നിങ്ങളുടെ സംസാരം. ഇപ്രകാരം നിങ്ങൾ സംസാരിക്കുന്നത് മുമ്പ് പത്രോസും യാക്കോബും യോഹന്നാനും കണ്ടിരുന്നില്ല, അല്ലേ? അതിനാലല്ലേ പത്രോസ് നിന്നെ തടസ്സപ്പെടുത്തിയ സാത്താനായിപ്പോയത്! (മത്താ 16,22).

നിന്റെ പെസഹാരഹസ്യത്തെക്കുറിച്ചു നീയും മോശയും ഏലിയായുമൊത്തു സംസാരിക്കുന്നതു കേൾക്കാനുമല്ലോ നിന്റെ പെസഹാ

രഹസ്യത്തിന്റെ ആഘോഷത്തിനാമുഖമായി – കുർബാനയുടെ ആരം ഭത്തിൽ – തിരുഗ്രന്ഥത്തിന്റെ പ്രവചനഭാഗം വായിക്കുന്ന പാരമ്പര്യം മലങ്കര സുറിയാനി സഭയ്ക്കുള്ളത്! എന്നാൽ, നീ പീഡകളേല്ക്കാനും ഉയിർത്തെഴുന്നേല്ക്കാനും പോകുന്നതിനെക്കുറിച്ചു താബോറിൽ മോശയും എലിയായും നിന്നോടു സംസാരിച്ചതു കേൾക്കാൻ പത്രോസിനും യോഹന്നാനും യാക്കോബിനും കഴിഞ്ഞില്ല. എന്തെന്നാൽ,, *അവർ നിദ്രാവിവശരായിരുന്നു.* മറ്റു ശിഷ്യന്മാർ അവിടെയില്ലാതിരുന്നതിനാൽ അവർക്കും സാധിച്ചില്ല. അവരുണ്ടായിരുന്നെങ്കിലും താബോറിലുണ്ടായിരുന്നവരിൽനിന്നു വ്യത്യസ്തരായിരിക്കില്ല എന്നു കണ്ടാണോ നീ അവരെ കൊണ്ടുപോകാതിരുന്നത്? പ്രവാചകന്മാർ നിന്നോടു സംസാരിക്കുന്നതു കേൾക്കാൻ പഴയ നിയമം നിദ്രാവിവശരായ ഞങ്ങൾക്കു നല്കിയിട്ടുള്ളതിനു നന്ദി!

നിദ്രാവിവശനായിരുന്നതിനാൽ, *താൻ എന്താണു പറയുന്നതെന്നറിയാതെ പത്രോസ് നിന്നോടു സംസാരിച്ചു* (ലൂക്കാ 9,33). ഇക്കാര്യത്തിൽ പത്രോസിന്റെ വിശ്വസ്ത പിൻഗാമികളിലൊരുനായി ഞാനുമുണ്ടെന്നറിയുന്നുവല്ലോ; നന്ദി കർത്താവേ. പത്രോസ് പ്രധാനാചാര്യന്റെ മുറ്റത്തെ തീച്ചൂടിൽ നിന്നെ തള്ളിപ്പറയുകയും ചെയ്തു! കാരണം, അടുത്തുതന്നെ ജറുസലേമിൽ പൂർത്തിയാകാനിരുന്ന നിന്റെ പുറപ്പാടിനെക്കുറിച്ചു മോശയും ഏലിയായും താബോറിൽവച്ചു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പത്രോസും കൂടെയുള്ളവരും നിദ്രാവിവശരായിരുന്നു (ലൂക്കാ 9,31). യേശുവേ, നിന്നെക്കുറിച്ചറിയാൻ, നിന്റെ സഹനത്തെക്കുറിച്ചറിയാൻ, സഹനംവഴി മഹത്ത്വത്തിലേക്കുള്ള നിന്റെ പുറപ്പാടിനെക്കുറിച്ചറിയാൻ, സ്വയാർപ്പണംവഴി പിതാവിന്റെ പക്കലേക്കുള്ള നിന്റെ ആരോഹണത്തെ ഗ്രഹിക്കാൻ, മോശയെയും പ്രവാചകന്മാരെയും കേൾക്കുന്നതിൽ ഞാൻ വേണ്ടത്ര ശ്രദ്ധാലുവാണോയെന്ന് എന്നെ ഓർമിപ്പിക്കാൻ മേഘത്തിൽനിന്ന്, ഉന്നതത്തിൽ നിന്ന്, നല്കപ്പെട്ടിട്ടുള്ള സ്വരം കേട്ടുകൊണ്ടിരിക്കാൻ ഈ നിദ്രാവിവശനെ അനുഗ്രഹിക്കണേ! പഴയ നിയമം ഞങ്ങൾക്കു നല്കിയതിനു നന്ദി. യഥാസമയം മേഘത്തിൽനിന്നു കേൾക്കേണ്ട സമയത്തു കേൾക്കാൻ ഞാനും ഞാൻ നയിക്കുന്ന നിന്റെ ജനവും നിദ്രാവിവശരായി തുടരാതിരിക്കാൻ ആത്മാവാകുന്ന അഗ്നിയെ അയച്ചനുഗ്രഹിക്കണേ! നിന്റെ ശിഷ്യരെ തെറ്റിദ്ധരിപ്പിക്കുന്ന അഗ്നി പുരോഹിതനായ എന്റെയും പുരോഹിതജനത്തിന്റെയും മുറ്റത്ത് എരിയിക്കാതിരിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെ!

മോശയും ഏലിയായും നിന്നോടു സംസാരിച്ചു. മോശയുടെ നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും ആരെക്കുറിച്ചു എഴുതിയിരിക്കുന്നുവോ അവൻ; അതേ, നസറത്തിൽനിന്നുള്ള യേശുവായ നീയാണല്ലോ (യോഹ 1,45) മനുഷ്യനായിത്തീർന്ന, സ്വർഗത്തിൽനിന്ന് അപ്പമായി ഇറങ്ങിവന്ന, നിത്യവചനം. മോശയുടെ നിയമത്തിന്റെയും ഏലിയായുൾപ്പെടുന്ന പ്രവാചകന്മാരുടെയും വാക്കുകളിലെ വചനമല്ലോ നീ.[8] *ആദിയുണ്ടായിരുന്നപ്പോഴേ നീ ദൈവത്തോടൊത്തായിരുന്ന, ദൈവമായിരുന്ന, വചനമായുണ്ടായിരുന്നു.* നിത്യവചനമായ *നിന്നിലൂടെയല്ലാതെയും നിന്നെ കൂടാതെയും ഒന്നും ഉണ്ടായിട്ടില്ല. വചനമായ നിന്നിൽ ജീവൻ ഉണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ പ്രകാശമായിരുന്നു. ആ പ്രകാശം ഇരുളിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല* (യോഹ 1,1-5). വചനമായ *നീ ജീവന്റെ പ്രകാശമല്ലോ. എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കാൻ യഥാർഥ പ്രകാശമായ നീ ലോകത്തിലേക്കു വന്നു* (യോഹ1,9).

നീയാണ് സത്യപ്രകാശം. എന്തെന്നാൽ, യോഹന്നാൻസുവിശേഷകൻ എഴുതുമ്പോലെ, *നിയമം മോശവഴി നല്കപ്പെട്ടു*; *കൃപയും സത്യവുമാകട്ടെ യേശുക്രിസ്തുവഴി ഉണ്ടായി. ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ദൈവംതന്നായ ഏകജാതനാണ് അവിടത്തെ വെളിപ്പെടുത്തിയത്* (യോഹ 1,16-118). അതേ, പിതാവിനോടു ഗാഢബന്ധം പുലർത്തുന്ന വചനമായ നീയാണ് ദൈവത്തെ ഏറ്റവും കൃത്യമായും സുനിശ്ചിതമായും പൂർണമായും ലോകത്തിനു വെളിപ്പെടുത്തിയത്. അതല്ലേ, യോഹന്നാൻ വീണ്ടും പറയുന്നത്, *സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ മറ്റാരും ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ല* എന്ന് (യോഹ 3,13). ഇതുതന്നല്ലേ എബ്രായലേഖനകർത്താവും എഴുതുന്നത്: *ഈ അവസാനനാളുകളിൽ ദൈവം തന്റെ ഏകപുത്രനിലൂടെ സംസാരിച്ചിരിക്കുന്നു.* നീയാണ് ദൈവപിതാവിനു ഞങ്ങളോടുള്ള ഏറ്റവും അവസാനത്തെ വചനം. ഈ സത്യത്തിന്റെ ദർശനാനുഭവം കുരിശിന്റെ വിശുദ്ധ യോഹന്നാൻ ഇപ്രകാരം പങ്കുവച്ചിട്ടുണ്ടല്ലോ:

അവിടുന്ന് ഈ ഏകവചനത്തിൽ എല്ലാം സംസാരിച്ചുകഴിഞ്ഞു. ഇനിയും കൂടുതലൊന്നും പറയാനില്ല അവിടുത്തേക്ക്. കാരണം,

[8]സെന്റ് അഗസ്റ്റിൻ, *സുവിശേഷ,വചനങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ*, 78,3: [PL., 15, 1677; വിവർത്തനം

> പണ്ട് പ്രവാചകരിലൂടെ ഭാഗംഭാഗമായി പറഞ്ഞതെല്ലാം തന്റെ എല്ലാമായ പുത്രനെ നല്കിയതിലൂടെ പറഞ്ഞുകഴിഞ്ഞു. ദൃഷ്ടി ക്രിസ്തുവിൽ പൂർണമായി ഉറപ്പിക്കാതെ മറ്റേതെങ്കിലും പുതുമ യഭിലഷിക്കുന്നവർ അപരാധം ചെയ്യുന്നു. ദൈവത്തെ ചോദ്യം ചെയ്യുകയോ, ദർശനങ്ങളോ വെളിപാടുകളോ തേടുകയോ ചെയ്യുന്ന ഏതൊരാളും വിഡ്ഢിത്തം നിറഞ്ഞ പെരുമാറ്റത്താൽ മാത്രമല്ല, ദൈവത്തെ ദ്രോഹിക്കുന്നതിനാലും അപരാധിയാകും.[9]

ഞാനിപ്പോൾ നില്ക്കുന്ന ഈ താബോർമലയിൽ, ഈ അപ്പത്തിൽ, ഈ വീഞ്ഞിൽ യേശുവേ, നിന്റെ രൂപാന്തരീകരണം കാണുന്നതിന് എനിക്കൊന്നും തടസ്സമാകരുതേ. ദൈവപുത്രാ, ''തിരുലിഖിതമാകുന്ന നിന്റെ ശരീരവും,''[10] മോശയും ഏലിയായും നിന്നോടു സംസാരിക്കുന്നതും ഞാനും കാണാനല്ലോ ഇവിടെ മോശയെയും പ്രവാചകന്മാരെയും വായിച്ചത്. മോശ മുതലുള്ള എല്ലാ പ്രവാചകന്മാരുടെയും വചനങ്ങൾ വചനമായ നിന്നെക്കുറിച്ചാണെന്ന് എന്നെ ഓർമിപ്പിക്കുന്നതിനു നന്ദി. ഈ അപ്പത്തിലും വീഞ്ഞിലും നിന്റെ തേജസ്, മഹത്ത്വം, പ്രകാശം എനിക്കു വെളിപ്പെടാനുള്ള ഒരുക്കവുമായിരുന്നല്ലോ പ്രവാചകവായനകൾ. പ്രവാചകന്മാരിൽ വചനം സൃഷ്ടിച്ച നീതന്നെ, വചനമായ നീതന്നെ, ഇനിയല്പം കഴിയുമ്പോൾ വചനം സംസാരിക്കുന്നത് എനിക്കു സുവിശേഷത്തിൽ കാണുകയും കേൾക്കുകയും ചെയ്യാൻ ഞാൻ പ്രാപ്തനാകുമെന്ന് ആശ്വസിക്കുന്നു. നിന്റെ വസ്ത്രങ്ങൾ താബോറിൽ ധവളമായത്, ''സുവിശേഷവചനങ്ങൾ ഒന്നും മറച്ചുവയ്ക്കപ്പെടാതെ എല്ലാം വ്യക്തവും സ്പഷ്ടവുമായിരിക്കുമെന്നു'' സൂചിപ്പിക്കുന്നല്ലോ.[11] വചനമായ നീതന്നെ സുവിശേഷവചനങ്ങളെല്ലാം എനിക്കു പ്രകാശിപ്പിച്ചുതരണമെ — രക്ഷാകരമാക്കണമെ. *കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കു പോകാനാണ്? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു* (യോഹ 6,68–69). താബോറിൽ ധവളമായ നിന്റെ വസ്ത്രങ്ങൾക്ക് മഹത്ത്വമേറിയ സുവിശേഷവചനങ്ങളുടെ ശോഭയുണ്ടെന്ന്, സുവിശേഷവചനങ്ങൾ ഞാൻ ധരിക്കേണ്ട നിന്റെ മഹത്ത്വത്തിന്റെ വസ്ത്രങ്ങ

[9] *കാർമെൽ മലകയറ്റം*, ഭാഗം രണ്ട്, പുറം 22. [10] *Expositio Evangelii secundum Lucam*, 6,33; *PL*, 15, 1677; *കർത്താവിന്റെ വചനം*, നമ്പർ 18.

[11] മാക്സിമൂസ് ദ കൺഫെസ്സർ, *അവ്യക്തമായവയെപ്പറ്റി*, 10 *PG* 91,1128B.

ളാണെന്ന്, ഞങ്ങളോടു സാക്ഷിക്കുന്ന മഹാനായ വിശ്വാസസാക്ഷിയെപ്രതി നിനക്കു സ്തോത്രം.

യേശുവേ, നിന്റെ രൂപാന്തരീകരണമലയിൽ *നിന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി.* താബോർമലയിൽ നിന്റെ മുഖം "ശതഭാസ്കരദീപ്തമാം ഗഗനംപോലെ തെളിഞ്ഞു"വെന്നു "മാനസാന്തര"ത്തിന്റെ കവിയുടെ[12] വാക്കുകളിലും ഞങ്ങൾ കണ്ടുകൊള്ളട്ടെ. താബോർമലയിലെ നിന്റെ മുഖശോഭ സമയപൂർത്തിയിലെ നിന്റെ പുനരാഗമനത്തിന്റെ തിരുമുഖത്തെളിച്ചവുമല്ലോ. സമയത്തെ പൂർത്തിയാക്കുന്ന നിന്റെ പുനരാഗമനത്തിന്റെ മുൻകൂറനുഭവവുമായിത്തീരട്ടെ ഇപ്പോൾ *നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്ന* ഈ പ്രകാശോത്സവം — ഈ കുർബാനയാഘോഷം!

## 7.7 വചനവെളിച്ചത്താൽ കാഴ്ചയുണ്ടാകാൻ

*വചനം മനുഷ്യനായി ഞങ്ങളുടെയിടയിൽ കൂടാരമടിച്ചവൻ* അപ്പമായി ഞങ്ങളുടെയിടയിലും ഞങ്ങളുടെയുള്ളിലും കൂടാരമടിക്കുന്നു. നിന്റെ മഹത്വം ഞങ്ങൾ ദർശിക്കട്ടെ. സീലോഹായായ — അയയ്ക്കപ്പെട്ടവനായ — നിന്റെ വചനം ശ്രവിച്ച് നിന്നിൽ ഞങ്ങൾ ഞങ്ങളുടെ കണ്ണുകൾ കഴുകട്ടെ. രാത്രി സമീപിക്കുന്നതു കണ്ട് ദിവസവും സന്ധ്യയ്ക്കു ഞങ്ങൾ പാടുന്നു: *നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും വഴികൾക്കു പ്രകാശവുമാകുന്നു* (സങ്കീ 119,105). നിന്നെക്കുറിച്ചാണ് സങ്കീർത്തകൻ പാടിയതെന്നു ഞങ്ങൾ അറിയുന്നു. യേശുവേ, നീതന്നെയാണല്ലോ ഞങ്ങളുടെ കാലുകൾക്കു വിളക്കും വഴികൾക്കു പ്രകാശവുമായിരിക്കേണ്ട വചനം. *അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾത്തന്നെ* (യോഹ 20,1) നിന്റെ ഉയിർപ്പിന്റെ വചനം മഗ്ദലേനമറിയത്തിനു പ്രകാശവചനമായല്ലോ. *നിന്റെ തേജസ്സാലല്ലോ അവൾ പ്രകാശം കണ്ടത്*!

## 7.8 ഹൃദയക്കണ്ണുകളെ പ്രകാശപൂർണമാക്കുക

പരസ്യശുഷയാരംഭിച്ച് വൈകാതെ യേശു ശിഷ്യരോട് ഗുരുവിന്റെ അധികാരത്തോടെ പറഞ്ഞു: *കണ്ണാണ് നിന്റെ ശരീരത്തിന്റെ വിളക്ക്. ആകയാൽ നിന്റെ കണ്ണ് അന്യൂനമെങ്കിൽ ശരീരം പ്രകാശപൂർണമായിരിക്കും. കണ്ണ് ദുഷ്ടമാണെങ്കിലോ, ശരീരം മുഴുവൻ അന്ധകാരത്തിലായിരിക്കും. അതിനാൽ, നിന്നിലെ പ്രകാശം അന്ധകാരമാ*

[12] ബാലചന്ദ്രൻ ചുള്ളിക്കാട്, "മാനസാന്തരം," *മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്,* ലക്കം1992 മെയ്

*ണെങ്കിൽ ആ അന്ധകാരം എത്രയോ വലുതായിരിക്കും*! (മത്താ 6,22 -23). എന്നിലെ പ്രകാശംതന്നെ എന്നിലെ അന്ധകാരമാകുക! രാവിന്റെ ഇരുളിൽ യാക്കോബ് തലയിണയാക്കിയ കല്ല് (ഉത്പ 28,10-17) വളർന്ന് മരുഭൂമിയിൽ ഇസ്രായേല്യർക്കു ജലം നല്കി ദാഹമകറ്റിയ അരുവിയായി (പുറ 17,1-7;സംഖ്യ 33,11). യേശുവിൽനിന്ന് അപ്പക്കഷണം സ്വീകരിച്ച ഉടനെ യൂദാസ് പുറത്തേക്കു പോയപ്പോൾ അവന്റെ ഉള്ളിലും പുറത്തും രാത്രിയായിരുന്നു (യോഹ 13,30). അതിനാൽ കെദ്രോണരുവിയുടെ അക്കരെ തന്റെ ഗുരുവിനെ ശത്രുക്കൾക്ക് ആളുമാറാതെ കൃത്യമായി കാട്ടിക്കൊടുക്കാൻ അവന് വിളക്കുകളും പന്തങ്ങളും ഏന്തേണ്ടിവന്നു. അവൻ ഗുരുവിന്റെകൂടെ നടന്നു നേടിയ സമ്പാദ്യം *ഹക്കല്ദ്മാ* - രക്തത്തിന്റെ വയൽ - ആക്കി പരിവർത്തിപ്പിക്കുകയും ചെയ്തു (മത്താ 27,3-10; അപ്പ 1. 16-19). കുർബാനയ്ക്ക് ത്രോണോസിൽ തെളിക്കുന്ന തിരികൾ പുരോഹിതനായ എന്റെ മുമ്പിൽ യൂദാസ് ഏന്തിയ പന്തങ്ങളും വിളക്കുകളുമോ? ദൈവജനത്തിന് മരുഭൂയാത്രയിലെ ഇരവുകളിൽ പ്രകാശത്തൂണുകളാകുന്ന അഗ്നിസ്തംഭങ്ങളോ? എന്റെ മുമ്പിൽ പ്രകാശത്തിൽനിന്നുള്ള പ്രകാശമോ?

## 7.9 വെളിച്ചത്തിന്റെ കിണറിൽനിന്നു കോരിക്കുടിക്കുക; കോരിക്കൊടുക്കുക (പ്രകാശവും അനുതാപവും)

യേശുവേ, സകല സൃഷ്ടികളെയും പ്രകാശിപ്പിക്കുന്ന — രക്ഷിക്കുന്ന — സത്യപ്രകാശം നീയാകുന്നു. നീ സമറിയാക്കാരിയെ പ്രകാശിപ്പിച്ചു. അവളോടു ജലം ചോദിച്ചു സമീപിച്ച നീ അവൾക്കു തന്റെ ദാഹം എന്നേക്കുമായി ശമിപ്പിക്കുന്ന ജലം നല്കി. അതുകൊണ്ടല്ലേ അവൾ യാക്കോബിന്റെ കിണറ്റിൽനിന്നു വെള്ളം കോരാഞ്ഞത്! നീ അവൾക്കു നല്കിയത് പരിശുദ്ധാത്മാവാകുന്ന ജലമല്ലോ. ജലം കുടിക്കാനും കുളിക്കാനുമുള്ളതാണല്ലോ. അതു കുടിക്കുകയും നീ അതിൽ അവൾക്കു സ്നാനം നല്കുകയും ചെയ്തപ്പോൾ അവളുടെ അന്തരാത്മാവിൽ വെളിച്ചമുദിച്ചു. തന്റെ യഥാർഥ അവസ്ഥ കാണാൻ അവൾക്കു പ്രകാശമുണ്ടായി. നീ *സകല കാര്യങ്ങളും അവളെ അറിയിച്ചു* (യോഹ 4,25). നിന്നെ കാണാനും നീ അവളെ പ്രകാശിപ്പിച്ചു. വരാനിരുന്ന മിശിഹായായ പ്രകാശരശ്മി അവളെ തഴുകി. അവൾക്കു നീ പരിശുദ്ധാത്മാവിനാലുള്ള സ്നാനം നല്കി. അകംപോലെ പുറവും ശുദ്ധമായി. പരിശുദ്ധാത്മാവ് അവളെ പ്രകാശത്തിന്റെ പ്രഭ ചൊരിയുന്ന മഹത്വവസ്ത്രം ധരിപ്പിച്ചു. ദൈവത്തെ യഥാർഥമായി ആരാ

ധിക്കാനുള്ള വിധവും ഇടവും വാതിലും നീ അവൾക്കായി തുറന്നിട്ടു. സീയോൻമലയിലും ഗെർസീംമലയിലുമല്ല, സത്യത്തിലും ആത്മാവിലും — ദൈവപുതനായ ക്രിസ്തുവിലും പരിശുദ്ധാത്മാവിലും — ദൈവത്തെ ആരാധിക്കണം. ഇനിയവൾക്കു മലകളുടെ സത്യമറിയാൻ അലയേണ്ട. അവൾക്കിനി ധൈര്യമായി പട്ടണത്തിലേക്കു പോകാം. താൻ യാക്കോബിന്റെ കിണറിന്നരികിലേക്കു കൊണ്ടുവന്ന കുടവും അവൾക്കിനി വേണ്ട. അവൾ നിറകുടമായിക്കഴിഞ്ഞു. സങ്കീർത്തനം 36,8 –9പ്ശീത്താ അവളിങ്ങനെ നിന്നെ പാടിക്കേൾപ്പിക്കുന്നത് എനിക്കു കേൾക്കാം: *നിന്റെ ഭവനത്തിലെ സമൃദ്ധിയിൽനിന്ന് നീ എനിക്കു തൃപ്തി തന്നു; നിന്റെ ഇമ്പമുള്ള അരുവിയിൽനിന്ന് എന്നെ കുടിപ്പിച്ചു. എന്തെന്നാൽ, നീ ജീവന്റെ ഉറവയാകുന്നു. നിന്റെ പ്രകാശത്താലാകുന്നു ഞാൻ പ്രകാശം കണ്ടത്.*

വിശുദ്ധ കുർബാന കഴിഞ്ഞ് തിരുപ്പാത്രങ്ങൾ തുടയ്ക്കുമ്പോൾ ഞാൻ പാടുന്ന ഈ സങ്കീർത്തനഭാഗം എനിക്കുമിങ്ങനെ പാടാൻ സാധ്യമാകുന്ന അടുത്ത ദിവസത്തിനായി ഞാൻ നോക്കിപ്പാർക്കട്ടെ: യേശുവേ, ഞാൻ പ്രകാശത്തിനായി ദാഹിച്ചു പ്രകാശത്തിന്നുറവ തേടുമ്പോൾ എനിക്കുവേണ്ടി ദാഹിക്കുന്നവനായി നീ എന്നരികിൽ വരുമല്ലോ!

''വെളിവു നിറഞ്ഞോരീശോ, ...'' പ്രകാശം നിറഞ്ഞ യേശുവേ, നിന്റെ പ്രകാശത്താൽ, *കൂരിരുളിന്റെ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും*[13] (സങ്കീ 23,4), *മരണത്തിന്റെ നിഴൽവീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും*[14] (സങ്കീ 23,4) നിന്റെ പ്രകാശത്താൽ എനിക്കു പ്രകാശം കാണാം. ഇരുൾപോലും എനിക്ക് ഇരുളായിരിക്കുകയില്ല. കാരണം, *നിനക്ക് ഇരുൾപോലും ഇരുളല്ല; ഇരവ് പകൽപോലെ പ്രകാശപൂരിതമായിരിക്കും; എന്തെന്നാൽ, നിനക്ക് ഇരുൾ പ്രകാശംപോലെയാണ്* (സങ്കീ 139,10–12)[15] അതേ, പ്രകാശം നിറഞ്ഞ യേശുവേ, നിനക്ക് ഇരുളും പ്രകാശമാണല്ലോ.

''വെളിവു നിറഞ്ഞോരീശോ,'' ലോകത്തിന്റെ പ്രകാശമായ നീ ജന്മാന്ധനെയും നിന്റെ പ്രകാശത്താൽ പ്രശോഭിപ്പിച്ചു. അവൻ കാഴ്ചയുള്ളവനായി. തന്റെ കണ്ണു തുറന്നവൻ എന്ന് അവൻ നിന്നെ കണ്ടു. നീ ദൈവത്തിൽനിന്നുള്ളവനാണെന്നും പ്രവാചകനാണെന്നും മിശിഹായാണെന്നും അവൻ നിന്നെ കണ്ടു. പിതാവിന്റെ കിരണമേ,

[13]ഹീബ്രു പാഠമനുസരിച്ച് [14]പി.ഒ.സി ബൈബിൾ [15]ഹീബ്രു പാഠമനുസരിച്ച്.

നിന്റെ ശോഭയുള്ള പ്രകാശത്താൽ ഞങ്ങളെ പ്രകാശിപ്പിച്ചാലും. പ്രകാശമായ നിന്റെ മുമ്പിൽ നിന്ന് നിന്നെയും എന്നെയും കാണാൻ എനിക്കിടയാകട്ടെ! നീവഴിയും ആത്മാവിലും ദൈവത്തെ ആരാധിക്കാൻ എനിക്കായെങ്കിൽ!

പ്രകാശമായ ദൈവത്തിൽനിന്നു ലോകത്തിനു വേണ്ട സത്യപ്രകാശം ലോകത്തിലേക്കു വന്നു. കാഴ്ചയുണ്ടെന്നു സ്വയം കരുതിയവർ അവനെ പുറത്താക്കി. ആ പ്രകാശം ഗൊല്ഗോഥായിൽ തണ്ടിന്മേൽ ഉയർത്തപ്പെട്ടു. പ്രകാശത്തിന്റെ രശ്മികളെ തടയാൻ അവനെ പുറത്താക്കിയവർ രണ്ടു കരിന്തിരികളും അവന്റെ ഇരുവശത്തുമുയർത്തി; അവന്റെ മുമ്പിൽ നിലകൊണ്ട് ഇരുളിന്റെ മറവിലും നിഴലിലും അഭയം തേടി. കരിന്തിരികളിലൊന്ന് അവരോടൊപ്പം അന്ധകാരത്തിലമർന്നുപോയി. ഭൂമിയിലാകെ അന്ധകാരം വ്യാപിച്ചപ്പോൾ അപരനാകട്ടെ ഉയർത്തപ്പെട്ടിരുന്ന സത്യപ്രകാശത്തിന്റെ രശ്മികളേറ്റു പ്രകാശപൂരിതനായി. തന്നെത്തന്നെയും സത്യപ്രകാശവും കണ്ടു; പ്രകാശത്തിന്റെ പുത്രനായി.

വെളിവാക്കിത്തരൂ നാഥാ, എൻ കുറവുകളെല്ലാം
നിൻ പ്രകാശത്താൽ
അവയെ തെറ്റിന്നിരുൾ മൂടി
നിന്നാൽ തെളിയണമെൻ ബോധം
സൃഷ്ടികളെ ശോഭിപ്പിക്കും പ്രഭ നീയല്ലോ
ഞാൻ നിന്നെ വാഴ്ത്തും.[16]

“വെളിവിൻ തട്ടിൽ വസിക്കും പുണ്യനിധേ പരിശുദ്ധാ, ...”: പ്രകാശത്തട്ടിൽ വസിക്കുന്ന പുണ്യവാനേ, പരിശുദ്ധനേ, ഞങ്ങളിൽനിന്നു ദുഷ്ട പീഡകളും വെറുക്കേണ്ട വിചാരങ്ങളും തടഞ്ഞാലും! അവ ഞങ്ങളെ അശുദ്ധരാക്കുന്നു. നീതിയുടെ പ്രവൃത്തികൾ ചെയ്വാൻ ഞങ്ങൾക്കു മനശ്ശുദ്ധി നല്കിയാലും! എന്നെ അകംപുറം വിശുദ്ധീകരിച്ചാലും! എന്തെന്നാൽ, *പുറം സൃഷ്ടിച്ചവൻ തന്നെയല്ലേ അകവും സൃഷ്ടിച്ചത്. ഇന്നു നിങ്ങൾ കർത്താവിൽ പ്രകാശമായിരിക്കുന്നു. പ്രകാശത്തിന്റെ മക്കളെപ്പോലെ വർത്തിക്കുവിൻ. പ്രകാശത്തിന്റെ ഫലം സകല നന്മയിലും നീതിയിലും സത്യത്തിലുമാണ് പ്രത്യക്ഷ്യപ്പെടുന്നത്. കർത്താവിനു പ്രസാദകരമായവ എന്തെന്നു വിവേചിച്ച*

[16]*ശ്ഹീമൊ* നമസ്കാരം,

*റിയുവിൻ അന്ധകാരത്തിന്റെ നിഷ്ഫലമായ പ്രവർത്തനങ്ങളിൽ പങ്കു ചേരരുത്* (എഫേ 5,8-11) - നിന്റെ പരിശുദ്ധാത്മാവ് ശ്ലീഹായിലൂടെ ഞങ്ങൾക്കു നല്കിയ പ്രബോധനം. ഞങ്ങൾ വിസ്മരിക്കുകയും തിരസ്കരിക്കുകയും ചെയ്തു. അതിനാൽ ഞങ്ങൾ ആവർത്തിച്ചപേക്ഷിക്കുന്നു: പ്രകാശത്തട്ടിൽ വസിക്കുന്ന പുണ്യവാനായ പരിശുദ്ധനേ, ഞങ്ങളിൽനിന്നു ദുഷ്ടപീഡകളും വെറുക്കേണ്ട വിചാരങ്ങളും തടഞ്ഞാലും! "പ്രകാശമഹിമയോടെ നീ വരുമ്പോൾ നിന്റെ മുമ്പിൽനിന്നു ഞങ്ങളെ തള്ളിക്കളയരുതെ. പ്രകാശത്തിന്റെ പ്രഭയും മഹത്ത്വത്തിന്റെ അങ്കിയും ഞങ്ങളുടെമേൽ വിരിക്കണമെ. അതിനാൽ അന്ധകാരത്തെ ഞങ്ങൾ വിജയിക്കുകയും പ്രകാശത്തിൽ നിനക്കു മഹത്ത്വം ഘോഷിക്കുകയും ചെയ്യുമാറാകണമെ."[17]

## 7.10 രക്ഷയുടെ സംഘാതസാക്ഷ്യം (സങ്കീ 4,6;27,1)

*വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു* (സങ്കീ 36,9). ആരാധകസംഘം സങ്കീർത്തകനെയും ജറുസലേം ദേവാലയത്തിലെ ശിമയോനെയുംപോലെ ജീവിതനിർവൃതിയും പാടുകയത്രേ. ദൈവത്തിന്റെ പ്രകാശം അവിടന്നു ഭക്തനു നല്കുന്ന രക്ഷയാണ് (സങ്കീ 4,6; 89,15; ഏശ 60,19); *കർത്താവ് എന്റെ പ്രകാശവും രക്ഷയുമാകുന്നു* (സങ്കീ 27,1). രക്ഷ കർത്താവിൽനിന്നു വരുന്ന ജീവനുമാണ് (സങ്കീ 36,9;ജറെ 2,13; 17,13). ദുഷ്ടതയുടെ ആഘാതം ദൈവഭക്തനെ തളർത്തിയപ്പോൾ ദൈവം രക്ഷ നല്കി; ഭക്തന് ദൈവകാരുണ്യത്തിൽ നല്കപ്പെട്ടു (സങ്കീ 39,7.10). ജറുസേംദേവാലയത്തിൽ ശിമയോൻ ശിശുവിനെ കൈയിലെടുത്തു പാടി: *സകല ജനതകൾക്കും വേണ്ടി നീ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു. അതു വിജാതീയർക്കു വെളിപാടിന്റെ പ്രകാശവും നിന്റെ ജനമായ ഇസ്രായേലിന്റെ മഹത്ത്വവുമാണ്* (ലൂക്കാ 2,31-32). വിശുദ്ധ കുർബാനയ്ക്കു സമ്മേളിച്ചിരിക്കുന്ന ദൈവജനം ആർത്തുപാടുന്നു: പ്രകാശപൂരിതനായ യേശുവേ, നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്നു. ദുഷ്ടതയുടെ ആഘാതത്തിൽനിന്നു ഞങ്ങൾ വിമോചിതരാകുന്നു. നിന്റെ കാരുണ്യത്തിന്റെ വെളിച്ചം! യേശുവെന്ന രക്ഷ പ്രകാശമാണ് = വിശ്വാസിക്കുള്ള ദൈവത്തിന്റെ മഹത്ത്വവും.

[17] *വലിയ നോമ്പിലെ പ്രാർത്ഥനക്രമം,* വെള്ളി രാത്രി, മൂന്നാം കൗമാ, മാർ യാക്കോബിന്റെ ബോവൂസാ.

പരിശുദ്ധാത്മനിവേശിതങ്ങളായ വചനങ്ങളിൽ കുർബാനയുടെ രഹസ്യാരംഭത്തിൽത്തന്നെ, കാഴ്ചവയ്പുസമയത്തുതന്നെ, ദൈവ ജനം രക്ഷകനെ സ്തുതിക്കുന്നു. ആരാധകസംഘം തങ്ങൾക്ക് യേശു ക്രിസ്തുവഴി നല്കപ്പെട്ടിട്ടുള്ള രക്ഷയ്ക്ക് സംഘമായി സാക്ഷ്യം നല്കുന്നു. സംഘാതസാക്ഷ്യം. ദൈവജനത്തിന്റെ 'സംഘാതസാക്ഷ്യ' മെന്നു പറയുമ്പോൾ സഭയായിരിക്കുമ്പോളത്തെ, സഭയിലായിരിക്കു മ്പോളത്തെ, കാഴ്ചയെന്നുതന്നെ പ്രഥമധ്വനി. യേശുക്രിസ്തുവഴി വെളിപ്പെട്ട ദൈവവും ദൈവികതയും, അവൻ മുഖാന്തരം സംലഭ്യ മായിരിക്കുന്ന രക്ഷയുടെ മഹാദാനത്തിന്റെ അനുഭവവും, ഈ ആരാ ധകർക്ക് ആരാധനയിൽ ലഭിക്കുന്നത് സഭയിലാണ്; സഭയിലായി രിക്കുന്നതിനാലാണ്. എന്തെന്നാൽ, പ്രകാശമായ ദൈവത്തിന്റെ പ്രകാ ശസൂര്യനായ ക്രിസ്തുവിന്റെ പ്രകാശത്താൽ പ്രകാശിക്കുന്ന ചന്ദ്രനത്രേ സഭ. ഈ സഭയിലായിരിക്കുന്നതിനാലാണ് സഭയിൽ, സഭയുടെ ആരാധനയിൽ, നമുക്ക് പ്രകാശപൂരിതനായ യേശുക്രിസ്തുവിനെ ദർ ശിക്കനാകുന്നതെന്ന് നാം സാക്ഷ്യപ്പെടുത്തുന്നു. ഈ മൗലികദിവ്യ സത്യം കുർബാനയുടെ ഈ രഹസ്യക്കാഴ്ചയർപ്പണസമയത്തുതന്നെ നാം ആരാധകർ അനുസ്മരിച്ചാലപിച്ച് യേശുവിനെ സ്തുതിക്കുന്നു.

കർത്താവിന്റെ പ്രകാശം അവിടുത്തെ ഭയപ്പെടുന്നയാൾക്ക് അവി ടുന്നു നല്കുന്ന അവിടുത്തെ മുഖകാന്തി (സങ്കീ 4,6) = നിത്യപ്രകാശം (89,15) = മഹത്ത്വം (ഏശ 60,19) അത്രേ. ഭക്തനു *കർത്താവ് പ്രകാശവും രക്ഷയുമാകുന്നു* (സങ്കീ 27,1). രക്ഷ കർത്താവിൽനിന്നു വരുന്ന ജീവനു മാണ് (സങ്കീ 36,9;ജറെ 2,13;17,13). യേശുവേ, നീ "പ്രകാശവും സൂര്യനും ശോഭയും, എഴുതപ്പെട്ടിട്ടുള്ളതുപോലെ നക്ഷത്രവുമാകുന്നു (സംഖ്യ 24,17)."[18]*പ്രകാശപൂർണനായ യേശുവേ, നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്നു* എന്നു പാടി ഞങ്ങൾ ഏറ്റുപറയുന്നു, ഞങ്ങളുടെ രക്ഷയായ യേശുവേ, നിന്നിൽ ഞങ്ങൾ രക്ഷയനുഭവി ക്കുന്നു. വിശുദ്ധ കുർബാന സകല ജനതകൾക്കുമുള്ള ദൈവത്തിന്റെ രക്ഷയാകുന്നു. ഞങ്ങൾ രക്ഷ കാണുന്നതിന്റെ ഉത്സവമാകുന്നു. പ്രകാശത്തിൽനിന്നുള്ള പ്രകാശം ലോകത്തിൽ പ്രകാശിക്കുന്നതിന്റെ ഉത്സവമാകുന്നു. വിശുദ്ധ കുർബാന പ്രകാശത്തിന്റെ ഉത്സവമാകുന്നു. വിശുദ്ധ കുർബാന പ്രകാശദർശനത്തിന്റെ ഉത്സവമാകുന്നു; രക്ഷാസ്വീ

[18]ഈശോദാദ്, *സുവിശേഷഭാഷ്യം*, വിവ: ജി ചേടിയത്ത്, തിരുവനന്തപുരം, 1997, 237.

കരണത്തിന്റെ, രക്ഷാനുഭവത്തിന്റെ, ഉത്സവമാകുന്നു; ജീവൻ പ്രാപി ക്കുന്നതിന്റെ ഉത്സവമാകുന്നു; ദൈവപ്രാപ്തിയുടെ ഉത്സവമാകുന്നു..

*പ്രകാശപൂരിതനായ യേശുവേ, നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്നു* എന്നു പാടി തെളിക്കുന്ന തിരിയുടെ പ്രകാശം നിന്റെ ജനനത്താലുണ്ടായ പ്രകാശത്തെയും (= രക്ഷയെയും) സൂചി പ്പിക്കുന്നെന്നു പരിശുദ്ധാത്മാവിന്റെ വീണയായ അപ്രേം പറഞ്ഞുത ന്നിട്ടുണ്ടല്ലോ. എലിസബത്ത് ഗർഭിണിയായ മാസ,തീയതികളും സഖ റിയായ്ക്ക് അറിയിപ്പുണ്ടായ. മാസ,തീയതികളും മറിയമിനോടുള്ള വചനിപ്പാൽ യേശു അവളുടെ ഉദരത്തിൽ ജനിച്ച മാസ,തീയതികളും ഈ ലോകത്തിൽ (ദൃശ്യമായി) ജനിച്ച മാസ,തീയതികളും കണക്കു കൂട്ടി അപ്രേം എഴുതുന്നു:

> ആറെഗ് മാസം പത്താം തീയതിയാണ് മറിയത്തോടുള്ള മംഗല വാർത്ത ഉണ്ടായത്... എന്നാൽ ആറെഗ് മാസം പത്താം തീയതി പെസഹാക്കുഞ്ഞാടിനെ കരുതിവയ്ക്കണം എന്നു നിയമം അനുശാ സിക്കുന്നു (പുറ 12,3). അതേ കണക്കുകൂട്ടൽ അനുസരിച്ച് പ്രകാശം ഭരിച്ചുകൊണ്ടിരുന്നപ്പോഴാണ് കന്യകയുടെ ഉദരത്തിൽ സത്യകു ഞ്ഞാട് അടയ്ക്കപ്പെട്ടത്. ആദത്തിന്റെ നഗ്നത മറയ്ക്കാനാണ് താൻ വന്നതെന്ന് ഈ രീതിയിൽ അവിടന്നു കാണിച്ചു. ഗ്രീക്ക് കണക്കുകൂട്ട ലനുസരിച്ച്, പ്രകാശം കീഴടക്കാൻ തുടങ്ങിയ സമയത്ത്, കാലോക് മാസം, ആറാം തീയതിയാണ് അവൻ ജനിച്ചത്. അത്, സാത്താൻവിധി ക്കപ്പെട്ടെന്നും എല്ലാറ്റിനെയും കീഴടക്കുന്നവനിൽ ആദം കീഴടക്കി യെന്നും കാണിക്കാനായിരുന്നു.[19]

## 7.11 ഞങ്ങൾ ലോകത്തിനു വെളിച്ചമായിരിക്കാൻ

*നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു ... വിളക്കു കൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല, പീഠത്തിന്മേലത്രേ വയ്ക്കുക. അപ്പോൾ അത് ഭവനത്തിലുള്ള എല്ലാവർക്കും വെളിച്ചമേകുന്നു. അപ്രകാരം, മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗ സ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങ ളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിപ്പിക്കുവിൻ* (മത്താ 5,14).

*ലോകത്തിന്റെ പ്രകാശമായ* യേശുവേ, നീ മലയിൽ കയറിയി രുന്ന് ശ്രോതാക്കളെ ഔദ്യോഗികവും ആധികാരികവുമായി പഠിപ്പിച്ചു.

[19]അപ്രേം, *സുവിശേഷഭാഷ്യം (ദിയതെസ്സാറോൺ ഭാഷ്യം)* നമ്പർ 1,29; (വിവ: ജി. ചേടിയത്ത്) കോട്ടയം, 2003, 22-23.

*നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു* (മത്താ 5,14). യഹൂദരായ ജനക്കൂട്ടത്തെ കണ്ട് നീ മലയിലേക്കു കയറി. നീ *ഇരുന്നപ്പോൾ ശിഷ്യ ന്മാർ അടുത്തുവന്നു*. നീ *അധരം തുറന്നു പഠിപ്പിച്ചുതുടങ്ങി* (മത്താ 5,1–2). നിന്റെ ശിഷ്യരായ ഞങ്ങൾ സാധാരണ ജനക്കൂട്ടത്തെക്കാൾ അതീവ ശ്രദ്ധയോടും ജാഗ്രതയോടും ശ്രവിക്കാനാണല്ലോ ഞങ്ങളെ നീ പഠിപ്പിക്കുന്നത് – *നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു* എന്ന്.

വഴിപിഴച്ചതും വക്രതയുള്ളതുമായ തലമുറയിൽപ്പെട്ട ഞങ്ങൾക്ക് കുറ്റമറ്റ ദൈവമക്കളാകാനുള്ള കൃപയും ശക്തിയും ദാനം നല്കണമെ. അങ്ങനെ ഞങ്ങൾ ലോകത്തിൽ വെളിച്ചമായി പ്രകാശിക്കാൻ അനു ഗ്രഹിക്കണമെ! (ഫിലി 2,16). ദിവ്യവെളിച്ചത്തിന്റെ വിൺപട്ടിൽ പൊതി യപ്പെട്ടവരായി, രൂപാന്തരപ്പെട്ടവരായി, ഈ ഗോല്ഗോഥാമലയിൽനിന്ന് ഇറങ്ങിപ്പോകാൻ ഞങ്ങളെ അനുഗ്രഹിക്കണേ! *പ്രകാശപൂരിതനായ യേശുവേ, ഇരുളടഞ്ഞ ഒരു ഭാഗവുമില്ലാതെ, എന്റെ ശരീരം മുഴുവൻ* – ഞാൻ പൂർണമായി – *പ്രകാശമാനമായിരിക്കാൻ* (ലൂക്കാ 11,36) *എന്റെ ശരീരം മുഴുവൻ* (എന്നെ പൂർണമായി) *പ്രകാശിപ്പിക്കണമെ* (ലൂക്കാ 11,34). *പ്രകാശപൂരിതനായ യേശുവേ, ഇരുളടഞ്ഞ ഒരു ഭാഗവുമില്ലാതെ, നിന്റെ ശരീരമായ* സഭയൊന്നാകെയും അതിലെ ഒരോ അംഗവും, വിശേഷിച്ച്, കുർബാനയ്ക്കു സമ്മേളിക്കുന്ന സഭയൊന്നാകെയും ഓരോരുവരും *മുഴുവൻ പ്രകാശമാനമായിരിക്കാൻ* സഭയെയും ഓരോ രുവരെയും *മുഴുവൻ പ്രകാശിപ്പിക്കണമെ* (ലൂക്കാ 11,34). *മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗസ്ഥനായ* നിങ്ങളുടെ *പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന്* നിങ്ങളുടെ *വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിപ്പിക്കുവിൻ* (മത്താ 5,14) എന്ന അങ്ങേ ഉപദേശം നിവർ ത്തിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെ! (പേജ് 4ഉം കാണുക)

## 7.12 പ്രകാശരഹസ്യങ്ങൾ തേടിയുള്ള മനുഷ്യയാത്രയ്ക്ക് ആത്മീയ മറുപടി

ആധ്യാത്മിക മേഖലയിൽ പ്രകാശരഹസ്യങ്ങൾ തേടിയുള്ള മനുഷ്യന്റെ യാത്രകൾക്കും സഹസ്രാബ്ദങ്ങളുടെ ചരിത്രമുണ്ട്. ഇന്ത്യ യുടെ ആർഷസംസ്കൃതിയുടെ അത്യാകർഷണീയവും അത്യുദാത്ത വുമായൊരു പ്രാർഥനയാണല്ലോ ''... തമസോ മാം ജ്യോതിർ ഗമ യ.'' ഇതിന് യേശുക്രിസ്തുവിൽനിന്നുള്ള മറുപടി സ്വീകരിച്ചവരാണ് ഇന്ത്യയിലെ ക്രൈസ്തവർ. ''ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു.'' ഈ ദാനം ഏറ്റവും ശ്രേഷ്ഠമായി ആഘോഷിക്കാനുള്ള സന്ദർഭവു

മാണ് വിശുദ്ധ കുർബാനയുടെ ഒരുക്കമായുള്ള ''വെളിവുനിറഞ്ഞോ രീശോ നിൻ വെളിവാൽ കാണുന്നു'' എന്ന തുടക്കം. അതിന്റെ തുടർച്ചയിൽ, ''വെളിച്ചത്തിനെന്തു വെളിച്ചം! അല്ലേ?'' എന്ന് വൈക്കം മുഹമ്മദു ബഷീർ വിസ്മയിച്ചിട്ടുള്ളത് യേശുക്രിസ്തുവിനെ നോക്കി പറയാൻ ഞാൻ പ്രാപ്തനാകുമ്പോൾ ക്രിസ്ത്യാനിയായ എന്റെ ആത്മാവിന്റെ ക്രൈസ്തവത്വം പ്രകാശനം ചെയ്യപ്പെടുകയത്രേ. അത് എന്റെ ക്രിസ്തുവിശ്വാസസാക്ഷ്യവും പ്രഘോഷണവുമാകുന്നു. അത് പ്രകാശപൂർണതയായ അവനിലേക്കുതന്നെയുള്ള പുതിയ പുറപ്പാടു മാകുന്നു; ക്രിസ്തുവെന്ന പ്രകാശത്തെ പ്രവേശിപ്പിച്ച് എന്റെ ജീവി തത്തിലെ ഇരുൾക്കുഴികളെ മൂടാൻ; ക്രൈസ്തവജീവിതത്തിന്റെ വെല്ലുവിളികളെ നേരിടാനും ക്രൈസ്തവമായ സുസ്ഥിരവികസനവും പ്രകാശ്യതയും ഉറപ്പാക്കാനും. ഞങ്ങളുടെ രക്ഷകനായ യേശുവേ, നീ ക്രൂശിതനായപ്പോൾ പ്രപഞ്ചത്തിനു മുഴുവനുംവേണ്ടി ഉയർത്ത പ്പെട്ട അതുല്യ ദിവ്യപ്രകാശമായി. ആ പ്രകാശത്തിൽ നിന്റെ കൂട്ടുക്രൂ ശിതരിലൊരാൾ തന്നിലെ അന്ധകാരമകറ്റി പ്രകാശം നിറയ്ക്കാൻ നിന്നിലേക്കു നീട്ടിയ ജ്ഞാനത്തിരി നീ സ്വർഗപ്രകാശമാക്കിയല്ലോ!

## 7.13 പ്രകാശ വിസ്മയങ്ങളെക്കുറിച്ചുള്ള ശാസ്ത്രത്തിന്റെ വിസ്മയവും

''വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്ന''തിനെ ക്കുറിച്ചുള്ള ധ്യാനത്തിൽ പ്രകാശവിസ്മയങ്ങളെക്കുറിച്ചുള്ള ശാസ്ത്ര ത്തിന്റെ വിസ്മയവും ഉചിതമല്ലോ. ഈ സമീപനം ക്രൈസ്തവ ജീവി തത്തിന്റെ പ്രകാശത്തെക്കുറിച്ചുള്ള ധ്യാനത്തിന്റെ പ്രാധാന്യത്തെ ക്കുറിച്ച് അവസരോചിതമായ ഒരു ഉണർവിന് ഉപകരിക്കുമെന്നും കരുതുന്നു. എക്കാലത്തും മനുഷ്യന് പ്രകാശം ഒരു വിസ്മയമാണ്. അതല്ലേ ''വെളിച്ചത്തിനെന്തു വെളിച്ചം! അല്ലേ?'' എന്ന് വൈക്കം മുഹമ്മുദു ബഷീർ പറഞ്ഞിട്ടുള്ളത്! പ്രകാശരഹസ്യങ്ങൾ തേടിയുള്ള മനുഷ്യന്റെ യാത്രകൾ ആരംഭിച്ചത് ഇന്നോ ഇന്നലെയോ അല്ല. സഹ സ്രാബ്ദങ്ങൾക്കു മുമ്പേ ആരംഭിച്ചതാണ്. ഒന്നോർത്തു നോക്കാം: എന്തെന്തു വിസ്മയക്കാഴ്ചകളിലൂടെയാണ് പ്രകാശം നമ്മുടെ ജീവി തത്തിൽ വെളിച്ചം വിതറുന്നത്! പൂക്കളുടെ കൊതിപ്പിക്കുന്ന നിറ ഭേദങ്ങളിലൂടെ. മഴവില്ലിന്റെ സപ്തവർണങ്ങളിലൂടെ. ആകാശത്തിന്റെ ഭാവ,വർണ വ്യത്യാസങ്ങളിലൂടെ. കടലാഴിയുടെ വിഭിന്ന ഭാവങ്ങളി

ലൂടെ. പ്രകൃതിയുടെ നൂറായിരം വർണങ്ങളിലൂടെ. പ്രകാശംതന്നെയായ ദൈവത്തിന്റെ പുഞ്ചിരികളും പൊട്ടിച്ചിരികളും!

പ്രകാശത്തിന്റെ പ്രയോജനത്തെപ്പറ്റി പറഞ്ഞാലോ? ഭൂമിയിൽ ജീവൻ നിലനില്ക്കുന്നതിന്റെ ഒരു അടിസ്ഥാനംതന്നെ സൂര്യപ്രകാശമാണല്ലോ. പ്രകാശമില്ലാതെ ഹരിതസസ്യങ്ങൾക്ക് പ്രകാശസംശ്ലേഷണം സാധ്യമല്ല. ഭൂമിയിൽ പച്ചപ്പ് നിലനില്ക്കുന്നതും സൂര്യപ്രകാശത്താലാണല്ലോ.

ഇക്കാലത്ത് പ്രകാശവും പ്രകാശാധിഷ്ഠിതങ്ങളായ സാങ്കേതികവിദ്യകളും മനുഷ്യരാശിക്ക് ഏറെ സുപ്രധാനമാണ്. പ്രകാശ സാങ്കേതിക വിദ്യകളുടെ എണ്ണമറ്റ ഉപയോഗങ്ങളുടെ ഉപഭോക്താവുമാണ് ഇന്നത്തെ മനുഷ്യസമൂഹം. ഫൈബർ ഒപ്റ്റിക്സിലെ മുന്നേറ്റമാണല്ലോ ഇന്റർനെറ്റിലൂടെ രാജ്യാന്തര സമൂഹത്തിന്റെ സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ മേഖലകളെ ബന്ധിപ്പിക്കുന്നതിൽ മുഖ്യ പങ്കു വഹിക്കുന്നത്. ലേസറിന്റെ കണ്ടെത്തൽ പല മേഖലകളിൽ വിസ്മയങ്ങൾ ഉണ്ടാക്കി. നാനോ ടെക്നോളജിയിലെ പ്രകാശസാങ്കേതിക വിദ്യകളുടെ പ്രയോഗം, ക്വാണ്ടംകമ്പ്യൂട്ടിംഗ് മുതലായ മേഖലകൾ കുതിച്ചുചാട്ടത്തിനു മുൻകാൽ പൊക്കി ഓടുന്നു!

അതേസമയംതന്നെ പ്രകാശത്തിന്റെ ദുരുപയോഗവുമേറുന്നു. ഇക്കൂട്ടത്തിൽപ്പെടുന്നവയാണ് രാത്രിയിൽ ഭൂമിയെ അമിതവും അനാവശ്യവുമായവിധം വൈദ്യുതദീപപ്രകാശത്തിൽ കുളിപ്പിക്കുന്നതും, ഇലക്ട്രോണിക് മാലിന്യങ്ങളും. ഇവ മണ്ണിനും മനുഷ്യരാശിക്കും പക്ഷികൾക്കുമൊക്കെ ഏറിയും കുറഞ്ഞും നാശകരമാണെന്നുള്ള സൂചനകൾ നല്കുന്ന പഠനങ്ങളുണ്ട്. അവ വേണ്ടത്ര പരിഗണിക്കപ്പെടുന്നില്ലെന്നത് അപകടകരമല്ലേ? ഹൈമാസ്റ്റ് ബൾബുകളുടെ പ്രകാശധോരണി നിമിത്തം രാത്രിയിൽ ദീർഘദൂരം പറക്കുന്ന പക്ഷികൾക്ക് കണ്ണഞ്ചുകയും ഉയരങ്ങളിൽ വലിച്ചിട്ടുള്ള ഇലക്ട്രിക്ക് കമ്പിയിൽ കുരുങ്ങി ചാകുകയും ചെയ്യുന്നതിനെക്കുറിച്ച് സുഗതകുമാരി ടീച്ചർ ഒരു സമ്മേളനത്തിൽ പറഞ്ഞതിന്റെ ടി.വി.പ്രക്ഷേപണം ഈയുള്ളവൻ കാണാനിടയായത് ഓർമിക്കുന്നു. ഇത്തരം പ്രശ്നങ്ങളൊക്കെ പ്രകാശത്തിന്റെയും മണ്ണിന്റെയും രാജ്യാന്തര വർഷമായ 2015ൽ ശ്രദ്ധിക്കപ്പെടുമെന്നാശിച്ചതു മിച്ചം! കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, ഊർജം മുതലായ മേഖലകളിൽ രാജ്യാന്തരതലത്തിലെ വെല്ലുവിളി

കളെ പരിഹരിക്കാനും സുസ്ഥിരവികസനം ഉറപ്പാക്കാനും പ്രകാശ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക എന്നത് പ്രകാശ ത്തിന്റെയും മണ്ണിന്റെയും രാജ്യാന്തരാചരണങ്ങളുടെ ലക്ഷ്യങ്ങ ളിൽപ്പെടുത്തിയിരുന്നതാണല്ലോ. മണ്ണിനും മനുഷ്യരാശിക്കും പക്ഷി കൾക്കും പ്രയോജനകരവും ആരോഗ്യകരവുമായ ആഭിമുഖ്യങ്ങൾ ഉണ്ടാകുവാൻ പ്രാർഥിക്കുകയും പരിഹാര,പ്രായശ്ചിത്തങ്ങൾ പ്രാവർ ത്തികമാക്കുകയും ചെയ്യുക "വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു" പാടുന്ന ദൈവജനത്തിന്റെയും ധർമമല്ലേ!

എന്റെ പ്രാർഥന പ്രകൃതിയിലെ അംഗങ്ങളോടൊത്താകണമെന്ന് സഭ ക്രമീകരിച്ചിട്ടുള്ളതിനു നന്ദി. ഓരോ രാവും അവസാന യാമത്തിൽ 148,149,150 സങ്കീർത്തനങ്ങളാലപിക്കാനുള്ള ക്രമീകരണം. പർവതങ്ങൾ, സകല മലകളും കുന്നുകളും, കാട്ടാറുകൾ, മൃഗങ്ങൾ, പക്ഷികൾ എന്നി വയെല്ലാറ്റിനോടും ചേർന്നുകൊണ്ടു സ്ഥിരം നിത്യനൂതനമായൊരു പാട്ട് കർത്താവിന്! സഭയിൽ, നീതിനിഷ്ഠരുടെ സഭയിൽ; ദൈവഹിതം നിറവേറ്റുന്നവരുടെ കൂട്ടായ്മയിൽ സ്തുതികീർത്തനമാലപിക്കാൻ ഈ മഹാപാപിക്കുമൊരിടം! ലോകത്തിന്റെ നിത്യപ്രകാശമായ യേശു എന്നിലേക്ക് അനവരതം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന പ്രകാശരശ്മികൾ എന്നിൽ പതിഞ്ഞ് പരിസരമാകെ പ്രഭ വിതറാൻ എന്നിലെ ഇരുട്ടിന്റെ ആത്മാവിനെ പൂർണമായി തിരിച്ചറിഞ്ഞ് തീർത്തുമിറക്കിവിടാൻ എനിക്കു സാധിക്കുന്നത് എന്നാണിനി? ആ പ്രകാശഭരിതമായ സുപ്രഭാതത്തിനായി പ്രകാശപൂർണനായ, അതേ, പ്രകാശംതന്നെയായ, യേശുവിനോട് ഓരോ നിമിഷവും അപേക്ഷിക്കാം. വെളിച്ചത്തിനു വേണ്ടി അപേക്ഷിക്കുന്ന ഓരോ നിമിഷവും അവന്റെ കല്ലറയിങ്കലെ മൂന്നാം ദിനത്തിലെ സുപ്രഭാതമല്ലോ! മഗ്ദലന അവിടുണ്ടാകും! അന്നു വൈകിട്ടു കതകടച്ചിരിക്കുമ്പോൾ യേശു വീണ്ടും എന്നോടു പറയും: നിനക്കു സമമാധാനം!

അധ്യായം

# 8

# കുർബാന മഹാദീപാവലി

*അന്ധകാരത്തിലിലുന്ന ജനം വലിയ പ്രകാശം കണ്ടു. മരണ ത്തിന്റെ നാട്ടിലും നിഴലിലുമിരുന്നവർക്കായി പ്രകാശം ഉദയം ചെയ്തു* (മത്താ 4,16; ഏശ 9,1–2). പ്രകാശം രക്ഷയുടെ സൂചകമാണ്.

## 8.1 പ്രകാശത്തിന്റെ ഉത്സവം

അന്ത്യോക്യൻ സുറിയാനി പാരമ്പര്യപ്രകാരം മലങ്കര സഭയർപ്പി ക്കുന്ന വിശുദ്ധ കുർബാന ആദ്യന്തം ആരാധകർ, വിശേഷിച്ച് കർമി യായ വൈദികൻ, ''പ്രകാശത്തിൽനിന്നുള്ള പ്രകാശ''ത്താൽ പ്രകാശം കാണുകയും കൂടുതൽ പ്രകാശിതരാകുകയും ചെയ്യുന്ന മഹാസംഭ വമാണ്. അതിൽ ആരാധകർ ''പ്രകാശത്തിൽനിന്നുള്ള പ്രകാശ''ത്തിൽ കൂടതൽ ആമഗ്നരാകുന്നു. പ്രകാശത്തിന്റെ ഉറവയിൽനിന്നു പാനം ചെയ്യുന്നു. പ്രകാശത്താൽ വിശുദ്ധീകരിക്കപ്പെടുന്നു. മഹാദീപാവലി യാണ് കുർബാന. പരസ്യാരാധന കഴിഞ്ഞ് മദ്ബഹാവിരിക്കുള്ളിൽ കർമിയായ പുരോഹിതൻ ചെയ്യുന്ന സമാപനശുശ്രൂഷയിൽ സങ്കീ 36,8–9 ഞങ്ങളുടെ ദൈവമായ മിശിഹായെ വിളിച്ച് ഇപ്രകാരം ആല പിക്കുന്നു: *അവർ നിന്റെ ഭവനത്തിലെ പുഷ്ടിയിൽനിന്നു തൃപ്ത രാകും. നിന്റെ ഇമ്പമുള്ള അരുവിയിൽനിന്ന് നീ അവരെ കുടിപ്പിക്കും. എന്തെന്നാൽ, ജീവന്റെ ഉറവ നിന്നോടൊത്തുണ്ട്. പ്രകാശം നിറഞ്ഞ യേശുവേ (വെളിവു നിറഞ്ഞോരീശോ), നിന്റെ പ്രകാശത്താലാകുന്നു ഞങ്ങൾ പ്രകാശം കാണുന്നത് (ബ്നുഹ്റൊക് ഹോസേനാൻ നുഹ്റൊ യേശൂ മ്ലേ നുഹ്റൊ ...)*[1] ആരംഭത്തിൽ അപ്പം ഒരുക്കുമ്പോൾ *ബ്നു ഹ്റൊക് ഹോസേനാൻ* ... പാടിക്കൊണ്ടു കർമിതന്നെ തിരി കത്തി ച്ചിരുന്ന പതിവനുസരിച്ചു കണ്ടാൽ, അതുതന്നെ കർമി അവസാന ത്തിലും പാടുന്നു. അതായത്, കുർബാനസമയം മുഴുവൻ, ബലിപീ ഠത്തിലായിരിക്കുന്ന സമയമത്രയും, കർമിയായ പുരോഹിതൻ *ബ്നു ഹ്റൊക് ഹോസേനാൻ ബ്നുഹ്റൊക് ഹോസേനാൻ നുഹ്റൊ യേശൂ മ്ലേ നുഹ്റൊ*യുടെ ആവൃതിക്കുള്ളിലാണ്! യേശുവാകുന്ന പ്രകാശം

[1]സുറിയാനിയിൽനിന്നുള്ള പരിഭാഷ; *പ്രകാശം നിറഞ്ഞ യേശുവേ* എന്ന ഭാഗം മലയാളം കുർബാനതക്സായിൽ (1987, 2007) വിട്ടുകളഞ്ഞിരിക്കുന്നു.

രക്ഷയുടെ വെളിപാടാകുന്നു (മത്താ 4,16; ലൂക്കാ 2,32; യോഹ 1,4;8,11,9; അപ്പ 2,20; 13,47; 1 പത്രോ 2,9;വെളി 18,1). ദൈവത്തിന്റെ രക്ഷാകര പ്രവർത്തനങ്ങളെപ്പറ്റിയുള്ള അറിവിനെയും സൂചിപ്പിക്കുന്നു പ്രകാശം (അപ്പ 9,3; 22,6.9;എഫേ 5,13; 2 തീമോ 1,10). *നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവം, മഹത്ത്വത്തിന്റെ പിതാവ്, ജ്ഞാനത്തി ന്റെയും തന്നെക്കുറിച്ചുള്ള അറിവിന്റെ വെളിപാടിന്റെയും ആത്മാ വിനെ* നമുക്കു *നല്കിയിരിക്കുന്നു. അവിടുത്തെ വിളിയുടെ പ്രത്യാ ശയെന്തെന്ന്, വിശുദ്ധരിലുള്ള അവിടുത്തെ മഹത്ത്വപൂർണമായ അവ കാശത്തിന്റെ സമ്പന്നതയെന്തെന്ന്* നാം കാണാൻ നമ്മുടെ *ഹൃദയ ത്തിന്റെ കണ്ണുകൾ പ്രകാശിതമാക്കി* (എഫേ 1,17-18). പ്രകാശം നിറ ഞ്ഞ യേശുവേ, നിന്റെ പ്രകാശത്താൽ ഞങ്ങൾ രക്ഷ അനുഭവിക്കു ന്നു, അറിയുന്നു. പരിശുദ്ധ കുർബാന പ്രകാശത്തിന്റെ ഉത്സവമാണ്.

### 8.2 ആത്മീയ ഭക്ഷണം പാകപ്പെടുത്തുന്ന പ്രകാശം

പ്രകാശപൂരിതനായ യേശുവേ, എന്റെ ആത്മാവിന്റെ അന്നന്ന യപ്പം ഒരുക്കപ്പെടുന്ന ഈ കുർബാനയുടെ ആരംഭത്തിൽ ''വെളിവു നിറഞ്ഞോരീശോ, നിൻ വെളിവാൽ കാണുന്നു'' എന്നു നിന്നെ ഏറ്റു പറഞ്ഞു സ്തുതിക്കുമ്പോൾ ഭക്ഷണം പാകപ്പെടുത്തലും പ്രകാശ വുമായുള്ള ബന്ധത്തെപ്പറ്റി കൗമാരത്തിൽ പഠിച്ചത് ഇവരോർക്കുന്നു. സസ്യങ്ങൾക്കു ഭക്ഷണം പാകപ്പെടുത്താൻ പ്രകാശം ആവശ്യമുണ്ട്. സൂര്യന്റെ പ്രകാശത്തിന്റെ സഹായം ആവശ്യമുണ്ട്. ഞങ്ങളുടെ ആത്മീയഭക്ഷണം പാകപ്പെടുത്താൻ, പരിശുദ്ധനായ അപ്രേം എഴു തിക്കാണിച്ചിട്ടുള്ളതുപോലെ, നീ പിതാവായ സൂര്യന്റെ പ്രകാശമായും പരിശുദ്ധാത്മാവ് സൂര്യന്റെ ചൂട് ആയും ഈ സമയം പ്രവർത്തിക്കു ന്നതിനു നന്ദിയും സ്തോത്രവും.

''വെളിവു നിറഞ്ഞോരീശോ, നിൻ വെളിവാൽ കാണുന്നു.'' പ്രകാശപൂരിതനായ യേശുവേ, ''അന്ധകാരത്തിൽനിന്നു പ്രകാശത്തി ലേക്ക് എന്നെ നയിച്ചാലും'' എന്നു പ്രാർഥിച്ചുകൊണ്ടിരുന്ന ഇന്ത്യാ ക്കാരായ എന്റെ പൂർവികരുടെ പ്രാർഥനയ്ക്കു സകലരുടെയും സ്നേ ഹപിതാവു നല്കിയ മറുപടിയാകുന്നു നീ. പ്രകാശത്തിനുവേണ്ടി വിശന്നലഞ്ഞ് കേവലമൊരു സൃഷ്ടിയായ സൂര്യനെ ദേവനായി പൂജി ച്ചുപോന്ന വിഗ്രഹാധകരുടെയും വിശപ്പിനറുതിയേകി സംതൃപ്തി നല്കിയ ജീവപ്രദമായ പ്രകാശമാണു നീ. *അന്ധകാരത്തിൽനിന്നു*

*പ്രകാശം ഉദിക്കട്ടെ എന്നു പറഞ്ഞ ദൈവംതന്നെയാണ് നിന്റെ മുഖത്തെ തേജസ്സിനെപ്പറ്റിയുള്ള പ്രകാശം ഞങ്ങൾക്കു തന്നത്* (2 കോറി 4,6).

''വെളിവു നിറഞ്ഞോരീശോ,'' ''മിശിഹാ കർത്താവേ, നീ പിതാവിനാൽ ലോകത്തിലേക്ക് അയയ്ക്കപ്പെട്ട സാക്ഷാൽ പ്രകാശമാകുന്നു ... ആദികാലംമുതൽ നീതിമാന്മാരിലും പുണ്യവാന്മാരിലും നീ വെളിപ്പെട്ടു.''[2] നീ *കർത്താവായ ദൈവം ഞങ്ങൾക്കു നല്കിയ പ്രകാശമാകുന്നു* (സങ്കീ 118,27). നീയാണ് മലാഖിപ്രവാചകൻ പ്രവചിച്ച നീതിസൂര്യൻ (മലാ 14,2).

## 8.3 ഞാൻ ബർതിമേയൂസാകുമോ?

''വെളിവു നിറഞ്ഞോരീശോ,'' നീ വലിയൊരു ജനാവലിയോടുകൂടെ ഇവിടെയെത്തിട്ടുണ്ടെന്നും ഇതുവഴി കടന്നുപോകുന്നെന്നും ഇവനന്ധൻ ജനത്തിന്റെ സ്വരത്തിലും ശബ്ദത്തിലുംനിന്നു കേൾക്കുന്നു. എന്നടുത്തൂടെയുള്ള നിന്റെ കടന്നുപോക്കിന്റെ പാദസ്വരം നേരേ കേൾക്കാൻ പുരോഹിതനായ എനിക്കു കഴിയാതെയാകുമ്പോൾ നിന്റെ കടന്നുപോക്കിന്റെ മൃദുസംഗീതം എന്നെ അറിയിക്കാൻ അതനുഭവിച്ചറിഞ്ഞ ജനത്തെയും ജനക്കൂട്ടത്തെയും നീ ഒരുക്കിയിട്ടുള്ളതിനു നന്ദി. നീ ഇഹലോകവാസകാലത്ത് ഗലീലിയിൽനിന്നു ജറുസലേമിലേക്ക്, ഗോല്ഗോഥായിലെ നിന്റെ ബലിപൂർത്തീകരണത്തിന്, കടന്നുപൊയ്ക്കൊണ്ടിരുന്നപ്പോളാണല്ലോ അന്ധയാചകനായിരുന്ന ബർതിമേയുസിനു നീ കാഴ്ച നല്കിയത്. നീ അയാളെ വിളിക്കുന്നെന്നു ജനക്കൂട്ടം പറഞ്ഞ മാത്രയിൽ പുറങ്കുപ്പായം ദൂരെയെറിഞ്ഞ്, കുതിച്ചുചാടി നിന്നടുത്തെത്തിയത്! അയാൾക്കു പുറംകാഴ്ചയില്ലായിരുന്നെങ്കിലും, കുതിച്ചു ചാടി നിന്നടുത്തെത്താൻ ഉൾക്കാഴ്ചയുണ്ടായിരുന്നു! എന്റെ കാര്യം നേരേ തിരിച്ചാണല്ലോ! അതിനാൽ, നീ എന്നെ വിളിക്കുന്നെന്നു ജനം പറഞ്ഞാലും കുതിച്ചു ചാടി നിന്നടുത്തെത്താൻ എനിക്കാവില്ല! ഞാൻ തപ്പിത്തടഞ്ഞു നില്ക്കുകയേയുള്ളു. ജനക്കൂട്ടം എന്നെ പിടിച്ചു നിന്നടുത്തു കൊണ്ടുവന്നാലും ഞാൻ കാഴ്ച ചോദിക്കുമോ അതോ മറ്റു വല്ലതും ചോദിക്കുമോ എന്നു നിക്കറിയാമല്ലോ. ഞാൻ കാഴ്ചയ്ക്കു വേണ്ടി മാത്രം നിന്നെ സമീപിച്ചാൽ *വഴിയിൽ*, പീഡാനുഭവത്തിനും ക്രൂശുമരണത്തിലേക്കുമുള്ള വഴിയിൽ, നിന്നെ അനുഗമിക്കേണ്ടിവരില്ലേ, ബർത്തേമിയൂസിനെപ്പോലെ?

[2] *വലിയ നോമ്പിലെ പ്രാർഥനക്രമം* വെള്ളി സന്ധ്യാപ്രാർഥന, സെദറാ.

അതിനാൽ ഞാൻ ഇങ്ങനെ ചെയ്യും. നീ നിന്റെ പരസ്യശുശ്രൂഷയുടെ ആരംഭകാലത്ത് സ്വന്തം നാട്ടിൽനിന്നു കടന്നുപോയപ്പോൾ നീ കാഴ്ച നല്കിയ രണ്ട് അന്ധന്മാർ ചെയ്തതുപോലെ: *അവർ പോയി അവന്റെ കീർത്തി നാടെങ്ങും പരത്തി* (മത്താ 9,31). ഇങ്ങനെ ചെയ്യാം ഞാനും! പോരേ? ഇങ്ങനെ നിന്റെ *കീർത്തി നാടെങ്ങും പരത്തി*പ്പരത്തി ഞാൻ ജറുസലേമിലെത്തും - വിശുദ്ധ സ്ഥലത്ത് ദേവാലയത്തിലെത്തും. നീ ദേവാലയത്തിൽനിന്നു പുറത്തുപോയി കടന്നുപോകുമ്പോൾ ഞാനിതാ ജന്മനാ അന്ധനായ ഒരുവനായി നിന്റെ മുമ്പിൽ! (യോഹ 9,1). നിന്നെ അനുഗമിക്കുന്ന ശിഷ്യന്മാർ എന്റെ അന്ധതയെക്കുറിച്ചുന്നയിക്കുന്ന ചോദ്യശരങ്ങളെല്ലാം അവഗണിച്ച്, നിനക്ക് എന്നോടു സഹതാപമുണ്ടാകുമല്ലോ. നിന്റെ തുപ്പൽ ചേർത്തു ചെളിയുണ്ടാക്കി *എന്റെ കണ്ണുകളിൽ പൂശിയിട്ട്,* എന്നോടു പറയണേ, *നീ പോയി സീലോഹാക്കുളത്തിൽ കഴുകുക* എന്ന്. ഞാൻ പോയി കഴുകാം. എനിക്കു കാഴ്ച ലഭിച്ചുകഴിഞ്ഞ്, *അവൻ* (നീ) *എവിടെ എന്ന്* അവർ എന്നോടു ചോദിച്ചാൽ ഞാൻ പറയും: എനിക്കറിഞ്ഞുകൂടാ! അവൻ ഇതാ, ഇവിടെയുണ്ട് എന്നു പറയാൻ എന്റെ നാവിനും സൗഖ്യം നല്കി സംസാരിപ്പിക്കണേ! നിന്റെ പരിശുദ്ധാത്മാവിനെ അയച്ച് എന്റെ നാവിനും ശക്തിയും അഭിഷേകവും നല്കണമെ, ആമ്മീൻ.

## 8.4 ഞങ്ങൾ ജീവനുള്ളവരായിരിക്കുന്നു!

"വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു:" ഇത് "കർത്താവിന്റെ ദാസനായ ദാവീദിന്റെ" എന്ന തലക്കെട്ടലങ്കരിക്കുന്ന 36-ാം സങ്കീർത്തനത്തിന്റെ 9-ാം പാദത്തിന്റെ രണ്ടാം പകുതിയുടെ ക്രിസ്ത്വാത്മക പരാവർത്തനമാണല്ലോ. "*അങ്ങയുടെ (ദൈവത്തിന്റെ) പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു*" എന്നു സങ്കീർത്തകൻ പാടി. അത് ക്രിസ്തുവിൽ പൂർത്തിയായെന്നും, വിശുദ്ധ കുർബാനയിലും ഞങ്ങളതു കാണുന്നു, അനുഭവിക്കുന്നു എന്നും സഭ മനസ്സിലാക്കുകയും തന്റെ ഹൃദയരാഗമാക്കുകയും ചെയ്തു. വിശുദ്ധ കുർബാനയുടെ അവസാനം പൂജാപാത്രങ്ങൾ കഴുകുമ്പോഴും സങ്കീർത്തനം 36 പ്ശീത്തായുടെ ചില പാദങ്ങൾ ആലപിക്കുന്ന കൂട്ടത്തിൽ 9-ാം പാദവുമുണ്ടല്ലോ: "*...ജീവന്റെ ഉറവ നിന്റെ പക്കലുണ്ട്; നിന്റെ തേജസ്സാലാകുന്നു ഞങ്ങൾ പ്രകാശം ദർശിക്കുന്നത്.*" വിശുദ്ധ കുർബാനയുടെ പരസ്യാരംഭത്തിനു മുമ്പും പരസ്യാരാധനയ്ക്കു ശേഷവും

9-ാം പാദം പാടാൻ സഭ ക്രമീകരിച്ചിരിക്കുന്നു! ഞങ്ങൾ പ്രകാശം കാണുന്നു എന്നത് ഞങ്ങൾ ജീവിച്ചിരിക്കുന്നു എന്നതിന്റെ അടയാളമാണ് (ജോബ് 3,20; സങ്കീ 49,19). പ്രകാശത്തിൽനിന്നുള്ള പ്രകാശമായ യേശുവിനാൽ ഞങ്ങൾ ജീവിക്കുന്നു. വിശുദ്ധ കുർബാന ആദ്യന്തം ആരാധകർ, വിശേഷിച്ചു പുരോഹിതൻ, ''പ്രകാശത്തിൽനിന്നുള്ള പ്രകാശ''ത്താൽ പ്രകാശം കാണുന്ന മഹാസംഭവമാണ്. സൂചനയായി പ്രകാശത്താൽ ദേവാലയം, പ്രത്യേകിച്ചു മദ്ബഹാ, ബാഹ്യമായും പ്രകാശത്താൽ അലംകൃതമാകുന്നു! എന്റെ ഉള്ളമോ?

## 8.5 ഞങ്ങൾ ലോകത്തിനു പ്രകാശമായിത്തീരാൻ

''വെളിവുനിറഞ്ഞോരീശോ,'' നിന്റെ ശിഷ്യരായ ഞങ്ങൾ ലോകത്തിന്റെ പ്രകാശമാണെന്നതിനർഥം ഞങ്ങൾ എരിഞ്ഞുതീർന്നുകൊണ്ടിരിക്കേണ്ടവരാകുന്നു എന്നുമല്ലോ! ഞങ്ങൾക്കറിവുള്ള സകല പ്രകാശദായകവസ്തുക്കളും നിർമിതികളും പ്രകാശത്തിരികളുമെല്ലാം കത്തിയെരിഞ്ഞുതീർന്നുകൊണ്ടാണ് പ്രകാശം നല്കുന്നത്. ഞങ്ങൾക്ക് അനുദിനം അനുഭവപ്പെടുന്ന, കാണപ്പെടുന്ന, ഏറ്റവും വലിയ പ്രകാശമായ സൂര്യൻ ഞങ്ങൾക്കു പ്രകാശവും പ്രകാശദാതാവുമായിരിക്കുന്നത് സ്വയം എരിഞ്ഞുതീർന്നുകൊണ്ടേയിരുന്നാണല്ലോ. യഥാർഥ പ്രകാശവും ആദിപ്രകാശവുമായ ദൈവമേ, നിന്റെ ഏകജാതനിൽ നീ പൂർത്തിയാക്കുകയും പൂർണമാക്കുകയും ചെയ്ത സ്വയംദാനം വഴി, നിന്റെ സ്വയംശൂന്യമാക്കലിൽ, ആണല്ലോ നീ ഞങ്ങൾക്കു ജീവദായകമായ പ്രകാശമായിക്കൊണ്ടിരിക്കുന്നത്. അപ്രകാരംതന്നെ ലോകത്തിന്റെ പ്രകാശമായ യേശുവും. സൂര്യൻ എരിഞ്ഞുതീർന്നാലും ഒരിക്കലും എരിഞ്ഞുതീരാത്തതും എന്നേക്കും കത്തിജ്വലിച്ചുകൊണ്ടിരിക്കുന്നതുമായ അനശ്വരസൂര്യനും നിത്യപ്രകാശവുമാകുന്നു നീയും നിന്റെ പുത്രനും നിങ്ങളുടെ പരിശുദ്ധാത്മാവും.

ഓ, ദൈവമായ കർത്താവേ, നിന്റെ ശൂന്യവത്കരണത്തിന്റെ സമ്പൂർണതയായ ഗോല്ഗോഥായിൽ കുരിശും പ്രകാശവും ഒന്നാകുന്നു. അതിനാലാകുമല്ലോ ക്രൂശിതൻ പിതാവിന്റെ കരങ്ങളിലേക്ക് ആത്മാവിനെ ഏല്പിച്ചു പ്രാണൻ വെടിയാനുള്ളതിന്റെ ഒരുക്കമായപ്പോൾ മുതൽ - ആറാം മണിക്കൂർ മുതൽ ഒമ്പതാം മണിക്കൂർ വരെ - ഭൂമി മുഴുവന്റെയുംമേൽ അന്ധകാരമുണ്ടായതും സൂര്യഗ്രഹണമുണ്ടായതും! (മർക്കോ 15,33; മത്താ 27,45-47; ലൂക്കാ 23,44-46). ഇനി ക്രൂശിതൻ മതി ലോകത്തിനു പ്രകാശമായി. ആഴ്ചയുടെ ഒന്നാം നാൾ ഇരു

ട്ടായിരിക്കുമ്പോൾത്തന്നെ സ്ഥിരീകരിക്കപ്പെടും അവനാണ് മരണമില്ലാത്ത പ്രകാശമെന്ന്. സൂര്യൻ എറിഞ്ഞെരിഞ്ഞ് ഇരുണ്ടുപോകും; നക്ഷത്രങ്ങൾ മങ്ങിപ്പോകും; ചന്ദ്രനു പ്രകാശം കിട്ടാതെയും തരാൻ സാധിക്കാതെയും വരും. കല്ലറിയിൽനിന്നു പ്രകാശിച്ച ക്രൂശിതൻ മാത്രം അനശ്വരപ്രകാശമായി നിലനില്ക്കും. *വെളിച്ചം സുഖദമാണ്; സൂര്യനെ നോക്കുന്നത് കണ്ണിനു നല്ലതാണ്.* (സഭാപ്ര 11,7).

ക്രൂശിതനായ ദൈവപുത്രാ, യേശുവേ, നീയാണ് നട്ടുച്ചയ്ക്ക് അന്ധകാരം മൂടുന്ന ഞങ്ങളുടെ ലോകത്തിന്, ഞങ്ങൾക്ക്, കാണപ്പെട്ടതിലേക്കും ഏറ്റവും ജീവദായകമായ സമ്പൂർണപ്രകാശം. അപ്രകാരം നീ ഞങ്ങൾക്കു കാണപ്പെട്ടത് അധികാരികളും പടയാളികളും വഴിപോക്കരും സഹക്രൂശിതരായ അക്രമികളിലൊരുവനും അന്യോന്യം മത്സരിച്ച് നിന്നെ അധിക്ഷേപിച്ചും വെല്ലുവിളിച്ചും തിളങ്ങിവിളങ്ങിക്കൊണ്ടിരുന്നപ്പോഴാണല്ലോ. നീ ഞങ്ങൾക്കുവേണ്ടി പിതാവിന്റെ നിയോഗം ഏറ്റെടുത്തു നിവർത്തിയാക്കിയ ശൂന്യവത്കരണത്തിന്റെ ആത്മപ്രകാശനമാകാൻ, അങ്ങനെ സ്വയം എരിഞ്ഞുതീർന്ന് ഞങ്ങൾ ലോകത്തിനു പ്രകാശമാകാൻ, അനുഗ്രഹിക്കണമെ!

### 8.6 "വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു" + " കാന്ത്യാ ഞങ്ങളെ നീ താതൻ കതിരേ ശോഭിപ്പിക്കെന്നും"

ഈ ഗാനഭാഗങ്ങളിൽ ആദ്യത്തേത് പ്രകാശമായ യേശുക്രിസ്തുവുമായി ആരാധകസംഘത്തിനുള്ള ഐക്യാനുഭവത്തിന്റെ സാക്ഷ്യപ്പെടുത്തലത്രേ. അടുത്തത്, ആദ്യം സാക്ഷ്യപ്പെടുത്തിയ ഐക്യത്തിന്റെ നിത്യതയോളമുള്ള തുടർച്ചയ്ക്കുവേണ്ടി പ്രകാശമായ പിതാവിന്റെ പ്രകാശക്കതിരിനോടുള്ള (യേശുവിനോടുള്ള) അപേക്ഷയാണ്.

ആദ്യം സായൂജ്യാനുഭവസാക്ഷ്യം. ഈ യാഥാർഥ്യം സൂക്ഷ്മമായയറിയാൻ, ദൈവം പ്രകാശമാകുന്നു; പ്രകാശമായ ദൈവത്തിന്റെ പ്രകാശം നിറഞ്ഞുള്ളവനാണ് (വെളിവു നിറഞ്ഞവനാണ്) പുത്രൻ (യേശു) എന്ന് നാം പാടിയാഘോഷിക്കുന്ന ദൈവശാസ്ത്രവും ക്രിസ്തുശാസ്ത്രവും ഓർമിക്കണം. "താതൻ കതിരേ" (പിതാവിന്റെ പ്രഭയേ) എന്നു നാം യേശുവിനെ സംബോധന ചെയ്യുമ്പോൾ പിതാവിന്റെ ദൈവസ്വഭാവംതന്നെയാണ് പുത്രന്റേതും എന്ന് നാം ഏറ്റുപറയുകയുമത്രേ. പിതാവിന്റെ ദൈവസ്വഭാവംതന്നെ പുത്രനുമുണ്ടെന്നു

പറഞ്ഞാൽ? പുത്രനും പൂർണദൈവത്വമുണ്ട് എന്ന്. ഇഹത്തിൽ പ്രകാശമായ പിതാവിനെ കാണാൻ പുത്രനെ കണ്ടാൽ മതി.

"**വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു.**" ഈ ഏറ്റുപറച്ചിലിന് ഉള്ളർഥങ്ങളുണ്ട്. യേശുവിൽ നിറഞ്ഞുള്ള വെളിച്ചത്താൽത്തന്നെ വിശ്വാസികളായ നാമും കാണുന്നെന്നുണ്ട്. അതായത്, പിതാവിന്റെ പ്രകാശമായ യേശുവിലുള്ള പ്രകാശംതന്നെയാണ് നമ്മിലുമുള്ളതെന്ന്. ഇത് യേശുവും നാമും തമ്മിലുള്ള താദാത്മ്യപ്പെടലിന്റെ ഒരു ഉദ്ഘോഷണമല്ലോ! ... *ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്* (ഗലാ 2,20). യേശു എന്നിലും ഞാൻ അവനിലും (യോഹ 6,56). ഈ അന്യോന്യാധിവാസം സത്യക്രിസ്ത്യാനിയുടെ സത്യമായ ആത്മീയാനുഭവമാണ്. കുർബാന സ്വർഗീയ പിതാവിന്റെ ആദ്യജാതനായ യേശുക്രിസ്തുവിന്റെ ബലിയർപ്പണമാണ്. അതേ സമയംതന്നെ അത് ബലിയർപകരായ പുരോഹിതജനം സ്വർഗീയ പിതാവിന്റെ ആദ്യജാതന് ആ ആദ്യജാതനെ അർപ്പിക്കുന്ന ബലിക്രമമാണ്.[3] ഒപ്പം സർവശക്തനായ കർത്താവിനു സ്വീകാര്യയോഗ്യമായ ബലിയായി തങ്ങളെത്തന്നെയും[4] അർപ്പിക്കുന്ന ബലിക്രമവുമാണ്. മുന്നാമതു പറഞ്ഞ ബലിക്രമം പൗലോസപ്പോസ്തലൻ റോമായിലെ സഭാംഗങ്ങളോട് അഭ്യർഥിക്കുന്ന ബലിക്രമമാണ്: *ആകയാൽ സഹോദരരേ, ദൈവത്തിന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് ഞാൻ നിങ്ങളോട് അഭ്യർഥിക്കുന്നു: നിങ്ങളുടെ ശരീരങ്ങൾ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതാണ് നിങ്ങളുടെ ആത്മീയമായ ആരാധന.* 'ആത്മീയമായ ആരാധന' അനുസരണവും പ്രാർഥനയും ജീവിതത്തിന്റെ ദൈവോന്മുഖതയും കുരിശിൽ യേശു പൂർത്തിയാക്കിയുള്ളതാണല്ലോ.[5]

[3]മല്ക്കിസെദെക്കിന്റെ ക്രമത്തിൽ പുരോഹിതൻ ത്രോണോസിൽ കുർബാനയപ്പം ഒരുക്കിവയ്ക്കുമ്പോഴത്തെ പ്രാർഥന [4]കുർബാനയിലെ മല്ക്കിസെദെക്കിന്റെ ക്രമത്തിന്റെ സെദറായിലെ അപേക്ഷാഭാഗം (മല.സു.ക.സഭയുടെ കുർബാനതക്സാ, 2007, പേജ് 7). [5]*ലോഗികേൻ* എന്ന ഗ്രീക്കുവാക്ക് 'ആത്മീയം' എന്നാണ് പി.ഒ.സി. *പരിഷ്കരിച്ച പുതിയ നിയമം* പരിഭാഷപ്പെടുത്തിയിട്ടുള്ളത്. സത്യവേദപുസ്തകം "ദൈവത്തിനു പ്രസാദമുള്ള" എന്ന്. സത്യവേ.പുസ്തകത്തിന്റേത് പരിഭാഷയല്ല, വ്യാഖ്യാനമാണ്. *ലോഗികേൻ* എന്ന വാക്കിന്റെ അർഥവിശകലനം, കുര്യൻ വാലുപറമ്പിൽ, *പുരോഹിതൻ തീച്ചൂളയിൽ* വാല്യം 1, പേജ് 146-149.

പൂർത്തീകൃത ബലിയായ യേശുവിനോടു ചേരുവാൻ, അവനോട് ഒന്നാകാനുള്ള അദമ്യമായ അഭിവാഞ്ചയോടെയാണ് വിശുദ്ധ കുർബാനയിൽ പുരോഹിതജനം പങ്കുകൊള്ളുക. അവരുടെയും യേശുക്രിസ്തുവിന്റെയും പ്രതിനിധിയായ പുരോഹിതൻ വിശുദ്ധ കുർബാനയ്ക്കുള്ള ഒരു സെദറായിൽ യേശുക്രിസ്തുവിനോട് ഇപ്രകാരം അപേക്ഷിക്കുന്നുണ്ടല്ലോ:

> ...നീ കാണുന്നപ്രകാരം നിന്റെ ശരീരത്തെ ദർശിക്കുവാൻ എന്നിൽ വിശ്വാസം ഉളവാക്കണമേ. ... ആത്മീയ നയനങ്ങളാൽ നിന്നെ കാണുവാൻ എനിക്കു കണ്ണുകൾ തരണമേ. ഞാൻ സ്വയം വിസ്മരിച്ച് നീന്നെ മാത്രം സ്മരിക്കുമാറകണമേ. എന്റെ ആന്തരിക നയനങ്ങൾക്കു മുമ്പിൽ നീ മാത്രം ചിത്രീകരിക്കപ്പെടണമേ. മഹോന്നതത്തിൽനിന്നു പരിശുദ്ധ റൂഹാ ഈ ദിവ്യരഹസ്യങ്ങളിൽ ഇറങ്ങിവരുന്ന ഈ സമയത്ത് ഭൂമിയിൽനിന്നു ഞാൻ ആത്മാവിൽ സ്വർഗത്തിലേക്കു കരേറുമാറാകണമേ. ... ഈ അപ്പത്തിൽ നിന്റെ ശക്തി നിവേശിപ്പിക്കപ്പെടുകയും ഈ വീഞ്ഞു രൂപാന്തരം പ്രാപിച്ച് രക്തമായി പരിണമിക്കുകയും ചെയ്യുന്ന ഈ സമയത്ത് എന്റെ ജീവൻ നിന്റേതിൽ കലർത്തപ്പെടുമാറാകണമേ.[6]

യേശു തന്റെ ശരീരത്തെ കാണുന്നതുപോലെ നാം ആ ശരീരത്തെ വിശ്വാസക്കണ്ണാൽ കാണണം. അത് പരിശുദ്ധാത്മദാനമായ കണ്ണാണ്. ആ കണ്ണുകൊണ്ട് കുർബാന 'കാണണം.' ഈ കാഴ്ച ശാരീരിക കണ്ണുകൾകൊണ്ടുള്ള സാധാരണ കാഴ്ചയല്ല. നാം നമ്മെത്തന്നെ മറന്ന് നമുക്കുവേണ്ടി തന്നെത്തന്നെ നല്കുന്ന യേശുരൂപം മാത്രം നമ്മുടെ മനഃക്കണ്ണുമ്പിൽ ഉണ്ടായിരിക്കുന്ന അവസ്ഥ. അത് നമ്മുടെ കേവല സങ്കല്പമാകരുത്. നാം സ്വയം വിസ്മരിക്കുന്ന സ്ഥിതിവിശേഷം. നാമോരോരുത്തരും സ്വയം ശൂന്യമായി യേശുവിന്റെ സ്വയംശൂന്യവത്കരണം നമ്മുടെ സ്വന്തമാക്കുമ്പോൾ മേലുദ്ധരിച്ച അനുഭവം കുർബാനബലിയിൽ നാമോരോരുവർക്കും യാഥാർഥ്യമാകുന്നു. യേശുവിന്റെ ജീവൻ നമ്മുടെ ജീവനിൽ കലർത്തപ്പെടുന്ന സ്ഥിതവിശേഷം. അപ്പോൾ നമ്മുടെ ജീവൻ അവന്റേതുതന്നെ യാകുന്നു!

[6] *മല.സു.ക.സഭയുടെ കുർബാനതക്സാ*, 2007, പേജ് 285-286, സെദറാ 6.

## തത്കാല വിരാമനിമിഷത്തിലെ വെളിവ്

കുർബാനയുടെ മറവിൽ തങ്ങളുടെ വിശ്വാസക്കണ്ണുകൾക്കു മുമ്പിൽ പ്രത്യക്ഷപ്പെടാനും നല്കപ്പെടാനുമണയുന്ന കർത്താവും ദൈവവുമായ യേശുക്രിസ്തുവിനോട്, സ്വർഗീയ പിതാവിന്റെ ആദ്യ ജാതനോട്, ആരാധകർ മുഖാഭിമുഖം സമർപ്പിക്കുന്ന അപേക്ഷയുടെയും ആരാധനയുടെയും പ്രത്യാശയുടെയും ആലാപനമാണ് ‘‘വെളിവുനിറഞ്ഞോരീശോ...’’

ആരാധനാനുഭവത്തിൽ, തിരുഗ്രന്ഥത്തിലെപ്പോലെ, ക്രിസ്തു പ്രകാശത്തിന്റെ കർത്താവും മാർഗത്തെ പ്രകാശിപ്പിക്കുകയും പ്രപഞ്ചത്തിന്റെ സുതാര്യത വെളിപ്പെടുത്തുകയും ചെയ്യുന്നവനാകുന്നു. ഭൂതകാലസംഭവങ്ങളുടെ അർഥവും പൂർണതയും ക്രിസ്തുവിൽ കണ്ടെത്തുന്നു. സൃഷ്ടി എന്തിനുവേണ്ടിയെന്ന് ആവിഷ്കൃതമാകുന്നു: തന്റെ തികവും നിശ്ചിതോദ്ദേശ്യവും ആരാധനയിൽ മാത്രം കണ്ടെത്തുന്ന ഒരു സഞ്ചിതസാകല്യം. ഇതിനാലാണ് ആരാധന ഭൂമിയിലെ സ്വർഗമായിരിക്കുന്നത്. മാംസമായ വചനം അതിൽ ദ്രവ്യത്തെ കൂദാശകളിൽ സമ്പൂർണമായി പ്രകാശിതമാകുന്ന രക്ഷാകരശക്തികൊണ്ടു നിറയ്ക്കുന്നു. അവിടെ സൃഷ്ടി തന്റെമേൽ ക്രിസ്തു ചൊരിഞ്ഞിട്ടുള്ള ശക്തി ഓരോ വ്യക്തിക്കും സംക്രമിപ്പിക്കുന്നു. അങ്ങനെ, യോർദാനിൽ മുങ്ങിയ കർത്താവ് ജലത്തിന് പുനർജനനത്തിന്റെ മാമോദീസാക്കുളമാകാനുള്ള ശക്തി പ്രസരണം ചെയ്യുന്നു.[1]

പ്രകാശത്തിനായി അദമ്യമായി ആഗ്രഹിച്ച വിജാതീയ ലോകം സൂര്യദേവനെ - അജയ്യനായ സൂര്യനെ - ഓരോ ദിവസവും പ്രഭാതത്തിൽ വിളിച്ചപേക്ഷിച്ച് സൂര്യദേവാരാധനയിൽ മുന്നേറി. എന്നാൽ, സൂര്യൻ ഓരോ പ്രഭാതത്തിലും പുതുതായി ജനിച്ചെങ്കിലും മുഴുവൻ മനുഷ്യസ്തിത്വത്തിന്മേലും പ്രകാശം ചൊരിയാൻ അതിനു കഴിയുമായിരുന്നില്ല. സൂര്യൻ യാഥാർഥ്യം മുഴുവൻ പ്രകാശിപ്പിക്കുന്നില്ല. മരണത്തിന്റെ നിഴൽവരെ എത്താൻ അതിന്റെ രശ്മികൾക്കു കഴിയുകയില്ല. ആ നിഴലിൽ മനുഷ്യരുടെ കണ്ണുകൾ സൂര്യപ്രകാശത്തിനെതിരേ ആഞ്ഞടിക്കുകയാണ്. രക്തസാക്ഷിയായ വിശുദ്ധ ജസ്റ്റിൻ

[1]Cf. Saint Gregory of Nazianzus, *Discourse*, XXXIX:PG 36,335-360. വിവർത്തനം

ഇങ്ങനെ എഴുതുന്നു: സൂര്യനിലുള്ള വിശ്വാസത്തിനുവേണ്ടി മരിക്കാൻ ഒരുവനും ഒരിക്കലും സന്നദ്ധനായിട്ടില്ല.

തങ്ങളുടെ മുമ്പിൽ വിശ്വാസം തുറന്നുതന്ന അനന്തവിശാലമായ ചക്രവാളത്തെക്കുറിച്ചു ബോധമുള്ളവരായ ക്രിസ്ത്യാനികൾ ക്രിസ്തുവിനെ ജീവൻ നല്കുന്ന രശ്മികളുള്ള യഥാർഥസൂര്യനെന്നു വിശേഷിപ്പിച്ചു. തന്റെ സഹോദരനായ ലാസറിന്റെ മരണമോർത്തു വിലപിക്കുന്ന മാർത്തായോട് യേശു പറഞ്ഞു: *വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്ത്വം ദർശിക്കുമെന്ന് ഞാൻ നിന്നോടു പറഞ്ഞില്ലേ?* (യോഹ 11,40). വിശ്വസിക്കുന്നവർ കാണുന്നു; തങ്ങളുടെ മുഴുവൻ യാത്രയെയും പ്രകാശിപ്പിക്കുന്ന ഒരു വെളിച്ചംകൊണ്ടു കാണുന്നു. കാരണം, ആ പ്രകാശം ഉഥിതനായ ക്രിസ്തുവിൽനിന്ന് – ഒരിക്കലും അസ്തമിക്കാത്ത പ്രഭാതനക്ഷത്രത്തിൽനിന്ന് – വരുന്നതാണ്.[2]

''വെളിവു നിറഞ്ഞോരീശോ,'' എന്റെ കർത്താവേ, നിന്റെ തിരുനാമം എത്ര മഹോന്നതം! നിന്നോടുള്ള വിശുദ്ധ ഫൗസ്റ്റീനയുടെ കിളിക്കൊഞ്ചലുകൾ എന്റെ ദുർബലയും ഭയവിഹ്വലയുമായ ആത്മാവിന്റെ നിരന്തര നിമന്ത്രണം ആയിത്തീരുമെങ്കിൽ നിനക്ക് ഈർഷ്യയരുതേ! ഈ അയോഗ്യയുടെ ആശ്വാസത്തിനുവേണ്ടി അത് അനുരൂപപ്പെടുത്തി ആവർത്തിച്ചുകൊള്ളാൻ അനുവദിക്കുമല്ലോ:

നിന്റെ തിരുനാമം! അതെന്റെ ശക്തിയത്രേ. എന്റെ ശക്തികളെല്ലാം ക്ഷയിച്ച് ആത്മാവിനെ അന്ധകാരം ആവരണം ചെയ്യുമ്പോൾ നിന്റെ തിരുനാമമാകുന്ന സൂര്യകിരണമായിരിക്കും എനിക്കു ചുറ്റും പ്രകാശം പകരുന്നത്. ഈ പ്രകാശത്തിന്റെ ശക്തിയാൽ ആത്മാവ് കൂടുതൽ സുന്ദരിയും പ്രശോഭിതയും ആയിത്തീരുന്നു. അത് ഓജസ്സ് സ്വീകരിക്കുന്നതും നിന്റെ തിരുനാമത്തിൽനിന്നത്രേ. നിന്റെ നിറമധുരമായ തിരുനാമത്തിന്റെ കേൾവി എന്റെ ആത്മാവിന്റെ ഹൃദയസ്പന്ദനത്തിനു ശക്തിയേറ്റുന്നു. ചില സന്ദർഭങ്ങളിൽ, ആത്മാവ് നിന്റെ തിരുനാമം കേൾക്കുമ്പോൾ മൗനിയാകുകയും നീ കാണാതെ നിന്റെ പിന്നിൽക്കൂടി വന്ന് നിന്നെ സ്പർശിക്കാനാശിച്ചു കൈനീട്ടുകയും

[2]ഫ്രാൻസിസ് പാപ്പാ, *വിശ്വാസത്തിന്റെ വെളിച്ചം*, 2013, നമ്പർ 1.

ചെയ്യുന്നു! നീ തിരിഞ്ഞുനോക്കി പുഞ്ചിരിക്കുന്നതു കണ്ട് പ്രേമാർദ്ര യായി ലജ്ജിച്ചു മൗനിയാകുന്നു![3]

മണവറവാതിൽ തുറക്കാറായോ! കണ്ണുകൾ മഞ്ചുന്നല്ലോ! പ്രകാശം അപൂർവോജ്വലമായല്ലോ! ആമ്മീൻ.

ദൈവത്തിന്റെ ആദ്യജാതനും ജീവന്റെയും ലോകത്തിന്റെയും പ്രകാശവുമായ യേശുവിനെ ലോകത്തിൽ ആദ്യം ഉൾക്കൊള്ളുകയും ആദ്യം പ്രകാശിപ്പിക്കുകയും ചെയ്ത പരിശുദ്ധ അമ്മേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

[3]വിശുദ്ധ സിസ്റ്റർ മരിയ ഫൗസ്റ്റീന കൊവൽസ്ക്ക, *എന്റെ അന്തരാത്മാവിലേക്ക് ഒഴുകിയിറങ്ങിയ ദൈവകരുണ: ഡയറി*, മലയാളം തർജമ, ഡിവൈൻ മേഴ്സി ഷ്രൈൻ ഓഫ് ഹോളി മേരി പ്രസിദ്ധീകരണം, മരിയ നഗർ, തൊടുപുഴ, 2016, 323നോടു കടപ്പാട്.

## ഭാഗം 2

# ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ...

# ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ...

## 1. കുർബാന ക്രൂശിതനോട് ഒന്നായിരിക്കുന്ന അനുഭവം

യേശുക്രിസ്തുവിന്റെ ഉയിർപ്പ്-സ്വർഗാരോഹണത്തിനു ശേഷമുള്ള കാലഘട്ടത്തിൽ വിശ്വാസികളായ യേശുശിഷ്യർ അവന്റെ ക്രൂശനുഭവം നേരിട്ടു കണ്ടിട്ടില്ല; അവന്റെ ഐഹികജീവിതത്തിൽ നേരിട്ടു സംബന്ധിച്ചിട്ടുമില്ല. അവർ "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ" എന്നു വിളിക്കുന്നത് ഉത്ഥിതനായ (+സ്വർഗാരോഹിതനായ) കർത്താവിനെയത്രേ. ഉയിർപ്പ്-സ്വർഗാരോഹണം ക്രിസ്തുസംഭവത്തിന്റെ അത്യുന്നത ഭാഗമാണല്ലോ. അതിൽ ക്രിസ്തുസംഭവം സമ്പൂർണമായി സന്നിഹിതമാണ്. അവന്റെ ഭൗമികചരിത്രമാകെയും കുരിശും ഉത്ഥിതക്രിസ്തുവിൽ ഉള്ളടങ്ങിയിട്ടുണ്ട്; നിത്യസംഭവമാക്കപ്പെട്ടിട്ടുണ്ട്. ഈ ക്രിസ്ത്വനുഭവത്തിൽ ഒരു പരിധിവരെ നാം പൗലോസിനെപ്പോലെയാണ്. പൗലോസിന്റെ *കണ്ണു തുറന്നിരുന്നിട്ടും ഒന്നും കാണാനാകാത്തവൻ* ആക്കുംവിധം ആകാശത്തുനിന്ന് അവന്മേൽ പ്രകാശിച്ച ഒരു തേജസ്സായും അവനു കേൾക്കാവുന്ന സ്വരമായി അവനോടു സംസാരിക്കുന്നവനായും (മാത്രം) അവന് അനുഭവമായി യേശുക്രിസ്തു (അപ്പ 9,3-6) എന്ന വ്യത്യാസമുണ്ട്. ആ തേജസ്സും സ്വരവും പൗലോസിനെ വല്ലാതെ ആകർഷിച്ചു. ഇതുകൂടെ മനസ്സിൽ വച്ചുകൊണ്ടാണോ *ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാവരെയും എന്നിലേക്ക് ആകർഷിക്കു*മെന്ന യേശുവചനം ഏകദേശം 65 വർഷങ്ങൾക്കുശേഷം (ക്രി.വ 100) സുവിശേഷകനായ യോഹന്നാൻ എഴുതിയിട്ടുള്ളതെന്ന് തോന്നിപ്പോകുന്നു! *ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ* എന്ന് യേശു പറയുന്നതിൽ തന്റെ ക്രൂശീകരണവും ഉയിർപ്പും സ്വർഗാരോഹണവും അന്തർഭവിച്ചിട്ടുണ്ട്.

പൗലോസിൽനിന്നു പന്ത്രണ്ട് അപ്പോസ്തലന്മാരെ വ്യത്യസ്തരാക്കുന്ന ക്രിസ്ത്വനുഭവമുണ്ട്. അവർക്ക് യേശുക്രിസ്തുവിന്റെ ഇഹലോകവാസം - മരണം (ശരീരം + കുരിശ്), ഉയിർപ്പു-സ്വർഗാരോഹണം എന്നിവയത്രയുമടങ്ങുന്ന ക്രിസ്തുസംഭവം മുഴുവനിലും തങ്ങളുടെ ഐഹിക ജീവിതത്തിൽത്തന്നെ നേരിട്ടു പങ്കെടുക്കാനായി; ഏകീഭവിക്കാനായി. ക്രിസ്തുസംഭവം മുഴുവനോടും ഏകീഭവിച്ചു. അതിനാൽ അവർക്ക് യേശുക്രിസ്തുവിന്റെ ഉയിർപ്പിനുശേഷം അവ

നോട് - അവന്റെ മരണത്തോടും ഉയിർപ്പിനോടും - ഐക്യപ്പെടാൻ പിന്നീട് സ്നാനപ്പെടേണ്ടതില്ലായിരുന്നു. അവർ സ്നാനപ്പെട്ടതായി പുതിയ നിയമത്തിലില്ല. പക്ഷേ, നമുക്കെന്നപോലെ പൗലോസിന് സ്നാനപ്പെടേണ്ടിയിരുന്നു; സ്നാനപ്പെട്ടു. കാരണം, ക്രിസ്തുസംഭവം മുഴുവനോടും യേശുവിന്റെ ഇഹലോകകാലത്തുതന്നെ പന്തിരുവരെ പ്പോലെ പങ്കെടുത്തേകീഭവിക്കാൻ പൗലോസിനായില്ല. അതിനാൽ സ്നാനപ്പെട്ട് ഏകീഭവിച്ചു. റോമ 6,3-5ൽ അദ്ദേഹംതന്നെ സാക്ഷ്യപ്പെ ടുത്തിയിട്ടുണ്ടല്ലോ.[1] ഇക്കാരണത്താലാകണം *അകാലപ്രജ* എന്ന് പൗലോസ് സ്വയം വിശേഷിപ്പിക്കുന്നത്.[2]

എനിക്കു നേരിട്ടു പ്രത്യക്ഷപ്പെട്ടിട്ടില്ലെങ്കിൽപ്പോലും, ഞാനും *അകാലപ്രജ*യാണെങ്കിലും, ക്രൂശിതനുത്ഥിത ക്രിസ്തു എന്റെ അനു സ്യൂതാനുഭവമാകുന്നു - ആകണം. നമുക്കു നിത്യ, നിരന്തര സാന്നിധ്യം. നമ്മെ പൊതിഞ്ഞ് സദാ സന്നിഹിതനത്രേ. നമുക്കു ലഭിച്ചിട്ടുള്ള സ്നാനത്താൽ ഉത്ഥിത ക്രിസ്തുവിൽ അവന്റെ ഇഹലോകവാസമാ കെയും ('മാംസവും കുരിശും') നമുക്കു സന്നിഹതമത്രേ. ഈ അനു ഭവം ക്രിസ്തുവിൽനിന്നു നേരിട്ടു ലഭിച്ചിട്ടില്ലാത്തവർക്ക് അനുഭവ ത്തിന് അനുഭവസ്ഥരുടെ പ്രബോധനപാരമ്പര്യം (*പരദോസിസ്*: ലൂക്കാ 1,2), അതായത്, വിശ്വാസാനുഭവപ്പകർച്ച, ലഭിച്ചിരിക്കണം. തലമുറത ലമുറ കൈമാറുന്ന വിശ്വാസാനുഭവം! മാതാപിതാക്കന്മാർ, സഹോദര ങ്ങൾ, ഇടവകവികാരിയും പുരോഹിതഗണവും, സന്യസ്തർ, സണ്ടേ സ്കൂളധ്യാപകർ, സുവിശേഷപ്രവർത്തകർ, ഉത്തമ ക്രൈസ്തവസ്നേ ഹിതർ എന്നിവരെല്ലവാരിലൂടെയും പകർന്നുകൊണ്ടേയിരിക്കേണ്ടത്. അതിന്റെ അതീത ശക്തിയിൽ ആത്മധൈര്യത്തോടെ നമുക്ക് വിളിച്ച പേക്ഷിക്കാം: ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ...

ഞങ്ങളുടെ ദൈവമായ മിശിഹാതമ്പുരാനേ, മഹാരഹസ്യമായ വിശുദ്ധ കുർബാന ദൈവജനം മുഴുവനുവേണ്ടിയും ലോകം മുഴുവ നുവേണ്ടിയും തുറക്കപ്പെട്ടിരിക്കുന്ന ഈ തിരുമണിക്കൂറിൽ "ഞങ്ങൾ ക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ," എന്ന് നിന്നെ നോക്കി വിളിക്കുമ്പോൾ, കുർബാനയർപ്പണം ഇഹലോകവാസിയും ക്രൂശിതനും ഉത്ഥിതനും

[1]റോമ 6,3-5ലെ *നാം* എന്ന ബഹുവചനം ശ്രദ്ധിക്കുക. [2]1 കോറി 15,8; R.H.Fuller, "Was Paul Baptized,"in J.Kremer (ed), *Les Actes des Aportres*, *Traditions*, *redaction*, *theologie*," Luvein University Press, Belgium, 1979, 507.

മഹത്ത്വീകൃതനായവനും പുനരാഗമിക്കുന്നവനുമായി ഒന്നായിരിക്കുന്ന അനുഭവമാണല്ലോ! ഈ ബോധം മുമ്പേ നല്കപ്പെട്ട സുറിയാനി സഭാ പിതാവിനെയോർത്ത് നന്ദി ചൊല്ലിത്തീരാൻ ഇവന്റെ ആയുസ്സു പോരാ. കുർബാനയർപ്പണം ക്രൂശിതനോട് ഒന്നായിരിക്കുന്ന അനുഭവമാണെന്ന് വിശുദ്ധനായ പാദ്രെ പിയോ പറഞ്ഞിട്ടുള്ളതും ഇവനോർക്കുന്നു. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നീ ഇഹലോകവാസിയും ക്രൂശിതനും ഉത്ഥിതനും സ്വർഗാരോഹിതനും മഹത്ത്വീകൃതനും പുനരാഗമിക്കുന്നവുമായി ഞങ്ങൾക്കു സന്നിഹിതനാണല്ലോ! ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഈ കുർബാനസമയം മുഴുവൻ പൂർണമായും നിന്നോടുകൂടെയായിരിക്കാൻ ഈ മഹാപാപിയെ അനുഗ്രഹിക്കണേ; ഞങ്ങളോടു കരുണ ചെയ്യണമേ! കരുണ നിന്റെ ദൈവത്വ സാരാംശത്തിനടുത്തതല്ലോ![3]

## 2. പുരോഹിതനും ബലിപീഠവും ബലിവസ്തുവും ബലി സ്വീകർത്താവും ആയിരിക്കുന്നവനോട് ചേരുക

ഞങ്ങളുടെ ദൈവമായ മിശിഹാതമ്പുരാനേ, ഞങ്ങളുടെ കർത്താവും ദൈവവും രക്ഷകനുമായ നിന്നെയും നിന്റെ രക്ഷാകരവ്യാപാരമാകെയുടെയും ഓർമയാചരണത്തിൽ ആദ്യമായി സ്വർഗം തുറന്നു നിന്നെ കാണുമ്പോൾ, "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ" എന്ന് നിന്നെ നോക്കി ഈ മഹാപാപികൾ വിളിക്കുന്നു. ബലഹീനരും പാപികളുമായ ഞങ്ങളർപ്പിക്കുന്ന ബലിയുടെ പുരോഹിതനും ബലിവസ്തുവും ബലിപീഠവും സ്വീകർത്താവും നീതന്നെയാണെന്ന് ഞങ്ങൾ ഏറ്റുപാടുകയല്ലോ! *മിശിഹായേ*, നീ *പ്രധാനപുരോഹിതനാകാൻ* നിന്നെത്തന്നെ *മഹത്ത്വപ്പെടുത്തിയില്ല. നീ എന്റെ പുത്രനാണ്; ഇന്നു ഞാൻ നിനക്കു ജന്മമേകി എന്നു* നിന്നോട് *അരുൾചെയ്തവൻ തന്നെയാണ്* നിന്നെ *മഹത്ത്വപ്പെടുത്തിയത്. അവിടുന്ന് വീണ്ടും മറ്റൊരിടത്ത് അരുൾചെയ്തിട്ടുണ്ടല്ലോ: മെല്ക്കിസെദെക്കിന്റെ ക്രമപ്രകാരം നീ എന്നേക്കും പുരോഹിതനാണ്. മിശിഹായായ* നീ നിന്റെ *ഐഹികജീവിതകാലത്ത്* നീ നിന്നെ *മരണത്തിൽനിന്നു രക്ഷിക്കാൻ കഴിവുള്ളവന് വലിയ വിലാപത്തോടും കണ്ണീരോടുംകൂടെ പ്രാർഥനയും യാചനയും സമർപ്പിച്ചു.* നിന്റെ *പ്രാർഥന ശ്രവിക്കപ്പെടുകയും ചെയ്തു. നല്ല പുത്രനായിരുന്നിട്ടും* നീ *അനുഭവിച്ച ഭയവും സഹനവുംവഴി* നീ *അനു*

[3]വലിയ നോമ്പ്, ചൊവ്വ, സന്ധ്യ, സെദറാ.

*സരണം അഭ്യസിച്ചു. ഇങ്ങനെ പരിപൂർണനാക്കപ്പെട്ട* നീ നിന്നെ *അനു സരിക്കുന്ന സകലർക്കും നിത്യരക്ഷയുടെ ഉറവിടമായി ഭവിച്ചു* (എബ്രാ 5,5-9).

നിന്റെ ഈ പുരോഹിതൻ ഇതാലപിക്കുമ്പോൾ ഞാൻ എന്നെ നിന്നോടൊത്തു ബലിവസ്തുവായി അർപ്പിക്കണമെന്ന്, നിന്നെ പരിശുദ്ധൻ എന്ന് അനവരതം പാടിസ്തുതിക്കുന്ന മാലാഖമാരും അവരോടു ചേരുന്ന നിന്റെ പുരോഹിതജനവും ഈ പാപിയെ ഓർപ്പിക്കുന്നതും ഇവന്റെ അന്തരംഗത്തിനു കേൾക്കുമാറാക്കണമെ.

### 3. പ്രത്യക്ഷത്തിൽ അനാകർഷകനായ അതിസുന്ദരനിൽ ലയിപ്പിക്കുന്ന ഭജനം

ഓ! ആരെയാണ് എന്റെ മുമ്പിൽ ഞാൻ കാണുന്നത്! *ശ്രദ്ധാർഹ മായ രൂപഭംഗിയോ ഗാംഭീര്യമോ ആകർഷകമായ സൗന്ദര്യമോ ഇല്ലാത്തവനെയല്ലെയോ? ഇവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തവനല്ലേ? വേദനയും ദുഃഖവും നിറഞ്ഞവനല്ലേ? അവനെ കണ്ടവർ മുഖം തിരിച്ചുകളഞ്ഞു*! *ഇവൻ ആ നിന്ദിക്കപ്പെട്ടവ നല്ലേ?* (ഏശ 53,2-3). കൃപയാൽ ഞങ്ങൾക്കാകട്ടെ, ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നിന്നിൽ ദൈവസ്നേഹത്തിന്റെ സൗന്ദര്യവും ശക്തിയും സമ്പൂർണമായി പ്രകാശിക്കുന്നു.

> ദൈവം സുന്ദരനാകുന്നു. ദൈവത്തോടുകൂടിയുള്ള വചനം സുന്ദരനാകുന്നു. ... അവൻ സ്വർഗത്തിൽ സുന്ദരൻ, ഭൂമിയിൽ സുന്ദരൻ; ഗർഭപാത്രത്തിൽ സുന്ദരൻ, മാതാപിതാക്കന്മാരുടെ കരങ്ങളിൽ സുന്ദരൻ, തന്റെ അദ്ഭുതങ്ങളിൽ സുന്ദരൻ, തന്റെ സഹനങ്ങളിൽ സുന്ദരൻ, ജീവനിലേക്കു ക്ഷണിക്കുന്നതിൽ സുന്ദരൻ, മരണത്തെക്കുറിച്ച് ആകുലനാകാത്തതിൽ സുന്ദരൻ, ജീവൻ സമർപ്പിക്കുന്നതിൽ സുന്ദരൻ, അതു തിരിച്ചെടുക്കുന്നതിലും സുന്ദരൻ; അവൻ കുരിശിൽ സുന്ദരനാണ്, കല്ലറയിൽ സുന്ദരൻ, സ്വർഗത്തിൽ സുന്ദരൻ. ഗ്രഹിച്ചുകൊണ്ടു ഗാനം ശ്രദ്ധിക്കുക; അവന്റെ സൗന്ദര്യത്തിന്റെ ശോഭയിൽനിന്ന് നിങ്ങളുടെ അക്ഷികളെ നിങ്ങളുടെ ജഡത്തിന്റെ ദുർബലത പതറിക്കാതിരിക്കട്ടെ.[4]

[4]വിശുദ്ധ അഗസ്റ്റിൻ, *സങ്കീർത്തനപ്പുസ്തകത്തിന്റെ വ്യാഖ്യാനങ്ങൾ*, 44,3; *PL* 36,495-496ൽനിന്നുള്ള വിവർത്തനം

.ഓ! മാംസം ധരിച്ച വചനമേ, നിന്നെ ഇത്രയും സുന്ദരനായി ഞാൻ കുരിശിലല്ലാതെ മറ്റെങ്ങും കണ്ടിട്ടില്ല! എന്തെന്നാൽ, നിന്റെ ദൈവത്വവും മനുഷ്യത്വവും ലോകത്തോടുള്ള ദൈവത്തിന്റെ സ്നേഹവും ഇത്രയും പ്രകാശമാനവും സത്യവും ആകർഷണീയിവുമായി മറ്റെങ്ങും വെളിപ്പെട്ടിട്ടില്ല. മാംസം ധരിച്ച വചനം മുൾമുടി ചൂടി നില്ക്കുന്നു! മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ പരിതാപകരമായ ഈ രൂപത്തിൽ നമ്മുടെ സ്രഷ്ടാവും രക്ഷകനുമായവന്റെ അതിനിഗൂഢമായ സൗന്ദര്യം ഞങ്ങൾക്കു ദൃശ്യമാകുന്നു. അത് സത്യത്തിന്റെ സൗന്ദര്യമല്ലോ! സത്യത്തിന്റെ മുമ്പിൽ നിന്നുകൊണ്ട് എന്താണ് സത്യം എന്നു പീലാത്തോസ് ചോദിച്ചു. സഹോദരരേ, ഇതാ, സത്യം നമുക്കു മുമ്പിൽ തന്റെ സൗന്ദര്യം അനന്യമാം വിധം വെളിപ്പെടുത്തിയിരിക്കുന്നു! സത്യത്തിന്റെ മുദ്രയടയാളമാണല്ലോ സൗന്ദര്യം. പ്രിയരേ, എന്റെ പ്രിയനെ ഇത്രയും സുന്ദരനായി നിങ്ങൾ മറ്റെവിടെ കണ്ടിട്ടുണ്ട്? എങ്ങുമില്ലെന്ന് എനിക്കുറപ്പാണ്. തിന്മകൊണ്ട് അത്യന്തം കളങ്കപ്പെട്ട ഒരു ലോകത്തിൽ അനന്ത നന്മയും സത്യവും അനശ്വര സൗന്ദര്യവും ശാശ്വത കലയും ''വചനം മുൾമുടി ചൂടിയ ശിരസ്സ്'' ആയി കാണപ്പെട്ടിരിക്കുന്നു![5] സഹോദരരേ, ഇതാ, പീഡിപ്പിക്കപ്പെട്ട സത്യത്തെപ്രതി കർത്താവ് സത്യത്തിന്റെ സംരക്ഷകനായിത്തീർന്നിരിക്കുന്നു! പീലാത്തോസിന്റെ മുമ്പാകെ സത്യം നിശ്ശബ്ദവുമായിരുന്നു. അസത്യം അട്ടഹാസത്തിന്റെ ന്യായവാദങ്ങളിലൂടെ വിജയം വരിച്ചപ്പോൾ സത്യം തന്റെ ദിവ്യനിശ്ശബ്ദതയാൽ ഉന്നതമായ വാചാലതയാൽ വിജയിക്കുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്തു.[6] സത്യത്തിന്റെ പ്രകാശനവും ആകർഷണീയതയുമല്ലോ സൗന്ദര്യം!

തിന്മകൊണ്ട് ലോകത്തെ അത്യന്തം കളങ്കപ്പെടുത്തിയ എന്നോട്, നമ്മോട്, അനന്ത നന്മയ്ക്കുള്ള അനന്തസ്നേഹം ഏറ്റവും പൂർണമായി വെളിപ്പെട്ടിരിക്കുന്നു! എന്റെ നാഥാ, നിന്റെ മുറിവുകളിൽനിന്നൊഴുകുന്ന മൂറോൻമണം എന്നെ തഴുകുന്നു. നിന്റെ അധരങ്ങൾ പട്ടുനൂലുപോലെ! നിന്റെ മാർവ് തുറന്നിരിരിക്കുന്നതും അതിൽനിന്നു രക്തം വാർന്നൊഴുകുന്നതും എനിക്കു കാണാം. ആശ്ച

[5]പാപ്പാ ബനഡിക്ട് പതിനാറാമൻ, ''തിരുവചനത്തിന് ഒരു ഹൃദയമുണ്ട്,'' 2013 ഫെബ്രുവരി 23-ാം തീയതി; *ഒസ്സെ. റൊ.* (മല) പുസ്തകം 6, ലക്കം 1, 7 മാർച്ച് 2013, പുറ. 19. [6]പ്രചോദനം: മാർ അപ്രേം, *സുവിശേഷഭാഷ്യം*, 20,16 വിവ. ജി. ചേടിയത്ത്, കോട്ടയം, 2002,302.

ര്യകരമായ നിന്റെ ഈ സൗന്ദര്യം എന്നെ മത്തുപിടിപ്പിക്കുന്നു. *ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും* എന്നു അരുൾചെയ്തിട്ടുണ്ടല്ലോ (യോഹ 12,32). ഓ! ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നിനക്ക് ഹൃദയങ്ങളെ തന്നിലേക്കു വലിച്ചടുപ്പിക്കുന്ന വിസ്മയകരവും നിഗൂഢവുമായ ഒരു ശക്തിയുണ്ട്. തന്നിലേക്കു വലിച്ചടുപ്പിക്കുന്ന എന്തിനെയും വിശുദ്ധമാക്കിത്തീർക്കുന്ന ഒരനന്യ പുണ്യശക്തിയുണ്ട് ക്രൂശിതനായ നിനക്ക്.

യേശുവേ, നിന്റെ സ്നേഹത്തിന്റെ ഈ ദൃശ്യം ഞങ്ങളിൽ നിറയ്ക്കുന്ന ആനന്ദം നിത്യനൂതനമായ ഭക്ഷണപാനീയങ്ങളായി സ്വീകരിക്കുന്ന ധന്യരാകാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. നിന്റെ ഈ സൗന്ദര്യം മഹാപാപികളും ദുർവൃത്തരുമായ ഞങ്ങളെ കൃപാപൂരിതരാക്കട്ടെ![7] ദൈവപുത്രാ, നിനക്കു യുക്തമായവിധം സ്തുതിക്കാൻ എനിക്കു സ്വരമേതുമില്ല. പ്രിയരേ, വചനം സ്നേഹംകൂടിയാണ്! തിരുവചനത്തിന് ഒരു ഹൃദയമുള്ളതു കാണുന്നില്ലേ?[8] ആ ഹൃദയത്തിലെ സ്നേഹമപ്പാടെ ഉൾക്കൊള്ളിക്കാൻതക്ക ഹൃദയം എനിക്കില്ല. അതിനാൽ അതിലേക്കു നോക്കി ആർത്തുസ്തുതിക്കുവിൻ: ''ദൈവമേ, നീ പരിശുദ്ധനാകുന്നു ....'' എന്റെ ഹൃദയവും അധരവും നിങ്ങളോടൊത്തു സ്തുതിക്കും: ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ...

### 4. നമ്മുടെ അതിക്രമങ്ങളെപ്രതി മുറിവേറ്റവനോട് ഒന്നാകുക

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഈ നിമിഷം തിരിച്ചറിയുന്നിവർ: *ഞങ്ങളുടെ വേദനകളാണ്* നീ *വഹിച്ചത്. ഞങ്ങളുടെ ദുഃഖങ്ങളാണ്* നീ *ചുമന്നത്. എന്നാൽ, ദൈവം* നിന്നെ *പ്രഹരിക്കുകയും ശിക്ഷിക്കുകയും ദണ്ഡിപ്പിക്കുകയും ചെയ്തെന്നു ഞാൻ കരുതി. ഞങ്ങളുടെ,,* എന്റെ, *അതിക്രമങ്ങൾക്കുവേണ്ടി* നീ *മുറിവേല്പിക്കപ്പെട്ടു. ഞങ്ങളുടെ,*എന്റെ, *അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേല്പിക്കപ്പെട്ടു*. നിന്റെമേലുള്ള *ശിക്ഷ ഞങ്ങൾക്ക്*, എനിക്ക്, *രക്ഷ നല്കി*; നിന്റെ *ക്ഷതങ്ങളാൽ ഞങ്ങൾ*, ഞാൻ, *സൗഖ്യം പ്രാപിച്ചു. ആടുകളെപ്പോലെ ഞങ്ങൾ*,

[7] ശ്ഹീമൊ നമസ്കാരം, മെനഓ ഭാഗം, വെള്ളി രാത്രി മൂന്നാം കൗമാ, എക്ബൊ.
[8] പാപ്പാ ബനഡിക്ട് പതിനാറാമൻ, ''തിരുവചനത്തിന് ഒരു ഹൃദയമുണ്ട്,'' 2013 ഫെബ്രുവരി 23-ാം തീയതി; *ഒസ്സെ. റൊ.* (മല) പുസ്തകം 6, ലക്കം 1, 7 മാർച്ച് 2013, പുറ. 19

ഞാൻ, വഴിതെറ്റിപ്പോയി. ഞങ്ങളോരോരുത്തരും സ്വന്തം വഴിക്കു പോയി. ഞങ്ങളുടെ, എന്റെ, അകൃത്യങ്ങൾ കർത്താവ് നിന്റെമേൽ ചുമത്തി. നീ മർദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും നീ ഉരിയാടിയില്ല; കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പിൽ നില്ക്കുന്ന ചെമ്മരിയാടിനെപ്പോലെയും നീ മൗനം പാലിച്ചു. മർദനത്തിനും ശിക്ഷാവിധിക്കും അധീനനായി നീ എടുക്കപ്പെട്ടു. ദൈവത്തിന്റെ ശ്രേഷ്ഠസൃഷ്ടിയായ മനുഷ്യകുലത്തിന്റെ പാപം നിമിത്തമാണ് നീ പീഡനമേറ്റ് ജീവിക്കുന്നവരുടെ ഇടയിൽനിന്നു വിച്ഛേദിക്കപ്പെട്ടതെന്ന് നിന്റെ തലമുറയിൽ ആര് കരുതി? നീ അതിക്രമമൊന്നും ചെയ്തില്ല; നിന്റെ വായിൽനിന്നു വഞ്ചന പുറപ്പെട്ടുമില്ല. എന്നിട്ടും, ദുഷ്ടരുടെയും ധനികരുടെയും ഇടയിൽ നീ സംസ്കരിക്കപ്പെട്ടു. നിനക്കു ക്ഷതമേല്ക്കണമെന്നത് കർത്താവിന്റെ ഹിതമായിരുന്നു. അവിടുന്നാണ് നിന്നെ ക്ലേശങ്ങൾക്കു വിട്ടുകൊടുത്തത്. പാപപരിഹാരബലിയായി നീ നിന്നെത്തന്നെ അർപ്പിക്കുമ്പോൾ നീ നിന്റെ സന്തതിപരമ്പരയെ, നിന്റെ സഹോദരപരമ്പരയെ, കാണുകയും ദീർഘായുസ്സു പ്രാപിക്കുകയും ചെയ്യുന്നു; കർത്താവിന്റെ ഹിതം നിന്നിലൂടെ നിറവേറുന്നു. നിന്റെ കഠിനവേദനയുടെ ഫലം കണ്ട് നിനക്കും ഞങ്ങൾക്കും സംതൃപ്തരാകാമല്ലോ! നീതിനിഷ്ഠനായ കർത്തൃദാസാ, നിന്റെ ജ്ഞാനത്താൽ, നീതിരഹിതരായ ഞങ്ങളെല്ലാവരോടും ഒന്നായിത്തീർന്നുകൊണ്ട്, നീതിരഹിതരായ ഞങ്ങളെല്ലാവരെയും നീ നീതിമത്കരിക്കുന്നു! നീ ഞങ്ങളുടെ തിന്മകളെ വഹിക്കുകയും ചെയ്യുന്നു! മഹത്തുക്കളോടൊപ്പം ദൈവം നിനക്ക് അവകാശം നല്കിയിരിക്കുന്നു. ശക്തരോടൊപ്പം നീ കൊള്ളമുതൽ പങ്കിടുന്നു. എന്തെന്നാൽ, നീ നിന്റെ ജീവനെ മരണത്തിന് ഏല്പിച്ചുകൊടുക്കുകയും പാപികളോടുകൂടെ എണ്ണപ്പെടുകയും ചെയ്തു. എന്നിട്ടും എന്റേതുൾപ്പടെ അനേകരുടെ, എല്ലാവരുടെയും, പാപഭാരം നീ പേറി; അതിക്രമങ്ങൾക്കുവേണ്ടി നീ മാധ്യസ്ഥം വഹിച്ചു (ഏശ 53,4-12).

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ക്രൂശിക്കപ്പെടലാലുള്ള നിന്റെ മരണം ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിലൂടെ മനുഷ്യരുടെ അനന്തമായ വീണ്ടെടുപ്പ് പൂർത്തിയാക്കുന്ന പെസഹാബലിയല്ലോ. പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെട്ട ഉടമ്പടിയുടെ രക്തംവഴി മനുഷ്യനെ ദൈവവുമായി അനു

രഞ്ജിപ്പിച്ച്, അവനെ അവിടുത്തോടുള്ള ഐക്യത്തിലേക്കു വീണ്ടും കൊണ്ടുവരുന്ന പുതിയ ഉടമ്പടിയുടെ ബലിയുമല്ലോ!

ബലവാനും മരണമില്ലാത്തവനും ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനുമായ ദൈവമേ, ഞങ്ങളുടെ *പാപങ്ങൾക്കു പരിഹാരം ചെയ്യാൻവേണ്ടി ദൈവികകാര്യങ്ങളിൽ വിശ്വസ്തനും കരുണയുള്ളവനുമായ പ്രധാനപുരോഹിതനാകാൻ, നീ എല്ലാ കാര്യങ്ങളിലും നിന്റെ സഹോദരരായ* ഞങ്ങളോടു *നീ സദൃശനാകേണ്ടിയിരുന്നുവല്ലോ. നീ സഹിക്കുകയും പരീക്ഷിക്കപ്പെടുകയും ചെയ്തതുകൊണ്ട് പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന* ഞങ്ങളെ *സഹായിക്കാൻ നിനക്കു സാധിക്കുമല്ലോ* (ഹെബ്രാ 2,7-11). ഓ! ക്രൂശിതനേ, നീ ഞങ്ങളുടെ ശരണവും ആശ്വാസവുമാകുന്നു.

### 5. വധിക്കപ്പെടുന്ന പ്രതിരോധപ്രാപ്തിയില്ലാത്തവരോടും നിരായുധരോടും ചേർന്നുനിന്ന്

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട നിഷ്കളങ്കനും നിരപരാധിയുമായ നീതിനിഷ്ഠനേ, നിന്നെ ഞങ്ങൾ കാണുമ്പോൾ ലോകത്ത് നിന്നെപ്പോലെ പീഡിപ്പിക്കപ്പെട്ടിട്ടും പ്രതിരോധിക്കാതെ കൊല്ലപ്പെട്ടിട്ടുള്ളതും ഇന്നും കൊല്ലപ്പെടുന്നവരുമായ നിഷ്കളങ്കരായ കുഞ്ഞുങ്ങളെ നിന്നിൽ ഞങ്ങൾ കാണുന്നു. അമ്മമാരുടെ ഗർഭപാത്രത്തിൽ വച്ച് ആക്രമിച്ചു കൊല്ലപ്പെടുന്നതിന്റെ വേദനയും സഹനവും നിന്റെ രണ്ടാം സ്നാനത്തിന്റെ സഹനത്തിലും വേദനയിലുമുള്ള അവരുടെ ഭാഗഭാഗിത്തമായി നീ കൈക്കൊള്ളുന്നുവല്ലോ. നീ മുഖാന്തരം രക്ഷിക്കാനായി അവരെ സഷ്ടിച്ച നമ്മുടെ സ്വർഗീയ പിതാവ് നിന്റെ രക്ഷാകരയോഗ്യതയാൽ അവരെ അന്നന്നു നിന്നോടുകൂടെ പറുദീസായിൽ ആക്കുവാൻ മനസ്സായിരിക്കുന്നതനുസരിച്ച് നീ അവരോരോരുത്തരോടും അന്നന്നു പറയുന്നുവല്ലോ: *നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും.*

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, വിദ്വേഷവും വിവേചനവും പാർശ്വവത്കരണവുംമൂലം ഇരകളാക്കപ്പെടുന്ന സകലരെയും, അവർക്കുവേണ്ടിയുള്ള സ്വപ്നത്തിൽ ദൈവം കാണുന്ന മഹത്വവത്കരണവും നിന്നിൽ ഞങ്ങൾ കാണുന്നു. മാനവരാശി മുഴുവന്റെയും വേദനകളോടു സഹവർത്തിക്കുകയും അവയൊന്നാകെ തന്റേതാക്കുകയും ചെയ്ത ദൈവത്തെ നിന്നിൽ ഞങ്ങൾ കാണുന്നു.

## 6. വിശുദ്ധിയുടെ സ്രോതസിൽ മുങ്ങിക്കുടിക്കുക

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, *അന്ധകാരത്തിൽനിന്നു പ്രകാശം ഉദിക്കട്ടെയെന്ന് അരുൾചെയ്ത ദൈവംതന്നെ* നിന്റെ *മുഖത്തു വെളിവാക്കപ്പെട്ട ദൈവതേജസ്സിനെപ്പറ്റിയുള്ള അറിവിന്റെ പ്രകാശം ഞങ്ങൾക്കു നല്കേണ്ടതിന് ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പി*ക്കണമേ (2 കോറി 4,5-6). *പിതാവായ ദൈവം മരിച്ചവരിൽനിന്നുയിർപ്പിച്ച തന്റെ പുത്രനെ* ഞങ്ങൾക്കിതാ *വെളിപ്പെടുത്തി*യിരിക്കുന്നു! (ഗലാ 1,1.15). യേശുവേ, നീ വാസ്തവത്തിൽ സജീവനാണ്. *നമ്മുടെ കർത്താവായ അവൻ ജഡപ്രകാരം ദാവീദിന്റെ സന്തതിയിൽനിന്നു ജനിച്ചവനും മരിച്ചവരിൽനിന്നുള്ള ഉത്ഥാനംവഴി വിശുദ്ധിയുടെ ആത്മാവിനു ചേർന്നവിധം ശക്തിയിൽ ദൈവപുത്രനായി നിശ്ചയിക്കപ്പെട്ടവനുമാണ്* (റോമ 1,3-4). അതായത്, നീ സജീവനാണ്; മഹത്വീകൃതനായിരിക്കുന്ന അവസ്ഥയിൽ നീ മനുഷ്യരെ ജീവിപ്പിക്കുന്ന സർവാതിശായിയും സജീവവുമായ വിശുദ്ധിയുടെ സ്രോതസ്സായി നിയമിക്കപ്പെട്ടിരിക്കുന്നു. സമുജ്ജ്വല മഹത്വത്തോടെ കാണപ്പെട്ട യേശുക്രിസ്തുവിനെ ''ആത്മീയ ശരീര''മായി (*soma pneumatikos*: 1 കോറി 15,45) പൗലോസ് കണ്ടു. അവൻ സഭയിൽ സന്നിഹിതനാണ്. സഭ അവന്റെ ശരീരമാണ് (1 കോറി 12,12-27).

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നിന്റെ *മുഖത്തു വെളിവാക്കപ്പെട്ട ദൈവതേജസ്സിനെപ്പറ്റിയുള്ള അറിവിന്റെ പ്രകാശം ഞങ്ങൾക്കു* ലഭിക്കമ്പോൾ നിന്നെ ഞങ്ങൾ അദ്ഭുതവും കൃജ്ഞതയും കൊണ്ടു നിറഞ്ഞ കണ്ണുകളോടെ നോക്കുന്നു. എന്തെന്നാൽ, ഞങ്ങളുടെ സൗന്ദര്യത്തെ നശിപ്പിക്കുന്ന മരണത്തെ നീ കൊന്നു. ഞങ്ങൾക്കു മരണം സമ്മാനിച്ച ആകൽക്കറുസായുടെ, അതേ, ഞങ്ങളുടെ സൗന്ദര്യത്തെ നശിപ്പിക്കുന്നവന്റെതന്നെ, ആധിപത്യത്തിൽ നിന്ന് നിന്റെ കുരിശുമരണത്താൽ ഞങ്ങളെ നീ സ്വതന്ത്രരാക്കി. ഞങ്ങൾ മനുഷ്യരുടെ പ്രകാശമായ ജീവന്റെ ശീലോഹായിലാകുന്നുവല്ലോ!

തൻമൃതിയാലഴകാകെ നശിപ്പി-
ക്കും മരണത്തെകക്കൊന്നി -
ട്ടാകൽക്കറുസാ തൻ കീഴിൽ
നിന്നടിയാരെ വീണ്ട നിന-
ക്കുചിതധ്വനിയിൽ സ്തുതി പാടു-
ന്നടിയാരെല്ലാരും.

## 7. സ്ലീബായുടെ (ക്രൂശിതന്റെ) ശാശ്വതീകരണത്തിൽ പങ്ക്

ഈ സ്ലീബാ ദൈവത്തിന്റെ സ്നേഹസമ്മാനമാണ്. അത് ക്രിസ്തുവിന്റെ സ്നേഹസമ്മാനമാണ്. ഈ വിശുദ്ധ കുർബായിൽ സ്ലീബായെ ധ്യാനിക്കുന്നത് ഉചിതമാണ്. എന്തെന്നാൽ, സ്ലീബായും ദിവ്യകാരുണ്യവും തമ്മിൽ അത്രയ്ക്ക് ആഴമായി ബന്ധപ്പെട്ടാണ്. സ്ലീബായുടെ, കുരിശിന്റെ, ക്രൂശിതന്റെ - ശാശ്വതീകരണമാണല്ലോ ദിവ്യകാരുണ്യം.[7]

സഹോദരരേ, *നാം വന്നിരിക്കുന്നത് സീയോൻമലയിലേക്കും ജീവിക്കുന്ന ദൈവത്തിന്റെ നഗരമായ സ്വർഗീയ ജറുസലേമിലേക്കും അസംഖ്യം ദൂതന്മാരുടെ ആഘോഷകരമായ കൂട്ടത്തിലേക്കുമാണ്. സ്വർഗത്തിൽ പേരെഴുതപ്പെട്ടിട്ടുള്ള ആദ്യജാതരുടെ സമൂഹത്തിലേക്കും സഭയിലേക്കും എല്ലാവരുടെയും ദൈവമായ ന്യായാധിപന്റെ മുമ്പിലേക്കും പരിപൂർണരാക്കപ്പെട്ട നീതിനിഷ്ഠരുടെ ആത്മാക്കളുടെ അടുത്തേക്കും പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായ യേശുവിലേക്കും ആബേലിന്റേതിനെക്കാൾ ശ്രേഷ്ഠമായി സംസാരിക്കുന്ന, തളിക്കപ്പെട്ട രക്തത്തിലേക്കുമാണ് നാം വന്നിരിക്കുന്നത്. സംസാരിച്ചുകൊണ്ടിരിക്കുന്നവനെ നിരസിക്കാതിരിക്കാൻ ശ്രദ്ധിക്കുവിൻ* (എബ്രാ 12,22-25)

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നിന്നെ ക്രൂശിക്കപ്പെട്ടവനേ എന്നു ഞങ്ങൾ വിളിക്കുമ്പോൾ ക്രൂശിൽ മഹത്ത്വപ്പെട്ടവനെയാണല്ലോ ഞങ്ങൾ വിളിക്കുന്നത്. നീ സഹിച്ച് മഹത്ത്വത്തിലേക്കു പ്രവേശിച്ചവനാകുന്നു. കുരിശ് ഞങ്ങളെ ഭയപ്പെടുത്താനുള്ളതല്ല; മഹത്ത്വപ്പെടുത്താനുള്ളതാകുന്നു എന്ന് നീ ഞങ്ങളോടു പറയുന്നത് ഞങ്ങൾക്കു കേൾക്കാനാകുന്നു.

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നീ കുരിശുവഴി നിന്നിൽ ശത്രുത നിഗ്രഹിച്ച് ഒരു ശരീരത്തിൽ ലോകജനതെയാകെ അനുരഞ്ജപ്പിച്ചു: ദൈവത്തോടും നിന്നോടും അന്യോന്യവും ശത്രുതയാൽ അകന്നു നിന്നവരൊന്നാകെ നീ മുഖാന്തരം സമാധാനത്തിന്റെ സുവിശേഷം ശ്രവിച്ചു (എഫേ 2,16 -17).

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളോടു കരുണചെയ്യണമെ എന്ന് നിന്നെ നോക്കി വിശുദ്ധ കുർബാനയിൽ അപേക്ഷിക്കാൻ

[7]ബനഡിക്ട് പതിനാറാമൻ പാപ്പാ, 2012 ജൂലൈ 29-ാം തീയതി കാസ്റ്റെൽ ഗൊണ്ടെ ഡോൾഫയിൽ നല്കിയ വിചിന്തനത്തിൽ, *ഒസ്സെ. റൊ.* (മല) പുസ്തകം 5/24, 09 ആഗസ്റ്റ് 2012, പേജ് 1.

രാജകീയ പൗരോഹിത്യത്തിന്റെ ആരാധനാസമൂഹത്തിനു നേതൃത്വമേകാൻ നീ ഈ മഹാപാപിയെ അനുഗ്രഹിച്ചിരിക്കുന്നു! ഞങ്ങളുടെ മഹാപുരോഹിതനായ നിന്റെ പ്രത്യേക കൃപയല്ലോ! കുരിശിൽ ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ട നീ, ഉത്ഥിതനായ നീ, സ്ഥാപിച്ച കൗദാശികപൗരോഹിത്യത്തിൽ എല്ലാവിധത്തിലും തീർത്തും അയോഗ്യനായ ഇവനു പങ്കുനല്കിയതിനാലല്ലോ! ദൈവവും ബലവാനും മരണരഹിതനുമായ നിന്നെ ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ എന്നു വിളിക്കുമ്പോൾ പരിശുദ്ധ കത്തോലിക്കാസഭയിലെ അഭിഷിക്തപുരോഹിതന്മാരിൽ ഒരുവനാകാൻ കൃപയേകപ്പെട്ട ഈ മഹാപാപിയുടെ ദൃഷ്ടിക്കു മുമ്പിൽ കുരിശിലുയർത്തപ്പെട്ട നീ കാണപ്പെടുന്നു; ഉത്ഥിതനായ നീ കാണപ്പെടുന്നു; മഹാപുരോഹിതനായ നീ കാണപ്പെടുന്നു; കൗദാശികപൗരോഹിത്യസ്ഥാപകനായ നീ കാണപ്പെടുന്നു. സ്വയം ബലിയായി അർപ്പിച്ചവനും ആ ആത്മബലി സ്വീകരിക്കപ്പെട്ടവനുമായ മഹാപുരോഹിതനായ നീ കാണപ്പെടുന്നു. ഈ അനവദ്യ ദർശനത്തിന് എന്റെയും രാജകീയപൗരോഹിത്യത്തിന്റെയും ആന്തരികദൃഷ്ടികളെ പരിശീലിപ്പിക്കാൻ മലങ്കരസഭയിൽ ഇന്നും തുടരുന്ന ക്രമമോർത്തും നിന്നെ സ്തുതിക്കുന്നു. നിന്റെ പീഡാനുഭവ,ഉത്ഥാനസ്മരണാകാലങ്ങളിൽ പുരോഹിതവസ്ത്രങ്ങളണിഞ്ഞ ക്രൂശിതനായ നിന്നെ[8] കാണാനും ആ തിരുവസ്ത്രങ്ങൾ ചുംബിച്ച് അനുഗ്രഹം പ്രാപിക്കാനും നിദ്രാവിവശരെങ്കിലും ഞങ്ങൾക്കു നിന്നെ താബോർ മലയിലും കാണാം. പുരാതനസഭയുടെ ആചാരപാരമ്പര്യപ്രകാരം ക്രമ

[8]പുരോഹിതന്റെ തിരുവസ്ത്രങ്ങളണിഞ്ഞ ക്രൂശിതനായ യേശുക്രിസ്തുവിന്റെ ഐക്കൺ, 8–ാം നൂറ്റാണ്ടിൽ എഴുതപ്പെട്ടത്, റോമിലെ സാന്താ മരിയാ ആന്റിക്വ ദേവാലയത്തിലുണ്ട്. ചിത്രത്തിന്റെ ബ്ലാക്ക്&വൈറ്റ് കോപ്പി സഹിതം റിപ്പോർട്ട് കാണുക: ഒ.റൊ. (മല) 6/37, 15 നവംബർ 2013, 14). മഹാപുരോഹിതനെന്ന ക്രിസ്തുരൂപം ഇനി പറയുന്ന മലങ്കര സുറിയാനി സഭ നിലനിർത്തിയിട്ടുള്ള ചില അനുഷ്ഠാനങ്ങളുടെ ദൈവശാസ്ത്രപരമായ അടിസ്ഥാനത്തിലേക്കും വെളിച്ചം വീശുന്നു. ഉദാഹരണത്തിന്, കൗദാശികക്രമപ്രകാരമുള്ള പ്രധാനപുരോഹിതൻ (മേല്പട്ടക്കാരൻ) മദ്ബഹായിൽ സന്നിഹിതനായിരിക്കുമ്പോൾ കുർബാനയർപ്പിക്കുന്ന പുരോഹിതൻ കാപ്പ മേല്പട്ടക്കാരന്റെ ആശീർവാദാനുഗ്രഹങ്ങളോടെ സ്വീകരിച്ചു ധരിക്കുന്നു; ത്രൈശുദ്ധക്രിസ്തുസ്തവത്തിലെ ദൈവമേ, നീ പരിശുദ്ധനാകുന്നു എന്ന പാദം, നാമെല്ലാവരും പ്രാർഥിച്ച് ... എന്നാരംഭിക്കുന്ന കോറൂസൂസോ, ദൈവത്തിൽനിന്നു കടങ്ങൾക്കു ... എന്നാരംഭിക്കുന്ന ഹൂത്തോമോ എന്നിത്യാദികൾ മേല്പട്ടക്കാരൻ ആലപിക്കുന്നു.

മുണ്ടല്ലോ. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളോടു കരുണ ചെയ്യണമെ എന്ന് ഉള്ളുതുറന്ന് അപേക്ഷിച്ചുകൊണ്ട് നിന്റെ പുരോഹിതവസ്ത്രങ്ങൾ അപ്പോഴും ഇപ്പോഴും ചുംബിക്കാൻ, ഈ മഹാപാപിയെ അനുവദിക്കണമെ, അനുഗ്രഹിക്കണമെ!

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഈ ആരാധനയിൽ , ഈ ഗൊല്ഗോഥായിൽ, നിന്നെ ഇങ്ങനെ കാണുമ്പോൾത്തന്നെ നിദ്രാവിവശരെങ്കിലും ഞങ്ങൾക്കു നിന്നെ താബോർമലയിലും കാണാം. നിന്റെ ക്രൂശിതശരീരം നിന്റെ മനുഷ്യശരീരം മഹത്ത്വപൂർണമായ ആത്മീയശരീരമായതിന്റെ വഴിയല്ലോ. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളുടെ മർത്യശരീരത്തിന്റെ മൂല്യവും രൂപാന്തരീകരണവഴിയും ഈ ആരാധന ഞങ്ങൾക്കു വെളിപ്പെടുത്തുന്നു. നിന്റെ ക്രൂശിതശരീരത്തോടു ചേർക്കപ്പെട്ട ഞങ്ങളുടെ ശരീരം തേജസ്സാർന്ന ആത്മീയശരീരമാകാനുള്ളതാണ്. ഞങ്ങൾക്കു പ്രത്യക്ഷപ്പെട്ടിരിക്കുന്ന നിന്റെ മുമ്പിലുള്ള ഈ ആരാധന ഞങ്ങളുടെ ശരീരത്തെ നിന്റെ ക്രൂശിതശരീരത്തോടു പുനരൈക്യപ്പെടുത്താനുള്ളതാണ്. അങ്ങനെ ഞങ്ങൾക്ക് ഞങ്ങളുടെ മർത്യശരീരത്തെ ആത്മീയശരീരമാക്കാനുള്ള വഴിയിൽ നിന്നെ അനുഗമിക്കാമല്ലോ. ഈ ആരാധനയിൽ ഞങ്ങൾ ഞങ്ങളുടെ ശരീരങ്ങളെ ഉൾച്ചേർക്കുമ്പോൾ അവയുടെ മഹത്ത്വവത്കരണവും രൂപാന്തരീകരണവും സംഭവിച്ചുകൊണ്ടിരിക്കുകയുമല്ലോ.

## 8. സ്നേഹത്തിൽ വചനത്തോടുള്ള പൂർണമായ അനുസരണം

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നീ കുരിശിൽ സ്നേഹം പൂർണമാക്കിയ മാംസമായ വചനമല്ലോ. നീ മാത്രമാണല്ലോ പിതാവിന്റെ വചനത്തോടുള്ള അനുസരണത്തിന്റെ പരിപൂർണതയും പൂർണമായ അനുസരണവും (റോമ 5,18-19;എബ്രാ 10,5-7;സങ്കീ 40,6-8). മനുഷ്യരായ ഞങ്ങൾ എത്രതന്നെ ശ്രദ്ധിച്ചാലും വചനം സമ്പൂർണമായി അനുസരിച്ച്, പ്രർവത്തിച്ചു പൂർത്തിയാക്കാൻ സാധിക്കുന്നില്ല. ദൈവത്തിന്റെ വചനംതന്നെയായ നീ മനുഷ്യനായി പുതിയ അനുസരണമായി. നിന്റെ അനുസരണം മനുഷ്യരായ ഞങ്ങൾ സ്വപ്നം കാണുന്ന സകല ധാർമിക അപൂർണതകളെയും അതിലംഘിക്കുന്നതും അതിശയിക്കുന്നതുമല്ലോ! ദൈവപുത്രനായ നീ മനുഷ്യനാകുകയും നിന്റെ ശരീരം കുരിശിൽ മനുഷ്യവംശത്തിന്റെ പാപം

മുഴുവൻ വഹിക്കുകയും മനുഷ്യവംശത്തെയാകെ ദൈവത്തിലേക്കു സംവഹിക്കുകയും ചെയ്തു. നിന്റെ പരിപൂർണ്ണ അനുസരണത്താൽ, നിന്റെ പുതിയ ബലിയാൽ, സകല മൃഗബലികളും നീ നീക്കിക്കളഞ്ഞു. നിന്റെ ഈ അനുസരണത്തിൽ ഞങ്ങളെയെല്ലാം നിന്നോടൊപ്പം സംവഹിക്കുകയും നിന്റെ സ്നേഹംകൊണ്ടു ഞങ്ങളുടെ അനുസരണക്കേടുകളെല്ലാം മായിച്ചുകളയുകയും ചെയ്തു. ഞങ്ങളുടെ മാമോദീസായാൽ ഞങ്ങളും നിന്റെ അനുസരണത്തിലേക്കു സംവഹിക്കപ്പെട്ടു. ഈ കുർബാനയിൽ കർത്താവേ, നിന്റെ അനുസരണമിതാ ഞങ്ങളെ ആശ്ലേഷിക്കുന്നു; ഞങ്ങളെ വിമലീകരിക്കുകയും നീ അർപ്പിച്ച പരിപൂർണമായ ആരാധനയിലേക്ക് ആകർഷിച്ചുൾച്ചേർക്കുകയും ചെയ്യുന്നു.

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, സ്ലീബായായ നീ, ദൈവത്തിന്റെ വചനത്തോടുള്ള നിന്റെ അനുസരണത്തിന്റെ പൂർണതയുടെ, നിന്റെ ദൈവരാധനയുടെ, പൂർണതയല്ലോ! അതിന്റെ പ്രതീകമല്ലോ സ്ലീബാ. ദൈവത്തിന്റെ വചനം മനുഷ്യനായിത്തീർന്ന നിന്റെ അനുസരണമിതാ സ്ലീബായായി, എനിക്കും എല്ലാവവർക്കുംവേണ്ടി തുറക്കപ്പെട്ട സ്ഥാനമായി നല്കപ്പെട്ടിരിക്കുന്നു. അതിൽ ഞങ്ങൾക്കു പ്രവേശനം ലഭിച്ചിരിക്കുന്നു. അതിൽ ഞങ്ങളുടെ ജീവിതത്തിന് നവമായൊരു സാഹചര്യം ഞങ്ങൾ കണ്ടെത്തുന്നു. ഞങ്ങളുടെ ജീവിതത്തിനു നവമായൊരു സന്ദർഭം കണ്ടെത്താനാകുന്ന തുറസ്സായ ഇടമല്ലോ നീ![9] ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നിന്നോടു ചേർന്നുള്ള ഞങ്ങളുടെ ജീവിതത്തിനൊരുക്കപ്പെട്ട പുതിയ സാഹചര്യമല്ലോ നിന്റെ കുരിശ്! അത് ഞങ്ങളെ തന്നിലേക്ക് വലിച്ചടുപ്പിക്കുകയും ഞങ്ങളുടെ ജീവിതത്തിന് നവമായ മൂല്യം നല്കുകയും ചെയ്യുന്നു. അതിനോട്, നിന്റെ കുരിശിനോട്, ഇണങ്ങിച്ചേരാനുള്ള ശക്തി നല്കാൻ ഞങ്ങളോടു കരുണ ചെയ്യണമെ.

## 9. രക്ഷിക്കപ്പെട്ടവർക്ക് ദൈവത്തിന്റെ ശക്തി

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, *നശിക്കുന്നവർക്ക് ഭോഷത്തമായ നിന്റെ കുരിശിന്റെ വചനം രക്ഷിക്കപ്പെട്ട ഞങ്ങൾക്ക് ദൈവത്തിന്റെ ശക്തിയാകുന്നു* (1 കോറി 1,18). ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, *നിന്നിൽ ദൈവം വിജ്ഞാനികളുടെ വിജ്ഞാനം നശിപ്പി*

[9] J. Ratzinger, *Jesus of Nazareth* II, 234-236നോടു കടപ്പാട്.

*ക്കുകയും ബുദ്ധിമാന്മാരുടെ ബുദ്ധിവൈഭവം നിഷ്ഫലമാക്കുകയും ചെയ്തിരിക്കുന്നു* (1 കോറി 1,18). ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട വനേ, നിന്റെ മുമ്പിൽ നില്ക്കുമ്പോൾ ഞങ്ങൾക്കു ചോദിക്കാനാ കുന്നു: *വിജ്ഞാനി എവിടെ? നിയമജ്ഞൻ എവിടെ? ഈ യുഗത്തിന്റെ താർക്കികകൻ എവിടെ? ദൈവം ലോകത്തിന്റെ ജ്ഞാനം ഭോഷത്ത മാക്കിയില്ലേ?* (1 കോറി 1,19-20) ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നിന്നിലേക്കു ദൃഷ്ടിയുറപ്പിക്കുമ്പോൾ ഞങ്ങൾക്കു വ്യക്തമാകുന്നു, *ദൈവത്തിന്റെ ജ്ഞാനമായ നിന്നിൽ ലോകം വിജ്ഞാനത്തിലൂടെ ദൈവത്തെ അറിഞ്ഞില്ല* എന്ന്. *ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം വിജ്ഞാനത്തിലൂടെ ദൈവത്തെ അറിയാഞ്ഞതിനാൽ, പ്രഘോഷ ണത്തിന്റെ ഭോഷത്തത്തിലൂടെ, വിശ്വസിക്കുന്നവരെ രക്ഷിക്കാൻ ലോകമറിയാത്ത ദൈവമിതാ തിരുനസ്സായിരിക്കുന്നു* (1കോറി 1,21) എന്നും ഞങ്ങൾക്കു സുവ്യക്തമാകുന്നു.. ഞങ്ങളിലനേകരും ഞങ്ങ ളുടെ ചുറ്റും അനേകരും അടയാളങ്ങൾ ചോദിക്കുകയും വിജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു. അടയാളങ്ങൾ ആവശ്യപ്പെടുന്നവ രുടെയും വിജ്ഞാനം അന്വേഷിക്കുന്നവരുടെയും എണ്ണം അനുനി മിഷം ഏറിക്കൊണ്ടിരിക്കുന്ന, വിജ്ഞാനത്തിന്റെയും അടയാളങ്ങളു ടെയും ഈ യുഗത്തിൽ, ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, എണ്ണമറ്റവർക്ക് ഇടർച്ചയും ഭോഷത്തവുമായ നിന്നിൽ വിശ്വസി ക്കാനും നിന്നെ പ്രഘോഷിക്കാനും അശക്തരായ ഞങ്ങൾക്ക് നീ ശക്തിയാകുന്നു; അശക്തരായ ഞങ്ങൾക്ക് നീ ശക്തിയേകുന്നു. എന്തെന്നാൽ, *വിളിക്കപ്പെട്ടവർക്ക്*, ജാതി,മത, വർഗ, വർണ, രാജ്യ, രാഷ്ട്ര വ്യത്യാസമില്ലാതെ വിളിക്കപ്പെട്ട എല്ലാവർക്കും, *ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ വിജ്ഞാനവുമാണ്*. എന്തെന്നാൽ, മനുഷ്യരുടെ വിജ്ഞാനത്തെക്കാൾ ജ്ഞാനമാണ് ദൈവത്തിന്റെ ഭോഷത്തം; മനുഷ്യരുടെ ശക്തിയെക്കാൾ ശക്തമത്രേ ദൈവത്തിന്റെ ബലഹീനത (1 കോറി 1,18-31).

## 10. നിന്റെ വിരൽ ഇവിടെ കൊണ്ടുവരുക

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങൾക്കുവേണ്ടി യുള്ള നിന്റെ മുറിവുകളെ സ്പർശിക്കുവാൻ ഞങ്ങളെ ക്ഷണിച്ചു കൊണ്ട് നീ ഞങ്ങൾക്കുമുമ്പിൽ പ്രത്യക്ഷനായിരിക്കുന്നു. നീ ഞങ്ങ ളുടെ പിതാവായ തോമ്മാശ്ലീഹായോടു പറഞ്ഞത് ഞങ്ങൾ കേൾ

ക്കുന്നു: *നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക; എന്റെ കൈകൾ കാണുക; നിന്റെ കൈ നീട്ടി എന്റെ വിലാവിൽ വയ്ക്കുക.* ഞങ്ങളോരോരുത്തരും വിശ്വാസത്തോടെ ഏറ്റുപറയുന്നു: *എന്റെ കർത്താവേ, എന്റെ ദൈവമേ*! (യോഹ 20,27-28). നിന്റെ മുറിവുകളെ സ്പർശിക്കുന്നതാണല്ലോ ഞങ്ങൾക്കു നിന്നോടു പ്രണയിത്താലാകാനും നിന്നെ ഏറ്റവും അടുത്തറിയാനും നിന്നെ അടുത്തനുഗമിക്കാനും നിന്നെപ്പോലെയാകാനും ഞങ്ങൾക്ക് ഏറ്റവും ഉചിതവും അത്യാവശ്യവുമായ വഴിയെന്നുള്ള ശ്രേഷ്ഠരായ ആധ്യാത്മിക ഗുരുക്കന്മാരുടെ ആധ്യാത്മിക വഴിയും ഞങ്ങളോർക്കുന്നു. അതിനാലാണല്ലോ അവർ, മാർ ഈവാനിയോസ് പിതാവും, നിന്റെ പീഡാനുഭവത്തെ ധ്യാനിച്ചുതീരാത്ത ധ്യാനത്തിനു ഭക്ഷണമാക്കിയത്! വിശുദ്ധ ബർണാദിന്റെ വാക്കുകളും ഞങ്ങളെ ക്ഷണിക്കുന്നു:

> കർത്താവിന്റെ മുറിവുകളിലേക്കു പ്രവേശിക്കുക; സ്നേഹത്താൽ മുറിവേറ്റ കർത്താവിനെ നാം ശുശ്രൂഷിക്കുന്നു; നമ്മുടെ ദൈവത്തിന്റെ കരങ്ങൾ സ്നേഹത്താൽ മുറിവേറ്റവയാണ്; അതിൽ പ്രവേശിക്കാൻ പ്രാപ്തരാകുക. ... ശരണപ്പെടുക; അവന്റെ പാർശ്വത്തിലെ മുറിവിൽ പ്രവേശിക്കുക, അപ്പോൾ നിങ്ങൾ ആ ഹൃദയത്തിന്റെ സ്നേഹം ധ്യാനിക്കും.[10]

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നിന്റെ മുറിവുകളിലൂടെ ദൈവത്തിന്റെ ഹൃദയത്തിലേക്കു പ്രവേശിക്കാൻ ഞങ്ങൾക്കു കഴിയുമല്ലോ. അങ്ങനെ വിശക്കുന്നവരിലും നിരക്ഷരരിലും തിരസ്കൃതരിലും ഏകാന്തരായ വൃദ്ധജനങ്ങളിലും രോഗികളിലും തടവുകാരിലും ബുദ്ധിഭ്രമമുള്ളവരിലും പീഡിതരിലും മർദിതരിലും ... മുറിവേറ്റിരിക്കുന്ന സകലരിലും നിന്നെ കാണാൻ ഞങ്ങൾ പ്രാപ്തരാകുമല്ലോ.[11] ഓ! ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട നിന്റെ സാർവത്രിക സാന്നിധ്യവും കാരുണ്യവും!

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, *നിന്റെ ശക്തമായ കരത്തിൻകീഴിൽ ഞാൻ വിനയാന്വിതനായി നില്ക്കുന്നു. നീ തക്കസമ*

[10]കടപ്പാട്, "ക്രിസ്തുവിന്റെയും മനുഷ്യന്റെയും മുറിവുകൾ, ഫ്രാൻസിസ് പാപ്പാ, ക്രൈസ്തവജീവിതസമൂഹത്തിന്റെ ഇറ്റാലിയൻ പ്രതിനിധികളോട്, 2015 ഏപ്രിൽ 30ന്, *ഒസ്സെർവാത്തോരെ റൊമാനൊ* (മല), പുസ്തകം 8,ലക്കം 11, 15 മെയ് 2015, പുറം 13.

[11]അതേ കൃതി അതേ ഭാഗം.

*യത്ത് എന്നെ ഉയർത്തിക്കൊള്ളുമെന്ന്* എനിക്കുറപ്പുണ്ട്. *എന്റെ ഉത്ക ണ്ഠകളെല്ലാം ഞാൻ നിന്നെ ഏല്പിക്കുന്നു. നീ എന്റെ കാര്യത്തിൽ അതീവം ശ്രദ്ധാലുവാണെന്ന്* (1 പത്രോ 5,6–7)എനിക്കനുഭവമുണ്ടല്ലോ.

## 11. ക്രൂശിതൻ പാപപ്പൊറുതിയുടെ ഉറപ്പ്

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നീ ക്രൂശിതനായി ക്കൊണ്ട് ലോകപാപമാകെയും ദൈവസ്നേഹത്തിന്റെ അനന്തമായ ആഴത്തിന്റെ പാഞ്ഞൊഴുക്കിൽ ഉലച്ചുകഴുകിയല്ലോ. ക്രൂശിതനായ നിന്റെ ചിഹ്നത്താൽ, സ്ലീബായാൽ, ഞങ്ങൾ ഞങ്ങളെത്തന്നെ അട യാളപ്പെടുത്തുമ്പോൾ നിന്നോടുള്ള കൂട്ടായ്മയിലേക്ക് ഉയർത്തപ്പെ ടുകയും പാപപരിഹാരത്തിന്റെയും രൂപാന്തരീകരണത്തിന്റെയും മേഖ ലയിലേക്ക് പ്രവേശിപ്പിക്കപ്പെടുകയുമാണല്ലോ. പാപികളായ ഞങ്ങളെ വിശുദ്ധീകരിക്കുന്ന ദൈവകരുണയുടെ കുത്തൊഴുക്ക് ഞങ്ങൾക്ക് ഉറപ്പായി പ്രതീക്ഷിക്കാമല്ലോ. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നീ പാപികളും അനുതാപികളുമായ ഞങ്ങൾക്ക് സ്വർഗസ്ഥപിതാവായ ദൈവം, കാരുണ്യത്തിൽ ആനന്ദിക്കുന്ന അവിടുന്ന്, ഞങ്ങളുടെ അപ രാധങ്ങൾ പൊറുക്കുകയും അതിക്രമങ്ങൾ ക്ഷമിക്കുകയും (മിഖാ 7,18–19) ചെയ്യുന്നതിന്റെ ഉറപ്പല്ലോ.

''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളോടു കരുണ ചെയ്യണമെ''യെന്നു ഞങ്ങൾ അപേക്ഷിക്കുന്നു. എന്തെന്നാൽ, *ജന ങ്ങളുടെ പാപത്തിനു പരിഹാരം* ചെയ്ത ഞങ്ങളുടെ *പ്രധാനപു രോഹിതനായ* നീ *ദൈവികകാര്യങ്ങളിൽ വിശ്വസ്തനും കരുണയു ള്ളവനുമാകുന്നു* (എബ്രാ 2,17). നീ *സഹിക്കുകയും പരീക്ഷിക്കപ്പെ ടുകയും ചെയ്തതുകൊണ്ട് പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കാൻ* നിനക്കു *സാധിക്കും* (എബ്രാ 2,18). *ദൈവകൃപയാൽ, എല്ലാവർക്കും വേണ്ടി മരണമനുഭവിക്കേണ്ടതിന്, ദൂതന്മാരെക്കാൾ അല്പം താഴ്ത്ത പ്പെട്ടവനായ* നിന്നെ *മരണത്തിന്റെ സഹനംവഴി, മഹത്ത്വത്തിന്റെയും ബഹുമാനത്തിന്റെയും കിരീടമണിഞ്ഞവനായി* ഞങ്ങൾ *കാണുന്നു. ആർക്കുവേണ്ടിയും ആരുമൂലവും എല്ലാം നിലനില്ക്കുന്നുവോ, ആര് അനേകം പുത്രന്മാരെ മഹത്ത്വത്തിലേക്കു നയിക്കുന്നുവോ ആ രക്ഷ യുടെ കർത്താവിനെ അവിടുന്ന് സഹനംവഴി പരിപൂർണനാക്കുക സമുചിതമായിരുന്നു* (എബ്രാ 2,9–10). *ക്രിസ്തു സഹിച്ച് മഹത്ത്വത്തി*

*ലേക്കു പ്രവേശിക്കേണ്ടിയി*രുന്നു (ലൂക്കാ 24,26). *പാപങ്ങളിൽനിന്നു ഞങ്ങളെ ശുദ്ധീകരിച്ചശേഷം ഉന്നതങ്ങളിൽ മഹത്ത്വത്തിന്റെ വലത്തുഭാഗത്ത്* നീ *ഉപവിഷ്ടനായി* (എബ്രാ 7,24). ഭൂമിയിൽനിന്ന് കുരിശിൽ ഉയർത്തപ്പെട്ട നീ മനുഷ്യരായ ഞങ്ങളെയെല്ലാം നിന്നിലേക്ക് ആകർഷിക്കുന്നു; ഞങ്ങൾ നിന്നിൽ വിശ്വസിക്കുന്നു (യോഹ 12,32 -36). ജനങ്ങളുടെ പാപത്തിനു പരിഹാരം ചെയ്ത ഞങ്ങളുടെ പ്രാധാനപുരോഹിതൻ ദൈവികകാര്യങ്ങളിൽ വിശ്വസ്തനും കരുണയുള്ളവനുമത്രേ. അവനോടു ഞങ്ങൾ ആവർത്തിച്ചു കരുണയപേക്ഷിക്കുന്നു.

സഹോദരരേ, വത്സലരരേ, സ്രോപ്പേകളോടു ചേർന്നു നാം ക്രൂശിതനെ ശുദ്ധീകരിക്കുമ്പോൾ നാമും ശുദ്ധീകരിക്കപ്പെടുന്നു. ശുദ്ധീകരണത്തിനുവേണ്ടിയുള്ള ത്രൈശുദ്ധകീർത്തനത്തിനു നേതൃത്വം നല്കുന്ന എനിക്കു ശുദ്ധീകരണം സാധ്യതയേകുന്ന അന്തഃകരണത്തോടെ അതിന്റെ ആലാപനത്തിന് ആരംഭമിടാൻ സദാ സാധ്യമായിരുന്നെങ്കിൽ! അതാലപിക്കപ്പെടുന്ന ഈ തിരുസമയമത്രയും ഈ തിരുസന്നിധാനത്തുതന്നെ വിശുദ്ധീകൃതനായിക്കൊണ്ടായിരിക്കാൻ എനിക്കായിരുന്നെങ്കിൽ!

''പാപീ, വിശുദ്ധ സ്ഥലത്തുനിന്നു നീ എന്തിനു പോകുന്നു? ബലിപീഠത്തിന്മേൽ നിന്റെ നാഥൻ ബലിയർപ്പിക്കപ്പെടുന്ന സമയം നിന്റെ കടങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നതിനു പകരം നീ വ്യർഥകാര്യത്തിനുവേണ്ടി പുറത്തേക്കു പോകുന്നുവോ? മനുഷ്യാ, ദൈവകരുണയ്ക്കു കാത്തിരുന്നപേക്ഷിക്കുക. കർത്താവ് സ്വർഗത്തിലും ഭൂമിയിലും പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു വിളിച്ചപേക്ഷിക്കുകയും ചെയ്യുക'' എന്ന് നോമ്പിന്റെ വ്യാഴാഴ്ച പ്രഭാതത്തിൽ ഞാൻ വെറുതെ പറയുന്നതേയുള്ളോ? ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നിന്റെ രക്തത്തിന്റെ അമൂല്യമായ വിലയെക്കുറിച്ച് അനേകർക്ക് അറിവേകീടുന്ന ഞാനാകട്ടെ ഭോഷനായിത്തുടരുന്നു! അനേകരെ നിന്റെ രക്തം പാനം ചെയ്യിക്കുന്ന ഞാനാകട്ടെ ദാഹത്താൽ വലയുന്നു! ചവളം ഭേദിച്ച നിന്റെ പാർശ്വത്തിൽനിന്ന് എന്നെ കുടിപ്പിക്കണമെ! അപ്പോൾ തീർച്ചയായും നിന്റെ കൃപയാൽ ഞാൻ ജീവിക്കും.[12]

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നീ ഞങ്ങളുടെ ഹൃദയക്കണ്മുമ്പിൽ ക്രൂശിതനായി ചിത്രീകരിക്കപ്പെട്ടിരിക്കേ ഞങ്ങളെ ആരും

[12]ശ്ഹീമൊനമസ്കാരം, മെനഓ, തിങ്കൾ മൂന്നാം മണി, കോലൊ.

ആഭിചാരം ചെയ്ത് വിശ്വാസത്തിൽനിന്നു വ്യതിചലിക്കപ്പെടാതിരിക്കാൻ ഞങ്ങൾക്ക് ആത്മാവിനെ നല്കുവാൻ (ഗലാ 3,1-5) ഞങ്ങളോടു കരുണ ചെയ്യണമെ!

## 12. ക്രൂശിതനിൽനിന്നു സൗഖ്യം പ്രാപിക്കുന്നവർ

വിശുദ്ധ കുർബാനയുടെ പരസ്യാരംഭത്തിലെ ത്രൈശുദ്ധക്രിസ്തുസ്തവം ആലപിക്കുന്ന ഓരോ അവസരത്തിലും എന്റെ മനസ്സിനു മുമ്പിൽ ഒരു വല്യമ്മച്ചിയുടെ ചിത്രം മുടങ്ങാതെ ഓടിയെത്തുന്നുണ്ട്. ഒരച്ചനെ വിശുദ്ധ കുർബാനയെക്കുറിച്ച് അനുഭവംകൊണ്ടു പഠിപ്പിച്ച, ദൈവശാസ്ത്രം പഠിച്ചിട്ടില്ലാത്ത, തന്റെ ജീവനാംശമായി കുർബാനയെ അനുഭവിച്ചിരുന്ന, ദരിദ്രയായ സ്ത്രീ.

അച്ചന് ഞായറാഴ്ച ഉച്ചയ്ക്കുമുമ്പ് മൂന്നു പള്ളികളിൽ വിശുദ്ധ കുർബാന അർപ്പിക്കണമായിരുന്നു. ആദ്യത്തെ പള്ളിയിൽ തക്കതായ കാരണത്താൽ കുർബാന ആരംഭിക്കാൻ വൈകിയ മൂന്നു ഞായറാഴ്ചകളിൽ ''ദൈവമേ, നീ പരിശുദ്ധനാകുന്നു'' എന്നാരംഭിക്കുന്ന ത്രൈശുദ്ധക്രിസ്തുസ്തവം ആഘോഷമായി നീട്ടി പാടാതെ, സാധാരണ ദിവസങ്ങളിലെപ്പോലെ ചൊല്ലി. അങ്ങനെ ചൊല്ലിയ മൂന്നാം ഞായറാഴ്ച. കുർബാന കഴിഞ്ഞ് അടുത്ത പള്ളിയിലേക്കു പോകാനുള്ള തിടുക്കത്തിൽ അച്ചൻ നടക്കവെ വല്യമ്മച്ചി തടഞ്ഞു. അച്ചനവിടെ നിന്നേ. എനിക്കൊരു കാര്യം പറയാനുണ്ട്. അച്ചനെന്താ ഇന്നു കുർബാനയിൽ ചെയ്തത്? ഇതുംകൂട്ടി മൂന്നാം ഞായറഴ്ചയാ. കാര്യം മനസ്സിലാകാതെ അച്ചൻ അമ്മച്ചിയോടു തിരക്കി. ഇന്നു കുർബാനയിൽ വല്ല തെറ്റും വരുത്തിയോ? ഒന്നും ഓർക്കുന്നില്ലല്ലോ. അച്ചനിന്ന് എങ്ങനെയാ ''ദൈവമേ നീ പരിശുദ്ധനാകുന്നു'' ചൊല്ലിയത്? കുറുക്കിക്കൂട്ടി. അമ്മച്ചീ, അത് സമയം പോയതുകൊണ്ടല്ലേ? എനിക്ക് രണ്ടു പള്ളിയിൽക്കൂടി പോകണ്ടതല്ലേ? അച്ചോ, ആ അപേക്ഷ ഞാൻ തൊണ്ട തുറന്ന് ആവുന്നത്ര നീട്ടിയാവർത്തിച്ചൊല്ലുമ്പോൾ എന്റെ വലിവിനു ശമനമുണ്ടാകും. ബലവാനേ നീ പരിശുദ്ധനാകുന്നു, മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു, ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളെ അനുഗ്രഹിക്കണമെ[13] എന്നൊക്കെ കണ്ണുമടച്ച് വാതുറന്ന് നീട്ടിച്ചൊല്ലുമ്പോൾ എന്റെ കണ്മുമ്പിൽ എനിക്കു സൗഖ്യം നല്കി

[13]അക്കാലത്ത് അങ്ങനെയായിരുന്നു.

ക്കൊണ്ടു ക്രൂശിൽ കിടക്കുന്ന എന്റെ കർത്താവു മാത്രമാ. ആ പ്രാർഥന തീരുമ്പോഴേക്ക് എനിക്കു വലിയ ആശ്വാസം കിട്ടും. പിന്നെ അഞ്ചാറു ദിവസത്തേക്ക് എനിക്ക് വലിവിന്റെ ശല്യമില്ല. അച്ചൻ കുറുക്കിച്ചൊല്ലിയാൽ എനിക്കെങ്ങനാ സൗഖ്യം കിട്ടുന്നത്? അമ്മച്ചി സ്ലീബാബോധത്തിന്റെ വാല്മീകത്തിലായിരുന്നു. ആദികവിയെ രാമബോധം വാല്മീകമായിപ്പൊതിഞ്ഞു. ''മരണമില്ലാത്തവനേ'' നോക്കി ''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ... '' എന്നു വിളിച്ച് പലവുരു പാടിസ്തുതിച്ചപ്പോൾ സ്തുതിക്കപ്പെട്ടവൻ അമ്മച്ചിയുടെ അകംപുറം വാല്മീകമായി. മഹത്തായ പാരമ്പര്യത്തിന്റെ പൂർത്തീകരണം!

അമ്മച്ചിയ്ക്കു കുർബാനയിൽ ലഭിക്കുന്ന സൗഖ്യാനുഭവത്തെക്കുറിച്ചുള്ള തുടർചിന്ത പലപ്പോഴും അച്ചനെ ഉണർത്തിയിട്ടുണ്ട്. ''ഈ സമയത്തു നമ്മുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തു മിശിഹാതമ്പുരാൻ എഴുന്നെള്ളിയിരിക്കുന്ന മഹോന്നതങ്ങളിൽ ആയിരിക്കണം'' എന്ന് ആഹ്വാനം ചെയ്യുമ്പോൾ അമ്മച്ചി തീർച്ചയായും ഭൂമിയിൽനിന്ന് ആത്മാവിൽ സ്വർഗത്തിലേക്ക് ഉയർന്നിരിക്കില്ലേ? വിശുദ്ധ കുർബാന പടിഞ്ഞാറോട്ട് എഴുന്നെള്ളിക്കുമ്പോൾ അമ്മച്ചിയുടെ മനസ്സിൽ ഉണർന്നിട്ടുള്ള മിശിഹാരൂപം എത്ര ദീപ്തവും മഹത്ത്വപൂർണവും ആയിരിക്കും! ''അഗ്നിമയന്മാരാരെ...'' പാടുമ്പോൾ അമ്മച്ചി ഏശയ്യായോടുകൂടി സ്വർഗത്തിന്റെ ഏതു നിലയിലായിരിക്കും! ഇങ്ങനെ വിശുദ്ധ കുർബാനയെക്കുറിച്ച് അച്ചന്മാരെ പഠിപ്പിക്കാൻ അറിവുള്ള എത്രയോ അമ്മച്ചിമാരും അപ്പച്ചന്മാരും! അവർ സഭയിലെ ഗുരുസ്ഥാനീയരല്ലോ. ഫ്രാൻസിസ് പാപ്പായുടെ ജ്ഞാനശാസ്ത്രമനുസരിച്ചു പറഞ്ഞാൽ, അവർ സഭയിലെ ജ്ഞാനസ്രോതസ്സല്ലോ! അവരിൽനിന്നു പഠിക്കുന്നവർ അനുഗൃഹീതർ!

## 13. ക്രൂശിതനെത്തന്നെ ആഗ്രഹിച്ചുകൊണ്ട്

''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,'' നിന്നിൽനിന്ന് നിന്റെ സനേഹവും നിന്നെയുമല്ലാതെ മറ്റൊന്നും ആഗ്രഹിക്കാതെ നിന്നെത്തന്നെ ഞങ്ങൾക്കു നല്കാൻ ''ഞങ്ങളോടു കരുണചെയ്യണമെ'' എന്നപേക്ഷിക്കാൻ ഈ ജീവിതത്തിന്റെ അന്തത്തിലെങ്കിലും സാധിച്ചിരുന്നെങ്കിൽ! ഞങ്ങൾക്കിങ്ങനെ ദിനംതോറും രണ്ടു പ്രാവശ്യം പ്രാർഥിക്കാൻ സഭ ക്രമീകരിച്ചുതന്നിട്ടുണ്ടല്ലോ:

> മോറാനേശുമിശിഹാ, നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരേ അടയ്ക്കരുതേ. കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു. നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായി നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്നു ഞങ്ങളുടെ അടുക്കലേക്കു നിന്നെ ഇറക്കിക്കൊണ്ടുവന്നു ഞങ്ങളെ അനുഗ്രഹിക്കണമേ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, ഇത് ഞങ്ങളുടെ സന്ധ്യയുടെയും - ഞങ്ങളുടെ സന്ധ്യാബലിയുടെയും - രാത്രിയുടെയും പ്രാർഥനകളുടെ അവസാനത്തെ അപേക്ഷയാണല്ലോ. ഇതിൽ ഞങ്ങൾ ചോദിക്കുന്നത് നിന്നെത്തന്നെയാണ്. സന്ധ്യയായി, ഇരുളാരംഭിച്ചു. മരണത്തിന്റെ നിഴൽ വീശിക്കഴിഞ്ഞു. ഞങ്ങൾ ഞങ്ങളുടെ മരണത്തിന്റെ അനുദിന റിഹേഴ്സൽ ആരംഭിക്കാറായി.

സന്ധ്യാബലിയുടെ സമയത്താണല്ലോ നീ ഞങ്ങൾക്കുവേണ്ടി മരിച്ചത്. ഞങ്ങളുടെ സന്ധ്യാബലിയിൽ നിന്റെ അമ്മയുടെയും നിന്റെ സഹദേന്മാരുടെയും ഈ ലോകത്തിൽനിന്നു നിന്റെ സന്നിധിയിലേക്കു കടന്നുവന്ന സകല നീതിനിഷ്ഠരുടെയും ആചാര്യന്മാരുടെയും ശുശ്രൂഷകരുടെയും നിന്നിലുള്ള വിശ്വാസത്തിൽ ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും സംസർഗം ഞങ്ങളനുഭവിച്ചു. അവരോടും നിന്നോടും അനേകം ആവശ്യങ്ങൾ ഞങ്ങൾ ഉണർത്തിച്ചു. അവസാനം, അല്ല, എല്ലാറ്റിനും ഉപരിയായി ഞങ്ങളപേക്ഷിക്കുന്നു: ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരേ അടയ്ക്കരുതേ. കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളുടെ പാപം നിമിത്തം ഞങ്ങൾക്കുണ്ടായ മരണം തീർത്തും മാഞ്ഞുപോകണം. അതിന് ഒരൊറ്റ വഴിയേ ഞങ്ങൾക്കുള്ളു. ഞങ്ങൾക്കുവേണ്ടി മരിക്കാൻ നീ കാണിച്ച നിന്റെ സ്നേഹംതന്നെ നിന്നെ നീ ഇപ്പോളായിരിക്കുന്ന നിന്റെ സ്ഥാനത്തുനിന്ന് - പിതാവിന്റെ വലത്തുഭാഗത്തുനിന്ന് - ഞങ്ങളുടെ അടുക്കലേക്കു നിന്നെ ഇറക്കിക്കൊണ്ടുവന്ന് ഞങ്ങളെ അനുഗ്രഹിക്കണം. നിന്നെത്തന്നെ തന്ന് ഞങ്ങളെ അനുഗ്രഹിക്കണം. നിന്നെത്തന്നെയാണ് മരണത്തിന്റെ ഈ സന്ധ്യയിൽ ഞങ്ങൾക്കു വേണ്ടത്. നിന്നെത്തന്നെ തന്ന് ഞങ്ങളെ അനുഗ്രഹിക്കണമെ. അപ്പോൾ ഞങ്ങൾക്ക് നീയുൾപ്പെടുന്ന അതിപരിശുദ്ധ

ത്രിത്വൈകത്തോടും, അതിലോരോരുത്തരോടും, നിന്റെ കന്യകാമ്മയോടും, കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയോടുമുള്ള ഐക്യത്തിലും, ഞങ്ങളുടെ മാമോദീസായോടുള്ള ഐക്യത്തിലും, നിന്റെ പുനരാഗമത്തെ പ്രതീക്ഷിച്ചും ഈ സന്ധ്യയിലാരംഭിക്കുന്ന മരണത്തിന്റെ സമയം ജീവന്റേതാക്കാമല്ലോ.

രാത്രിയുടെ നാലാം കൗമായുടെ അവസാനം ഞങ്ങൾ വീണ്ടും അപേക്ഷിക്കുന്നു: ''മോറാനേശുമിശിഹാ, നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരേ അടയ്ക്കരുതേ ... ഞങ്ങളുടെ അടുക്കലേക്കു നിന്നെ ഇറക്കിക്കൊണ്ടുവന്നു ഞങ്ങളെ അനുഗ്രഹിക്കണമേ.'' രാത്രിയുടെ നാലാം കൗമായുടെ കാലം *അതിരാവിലേ ഇരുട്ടായിരിക്കുന്ന* (യോഹ 20,1) സമയമാണല്ലോ. പകലിലേക്കിറങ്ങാൻ ഞങ്ങൾ ഒരുങ്ങേണ്ട സമയം. അത് ഇരുട്ടായിരിക്കുന്ന അതിരാവായി ഞങ്ങൾക്കു നീണ്ടുപോകാതിരിക്കാൻ, ''മോറാനേശുമിശിഹാ, ... ഞങ്ങളുടെ അടുക്കലേക്കു നിന്നെ ഇറക്കിക്കൊണ്ടുവന്നു ഞങ്ങളെ അനുഗ്രഹിക്കണമേ.'' നിന്റെ സ്ഥാനത്തുനിന്നു നിന്നെ ഇറക്കിക്കൊണ്ടുവന്ന് നിന്നെത്തന്നെ ഞങ്ങൾക്കു തന്നനുഗ്രഹിക്കണമേ. അപ്പോൾ ഞങ്ങൾക്കു നീ മുഖാന്തരം നല്കപ്പെട്ടുകഴിഞ്ഞിട്ടുള്ള എല്ലാ ഐക്യങ്ങളും അനുഗ്രഹങ്ങളും പുനരനുഭവിച്ചുകൊണ്ട് നിന്നോടുള്ള ഞങ്ങളുടെ ഐക്യത്തിന്റെ മാധുര്യം ഞങ്ങൾക്കു കൂടുതലനുഭവിക്കാം. അതിനാൽ, രാത്രിയുടെ നാലാം യാമത്തിൽ പത്രോസിനു നീ നീട്ടിക്കൊടുത്ത കൈ മാത്രമല്ല, നിന്നെത്തന്നെ പൂർണമായി ഞങ്ങൾക്കു വേണം. നിന്റെ ബലിവേദിയിൽ ഞങ്ങൾക്കു നിന്നെ പൂർണമായി ലഭിക്കുമല്ലോ!

## 14. ക്രൂശിതന്റെ പാദചുംബനത്തിന്റെ മാധുര്യത്തിന്

''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,'' നിന്റെ പാദം ചുംബിച്ചുകൊണ്ടു നിന്നോടു ചേരുവാൻ തീർത്തും അയോഗ്യനായ എന്റെ അവിവേകത്തെ സ്നേഹൈക്യത്തിനുള്ള എന്റെ ആത്മാവിന്റെ ദാഹമായി കൈക്കൊള്ളണമേ. ശിമയോന്റെ വിരുന്നുഭവനത്തിൽവച്ച് ആ പട്ടണപ്പാപിനിയെ, അനുഗൃഹീതയായ ആ അനുതാപിയെ, നീ അനുവദിച്ചല്ലോ നിന്റെ പാദത്തിന്നരികേ കരഞ്ഞുകൊണ്ടു നില്ക്കാൻ. അതുപോലെ, നിന്റെ കുരിശു നാട്ടിയിരിക്കുന്ന മണ്ണിലും ജീവദായകമായ ചുടുനിണമൊഴുക്കുന്ന നിന്റെ കാല്പാ

ദങ്ങളിലും എന്റെ കണ്ണീരൊലിക്കുന്ന അധരങ്ങൾകൊണ്ടു സ്പർശിക്കാൻ ഈ മഹാപാപിയെ അനുവദിക്കണമെ. ആണിപ്പഴുതുകളാലും ചോരച്ചാലുകളാലും എന്റെ ആത്മാവിനുവേണ്ടി മനോഹരമായി അലങ്കരിക്കപ്പെട്ടിരിക്കുന്ന നിന്റെ പാദങ്ങളിൽ ആശ്വസിക്കുന്നതിൽനിന്ന് അവയെ തടയരുതേ. ഈ മഹാപാപിയോടുള്ള നിന്റെ ആർദ്രകരുണയ്ക്കു നന്ദി. നിന്റെ പാദങ്ങളെ സ്പർശിക്കാനാഗ്രഹിക്കുന്ന എന്റെ പാപപൂർണമായ കൈകളെ തട്ടിനീക്കിക്കളയരുതേ. ഈ നിമിഷം ഞാൻ അവയെ കണ്ണീരൊഴുകുന്ന കണ്ണുകൾകൊണ്ടു ചുംബിച്ച് എന്റെ കണ്ണീർ അവയിൽ തളിച്ച് എന്നെത്തന്നെ കഴുകട്ടെ. അങ്ങനെ എന്റെ പുറംകണ്ണുകളും അകക്കണ്ണുകളും പാപപങ്കിലങ്ങളായ എന്റെ പാദങ്ങളും വിശുദ്ധീകരിക്കപ്പെടട്ടെ! പാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചുകൊണ്ടിരിക്കാൻ എന്റെ മനസ്സിനെ ശക്തീകരിക്കുകയും നിന്റെ പാദങ്ങളെ ചുംബിച്ചുകൊണ്ടിരിക്കാൻ എന്റെ കണ്ണുനീരിനു ധൈര്യവും സന്തോഷവും നല്കുകയും ചെയ്തുകൊണ്ടിരിക്കണമെ! നിന്റെ പാദചുംബനത്തിന്റെ മധുരം രുചിക്കുന്നതിൽനിന്നു വിരമിക്കാൻ അതിനു കഴിയുമെന്ന് എനിക്കു ലേശം പോലും തോന്നുന്നില്ല.

‘‘ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,’’ നിന്റെ പിതാവിനോടും എന്നോടും ഓരോ മനുഷ്യവ്യക്തിയോടും സർവചരാചരങ്ങളോടുമുള്ള നിന്റെ വറ്റാത്ത സ്നേഹത്തിന്റെ ഇരിപ്പിടമായ ഹൃദയത്തിൽ ചുംബിക്കുന്നതിനുമുമ്പ് നിന്റെ കരങ്ങൾ ചുംബിക്കണമെന്ന് അനുഭവജ്ഞാനികളുടെ ഉപദേശമുണ്ടല്ലോ.[14] അതനുസരിച്ച്, അറിവില്ലാത്തവനും ഭോഷനുമായ ഈ മഹാപാപി അപേക്ഷിക്കുന്നു: ആണികളാൽ മരക്കുരിശിനോടു തറയ്ക്കുകയും കെട്ടുകയും ചെയ്തിട്ടുള്ള നിന്റെ കരങ്ങളെ മാറിമാറി തൊടാനാഗ്രഹിക്കുന്ന എന്റെ പാപപങ്കിലങ്ങളായ കൈകളെയും, മുത്താനാഗ്രഹിക്കുന്ന പാപപങ്കിലങ്ങളായ എന്റെ അധരങ്ങളെയും തടയരുതേ. അവയുടെ അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തണമെ. അവയ്ക്കാഗ്രഹമുള്ളത്രയും സമയം അനുവദിക്കണമെ. ഈ കുർബാനയുടെ സമയംമുഴുവൻ അവ അവിടെത്തന്നെയായിരിക്കാൻ അനുഗ്രഹിക്കണമെ. അങ്ങനെ, എന്റെ അസംഖ്യങ്ങളായ പാപങ്ങളെക്കുറിച്ചനുതപിക്കാൻ നീ തരുന്ന അനന്തകൃപകൊണ്ടുമാത്രം എന്റെ ആത്മാവിനു പരിപൂർണമായി സംതൃപ്തിപ്പെ

[14] Bernard of Clairvaux, *On the Song of Songs*, vol.1, sermon 3, no. 3, p.18.

ടാൻ സാധിക്കില്ലെന്നു സൂചിപ്പിക്കാൻ എന്നെ അനുവദിക്കണമെ. നിന്റെ കൈകൾ കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുന്നത്, അവയോട് എന്റെ കൈകകൾ *മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കാൻ*തക്കവിധം ചേർന്നിരുന്നു ശക്തി പ്രാപിക്കേണ്ടതിനുമല്ലോ.[15]

''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,'' ഈ മൂന്നാം പ്രാവശ്യം നിന്നെ വിളിക്കുമ്പോൾ, വിരൂപവും വികൃതവുമാക്കപ്പെട്ട എന്റെ മുഖം കുത്തിത്തുറക്കപ്പെട്ട നിന്റെ വിലാവിലേക്ക് അടുപ്പിക്കട്ടെ. അതിൽ എന്റെ വിരലിടാൻ എന്നോടു പറയുന്നതിനുമുമ്പ് അവിടെനിന്നു നീ ഒഴുക്കുന്ന ശുദ്ധജലംകൊണ്ട് എന്റെ വിരലുകളെയും എന്നെയും ഇനിയും കഴുകി ശുദ്ധിയാക്കണം. എന്നിൽ പറ്റിയിട്ടുള്ള പാപത്തിന്റെ പൊടിപോലും കഴുകിക്കളഞ്ഞ് എന്നെ വെടുപ്പാക്കണം. ഞാൻ നിന്റെ പാർശ്വത്തിൽ കുത്താനുപയോഗിച്ച കുന്തത്തിലൂടെത്തന്നെ നിന്റെ സ്നേഹത്തിന്റെ ഇമ്പമുള്ള അരുവിയിൽനിന്ന് രക്തവും വെള്ളവും എന്റെ അധരങ്ങളിലേക്ക് നീതന്നെ അവ തുറന്ന് ഒഴുക്കണമേ. എന്റെ അധരങ്ങൾ ജീവൻ പാനം ചെയ്യട്ടെ! ആ ജീവജലംകൊണ്ടു കഴുകപ്പെട്ട് എന്റെ മുഖകാന്തി വീണ്ടെടുക്കപ്പെടട്ടെ! നിന്റെ സ്നേഹം നിറഞ്ഞും നിന്നോടുള്ള സ്നേഹത്തള്ളലാലും അതു രൂപാന്തരപ്പെടട്ടെ! അതിന് ഇനിയെന്നും ''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട'' നിന്റെ രക്തത്തിന്റെ നിത്യപ്രസാദമാകട്ടെ!

## 15. ക്രൂശിതന്റെ ശിരസിലെ മുള്ളുകൾ രക്ഷയുടെ കൊമ്പുകൾ

''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,'' ഈ മൂന്നാം പ്രാവശ്യം നിന്നെ വിളിക്കുമ്പോൾ, എന്റെ കരങ്ങളും കണ്ണുകളും അധരങ്ങളുംകൂടി നിന്റെ ശിരസ്സിന്റെ നേർക്കു ഞാനുയർത്തുന്നു. പക്ഷേ, ഇപ്പോഴും നിന്റെ ശിരസ്സിലെ മുള്ളുകളുടെ കൂർത്ത മുനകളുടെ അഗ്രം എന്റെ നഖങ്ങളുടെ അഗ്രങ്ങളിലോ കൺപീലികളിലോ അധരങ്ങളിലോ ഞാനറിയാതെയെങ്ങാനും സ്പർശിച്ചു പോറലേല്പിച്ചാലോ എന്ന ഭയം അവയെ പിന്നോട്ടു വലിക്കാനായുന്നു. നിന്റെ ശിരസ്സിലെ മുള്ളുകൾ അവയോടു ചൊല്ലട്ടെ: ഞങ്ങൾ നിങ്ങളുടെ രക്ഷയുടെ കൊമ്പുകളാണ്; നിങ്ങൾക്കു ബലിയർപ്പിക്കാനുള്ള ബലിപീഠത്തിന്റെ കൊമ്പുകൾ. എന്റെ ശത്രുക്കൾ തകർത്ത ദേവാലയമല്ലേ ഞാൻ?

[15]നമ്പർ 14ൽ സൂചിപ്പിച്ച അതേ ഗ്രന്ഥഭാഗത്തോടു കടപ്പാട്.

''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,'' ഈ മൂന്നാം പ്രാവശ്യം നിന്നെ വിളിക്കുമ്പോൾ, ശതാധിപൻ എന്നെ ഓർമിപ്പിക്കുന്നു, നീ *നീതിനിഷ്ഠനാകുന്നു* (ലൂക്കാ 23,47) – പിതാവിന്റെ ഹിതം സമ്പൂർണമായി നിറവേറ്റിയവൻ. അതേ, നീ പിതാവിന്റെ പ്രിയപുത്രനാകുന്നു. സത്യമായും നീ ദൈവപുത്രനാകുന്നു. പിതാവിന്റെ ഇഷ്ടം നിവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയും ചെയ്യുന്നത് തന്റെ ഭക്ഷണമാക്കിയവനാകുന്നു (യോഹ 4,34). പിതാവിന്റെ ഹിതം നിറവേറ്റി കുരിശിൽ പിതാവിന്റെ കരങ്ങളിലേക്കു നിന്റെ ആത്മാവിനെ ഏല്പിച്ചു പ്രാണൻ വെടിഞ്ഞവനാകുന്നു (ലൂക്കാ 23,46). നീ എനിക്കു ജീവന്റെ അപ്പവും ജീവഫലം നല്കുന്ന ജീവന്റെ വൃക്ഷവുമാകുന്നു. സ്വർഗസ്ഥപിതാവിന്റെ ഹിതം നിറവേറ്റുന്നത് എന്റെ ഭക്ഷണമാക്കാതെ നിന്നെ ''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ'' എന്നു വിളിച്ചപേക്ഷിക്കുന്നതിന്റെ കുറ്റം എന്നോടു പൊറുക്കണമെ! ഓ, സ്ലീബായേ, ''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,'' നീ ഞങ്ങൾക്കു നല്കിയ കല്പനയാകുന്ന നീർച്ചാലിന്നരികെ നില്ക്കുന്ന വൃക്ഷമാകാൻ എനിക്കായില്ല. നിന്റെ വിലാവിൽനിന്നൊഴുകുന്ന രക്തവും വെള്ളവുമൊഴുകുന്ന നീർച്ചാലിന്നരികെ നടപ്പെട്ട വൃക്ഷമാകാൻ നിന്റെ നിണമൊഴുകുന്ന ക്രൂശിതകരങ്ങളാൽ എന്നെ പിഴുതു നടണമെ!

''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,'' കുരിശിൽ നിന്റെ രക്തം കണ്ട് നിന്നോടുള്ള സ്നേഹത്താൽ ഉന്മത്തരായതിനാൽ നിന്നെപ്രതിയുള്ള പീഡനങ്ങൾ തെല്ലുമേ അറിയാതിരുന്ന നിന്റെ രക്തസാക്ഷികളെ വെള്ളിദിനത്തിലെ രാത്രിപ്രാർഥനയിൽ ഞങ്ങളോർക്കുന്നു. നീ അവർക്കുവേണ്ടി മുടികൾ മെടഞ്ഞ കർത്താവാകുന്നു. അനുദിനം എന്റെ കുരിശെടുത്തു നിന്റെ പിന്നാലെ നിന്നോടുള്ള സ്നേഹോന്മാദത്താൽ കുരിശിന്റെ ഭാരമേശാതെ അനുഗമിക്കാൻ എന്നെ അനുഗ്രഹിക്കണമെ; എന്നോടു കരുണ ചെയ്യണമെ.

''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,'' കുരിശിൽ നിന്നെ കാണുമ്പോൾ, നിന്റെ യുവരക്തസാക്ഷികളുടെ മഹാഭാഗ്യത്തെപ്പറ്റി വിചാരിച്ചുപോകുന്നു: കയ്പും മധുരവും തിരിച്ചറിയാവുന്ന പ്രായത്തിൽ നീ ക്രൂശിക്കപ്പെട്ട് പാപിയെ, അനേകരെ, നിന്നിലേക്കാകർഷിച്ചു. ഇതിനാലല്ലേ നിനക്ക് യാക്കോബും സ്തേഫാനോസും മുതലി

ങ്ങോട്ട് അനേകം യുവ രക്തസാക്ഷികളെ സമ്പാദിക്കാനായതും ആകുന്നതും! അപ്രസക്തമാണെങ്കിലും ഒരു കാര്യം ഞാൻ ചോദിച്ചുകൊള്ളട്ടെ: ഞാൻ എന്നെക്കുറിച്ച് ആഗ്രഹിക്കുന്നതുപോലെ, "സന്തോഷകരമായ ദീർഘായിസ്സു ജീവിച്ച് വാർദ്ധിക്യത്തിൽ സുബോധത്തോടെ വേണ്ടുന്നതെല്ലാം സ്വീകരിച്ച് വാർദ്ധിക്യസഹജമായ രോഗംമൂലം കർത്താവിൽ നിദ്ര പ്രാപിക്കു"ന്നതിനെക്കാൾ ആകർഷകമായത് നിന്റെ ക്രൂശിക്കപ്പെടൽ ആയതുകൊണ്ടല്ലേ നിനക്ക് ഇത്രയേറെ രക്തസാക്ഷികളെ സമ്പാദിക്കാനായത്? ദൈവഹിതനിർവഹണത്തെപ്രതി ക്രൂശിക്കപ്പെടുന്നതിന്റെ ആകർഷകമായ സൗന്ദര്യം ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നീ ഞങ്ങൾക്കു വെളപ്പെടുത്തിത്തന്നു.

## 16. നിന്നെ സ്വന്തമാക്കുന്നവർ അനുഗൃഹീതർ

"ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ," ഈ മൂന്നാം പ്രാവശ്യം നിന്നെ വിളിക്കുമ്പോൾ, എന്റെ ഒരു ആഗ്രഹംകൂടി, അതേ, പ്രത്യാശകൂടി, ഞാൻ അർപ്പിച്ചുകൊള്ളട്ടെ. ഈ ലോകത്തിന്റേതായതൊന്നിലും ആശ്രയം വയ്ക്കാതെ, നീ നല്കിയിട്ടുള്ള ലോകനന്മകളെ നിന്റെ സ്നേഹവും കരുതലും രക്ഷാകരമായി അനുഭവിക്കാനും നിന്നെ സ്നേഹിക്കാനും സമ്പാദിക്കാനുംവേണ്ടി രക്ഷാകരമായി കൈകാര്യം ചെയ്യാനുംവേണ്ട കൃപയരുളാൻ ഞങ്ങളോടു കരുണ ചെയ്യണമെ. പാപികളായ ഞങ്ങൾക്കു രക്ഷാകരമായി നിന്നെത്തന്നെ പൂർണമനസ്സോടെ നീ വ്യാപാരം ചെയ്തു. "നീ മാത്രം മതിയെനിക്ക്" എന്ന് എന്റെ അധരങ്ങൾക്ക്, അവ ഇവിടെ എന്നേക്കുമായി നിശ്ചലമാകുന്നതിനുമുമ്പ്, ഒരിക്കലെങ്കിലും നിന്റെ അധരങ്ങളോടുച്ചരിച്ചുരുമ്മാൻ അനുഗ്രഹിക്കണമേ. "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളോടു കരുണ ചെയ്യണമെ."

"ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ," ഈ മൂന്നാം പ്രാവശ്യം നിന്നെ വിളിക്കുമ്പോൾ, നീ ക്രൂശിതനെങ്കിലും, ഏതെങ്കിലും വിധത്തിൽ നിന്നോടൊപ്പവും നിന്നെപ്രതിയും ക്രൂശിതരാകുന്ന സകലരെയും രക്ഷിക്കാൻ നീ സ്വതന്ത്രനാണെന്ന് ഞങ്ങൾക്കു കാണാം. ലോകത്തിന് ഞങ്ങളെ കുരിശിലേറ്റാൻ കഴിയും. മറ്റുള്ളവരെ കുരിശിലേറ്റാൻ ഞങ്ങൾക്കും കഴിയും. പക്ഷേ, കുരിശിൽ കിടന്നുകൊണ്ടു അപരരെ രക്ഷിക്കാൻ നിനക്കു മാത്രമേ, അതേ, നിനക്കു മാത്രമേ,

കഴിയൂ. കുരിശിലേറ്റപ്പെട്ടപ്പോൾ പാപിയെ നിന്നിലേക്ക് ആകർഷിച്ചവനാണ് നീ. മഹാപാപിയായ എന്നെയും നിന്നിലേക്കാകർഷിക്കാൻ കരുണയുണ്ടാകണമെ.

## 17. ദൈവസ്നേഹത്തിന്റെ ഉയരവും വീതിയും ആഴവും

''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,'' നീ ക്രൂശിക്കപ്പെട്ട ഈ സ്ലീബായിൽ, ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട നിന്നിൽ, നിന്റെ *സ്നേഹത്തിന്റെ* ഉയരവും *വീതിയും ആഴവും എന്തെന്നു ഗ്രഹിക്കാൻ സകല വിശുദ്ധരോടുമൊപ്പം* ഞങ്ങൾക്കും *ശക്തി ലഭിക്കട്ടെ. അറിവിനെ അതിശയിക്കുന്ന* നിന്റെ *സ്നേഹം* ഞങ്ങൾ *ഗ്രഹിക്കാനും അങ്ങനെ ദൈവത്തിന്റെ സമ്പൂർണതയാൽ* ഞങ്ങൾ *നിറയാനും ഇടയാകട്ടെ* (എഫേ 3,18-19). ''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,'' നീ ഞങ്ങൾക്കു പ്രത്യക്ഷപ്പെട്ടിരിക്കുന്ന ഈ നിമിഷം *ദൈവത്തിന്റെ സമ്പൂർണതയാൽ ഞങ്ങൾ നിറയാൻ ഇടയാകുന്ന* നിമിഷമാകുന്നു! ഓ, അതുല്യനിമിഷമേ, അനുഗ്രഹത്തിന്റെ നിമിഷമേ, നീ ഞങ്ങളുടെ ജീവിതത്തിലെ അനുസ്യൂത നിമിഷമായിരുന്നെങ്കിൽ!

## 18. അഴിയലിന്റെ ഫലസമൃദ്ധി

''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,'' ഈ മൂന്നാം പ്രാവശ്യം നിന്നെ വിളിക്കുമ്പോൾ, നിന്റെ ക്രൂശിക്കൽ നീ നിലത്തു വീണ് *അഴിഞ്ഞ് വളരെയേറെ ഫലം പുറപ്പെടുവക്കാൻ*വേണ്ടിയാണെന്ന് നീ അരുൾചെയ്തിട്ടുള്ളത് ഞങ്ങളോർമിക്കുന്നു. നിന്റെ പരസ്യജീവിതത്തിന്റെ അവസാന നാളുകളൊന്നിൽ പെസഹാപ്പെരുന്നാളിനു ജറുസലേമിൽവച്ച് നിന്നെക്കുറിച്ചു നീ പറഞ്ഞിട്ടുള്ളത് നിന്റെ ജനമോർമിക്കുന്നു. നീ നിലത്തു താഴ്ന്നു വീഴാൻവേണ്ടി നിന്റെ വിതക്കാരൻ ഗോതമ്പുമണിയായ നിന്നെ ഉയർത്തി വിതച്ചതല്ലോ ക്രൂശിലെ നിന്റെ ഉയർത്തൽ! നീ നിലത്തു താഴ്ന്നു വീണഴിഞ്ഞ് വളരെയേറെ സമൃദ്ധമായി ഫലം പുറപ്പെടുവിക്കുന്ന പൊൻകതിർക്കുലയായി സൂര്യനുദിക്കുന്നുമ്പേ ഉയർന്നുവന്നു. കുരിശിന്റെ അതിസമൃദ്ധമായ ഫലദായകത്വമേ! അതല്ലേ കുരിശിൽ കിടന്നുകൊണ്ടുതന്നെ നീ പാപിയും അനുതാപാപിയുമായ ഒരു സഹകൂശിതനോടു പറഞ്ഞത്: നീ ഇന്ന് എന്നോടൊത്ത് പറുദീസായിലായിരിക്കും എന്ന്! അനുതാപാപിയായ ഈ മഹാപാപിയും അതു കേൾക്കാൻ കേഴുന്നു: ''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ...''

## തത്കാലം നിർത്തട്ടെ,
## പ്രത്യാശയോടെ, നീ സ്വന്തമാക്കിയവർ

''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,'' നീ നിന്റെ പാപമില്ലായ്മയുടെയും ഞങ്ങളുടെ പാപപൂർണതയുടെയും ഞങ്ങൾക്കു സ്വർഗത്തിൽനിന്നുള്ള പാപമോചനദാനത്തിന്റെയും സുനിശ്ചിതമായ സ്വർഗീയ അടയാളമല്ലോ! സദാപി പാപികളായ ഞങ്ങളുടെ സുനിശ്ചിതമായ സ്വീകാര്യതയുടെ സ്നേഹത്തികവാർന്ന അടയാളമായി ഉയർത്തപ്പെട്ടവനല്ലോ! *യേശുവേ, നീ നിന്റെ രാജ്യത്തു വരുമ്പോൾ എന്നെയും ഓർമിക്കണമെ*യെന്ന് നിന്റെ ജ്ഞാനിയായ സഹക്രൂശിതനെപ്പോലെ അപേക്ഷിക്കാൻ എന്നെ ഓർമിപ്പിക്കാൻ തക്കവിധം അലിവുണ്ടായി എന്നോടു കരുണ ചെയ്യണമെ. എന്നിലെ ഞാൻ ഇതുവരെ പരിചയിച്ചുപോന്ന ഇടതുവശത്തുതന്നെ തുടർന്നാലും അവസാനശ്വാസമെങ്കിലും നിനക്കിമ്പകരമായ അനുതാപത്തിന്റെ അപേക്ഷയായിത്തീരാൻ എന്നോടു കരുണ ചെയ്യണമെ. നീ പറുദീസായുടെ തുറന്ന വാതിലും പറുദീസാ തുറക്കുന്നവനുമല്ലോ!

''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,'' ഈ മൂന്നാം പ്രാവശ്യം നിന്നെ വിളിക്കുമ്പോൾ, എന്റെ അധരങ്ങൾക്ക് നിന്റെ അധരങ്ങളോടു ചേരണമെന്നാശയുണ്ട്. പക്ഷേ, നിന്റെ സപ്തമൊഴികളൊഴുകിയ ആ അധരങ്ങളോടടുക്കാൻ അവയ്ക്കു ധൈര്യം പോരാ. ഭയപ്പെടേണ്ട, ധൈര്യമായിരിക്കൂ; വരിക എന്ന് നിന്റെ അധരങ്ങളുതിരുന്ന എട്ടാം മൊഴിയുടെ എട്ടാം നാളിനായി എന്റെ അധരങ്ങൾ കാത്തിരിക്കും. അതുവരെ അവ ഇങ്ങനെ ഉരുവിട്ടുകൊണ്ടിരിക്കും: ''ക്രൂശിതനായ രാജാവ് എന്നെ പേരുചൊല്ലി വിളിക്കും: ''എന്റെ പ്രേഷ്ഠയേ, വരൂ; ഞാൻ നിന്നെ കിരീടമണിയിക്കട്ടെ.''[16] അതുവരെയും, എന്റെ ആത്മമണവാളാ, നിന്റെ കിരീടത്തിലെ മുൾക്കൊമ്പിൽ എന്റെ ആത്മാവിന്റെ തുറന്ന വായ് അമർത്തി കടിച്ചുപിടിച്ചുകൊണ്ടു കിടക്കും. നീ ഞങ്ങളുടെ ഉറപ്പുള്ള പ്രത്യാശയല്ലോ! നിന്റെ ആഗമനത്തിന്റെ സ്വരം ഹൃദയത്തിൽ മുഴങ്ങുന്നു! നിന്റെ കരുണയുടെ കടലിളക്കം എന്റെ കണ്ണുകളെ നീരണിയിക്കുന്നു, നീറ്റിലിറക്കുന്നു - നിന്റെ യാത്രയ്ക്ക്.

[16]വി. ഫ്രാൻസിസ് ദ് സാലെസ്, Devout Life Part I chapter 18–ലെ ''ക്രൂശിതനായ രാജാവ് എന്നെ പേരുചൊല്ലി വിളിക്കുന്നു: ''എന്റെ പ്രേഷ്ഠനേ, വരൂ; ഞാൻ നിന്നെ കിരീടമണിയിക്കട്ടെ'' എന്നതിന്റെ അനുരൂപണം.

**വിശുദ്ധ മാർ അപ്രേമിന്റെ ഒരു കുർബാനഗീതം**
വിശ്വാസഗീതങ്ങൾ നമ്പർ 10,8-10

നിന്നപ്പത്തിൽ മറഞ്ഞിരിപ്പൂ ഭക്ഷിക്കാനാകാത്ത റൂഹാ
നിൻ വീഞ്ഞിൽ വിഴുങ്ങാനാകാത്തൊരഗ്നിയും.

നിന്നപ്പത്തിലാത്മാവും നിൻ വീഞ്ഞിലഗ്നിയും
ഇതാ! ഞങ്ങളുടെയധരങ്ങളിൽനിന്നു കേൾക്കുമൊരദ്ഭുതം

സാധ്യമായില്ല സെറാഫിനടുക്കുവാൻ
സ്വവിരലാൽ സ്പർശിക്കാനെരിയും തീക്കനലിനെ.

ഏശയ്യായുടെയധരം മാത്രമേ തൊട്ടുള്ളതിനെ
വിരലുകൾ പിടിച്ചില്ല, വായ് വിഴുങ്ങിയുമില്ല.

രണ്ടിനുമനുവദിച്ചിരിക്കുന്നു കർത്തനെങ്ങളെ
അഗ്നിയിറങ്ങി ക്രോധാൽ നശിപ്പിക്കാൻ പാപികളെ
കൃപയുടെയഗ്നിയിറങ്ങുന്നപ്പത്തിന്മേലതിൽ വസിച്ചിടുന്നു.

മനുജനെ നശിപ്പിച്ചയഗ്നിക്കു പകരമപ്പത്തിലെ-
യഗ്നിയെ ഭക്ഷിച്ചുന്മിഷ്ഠരായി ഞങ്ങൾ.

(വിവ. ഫാദർ കുര്യൻ വാലുപറമ്പിൽ)

രഹസ്യങ്ങൾ എന്നെന്നും
നമ്മുടെ കർത്താവിന്റേതു മാത്രമാകുന്നു.
എന്നാൽ, വെളിപ്പെടുത്തപ്പെട്ടവ എന്നെന്നും
നമുക്കും നമ്മുടെ സന്തതികൾക്കുംവേണ്ടി
ഉള്ളവയാകുന്നു. ഈ അനുശാസനങ്ങൾ
നാം പാലിക്കേണ്ടതാണ് (നിയ 29,29).

# ഉള്ളടക്കം

അനുഗ്രഹാശംസ: മേജർ ആർച്ചുബിഷപ്പ് കർദിനാൾ
ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ

അവതാരിക റൈറ്റ് റവ. ഡോ. അബ്രഹാം മാർ ജൂലിയോസ്
മെത്രാപ്പോലീത്താ

വിലപ്പെട്ടൊരു വായനാനുഭവം:
റവ.ഡോ. പ്രൊഫ. ഏബ്രഹാം ജോസഫ്

നന്ദി ചൊല്ലട്ടെ

മുഖവുര 1

**ഭാഗം 1**

**വെളിവു നിറഞ്ഞോരീശോ പഠനവും ധ്യാനവും** 4

**അധ്യായം 1**

**സത്യവിശ്വാസസാക്ഷ്യം** 5

1.1 കിഴക്കും പ്രകാശവും യേശുവും 8

**അധ്യായം 2**

**നമ്മുടെ കർത്താവും ദൈവവും രക്ഷകനുമായ യേശുമിശിഹായുടെയും അവന്റെ രക്ഷാകരവ്യാപാരമാകെയുടെയും ഓർമയിൽ** 14

**അധ്യായം 3**

**ആരാധനക്രമം ദൈവവചനപൂർണതയുടെ പ്രകാശനം** 16

3.1 ആരാധനക്രമവും ദൈവവചനവും 16

3.2 മലങ്കര സഭയ്ക്കു ലഭിച്ച ആരാധനക്രമ പാരമ്പര്യത്തിൽനിന്ന് 17

3.3 മലങ്കര കത്തോലിക്കാ സഭയിൽ തുടർന്നിരുന്നത് 18

**അധ്യായം 4**

**പ്രകാശത്തിന്റെ പ്രതീകാത്മകതയുടെ ആദ്യാക്ഷരങ്ങൾ** 21

വെളിച്ചവും ഇരുളും പ്രതീകങ്ങളുടെ താക്കോൽ? 21

**അധ്യായം 5**

**"വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു" എന്നതും വിശുദ്ധ കുർബാനയും തമ്മിലുള്ള ബന്ധം - പഴയ നിയമവെളിച്ചം** 25

5.1 ''വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു'' (സങ്കീ 36,9) 25

5.2 പ്രകാശവും സത്യവും ബലിപീഠവും ദൈവവും രക്ഷാകര അനുഭവവും (സങ്കീ 43,3) 26
5.3 ദൈവസന്നിധിയിൽ ജീവന്റെ പ്രകാശത്തിൽ നടക്കേണ്ടതിന് (സങ്കീ 56,13) 28
5.4 വെളിച്ചം ദൈവത്തിന്റെ ആദ്യസൃഷ്ടി - ''രക്ഷാകര വ്യാപാരമാകെയുടെയും അനുസ്മരണ''യിലും 29
5.5 യേശുക്രിസ്തുവിൽ ത്രൈത്വൈക ദൈവത്തിന്റെ പ്രകാശപൂർണത 32
5.6 ക്രിസ്തുകേന്ദ്രീയതയുടെ ഏറ്റുപാട്ട് 34
5.7 യേശുക്രിസ്തു ദൈവമഹത്ത്വത്തിന്റെ തേജസ് 35
5.8 ദൈവത്തിന്റെ ആർദ്രകരുണയുടെ വെളിച്ചം 36
5.9 ഇരുണ്ട മുഖങ്ങൾ പ്രകാശപൂർണമാക്കാൻ 37
5.10 പ്രകാശം ദൈവിക നിയമം 38
5.11 ജീവന്റെ വെളിച്ചം ജീവന്റെ അപ്പം 39
5.12 പ്രകാശത്തിന്റെ പിതാവിനെ കാണുന്നു 40

**അധ്യായം 6**

**സഭയുടെ പ്രകാശം** 43

6.1 ജനതകളുടെ പ്രകാശത്തിന്റെ പ്രകാശം 43
6.2 ആരാധനക്രമ വർഷത്തോടു ചേർന്ന് ഉയിർപ്പുപ്രകാശത്തിനു കേന്ദ്രസ്ഥാനം 44
6.3 ജ്ഞാനസ്നാനത്തിന്റെ പുനരനുഭവത്തിൽ 46
6.4 പുനരാഗമപ്രത്യാശയുടെ പ്രകാശം 46

**അധ്യായം 7**

**ജ്ഞാനവഴിയേ**

7.1 ജ്ഞാനികളുടെ വെളിച്ചത്തിലേക്ക് 50
7.2 അറിവെന്ന ആദ്യബലി 50
7.3 വിശുദ്ധീകരണത്തിനുള്ള വിളിപ്പാട്ട് 51
7.4 ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുന്ന പ്രകാശം 51
7.5 ബന്ധപ്പെടുന്നവരെ പ്രകാശിപ്പിക്കുന്ന പ്രകാശം 53

7.6 താബോർമലയിലെ മഹത്വപ്രകാശം 55
7.7 വചനവെളിച്ചത്താൽ കാഴ്ചയുണ്ടാകാൻ 60
7.8 ഹൃദയക്കണ്ണുകളെ പ്രകാശപൂർണമാക്കാൻ 60
7.9 വെളിച്ചത്തിന്റെ കിണറിൽനിന്നു കോരിക്കുടിക്കുക 61
7.10 രക്ഷയുടെ സംഘാത സാക്ഷ്യം (സങ്കീ 4,6;27,1) 64
7.11 ഞങ്ങൾ ലോകത്തിനു വെളിച്ചമായിരിക്കാൻ 66
7.12 പ്രകാശവിസ്മയങ്ങൾ തേടിയുള്ള മനുഷ്യയാത്രയ്ക്കുള്ള

മേജർ ആർച്ചുബിഷപ്
കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കോസ്
തിരുസന്നിധി ,
പട്ടം, തിരുവനന്തപുരം

അവതാരിക

"Ex Oriente Lux" (പ്രകാശം കിഴക്കുനിന്ന്) എന്ന ആപ്തവാക്യം സാർഥകമാക്കിക്കൊണ്ട് ജപ്പാൻ മുതൽ സിറിയ വരെയുള്ള ജനതകൾ പരമ്പരാഗതമായി സൂര്യായരാധകരായിരുന്നു. സിറിയ എന്ന പേർഷ്യൻവാക്കും സൂര്യ എന്ന സംസ്കൃതവാക്കും ഒന്നുതന്നെയാണെന്ന് ഭാഷാപണ്ഡിതർ അഭിപ്രായപ്പെടുന്നു. ഭാരതത്തിൽ ആളുകൾ സൂര്യോദയത്തിനുമുമ്പ് ഉണർന്ന് സൂര്യനമസ്കാരം നടത്തി സൂര്യനിൽനിന്നു ശക്തി സംഭരിച്ച് ജീവിതകൃത്യങ്ങളിൽ മുഴുകുന്നു. സൂര്യൻ അസ്തമിക്കുമ്പോൾ ദീപം

നന്ദിച്ചിരുന്നു. പുസ്തകരൂപത്തിലായപ്പോൾ എല്ലാ വിധിത്തിലും കൂടുതൽ ശ്രേയസ്കരമായി. പഠനത്തിന്റെ ആധികാരികതയും ധ്യാനത്തിന്റെ ആത്മീകരണവും ആത്മീഭാവവും ആത്മീയതയും ആത്മോദ്ധാരണത്വരയും അനന്യമായൊരു സമ്പന്നതയായി ഈ അനുവാചകന് അനുഭവപ്പെട്ടു. ഗ്രന്ഥകർത്താവിനോട് മുഖാമുഖം പറഞ്ഞത് ആവർത്തിക്കട്ടെ: ഡോക്ടറേറ്റിന് അർഹമായ കൃതിയാണ്.

വായനയിൽ എന്റെ മനസ്സിലുയർന്ന ആദ്യപ്രതികരണം ഇതാണ്: പരിശുദ്ധാത്മാവ് നല്കിയ പ്രത്യേക കൃപയുടെ പ്രകാശംകൊണ്ടു മാത്രമേ ഇത്തരമൊരു സംഭാവന സാധ്യമാകൂ. രണ്ടാമത്, പരിശുദ്ധാത്മാവിന്റെ ഈ ദാനം ഗ്രന്ഥകാരൻ ഹൃദയം തുറന്നു സ്വീകരിച്ചു; സഹകരിച്ചു. അന്ത്യോക്യൻ സുറിയാനി ആരാധനക്രമത്തിന്റെ വചനാധിഷ്ഠതയും വ്യാഖ്യാനശൈലിയും അനുവർത്തിക്കാൻ അദ്ദേഹം അനുസ്യൂതം ശ്രദ്ധിച്ചിട്ടുണ്ട്. ഒരു വസ്തുത തീർത്തുപറയാം: അന്ത്യോക്യൻ സുറിയാനി ആരാധനക്രമത്തെ സ്നേഹിക്കുന്നവർക്ക് ഉത്സുകതയും ആത്മീയോന്മേഷവും ആദാനം ചെയ്യാൻ ശക്തിയും ശോഭയുമുള്ള ആവിഷ്കരണമാണ് *ക്രൂശിതന്റെ പ്രകാശം*. മലങ്കര സഭയിലെ എല്ലാ കുടുംബങ്ങളും പ്രയോജനപ്പെടുത്തേണ്ട കൃതിതന്നെ.

ഗ്രന്ഥകാരനെ ഹൃദയംഗമമായി അഭിനന്ദിക്കുന്നു. ഇതേ വിധം കുർബാന മുഴുവൻ പഠന, ധ്യാനമായി അവതരിപ്പിക്കാൻ ബഹു. അച്ചനെ ക്രൂശിതൻ അനുഗ്രഹിക്കട്ടെയെന്നു പ്രാർഥിക്കുന്നു.

റവ. ഡോ. പ്രൊഫസർ ഏബ്രഹാം ജോസഫ് കന്നീലേത്ത്

## 1. സ്നേഹത്തിൽ വചനത്തോടുള്ള പൂർണമായ അനുസരണം

നമുക്ക് ക്രൂശിതനെ നോക്കി ഏറ്റുപറയാം: ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നീ കുരിശിൽ സ്നേഹം പൂർണമാക്കിയ മാംസമായ വചനമല്ലോ. നീ മാത്രമാണല്ലോ പിതാവിന്റെ വചനത്തോടുള്ള അനുസരണത്തിന്റെ പരിപൂർണതയും പൂർണമായ അനുസരണവും (റോമ 5,18–19; എബ്രാ 10,5–7; സങ്കീ 40,6–8).

നമുക്ക് ഏറ്റുപറയാം: ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, മനുഷ്യരായ ഞങ്ങൾ എത്രതന്നെ ശ്രദ്ധിച്ചാലും വചനം സമ്പൂർണമായി അനുസരിച്ച്, പ്രർവത്തിച്ചു പൂർത്തിയാക്കാൻ സാധിക്കുന്നില്ല. ദൈവത്തിന്റെ വചനംതന്നെയായ നീ മനുഷ്യനായി പുതിയ അനുസരണമായി. നിന്റെ അനുസരണം മനുഷ്യരായ ഞങ്ങൾ സ്വപനം കാണുന്ന സകല ധാർമിക അപൂർണതകളെയും അതിലംഘിക്കുന്നതും അതിശയിക്കുന്നതുമല്ലോ! ദൈവപുത്രനായ നീ മനുഷ്യനാകുകയും നിന്റെ ശരീരം കുരിശിൽ മനുഷ്യവംശത്തിന്റെ പാപം മുഴുവൻ വഹിക്കുകയും മനുഷ്യവംശത്തെയാകെ ദൈവത്തിലേക്കു സംവഹിക്കുകയും ചെയ്തു. നിന്റെ പരിപൂർണ അനുസരണത്താൽ, നിന്റെ പുതിയ ബലിയാൽ, സകല മൃഗബലികളും നീ നീക്കിക്കളഞ്ഞു. നിന്റെ ഈ അനുസരണത്തിൽ ഞങ്ങളെയെല്ലാം നിന്നോടൊപ്പം സംവഹിക്കുകയും നിന്റെ സ്നേഹംകൊണ്ടു ഞങ്ങളുടെ അനുസരണക്കേടുകളെല്ലാം മായിച്ചുകളയുകയും ചെയ്തു. ഞങ്ങളുടെ മാമോദീസായാൽ ഞങ്ങളും നിന്റെ അനുസരണത്തിലേക്കു സംവഹിക്കപ്പെട്ടു. കുർബാനയിൽ, കർത്താവേ, നിന്റെ അനുസരണമിതാ ഞങ്ങളെ ആശ്ലേഷിക്കുന്നു; ഞങ്ങളെ വിമലീകരിക്കുകയും നീ അർപ്പിച്ച പരിപൂർണമായ ആരാധനയിലേക്ക് ഞങ്ങളെ ആകർഷി

ച്ചുൾച്ചേർക്കുകയും ചെയ്യുന്നു.

ദൈവത്തോടുള്ള ദൈവപുത്രന്റെ അനുസരണം സ്ലീബായായി:

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നീ സ്ലീബായായി, നീ ദൈവത്തിന്റെ വചനത്തോടുള്ള അനുസരണത്തിന്റെ പൂർണതയുടെ, നിന്റെ ദൈവരാധനയുടെ, പൂർണതയല്ലോ! അതിന്റെ പ്രതീകമല്ലോ സ്ലീബാ. ദൈവത്തിന്റെ വചനം മനുഷ്യനായിത്തീർന്ന നിന്റെ അനുസരണമിതാ സ്ലീബായായി, എനിക്കും എല്ലാവവർക്കുംവേണ്ടി തുറക്കപ്പെട്ട സ്ഥാനമായി നല്കപ്പെട്ടിരിക്കുന്നു. അതിൽ ഞങ്ങൾക്കു പ്രവേശനം ലഭിച്ചിരിക്കുന്നു. അതിൽ ഞങ്ങളുടെ ജീവിതത്തിന് നവമായൊരു സാഹചര്യം ഞങ്ങൾ കണ്ടെത്തുന്നു. ഞങ്ങളുടെ ജീവിതത്തിനു നവമായൊരു സന്ദർഭം കണ്ടെത്താനാകുന്ന തുറസ്സായ ഇടമല്ലോ നീ![9] ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നിന്നോടു ചേർന്നുള്ള ഞങ്ങളുടെ ജീവിതത്തിനൊരുക്കപ്പെട്ട പുതിയ സാഹചര്യമല്ലോ നിന്റെ കുരിശ്! അത് ഞങ്ങളെ തന്നിലേക്ക് വലിച്ചടുപ്പിക്കുകയും ഞങ്ങളുടെ ജീവിതത്തിന് നവമായ മൂല്യം നല്കുകയും ചെയ്യുന്നു. അതിനോട്, നിന്റെ കുരിശിനോട്, ഇണങ്ങിച്ചേരാനുള്ള ശക്തി നല്കാൻ ഞങ്ങളോടു കരുണ ചെയ്യണമെ.

## 2. രക്ഷിക്കപ്പെട്ടവർക്ക് സ്ലീബാ ദൈവത്തിന്റെ ശക്തി

സ്ലീബായെ നോക്കി, ക്രൂശിതനെ നോക്കി, നമുക്ക് ഏറ്റുപറയാം: ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, *നശിക്കുന്നവർക്ക് ഭോഷത്തമായ നിന്റെ കുരിശിന്റെ വചനം രക്ഷിക്കപ്പെട്ട ഞങ്ങൾക്ക് ദൈവത്തിന്റെ ശക്തിയാകുന്നു* (1 കോറി 1,18). ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, *നിന്നിൽ ദൈവം വിജ്ഞാനികളുടെ വിജ്ഞാനം നശിപ്പിക്കുകയും ബുദ്ധിമാന്മാരുടെ ബുദ്ധിവൈഭവം നിഷ്ഫലമാക്കുകയും*

*ചെയ്തിരിക്കുന്നു* (1 കോറി 1,18). ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട വനേ, നിന്റെ മുമ്പിൽ നില്ക്കുമ്പോൾ ഞങ്ങൾക്കു ചോദിക്കാനാ കുന്നു: *വിജ്ഞാനി എവിടെ? നിയമജ്ഞൻ എവിടെ? ഈ യുഗത്തിന്റെ താർക്കികകൻ എവിടെ? ദൈവം ലോകത്തിന്റെ ജ്ഞാനം ഭോഷത്ത മാക്കിയില്ലേ?* (1 കോറി 1,19–20) ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നിന്നിലേക്കു ദൃഷ്ടിയുറപ്പിക്കുമ്പോൾ ഞങ്ങൾക്കു വ്യക്തമാകുന്നു, *ദൈവത്തിന്റെ ജ്ഞാനമായ നിന്നിൽ ലോകം വിജ്ഞാനത്തിലൂടെ ദൈവത്തെ അറിഞ്ഞില്ല* എന്ന്. *ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം വിജ്ഞാനത്തിലൂടെ ദൈവത്തെ അറിയാഞ്ഞതിനാൽ, പ്രഘോഷ ണത്തിന്റെ ഭോഷത്തത്തിലൂടെ, വിശ്വസിക്കുന്നവരെ രക്ഷിക്കാൻ ലോകമറിയാത്ത ദൈവമിതാ തിരുനസ്സായിരിക്കുന്നു*വെന്നും ഞങ്ങൾക്കു സുവ്യക്തമാകുന്നു (1കോറി 1,21) .. ഞങ്ങളിലനേകരും ഞങ്ങളുടെ ചുറ്റും അനേകരും അടയാളങ്ങൾ ചോദിക്കുകയും വിജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു. അടയാളങ്ങൾ ആവശ്യ പ്പെടുന്നവരുടെയും വിജ്ഞാനം അന്വേഷിക്കുന്നവരുടെയും എണ്ണം അനുനിമിഷം ഏറിക്കൊണ്ടിരിക്കുന്ന ഈ യുഗത്തിൽ, വിജ്ഞാന ത്തിന്റെയും അടയാളങ്ങളുടെയും ഈ യുഗത്തിൽ, ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടവനേ, എണ്ണമറ്റവർക്ക് ഇടർച്ചയും ഭോഷത്ത വുമായ നിന്നിൽ വിശ്വസിക്കാനും നിന്നെ പ്രഘോഷിക്കാനും അശ ക്തരായ ഞങ്ങൾക്ക് നീ ശക്തിയാകുന്നു; അശക്തരായ ഞങ്ങൾക്ക് നീ ശക്തിയേകുന്നു. എന്തെന്നാൽ, *വിളിക്കപ്പെട്ടവർക്ക്*, ജാതി,മത, വർഗ, വർണ, രാജ്യ,രാഷ്ട്ര വ്യത്യാസമില്ലാതെ വിളിക്കപ്പെട്ട എല്ലാ വർക്കും, *ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ വിജ്ഞാ നവുമാണ്*. എന്തെന്നാൽ, മനുഷ്യരുടെ വിജ്ഞാനത്തെക്കാൾ ജ്ഞാനമാണ് ദൈവത്തിന്റെ ഭോഷത്തം; മനുഷ്യരുടെ ശക്തിയെ ക്കാൾ ശക്തമത്രേ ദൈവത്തിന്റെ ബലഹീനത (1 കോറി 1,18–31).